ധനകാര്യം

(1) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(2) 2022-23 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ V -ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

ധനാഭ്യർത്ഥന നമ്പർ VI- ഭൂനികുതി

ധനാഭ്യർത്ഥന നമ്പർ XI-ജില്ലാഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XXI-ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ XXVI-പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

ധനാഭ്യർത്ഥന നമ്പർ XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ

എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23	
		18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച	സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക

		ധനാഭ്യർത്ഥന തുക				
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
V	ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	136,75,37,000	-----	273,50,75,000	-----	273,50,75,000
VI	ഭൂനികുതി	271,39,25,000	-----	542,78,51,000	-----	542,78,51,000
XI	ജില്ലാഭരണവും പലവകയും	285,20,70,000	-----	570,41,41,000	-----	570,41,41,000
XXI	ഭവനനിർമ്മാണം	29,94,73,000	17,71,00,000	59,89,44,000	35,42,01,000	95,31,45,000
XXVI	പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്	423,34,75,000	-----	846,69,49,000	-----	846,69,49,000
XXVII	പലവക സാമ്പത്തിക സർവ്വീസുകൾ	85,64,16,000	1507,00,19,000	171,28,31,000	3014,00,39,000	3185,28,70,000

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ V - ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നിലനിന്നിരുന്ന വില്പന നികുതി കുടിശ്ശിക, ഈടാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പിരിച്ചെടുക്കുന്ന ജി.എസ്.ടി. സർക്കാരിലേയ്ക്ക് കൃത്യമായി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാജ ബില്ലുകളുണ്ടാക്കി നികുതി വെട്ടിപ്പ് നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് സാമ്പത്തിക പ്രതിസന്ധി ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് നികുതി വരുമാനത്തിലുണ്ടായ കുറവും ധനകാര്യ മാനേജ്മെന്റിലെ പാളിച്ചകളുംമൂലം ധനപ്രതിസന്ധി ഉടലെടുത്തിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിലവിലെ സാമ്പത്തിക സൂചകങ്ങൾ പ്രകാരം സംസ്ഥാനത്ത് വലിയ സാമ്പത്തിക തകർച്ച ഉണ്ടാകുവാനുള്ള സാധ്യത നിലനിൽക്കുന്നതായി പറയപ്പെടുമ്പോഴും പ്രതിസന്ധി മറികടക്കുന്നതിന് ധനകാര്യ മാനേജ്മെന്റിലും നയത്തിലും ആവശ്യമായ തിരുത്തൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (മുന്നൊരുക്കങ്ങൾ നടത്താതെ ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ഉപഭോക്തൃ സംസ്ഥാനമായിട്ടും സംസ്ഥാനത്തിന് നികുതി നഷ്ടം ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള റവന്യൂ സമാഹരണം നടത്തുന്നതിൽ സർക്കാർ തുടർച്ചയായി പരാജയപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയോടെ വിദേശ വായ്പാ ഏജൻസികളിൽനിന്നും സിൽവർ ലൈൻ

പദ്ധതിക്കായി വൻതുക വായ്പയെടുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബജറ്റിനു പുറത്തുള്ള കടമെടുക്കലിലൂടെയും തെറ്റായ ധനകാര്യ മാനേജ്മെന്റിലൂടെയും സംസ്ഥാനം എത്തിച്ചേർന്നിരിക്കുന്നതായി പറയപ്പെടുന്ന ധനകാര്യ പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ പൊതുകടത്തിന്റെ വളർച്ച കഴിഞ്ഞ 5 വർഷത്തിനിടെ ആഭ്യന്തര ഉല്പാദന വളർച്ചയെ മറികടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാന അതിർത്തികളിലെ ചെക്കുപോസ്റ്റുകളിലെ അഴിമതികളും ക്രമക്കേടുകളും തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിലക്കയറ്റം രൂക്ഷമാകുന്ന അവസരത്തിൽ പെട്രോൾ, ഡീസൽ നികുതികൾ കുറയ്ക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി. പരിധിയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചരക്കു സേവന നികുതി കാര്യാലയങ്ങളുടെ കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ

സമിതിയുടെ റിപ്പോർട്ടിൻമേൽ തുടർനടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. അനൂപ് ജേക്കബ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2045-00-200-97 എന്ന ബഡ്ജറ്റ് ഹെഡിൽ വകകൊള്ളിച്ചിട്ടുള്ള 57,26,000 രൂപയിൽ 7,26,000 രൂപ കുറവ് ചെയ്യേണ്ടതാണ്(കേരള സിനിമ (റെഗുലേഷൻസ്) റൂൾസ് 1958 പ്രകാരമുള്ള സിനിമാശാലകളുടെ പ്രവർത്തനങ്ങളുടെ പരിശോധന നിലവിൽ നടത്താത്തതായി പറയപ്പെടുന്നതിനാൽ ഫണ്ട് വിനിയോഗം കുറയ്ക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപം

ശ്രീ. അനൂപ് ജേക്കബ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 273,50,75,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. സണ്ണി ജോസഫ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂനികുതി വർദ്ധിപ്പിച്ചതിലൂടെ സാധാരണ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ട് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകല്പിക്കുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭ്രമിയുടെ വിവരങ്ങൾ ഓൺലൈൻ മാർഗ്ഗങ്ങളിലൂടെ യുണീക് തണ്ടപ്പേരിലേയ്ക്ക് മാറ്റുമ്പോൾ പ്രസ്തുത വിവരങ്ങൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭ്രമി തരംമാറ്റുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾക്ക് മുൻഗണന നൽകേണ്ടത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും വിവിധ സേവനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുന്നതിനുമുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭ്രമി തരംമാറ്റത്തിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകല്പിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഭ്രമിയിലെ കൈയ്യേറ്റങ്ങൾ

തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആർ.ഡി.ഒ. കോടതിയിൽ തൊണ്ടിമുതലായി സൂക്ഷിച്ച സ്വർണ്ണം റവന്യൂ ഉദ്യോഗസ്ഥർ തന്നെ മോഷ്ടിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാജ പട്ടയങ്ങളിലൂടെയുള്ള ഭൂമിതട്ടിപ്പ് തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമി തരംമാറ്റുന്നതിലുള്ള സങ്കീർണ്ണത പരിഹരിക്കാനും കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കാനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (1966-ൽ തുടങ്ങിയ റീ സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമിതരം മാറ്റൽ സംബന്ധിച്ച അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരള ഭൂപതിവ് ചട്ടപ്രകാരം കൃഷി, പാർപ്പിടം എന്നീ ആവശ്യങ്ങൾക്ക് പതിച്ചുനൽകിയത് ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്(നിലവിൽ ഭൂമിക്ക് നിശ്ചയിച്ചിരിക്കുന്ന ന്യായവില വിപണി വിലയേക്കാൾ കൂടുതലാണെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമിതരം മാറ്റുന്നതിന് സഹായിക്കാമെന്ന പേരിൽ സ്വകാര്യസ്ഥാപനങ്ങളും വ്യക്തികളും പരസ്യം നൽകുന്നത് തടയാൻ

നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭ്രരേഖകളിൽ ക്രമക്കേടുനടത്തി ഉടമസ്ഥാവകാശം തട്ടിയെടുക്കുന്നതായ പരാതികളിൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭ്രനികൃതിയിലെ വർദ്ധനവുമൂലം സാധാരണക്കാർക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഭ്രനികൃതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപം

ശ്രീ. അനൂപ് ജേക്കബ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2029-00-102-95 എന്ന ബഡ്ജറ്റ് ഹെഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 214,13,06,000 രൂപ 413,06,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂപരിഷ്കരണം നടപ്പിലാക്കുന്നതിലേയ്ക്ക് ഭൂമി സംബന്ധമായ രേഖകൾ തയ്യാറാക്കൽ സംബന്ധിച്ച കണ്ണാടി സർവ്വേയുടെ നടത്തിപ്പിൽ ഉണ്ടായതായി പറയപ്പെടുന്ന പരാജയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപം

ശ്രീ. അനൂപ് ജേക്കബ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 542,78,51,000 രൂപയിൽ

നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിനോദ സഞ്ചാരകേന്ദ്രങ്ങൾ അടക്കമുള്ള പൊതുസ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അനധികൃതമായ മണൽ കടത്ത് തടയാൻ റവന്യൂ അധികാരികൾ നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വലിയ താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലാശയങ്ങളുടെയും നദികളുടെയും മലിനീകരണം തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എൻഡോസൾഫാൻ ദുരിതബാധിതർക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എറണാകുളം ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീമതി കെ. കെ. രമ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2047-00-103-99-08 എന്ന ബഡ്ജറ്റ് ഹെഡ്ഡിൽ വകകൊള്ളിച്ചിട്ടുള്ള 15,75,000 രൂപ 5,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ പരസ്യങ്ങൾക്കും പ്രചരണങ്ങൾക്കുമായി വൻതുകകൾ ചെലവഴിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2053-00-093-95 എന്ന ബഡ്ജറ്റ് ഹെഡ്ഡിൽ വകകൊള്ളിച്ചിട്ടുള്ള 212,57,72,000 രൂപ 2,57,72,000

രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിലവിൽ സംസ്ഥാനത്ത് റവന്യൂ കാർഡ് സംവിധാനം നടപ്പിലാക്കാത്ത സാഹചര്യത്തിൽ ഫണ്ടിന്റെ വിനിയോഗം ആവശ്യമില്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 2053-00-093-97 എന്ന ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 12,51,56,000 രൂപയിൽ 51,56,000 രൂപ കുറവ് ചെയ്യേണ്ടതാണ് (കേരള സ്വകാര്യവനങ്ങൾ നിക്ഷിപ്തമാക്കൽ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ കൺക്ലൂസീവ് പ്രൂഫായി ആധാരങ്ങൾ അംഗീകരിക്കാത്തത് കാരണം 01-01-1977-ന മുൻപ് കൈവശം വച്ചുകൊണ്ടിരിക്കുന്ന വനഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള പ്രത്യേക യൂണിറ്റ് അവസാനിപ്പിക്കേണ്ട സാഹചര്യത്തിൽ ഫണ്ടിന്റെ വിനിയോഗം നടത്താൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 570,41,41,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപങ്ങൾ താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. അനൂപ് ജേക്കബ്

ശ്രീമതി കെ. കെ. രമ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. റോജി എം. ജോൺ

ശ്രീമതി ഉമ തോമസ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിർമ്മിതി കേന്ദ്രങ്ങളിലൂടെ നിർമ്മാണ വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ

ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതും കുറഞ്ഞ പലിശക്ക് ഭവന വായ്പ വിതരണം ചെയ്യുന്നതും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇടത്തരം വരുമാനക്കാർക്കായി കുറഞ്ഞ പലിശ നിരക്കിൽ ഭവന വായ്പാ പദ്ധതി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ചേരിപ്രദേശത്ത് താമസിക്കുന്നവർക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ ഏജൻസികൾ വഴിയുള്ള ഭവന നിമ്മാണ പദ്ധതികൾ ഏകോപിപ്പിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ ചെലവ് കുറയ്ക്കുന്നതിന് പ്രീ-ഫാബ് അടിസ്ഥാനമാക്കിയ നിർമ്മാണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അംഗഭംഗം സംഭവിച്ച വിമുക്ത

ഭടന്മാർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിൽ ഉള്ളതായി പറയപ്പെടുന്ന പോരായ്മ പരിഹരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. അനൂപ് ജേക്കബ്: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2216-80-001-92 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 31,08,32,000 രൂപ 31,08,12,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന പദ്ധതികൾക്കായി ചെലവ് കുറഞ്ഞ മാതൃക രൂപീകരിക്കുന്ന പ്രവർത്തനം നിലച്ചതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഫണ്ടിന്റെ വിനിയോഗം ആവശ്യമില്ല എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 4216-01-106-98-16 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1,54,45,000 രൂപ 50,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ഉയർന്ന ഉദ്യോഗസ്ഥരുടെ ഭവന

പദ്ധതിക്കായി ഇത്രയും തുക മാറ്റിവയ്ക്കേണ്ടതില്ല എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,31,45,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപങ്ങൾ താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സണ്ണിജോസഫ്

2. ശ്രീ. സജീവ് ജോസഫ്

3. ശ്രീ. സി. ആർ. മഹേഷ്

4. ശ്രീ. ടി. സിദ്ദിഖ്

5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

6. റോജി എം. ജോൺ

7. ശ്രീ. അൻവർ സാദത്ത്

8. ശ്രീമതി ഉമ തോമസ്

ധനാഭ്യർത്ഥന നമ്പർ XXVI – പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്നഉപക്ഷേപങ്ങൾ

ശ്രീമതി കെ. കെ. രമ: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതി ക്ഷോഭങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയത്തിലും പ്രകൃതിക്ഷോഭത്തിലും വീടുകളും, സ്ഥലങ്ങളും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം സമയബന്ധിതമായി നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകൾ നന്നാക്കുന്നതിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദുരന്തനിവാരണ അതോറിറ്റിയിൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദുരന്തമുണ്ടാകുമ്പോൾ വിവിധ ഏജൻസികളുടെ

പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രകൃതി ദുരന്ത മുന്നറിയിപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രളയ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ച തുക വകമാറ്റി ചെലവഴിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രളയാനന്തര ദുരിതാശ്വാസത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ലഭിച്ച തുക വകമാറ്റി ചെലവഴിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,46,69,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കരുതൽ ഫണ്ടിലേയ്ക്കും നിക്ഷേപക്കണക്കിലേയ്ക്കും മാറ്റപ്പെടുന്ന സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപം

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ

2245-01-800-95 എന്ന ബഡ്ജറ്റ് ഹെഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 25,00,000 രൂപ 24,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സൂര്യതാപം, സൂര്യാഘാതം, ഉഷ്ണതരംഗം എന്നിവ ബാധിച്ചിട്ടുള്ള ആളുകൾക്ക് എക്സ്ഗ്രേഷ്യാ വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 846,69,49,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സണ്ണി ജോസഫ്
2. ശ്രീ. സജീവ് ജോസഫ്
3. ശ്രീ. സി. ആർ. മഹേഷ്
4. ശ്രീ. ടി. സിദ്ദിഖ്
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ശ്രീ. റോജി എം. ജോൺ

7. ശ്രീ. അൻവർ സാദത്ത്

8. ശ്രീമതി ഉമ തോമസ്

ധനാഭ്യർത്ഥന നമ്പർ XXVIII – പലവക സാമ്പത്തിക സർവ്വീസുകൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികളെ സംബന്ധിച്ച പരസ്യങ്ങൾക്ക് വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബിയിൽ സി. & എ.ജി. നിയമത്തിന്റെ 20 (2) പ്രകാരം ഓഡിറ്റ് നടത്താൻ അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വരുമാനദായകമല്ലാത്ത പദ്ധതികൾ കിഫ്ബി ഏറ്റെടുത്തിരിക്കുന്നതുമൂലം തിരിച്ചടവ് പ്രതിസന്ധിയിലാകുമെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി ഫണ്ട് ഐ.ടി. മേഖലയിൽ കൂടുതലായി ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിവിധ പദ്ധതികൾക്കായുള്ള പ്രൊപ്പോസലുകൾ കിഫ്ബി ഓഫീസിൽ

കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ ഏജൻസികൾ ഗ്യാരന്റിയുടെ പിൻബലത്തിൽ വാങ്ങിയ കടത്തിന്റെ തിരിച്ചടവ് കൃത്യമായി മോണിറ്ററിംഗ് നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികൾക്കായി കടമെടുക്കുന്ന തുകയുടെ തിരിച്ചടവിനെ സംബന്ധിച്ച് വ്യക്തതയില്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റീബിൽഡ് കേരള പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ ത്വരിതപ്പെടുത്തുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. അനൂപ് ജേക്കബ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 3454-02-112-98 എന്ന ബഡ്ജറ്റ് ഹെഡിൽ വകകൊള്ളിച്ചിട്ടുള്ള 3,99,92,000 രൂപ 99,92,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദേശീയ സാമ്പിൾ സർവ്വേ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കാത്ത സാഹചര്യത്തിൽ ഫണ്ടിന്റെ വിനിയോഗത്തിൽ കുറവ്

വരുത്തുന്നത് സംബന്ധിച്ച് വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 5475-00-115-97 എന്ന ബഡ്ജറ്റ് ഹെഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 245,51,00,000 രൂപ, 22,25,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന അധിക നികുതി വരുമാനം വേണ്ടെന്നുവയ്ക്കാൻ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 5475-00-115-98 എന്ന ബഡ്ജറ്റ് ഹെഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 2039,83,00,000 രൂപ 1039,83,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി വായ്പയെടുത്ത് പരസ്യ പ്രചാരണം നടത്തുന്നതായും പ്രസ്തുത വായ്പകളുടെ തിരിച്ചടവ് സാധാരണക്കാരന്റെ നികുതി പണത്തിൽ നിക്ഷിപ്തമാക്കിയതായും പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 5475-00-115-98 എന്ന ബഡ്ജറ്റ് ഹെഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 2039,83,00,000 രൂപ 2028,62,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി മുഖേന ബജറ്റിനുപുറത്ത് എടുത്ത വായ്പകളുടെ തിരിച്ചടവിനായി നികുതി പണത്തിൽനിന്നും തുക വകയിരുത്തിയതിനാൽ മോട്ടോർ വാഹന നികുതി വർദ്ധിപ്പിക്കേണ്ടി വന്നതായും കിഫ്ബിയുടെ ബാധ്യത പൊതുകടത്തിന്റെ ഭാഗമാകുന്നതിനാൽ സാമ്പത്തിക പ്രതിസന്ധിയുണ്ടായതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ 5475-00-115-98 എന്ന ബഡ്ജറ്റ് ഹെഡിനുകീഴെ വകകൊള്ളിച്ചിട്ടുള്ള 2039,83,00,000 രൂപ 1008,71,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി മുഖേന

ബഡ്ജറ്റിനുപുറത്ത് എടുത്ത വായ്പയുടെ ബാധ്യതകൾ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന ധനകാര്യ കമ്മിഷന്റെ നിർദ്ദേശത്തെത്തുടർന്ന് കടമെടുപ്പ് പരിധിയിലുണ്ടായതായി പറയപ്പെടുന്ന നിയന്ത്രണങ്ങളും സാമ്പത്തിക പ്രതിസന്ധികളും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3185,28,70,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഉപക്ഷേപങ്ങൾ താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീമതി ഉമ തോമസ്
2. ശ്രീ. സജീവ് ജോസഫ്
3. ശ്രീ. സി. ആർ. മഹേഷ്
4. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
5. ശ്രീ. റോജി എം. ജോൺ
7. ശ്രീമതി കെ. കെ. രമ

8. ശ്രീ. അനൂപ് ജേക്കബ്

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സമയക്രമം ദയവായി പാലിക്കണം.

ശ്രീ. എം. എം. മണി: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ റവന്യൂ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി എന്നാണ് കാണാൻ കഴിയുന്നത്. ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ റവന്യൂ വകുപ്പ് ഫലപ്രദമായി പ്രവർത്തിക്കുകയും ലക്ഷക്കണക്കിനാളുകൾക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും വില്ലേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി അവയെ സ്മാർട്ട് വില്ലേജുകളാക്കി മാറ്റുന്നതിനും താലൂക്കാഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സാധിച്ചു, സർവ്വോപരി ഭൂപ്രശ്നങ്ങളിൽ റവന്യൂ വകുപ്പ് ഫലപ്രദമായ ഇടപെടൽ നടത്തുന്നുവെന്ന് കാണുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഞാൻ സർവ്വാത്മനാ നടപടികളെ പിന്താങ്ങുകയാണ്. എന്നാൽ അവശേഷിക്കുന്ന മറ്റുകാര്യങ്ങൾക്കുംകൂടി

തുടർനടപടികൾ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഒന്ന്, അവശേഷിക്കുന്ന മലയോരകൃഷിക്കാർക്ക് ഇനിയും പട്ടയം നൽകേണ്ടതുണ്ട്. രണ്ട്, ഇടുക്കി പോലുള്ള ജില്ലകളിലെ നിർമ്മാണ നിരോധനം പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മൂന്ന്, 1964-ലും 1993-ലും അന്നത്തെ കോൺഗ്രസ് ഗവൺമെന്റ് കൊണ്ടുവന്ന ഭൂ പതിവ് നിയമം ഭേദഗതി ചെയ്യണം. ആ രണ്ട് നിയമങ്ങളിലും പുരവച്ച് കുടിപ്പാർക്കാനും കൃഷിചെയ്യാനും മാത്രമേ ഭൂമി ഉപയോഗിക്കാവൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കും വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കും ഭൂമി ഉപയോഗിക്കാൻ അനുവദിക്കാത്തത് കേരളസംസ്ഥാനത്ത്, പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ വലിയ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. തുടർന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ഗവൺമെന്റും ഈ രണ്ട് നിയമങ്ങളും ഭേദഗതി ചെയ്യാനും വ്യവസായ-വാണിജ്യ ആവശ്യങ്ങൾക്കുംകൂടി ഭൂമി ഉപയോഗിക്കാമെന്നും വ്യവസ്ഥ ചെയ്യണമെന്ന് ഞാൻ ഈ അവസരത്തിൽ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഈ നിയമം ഭേദഗതി ചെയ്യുമ്പോൾ

ഒരു പ്രശ്നം ഉണ്ടാകും. കേരള സംസ്ഥാനത്ത് ലക്ഷക്കണക്കിന് നിർമ്മാണപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ ഫലത്തിൽ ഈ നിയമത്തിന് വിരുദ്ധമാണ്. അതുകൊണ്ട് അതിനെ റെഗുലറൈസ് ചെയ്യാനുള്ള തുടർനടപടികളും ഗവൺമെന്റ് സ്വീകരിച്ചാൽമാത്രമേ ഫലപ്രദമാകൂവെന്ന കാര്യവും ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പട്ടയനടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. അതിന് ഫലപ്രദമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുന്നുണ്ടെന്ന് കാണുന്നതിൽ അതിയായ സന്തോഷമുണ്ട്. ഈ രംഗത്ത് ഫലപ്രദമായ പ്രവർത്തനം ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ നടപ്പിലാക്കി. ഈ ഗവൺമെന്റ് കഴിഞ്ഞ ഒരു വർഷംകൊണ്ട് ഈ രംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പാക്കിയെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ആ പ്രവർത്തനങ്ങളെയെല്ലാം ഞാൻ പിന്താങ്ങുകയാണ്. അതുകൊണ്ട് ഗവൺമെന്റ് രണ്ടാമത് വീണ്ടും അധികാരത്തിൽ വന്നുവെന്നത് രാഷ്ട്രീയ എതിരാളികൾക്ക്, പ്രതിപക്ഷത്തിന് തീരെ സഹിക്കാൻ കഴിയുന്നില്ല. കേരളത്തിന്റെ ചരിത്രത്തിൽ, കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരുന്നു

(1957), അതിനെത്തുടർന്ന് കോൺഗ്രസ്സ് അധികാരത്തിൽവരുന്നു. ഈ പ്രക്രിയയാണ് എന്നും കേരള രൂപീകരണത്തിനുശേഷം നിലനിന്നതെങ്കിൽ കഴിഞ്ഞ ഒന്നാം പിണറായി ഗവൺമെന്റ് ചെയ്ത ക്ഷേമപ്രവർത്തനത്തിന്റെ ഫലമായി, വീണ്ടും രണ്ടാമതും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നുവെന്നത് ഏറെ സ്വാഗതാർഹമാണെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഒന്നാം പിണറായി ഗവൺമെന്റ് അറുന്നൂറുക്കൂട്ടം കാര്യങ്ങൾ ചെയ്യുമെന്ന് പറഞ്ഞു. 580 ഇന പരിപാടി നടപ്പിലാക്കി. രണ്ടാം പിണറായി വിജയന്റെ ഗവൺമെന്റ് 900 ഇന പരിപാടി മുന്നോട്ടുവച്ചുകൊണ്ടാണ് വിജയം കരസ്ഥമാക്കിയത്. 99 സീറ്റിന് ഭൂരിപക്ഷ വോട്ടുകൾ നേടി തികഞ്ഞ ആത്മവിശ്വാസത്തോടുകൂടിയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. കേരളത്തിലെ ജനങ്ങൾ സർവ്വാത്മനാ ഈ ഗവൺമെന്റിനെ നെഞ്ചിലേറ്റിയതുകൊണ്ടാണ് എന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ഈ ഗവൺമെന്റിന്റെയും ഒന്നാം പിണറായി ഗവൺമെന്റിന്റെയും പ്രവർത്തനങ്ങളിലെ നല്ലവശങ്ങളെ അംഗീകരിക്കാൻ നിർഭാഗ്യവശാൽ കേരളത്തിലെ പ്രതിപക്ഷം തയ്യാറാകുന്നില്ല. കേരള നിയമസഭയിലെടുക്കുന്ന

നിലപാട് സംസ്ഥാനത്തുടനീളം ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ സ്വീകരിക്കുന്നയൊന്നാണ്. അവർക്കൊരിക്കലും മനഃശാന്തിയുണ്ടായിട്ടില്ല. ഒന്ന് വരും രണ്ട് പോകും, അവർ വരുമെന്നാണ് പ്രതീക്ഷിച്ചതെങ്കിൽ അവരുടെ പ്രതീക്ഷ തെറ്റി. അതിന്റെ നിരാശയിൽ നിന്നാണ് കഴിഞ്ഞ ഒരു വർഷത്തിലധികമായി കേരളത്തിലും നിയമസഭയ്ക്കകത്തും പ്രതിപക്ഷം സ്വീകരിക്കുന്ന നിലപാടെന്ന കാര്യം ഞാൻ ഈ അവസരത്തിൽ വിമർശനപരമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ക്രിയാത്മകമായൊരു പ്രതിപക്ഷമെന്ന നിലയിൽ നിലപാടെടുക്കണം. എന്നാൽ ക്രിയാത്മകമായ നിലപാടല്ല, അങ്ങേയറ്റത്തെ നിഷേധാത്മകമായ നിലപാടാണെടുക്കുന്നത്. ഒരു നിലയിലും അവർക്ക് സഹിക്കാൻ കഴിയുന്നില്ല. അവർക്ക് മനഃശാന്തി നഷ്ടപ്പെട്ടിരിക്കുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തുടർഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷം നിഷേധാത്മകമായ നിലപാടാണ് ഉടനീളം സ്വീകരിക്കുന്നതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ആയതിന്റെയെല്ലാം പരിണിതഫലമായാണ്, അവരുടെ മനോഭാവമാണ് കേരള സംസ്ഥാനത്തിൽ ഇപ്പോഴുണ്ടാക്കുന്ന

സംഘർഷങ്ങളും നിയമവിരുദ്ധ പ്രവർത്തനങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കുമെതിരെ ഇല്ലാത്ത ദുരാരോപണമുന്നയിക്കുന്നതും. കുടുംബാംഗങ്ങളെപ്പോലും കേരള നിയമസഭയിലേയ്ക്ക് വലിച്ചിഴയ്ക്കുന്നത് ആശാസ്യമല്ല, അത് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലെ മികവ് തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ച് വിമർശിച്ച് തിരുത്തുന്നതിൽ സഹായിക്കുന്നതിന് പകരം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പ്രതിപക്ഷവും അങ്ങേയറ്റത്തെ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചുകൊണ്ട് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ എല്ലാ അർത്ഥത്തിലും തകർക്കാനും, പ്രതിസന്ധിയുണ്ടാക്കാനും ദുരാരോപണമുന്നയിച്ചുകൊണ്ട് കുടുംബാംഗങ്ങളെപ്പോലും കേരള നിയമസഭയിലേയ്ക്കും രാഷ്ട്രീയത്തിലേക്കും വലിച്ചിഴയ്ക്കുന്ന അങ്ങേയറ്റത്തെ നിഷേധാത്മകമായ നിലപാടാണ് സ്വീകരിക്കുന്നതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ നിലപാടിനെതിരെ ശക്തമായ നിലപാട് ഇടതുപക്ഷ ജനാധിപത്യമുന്നണിയും ഗവൺമെന്റും സ്വീകരിക്കണമെന്ന്

ഞാൻ ഈ അവസരത്തിൽ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ബി.ജെ.പി.-യും യു.ഡി.എഫ്-ഉം, ലീഗുമെല്ലാം ചേർന്നുകൊണ്ട് ഒരു പുതിയ കഥാപാത്രത്തെ കേരള രാഷ്ട്രീയത്തിൽ അവതരിപ്പിച്ചിരിക്കുകയാണ്, ശ്രീമതി സ്വപ്ന സുരേഷ്. നമുക്കറിയാം, ഇരുപത് പ്രാവശ്യം സ്വർണ്ണകള്ളക്കടത്ത് നടത്തി, ഇരുപത്തിയൊന്നാമത്തെ പ്രാവശ്യം സ്വർണ്ണകള്ളക്കടത്ത് നടത്തിയപ്പോൾ അറസ്റ്റ് ചെയ്ത് ഒന്നരവർഷക്കാലം ജയിൽ വാസമനുഭവിച്ച് ഇ.ഡി.-യും മറ്റ് ഏജൻസികളുടേയും മറ്റെല്ലാ ചോദ്യം ചെയ്യലിനും വിധേയമായതാണ്. നമുക്കെല്ലാം അമ്മമാരും സഹോദരിമാരും മക്കളുമുണ്ട്. പക്ഷേ ആ പട്ടികയിലേതെങ്കിലും നിലയിൽ ആ മഹതിയെ പെടുത്താൻ കഴിയുമോയെന്ന കാര്യം വളരെ ഗൗരവപൂർവ്വം ആലോചിക്കേണ്ട കാര്യമാണെന്നാണ് എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ഇ.ഡി. ചോദ്യം ചെയ്തപ്പോഴൊന്നും ഒരു പ്രതിസന്ധിയും ഇല്ലായിരുന്നു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പറ്റിയോ കുടുംബാംഗങ്ങളെപ്പറ്റിയോ വിമർശനമില്ല. എന്നാൽ ഒന്നര വർഷക്കാലത്തിനുശേഷം ജാമ്യം ലഭിച്ച് പുറത്തുവന്ന് ആർ.എസ്.എസ്.-ന്റെ കൂടെകൂടി, യു.ഡി.എഫ്-ഉം കൂട്ടുനിന്നു. ആർ.എസ്.എസ്. അവരുടെ സ്ഥാപനത്തിൽ ജോലിയും

കാറും, വീടും നൽകുകയും ചെയ്തു. അതിനുശേഷം അവരുടെ കയ്യിലെ പാവയായി ആ മഹതി ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയും കുടുംബാംഗങ്ങൾക്കെതിരെയും ഗവൺമെന്റിനെതിരെയും ഇല്ലാത്ത ദുരാരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള സമൂഹത്തെ മലീമസമാക്കാനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പ്രതിപക്ഷ അംഗങ്ങളും കൂട്ടുനിൽക്കുന്നുവെന്നത് അങ്ങേയറ്റം നാണംകെട്ടയവസ്ഥയാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ആ മഹതിയുടെ വെളിപ്പെടുത്തൽ നിങ്ങളുടെ അജണ്ടയനുസരിച്ചാണ്. നിങ്ങളെഴുതിക്കൊടുക്കുന്ന തിട്ടൂരമനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവർ പറയുന്നതിന് മലയാളമനോരമയും മാതൃഭൂമിയും അടക്കം കേരളത്തിലെ പത്രങ്ങളും പല ഇലക്ട്രോണിക് മാധ്യമങ്ങളും കേരളത്തിലെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളും നൽകുന്ന പ്രാധാന്യം ഓർക്കുമ്പോൾ യാഥാർത്ഥ്യത്തിൽ നീതിബോധമുള്ളവർക്ക് അങ്ങേയറ്റം അപമാനം തോന്നുമെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ആ

മഹതിക്ക് നൽകുന്ന പ്രാധാന്യം; സ്വാതന്ത്ര്യ സമരത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും രാഷ്ട്രപിതാവിന്റെയും സരോജനി നായിഡുവിന്റെയും അക്കാമ ചെറിയാന്റെയും കൂടെ ജയിൽവാസമനുഭവിച്ച മഹതിയെന്ന മട്ടിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പ്രതിപക്ഷ അംഗങ്ങളും സ്വപ്ന സുരേഷ് എന്ന വിവാദ നായികയെ ഇന്ന് കേരള രാഷ്ട്രീയത്തിൽ അവതരിപ്പിക്കുന്നുവെന്നത് നാണംകെട്ട അവസ്ഥയാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. വളരെ അപമാനകരമാണ് ഈ പ്രശ്നത്തിൽ അവർ സ്വീകരിക്കുന്ന നിലപാടെന്നത് നമുക്ക് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇവിടെ പല പ്രതിപക്ഷ നേതാക്കന്മാരും വന്നിട്ടുണ്ട്. ശ്രീ. വി.ഡി. സതീശൻ പ്രതിപക്ഷ നേതാവായപ്പോൾ എനിക്ക് സന്തോഷമാണ് തോന്നിയത്. പക്ഷേ, അദ്ദേഹം പ്രതിപക്ഷ നേതാവിന്റെ നിലപാടും നിലവാരവുമില്ലാതെയാണ് കേരള നിയമസഭയിൽ മാത്രമല്ല പത്രമാധ്യമങ്ങളുടെ മുമ്പിൽപ്പോലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന് കാണുന്നതിൽ അതിയായ ഖേദമുണ്ട്. എനിക്ക് ഒരുപാട് വർഷത്തെ പരിചയമില്ല, കഴിഞ്ഞ നിയമസഭയിലും ഈ നിയമസഭയിലും ഇവിടെ വന്നു.

എനിക്ക് നല്ല അഭിപ്രായം തോന്നിയ വ്യക്തിയാണ് അദ്ദേഹം. പക്ഷേ, പ്രതിപക്ഷ നേതാവായതോടുകൂടി ഒരു പുതിയ ലോകത്തെത്തിയിരിക്കുന്നു എന്ന മട്ടിലാണ് അദ്ദേഹത്തിന്റെ പ്രതികരണമെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പ്രതിപക്ഷ നേതാക്കന്മാരായി കെ. കരുണാകരൻ, ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട്, ശ്രീ. വി.എസ്. അച്ചുതാനന്ദൻ ഉൾപ്പെടെ പലരും ഇരുന്നിട്ടുണ്ട്. അവരെല്ലാം കേരള നിയമസഭയിൽ ഇഞ്ചോടിഞ്ച് പൊരുതിയിട്ടുണ്ടെന്ന കാര്യവും നമുക്കറിയാം. പക്ഷേ ആ റോളാണോ ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് വഹിക്കുന്നതെന്ന കാര്യം ആത്മവിശ്വാസത്തോടുകൂടി പരിശോധിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് വിവാദ നായികയെ ഉപേക്ഷിക്കുക. ആത്മാഭിമാനമുള്ളവർക്ക് അവരുടെ പേരുപോലും പറയാനുള്ള ആർജ്ജവം.... ആണത്തമുള്ളവർക്ക് കഴിയില്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ് കൺക്ലൂഡ്

<u>ശ്രീ. എം. എം. മണി</u>: ഞാൻ ഇതിൽക്കൂടുതൽ പറയാത്തത് അതൊരു മഹതിയാണ്, ഒരു സ്ത്രീയാണ് എന്നതുകൊണ്ടാണ്. കൂടുതൽ പറഞ്ഞ്

ഇല്ലാത്ത വയ്യാവേലി എടുക്കാൻ എനിക്ക് കഴിയാത്തതുകൊണ്ട് ഞാൻ മുന്നോട്ടുപോകുന്നില്ല. അവരെയൊന്ന് രക്ഷപ്പെടാൻ നിങ്ങൾ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും അംഗങ്ങളോടും ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. നിങ്ങൾക്കും അമ്മമാരും പെങ്ങന്മാരുമുണ്ട്. എനിക്കുമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. എം. എം. മണി: സർ, അവരെയെല്ലാം വലിച്ചിഴച്ച് ഇല്ലാത്ത പ്രശ്നമുണ്ടാക്കിയാൽ, ഞങ്ങളും അങ്ങനെ വേഷം കെട്ടിയാൽ ഇല്ലാത്ത പ്രശ്നമാകും.... (മൈക്ക് ഓഫ്)

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കോവിഡ് 19-നുശേഷം നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവരെയും തൊഴിലാളികളെയും കർഷകരെയും ദുർബല ജനവിഭാഗങ്ങളെയും ചേർത്തുപിടിക്കേണ്ട സർക്കാർ സംവിധാനം അതിന്റെ എല്ലാ പ്രവർത്തനങ്ങളും ജനങ്ങൾക്കെതിരാക്കി മാറ്റുന്ന, ജനങ്ങളെ സഹായിക്കുന്നതിനുപകരം അവരുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുന്ന സമീപനമാണ് കഴിഞ്ഞ ബഡ്ജറ്റിലും പിന്നീടുള്ള ഗവൺമെന്റിന്റെ പല

തീരുമാനങ്ങളിലൂടെയും നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കർഷകരും തൊഴിലാളികളും വളരെയേറെ പ്രതിസന്ധിയിൽപ്പെട്ട് ആത്മഹത്യയുടെ വക്കിലാണ്. തിരുവല്ലയിലെ ഒരു കർഷകൻ ആത്മഹത്യ ചെയ്തൊരു സംഭവം നമ്മുടെ മുന്നിലുണ്ട്. അത് ഏറ്റവും അവസാനത്തെ സംഭവമാണ്. വിവിധ ജില്ലകളിലായി നിരവധി കർഷകർ അവർക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെ ബാങ്കുകളിൽ നിന്നെടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി ഭീഷണികളിൽ ആശങ്കപ്പെട്ട് സമൂഹത്തിന്റെ മുന്നിൽ അപമാനിതരാകാൻ കഴിയാതെ ആത്മഹത്യ ചെയ്യുന്നൊരു സാഹചര്യത്തിലേക്ക് പോകുകയാണ്. ഈ സന്ദർഭത്തിൽ ഉണർന്നുപ്രവർത്തിക്കേണ്ട ഗവൺമെന്റ് സംവിധാനം പിന്നെയും അവരെ ബുദ്ധിമുട്ടിക്കുന്ന സമീപനങ്ങളുമായി മുന്നോട്ടുപോകുന്നു. എല്ലാ രംഗത്തും അമിതമായ ചാർജ്ജ് ഈടാക്കി അവരെ എങ്ങനെ വലയ്ക്കാം എന്നുള്ളതാണ് സർക്കാരിന്റെ ഗവേഷണം. വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ഭൂനികുതി എന്നിവ വർദ്ധിപ്പിച്ചു. ഒരേക്കർ സ്ഥലമുള്ളൊരു കർഷകൻ 400/- രൂപ നികുതിയടയ്ക്കേണ്ട അവസ്ഥയിലേയ്ക്കെത്തി. 200/- രൂപയിൽനിന്ന് ഇരട്ടിത്തുക ഈടാക്കുന്ന അവസ്ഥയിലേയ്ക്കെത്തി.

ഒരേക്കർ സ്ഥലമുള്ള കർഷകന് എന്താണ് ആദായം, വരുമാന മാർഗ്ഗം; സർക്കാർ ഇത് പരിശോധിച്ചിട്ടുണ്ടോ? കൃഷി പൂർണ്ണമായും നശിച്ചു. ഒരു വരുമാനവുമില്ല. വന്യമൃഗങ്ങൾ പ്രതിസന്ധിയുണ്ടാക്കുന്നതുകൊണ്ട് കൃഷിചെയ്യാൻ കഴിയാതെ, കാലിയായി കിടക്കുന്ന സ്ഥലത്ത് ഒന്നും ചെയ്യാൻ കഴിയുന്നില്ല. അവർ വീണ്ടും നികുതി അടയ്ക്കണമെന്നാണ് സർക്കാർ ആവശ്യപ്പെടുന്നത്. അതുപോലെ, ഇപ്പോൾ 50 ചതുരശ്രമീറ്ററിന് മുകളിലുള്ള വീടുകളേയും തദ്ദേശസ്ഥാപനങ്ങളുടെ കെട്ടിട നികുതി പരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചു. ഇതുമൂലം ലൈഫ് പദ്ധതിയിൽ വീട് ലഭിക്കുന്നവർക്കുപോലും നികുതി അടയ്ക്കേണ്ട അവസ്ഥയാണ് വരാൻ പോകുന്നത്. അതുപോലെതന്നെ ജി.എസ്.ടി.-യുടെ അശാസ്ത്രീയമായ നടത്തിപ്പ് തടയുന്നതിന് സംസ്ഥാന സർക്കാരിന്റെ ഉചിതമായ ഇടപെടൽ ആവശ്യമാണ്. സാധാരണക്കാരായ ചെറുകിട വ്യാപാരികൾ വളരെ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ആ സംവിധാനത്തിന്റെ ആശയക്കുഴപ്പം അകറ്റാനും നിർവ്വഹണത്തിലെ അപാകതകൾ പരിഹരിക്കാനുമുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. അതിലെല്ലാം അടിയന്തരമായി നടപടികൾ സ്വീകരിക്കണം. കർഷകരെ

സംബന്ധിച്ച് ഇന്ന് എറ്റവും ആശങ്കയുണ്ടാക്കിയിട്ടുള്ളതാണ് ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിച്ച സുപ്രീംകോടതിയുടെ വിധി. ആ വിധി വളരെയേറെ ആശങ്കയാണ് മലയോര മേഖലയിൽ സൃഷ്ടിച്ചിട്ടുള്ളത്. മലയോരമേഖലയിൽ മാത്രമല്ല, ലക്ഷക്കണക്കിന് കുടുംബങ്ങളാണ് ആശങ്കയിൽ കഴിയുന്നത്. അവരുടെ ഏക ജീവനോപാധിയാണ്, ഏക വരുമാന മാർഗ്ഗമാണ് ഈ തീരുമാനത്തിലൂടെ അടയുന്നത്. സംസ്ഥാന സർക്കാരിനാണ് അക്കാര്യത്തിൽ ഇടപെടാൻ സാധിക്കുന്നത്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ തന്നെ സെൻട്രൽ എംപവേർഡ് കമ്മിറ്റിയെയും പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തെയും അതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ, ശിപാർശകൾ അവിടെ പരിഗണിക്കുമെന്ന് പറയുന്നു. പക്ഷെ, നാളിതുവരെയായി അക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ലക്ഷക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന ഇത്രയും പ്രധാനപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ അലംഭാവം, അത് കർഷകരോടുള്ള ഒരു വെല്ലുവിളിയാണ്, അല്ലെങ്കിൽ ഒരു പകപോക്കലായി മാത്രമെ കാണാൻ സാധിക്കൂ. ഈ

വിഷയം ബഹുമാനപ്പെട്ട പേരാവൂർ എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് അടിയന്തര പ്രമേയമായി നിയമസഭയിൽ കൊണ്ടുവന്നു. ഇവിടെ മാധ്യമങ്ങൾക്ക് മുമ്പിലും ഇതുമായി ബന്ധപ്പെട്ട് ഇവിടെ വരുന്ന എല്ലാ പൗര പ്രമുഖരുടെ മുമ്പിലും കർഷക സംഘടനകളുടെ മുമ്പിലും എല്ലാവരുമായി യോജിച്ച് തീരുമാനം കൈക്കൊള്ളുമെന്ന് പറഞ്ഞ മുഖ്യമന്ത്രിയും ഭരണകൂടവും ഇവിടെ അടിയന്തര പ്രമേയം സഭ നിർത്തിവച്ച് ചർച്ചചെയ്യാൻപോലും തയ്യാറായില്ല. അങ്ങനെ ചർച്ച ചെയ്താൽ യഥാർത്ഥത്തിൽ ഗവൺമെന്റിന്റെ നിലപാടുകളെ സംബന്ധിച്ച് ജനങ്ങൾക്ക് മനസ്സിലാകുമെന്നുള്ളതുകൊണ്ടാണ് ആ ചർച്ചയിലേയ്ക്ക് പോകാഞ്ഞത്. ആ ദിവസംതന്നെ ഇവിടെ മുഖ്യമന്ത്രിയെ കാണാനെത്തിയ സഭാനേതാക്കൻമാരോടും കർഷക നേതാക്കൻമാരോടും വളരെ വിചിത്രമായ മറുപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വനവകുപ്പുമന്ത്രിയും ഉൾപ്പെടെയുള്ള ഭരണ നേതൃത്വം പറഞ്ഞത്. യഥാർത്ഥ വിഷയത്തിൽ നിന്നും മാറ്റി, ഇവിടെ സർക്കാരിന്റെ അലംഭാവവും അശ്രദ്ധയും മറച്ചുവയ്ക്കാനുള്ള സമീപനമാണ് ഗവൺമെന്റ് കാണിക്കുന്നത്. ഇവിടെ ഗവൺമെന്റ് അടിയന്തരമായി ഓൾ പാർട്ടി മീറ്റിംഗ് വിളിച്ചുചേർക്കാൻ തയ്യാറാകണം. കേന്ദ്രഗവൺമെന്റിനെ

ബോദ്ധ്യപ്പെടുത്താൻ ഓൾ പാർട്ടി ഡെലിഗേഷൻ പോകാൻ തയ്യാറാകണം. ഉമ്മൻചാണ്ടി സർക്കാർ അന്നത്തെക്കാലത്ത് ഈ പ്രതിസന്ധിയെ മറികടക്കാൻ സ്വീകരിച്ചിട്ടുള്ള പ്രോസസ്സ് നമുക്കറിയാം. എല്ലാ ത്രിതലപഞ്ചായത്ത് ഭരണ സംവിധാനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് അതിനാവശ്യമായ പഠന റിപ്പോർട്ടുകൾ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് നൽകാനും ബന്ധപ്പെട്ടവരെ ബോദ്ധ്യപ്പെടുത്താനും ശ്രമിച്ചിരുന്നു. എല്ലാം കണ്ണോടിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് 2019-ലെ സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലെടുത്ത ഉത്തരവാണ് ഈ പ്രതിസന്ധിയിലേയ്ക്ക് നയിച്ചിട്ടുള്ളത് എന്നാണ്. അത്തരത്തിൽ കേരളത്തെ ദോഷകരമായി ബാധിക്കുന്ന വിധത്തിലാണ് കേന്ദ്രഗവൺമെന്റ് സുപ്രീംകോടതിയിൽ അത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെ ആ മന്ത്രിസഭാ തീരുമാനം തിരുത്താൻ അടുത്ത മന്ത്രിസഭാ തീരുമാനം തന്നെ വേണം. അതുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ പൂർണ്ണമായും കേന്ദ്രഗവൺമെന്റിനെയും സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുത്താൻ ബഹുമാനപ്പെട്ട സംസ്ഥാന

ഗവൺമെന്റ് തയ്യാറാകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുയാണ്. കെ.പി.എ.സി.-യുടെ അശ്വമേധം നാടകത്തിൽ വയലാറിന്റെ വരികൾ കെ. എസ്. ജോർജ് ആലപിക്കുന്നുണ്ട്.

"പാമ്പുകൾക്കു മാളമുണ്ട് പറവകൾക്കാകാശമുണ്ട്
മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല ..."

കേരളത്തിൽ മനുഷ്യപുത്രന് മണ്ണിൽ തലചായ്ക്കാൻ ഇടം നൽകിയത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളാണ്, കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റുകളാണ്. 1957-ലെ കേരളത്തിലെ ഗവൺമെന്റ്, നമുക്കറിയാം അന്ന് കുടികിടപ്പ് അവകാശമുണ്ടായിരുന്നില്ല. കുടിയാന്മാരെ, ഏത് അർത്ഥരാത്രിക്കും അവരുടെ വാസസ്ഥലത്തുനിന്ന് ഇറക്കിവിടുവാൻ ജന്മിമാർക്ക് സാധിക്കുമായിരുന്നു. ആ ജന്മിമാരെ ചോദ്യം ചെയ്യാൻ ആർക്കും സാധിക്കുമായിരുന്നില്ല. പോലീസും അധികാരികളുമെല്ലാം അവർക്കൊപ്പമായിരുന്നു. 1957-ൽ കേരള പിറവിക്കുശേഷം ആദ്യമായി അധികാരത്തിൽ വന്ന 1957-ലെ ഗവൺമെന്റ് കുടികിടപ്പ് അവകാശം

സംരക്ഷിക്കുന്ന തീരുമാനമാണ് ആദ്യമായി കൈക്കൊണ്ടത്. ഭൂപരിഷ്കരണ നിയമം 1957-ൽ അവതരിപ്പിച്ചു. 1969-ൽ സമഗ്രമായ ഭൂപരിഷ്കരണ നിയമം പാസ്സാക്കി. 1970 ജനുവരി മാസം ഒന്നാം തീയതി ജന്മിത്വത്തിന് അറുതിവരുത്തിക്കൊണ്ട് ആ നിയമം കേരളത്തിൽ നടപ്പിലാക്കി. 30 ലക്ഷം കുടുംബങ്ങൾക്ക് ഭൂമിയിൽ അവകാശം നൽകിയ നിയമമായിരുന്നു അത്. ഒരു തുള്ളി രക്തം ചീന്താതെ ഒരു സംഘർഷമുണ്ടാകാതെ 30 ലക്ഷം കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിൽ അവകാശം നൽകിയ തീരുമാനമെന്നുപറയുന്നത് ഈ കേരളത്തിൽ മാത്രമല്ല, രാജ്യത്തുമാത്രമല്ല, ലോകത്തുതന്നെ മാതൃകയാക്കാൻ സാധിക്കുന്ന ഒരു നിയമ നിർമ്മാണമായിരുന്നു. 1996-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ, ആദിവാസികൾക്ക് ഭൂമി നൽകുക എന്നുള്ളത് എപ്പോഴും ചർച്ച ചെയ്യപ്പെടുന്ന കാര്യം തന്നെയായിരുന്നു. ആദിവാസികൾക്ക്, മണ്ണിന്റെ മക്കൾക്ക് ഒരേക്കർ വീധം ഭൂമി നൽകുവാനുള്ള തീരുമാനമെടുത്തത് 1996-ലെ ഗവൺമെന്റാണ് എന്നുള്ളത് നമുക്കെല്ലാവർക്കും അറിയാം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 175000 കുടുംബങ്ങൾക്കാണ് പട്ടയം നൽകിയത്.

അഭിമാനകരമായിട്ടുള്ള കാര്യമല്ലേ? ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു വർഷക്കാലം പിന്നിടുകയാണ്. 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 12000 പട്ടയമാണ് നൽകുവാൻ ലക്ഷ്യമിട്ടത്. ലക്ഷ്യമിട്ടത് 12000 പട്ടയമാണെങ്കിൽ 100 ദിവസത്തിനുള്ളിൽ 13534 പട്ടയമാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് നൽകിയത്. ഒരുവർഷക്കാലം കൊണ്ട് കാൽലക്ഷം പട്ടയം നൽകാനാണ് തീരുമാനിച്ചത്. എന്നാൽ ഒരുവർഷക്കാലം കൊണ്ട് 50614 പട്ടയമാണ് കേരളത്തിലെ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് നൽകിയത്. 14 ജില്ലകളിലും പട്ടയമേള സംഘടിപ്പിച്ചു. പട്ടയമേളകളുടെ സംസ്ഥാനതല സമാപനം പുനലൂരിൽ ആയിരുന്നു. നമ്മുടെ ആരാധ്യനായ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും നമ്മുടെ മന്ത്രിമാരെല്ലാം ആ പട്ടയമേളയിൽ പങ്കെടുത്തു. ആയിരക്കണക്കിന് ആളുകളാണ് ആ മേളയിൽ പങ്കെടുത്തത്. നാടിന്റെ ഒരു ഉത്സവമായി അത് മാറുകയുണ്ടായി. വർഷങ്ങളായി പരിഹാരം കാണാതെ കിടന്നിരുന്ന പുനലൂർ പേപ്പർ മിൽ നിവാസികൾക്ക് പട്ടയം നൽകുവാൻ സാധിച്ച പട്ടയമേളയായി അത് മാറുകയുണ്ടായി. ഒരു ജനപ്രതിനിധിയെന്ന നിലയ്ക്കുമാത്രമല്ല, ഒരു പൊതുപ്രവർത്തകനെന്നുള്ള നിലയ്ക്കുപോലും ഏറ്റവും

അഭിമാനവും സന്തോഷവും ചാരിതാർത്ഥ്യവും തോന്നിയ നിമിഷങ്ങളായിരുന്നുവെന്നാണ് ആ മേളയെ സംബന്ധിച്ചിടത്തോളം പറയാൻ സാധിക്കുന്നത്. വരുന്ന ഒരുവർഷക്കാലം മലയോര മേഖലയിൽ വനഭൂമി പട്ടയത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നാണ് റവന്യൂ വകുപ്പുമന്ത്രി വ്യക്തമാക്കിയിരിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റാണിത് പറയുന്നത്, അതുകൊണ്ടുതന്നെ ഇത് യാഥാർത്ഥ്യമാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞങ്ങൾക്ക് ചോദിക്കാനുള്ളത്, നിങ്ങളും ഈ കേരളത്തിൽ ഭരണം നടത്തിയിട്ടുണ്ട്. നിങ്ങളുടെ അവസാനത്തെ ഗവൺമെന്റ് ശ്രീ. ഉമ്മൻചാണ്ടി നയിച്ച ഗവൺമെന്റാണ്. ശ്രീ. ഉമ്മൻചാണ്ടി കേരളം ഭരിക്കുന്ന അവസരത്തിൽ ശ്രീമതി സോണിയ ഗാന്ധി പങ്കെടുത്തുകൊണ്ട് ഒരു പട്ടയമേള തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. അന്ന് നിരവധി ആളുകൾക്ക് നിങ്ങൾ പട്ടയം നൽകി. പക്ഷെ, ആ പട്ടയം ലഭിച്ച പലർക്കും ഇതുവരെ അവരുടെ ഭൂമി കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. ഭൂമി കണ്ടെത്തിയവർക്ക് അവിടെ താമസിക്കാൻ സാധിച്ചിട്ടില്ല. ഇതാണ് നിങ്ങളുടെ കാലത്ത് നടത്തിയ പട്ടയമേള. അതുപൊലെയല്ല എൽ.ഡി.എഫ്.

സർക്കാരിന്റെ കാലത്ത് നടത്തിക്കൊണ്ടിരിക്കുന്ന പട്ടയമേള. റവന്യൂ വകുപ്പുമന്ത്രി സഖാവ് കെ. രാജന്റെ നേതൃത്വത്തിൽ റവന്യൂ വകുപ്പ് കൂടുതൽ ജനകീയമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ റീ-സർവ്വേ നടപടികൾ എന്നാണ് ആരംഭിച്ചത്? 1966-ൽ ആരംഭിച്ചു. 56 വർഷങ്ങൾ പിന്നിടുന്നു. 1550 വില്ലേജുകളിൽ 911 വില്ലേജുകളിൽ മാത്രമാണ് റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചത്. റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ ഇനിയും എത്രനാൾ വേണ്ടിവരും. കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റും റവന്യൂ വകുപ്പും അത്തരം ഒരു സാഹചര്യത്തിലാണ് ആധുനികമായ സംവിധാനത്തോടെ ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുള്ള തീരുമാനം എടുത്തത്. ചോദ്യങ്ങൾക്ക് മറുപടിയായി ബഹുമാന്യനായ റവന്യൂ മന്ത്രി ഇന്ന് രാവിലെ ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അടുത്ത നാല് വർഷംകൊണ്ട് കേരളത്തിലെ മുഴുവൻ വില്ലേജുകളിലും റീസർവ്വേ നടപടികൾ പൂർത്തീകരിച്ച്, വിപ്ലവകരമായൊരു മാറ്റത്തിന് വഴിയൊരുക്കാൻ കേരളത്തിലെ എൽ.ഡി.എഫ്.സർക്കാർ ആവശ്യമായ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ട് പോകുകയാണ്. ബിനാമി ഇടപാടുകൾക്ക് തടയിടുവാനും

കണക്കിൽപ്പെടാത്ത വസ്തുക്കൾ കണ്ടെത്തുവാനുമുള്ള നടപടിയുടെ ഭാഗമായി യുണീക്ക് തണ്ടപ്പേർ സംവിധാനം കൊണ്ടുവരികയാണ്. ഇത് ഫലപ്രദമായി നടപ്പിലാക്കുമ്പോൾ കേരളത്തിൽ ഭൂരഹിതരായിട്ടുള്ള മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പോകുകയാണ്. ഒരുപക്ഷെ ഭൂ-പരിഷ്കരണ നിയമം കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവും കൂടുതൽ സ്വാധീനിക്കപ്പെടുന്ന ഒരു നിയമമായോ, തീരുമാനമായോ ഇതുമാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വില്ലേജ് ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളായി മാറിക്കൊണ്ടിരിക്കുകയാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് റവന്യൂ വകുപ്പ് അതിശക്തമായി മുന്നോട്ട് നീങ്ങുകയാണ്. നമ്മുടെ ഭാവനാ സമ്പന്നനായ നേതാവായിരുന്ന മഹാനായ എം. എൻ. ഗോവിന്ദൻ നായർ ആവിഷ്കരിച്ചതാണ് ലക്ഷം വീട് പദ്ധതി. വീടില്ലാത്തവർക്ക് വീടെന്ന സ്വപ്നം; ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ആ സ്വപ്നം യാഥാർത്ഥ്യമാക്കിയ പദ്ധതിയായിരുന്നു എം.എൻ. ഭവന നിർമ്മാണ പദ്ധതി/ലക്ഷം വീട് പദ്ധതി. ലക്ഷം വീട് പദ്ധതി ആരംഭിച്ചിട്ട് അൻപത് വർഷക്കാലം പിന്നിടുന്നു. അതിപ്പോൾ പലയിടത്തും നാശോന്മുഖമാണ്. ഒറ്റ

വീടുകൾ ഇരട്ട വീടുകളാക്കുമെന്നുള്ള പ്രഖ്യാപനം നടത്തിയിട്ടുണ്ട്. വേണ്ടത്ര പണമില്ലാത്തതുകൊണ്ട് സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമോയെന്ന ആശങ്ക നിലനില്ക്കുന്നു. പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ പണം നീക്കിവച്ച് അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ശക്തമായൊരു ധനകാര്യ മാനേജ്മെന്റിനാണ് സർക്കാരും ധനകാര്യവകുപ്പുമന്ത്രിയും ഇവിടെ നേതൃത്വം നല്കുന്നത്. കേന്ദ്ര സർക്കാർ നമ്മളെ ശ്വാസം മുട്ടിക്കുകയാണ്. ഒരു ഫെഡറൽ സംവിധാനത്തിന് വിരുദ്ധമായ നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പണം വാരിക്കോരി നല്കുന്നു. അതേ സമയം അർഹതപ്പെട്ട പണംപോലും നമുക്ക് നല്കുന്നില്ല. പ്രളയകാലത്തും കോവിഡ് സാഹചര്യത്തിലുമൊക്കെ നമുക്കത് വ്യക്തമായതാണ്. ജി.എസ്.ടി. വിഹിതം കൃത്യമായി നല്കുന്നില്ല. കടമെടുപ്പ് പരിധി കുറച്ച് സാമ്പത്തികമായി നമ്മുടെ സംസ്ഥാനത്തെ ശ്വാസം മുട്ടിക്കുവാൻ ശ്രമിക്കുകയാണ്. ഇത്തരം സാഹചര്യങ്ങൾക്കിടയിലും കേരളത്തിൽ വികസനപ്രവർത്തനങ്ങൾക്ക് അവധി കൊടുക്കാതെ

ഏറ്റവുമധികം പ്രവർത്തനങ്ങൾ നടത്തുന്നതിന് നേതൃത്വം നല്കുന്ന സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു. ശ്രീമതി ഉമാ തോമസ് ഇന്ന് സഭയിൽ ഉണ്ട്. ഈ സഭയ്ക്കകത്തും പുറത്തും നിരവധി ജനകീയ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പി. ടി. തോമസ് നടത്തിയ ധീരോദാത്തമായ പോരാട്ടങ്ങൾ തുടർന്ന് നടത്താൻ വർദ്ധിച്ച വീര്യത്തോടെയാണ് ശ്രീമതി ഉമാ തോമസ് ഇവിടെ എത്തിയിട്ടുള്ളത്. കാൽ ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയം കൈവരിച്ചിട്ടും അപ്പുറത്തിരിക്കുന്ന ആളുകൾക്ക് അത് പോര, ഇത് ജയമേ അല്ലെന്നാണ് അവർ പറയുന്നത്. ഇതെന്തു ജയം; ഇതാണോ ജയം? ബഹുമാനപ്പെട്ട മന്ത്രിമാരടക്കം കഴിഞ്ഞ ദിവസം ഇത്തരത്തിലാണ് സൂചിപ്പിച്ചത്. ഇതൊക്കെ കേട്ടപ്പോൾ എനിക്കും സംശയമായി. 'നിങ്ങൾ ഈ സഭയിലേയ്ക്ക് കടന്നുവന്നത് ജയിച്ചിട്ടാണോ അതോ വ്യാജ സർട്ടിഫിക്കറ്റുമായിട്ടാണോ' എന്ന് ഞാനിന്ന് രാവിലെ ശ്രീമതി ഉമാ തോമസിനോട് ചോദിച്ചു. 72770 വോട്ടാണ് അവർക്ക് ലഭിച്ചത്. കഴിയുമെങ്കിൽ വോട്ടുചെയ്ത 72770 ആളുകളെയും ബഹുമാന്യനായ

സ്പീക്കർ സഭയ്ക്കകത്തുകൊണ്ടുവന്ന് പ്രദർശിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെയെങ്കിലും അവർ വിശ്വസിക്കുന്നെങ്കിൽ വിശ്വസിക്കട്ടെ. ശ്രീമതി ഉമാ തോമസിന്റെ വിജയം അംഗീകരിക്കാൻ കഴിയാത്ത ഇവരുടെ തൊലിക്കട്ടി അപാരമെന്നാണ് ഞാൻ പറയുന്നത്. മുമ്പൊരിക്കൽ ശ്രീ. കൊടിയേരി ബാലകൃഷ്ണൻ സഭയ്ക്കകത്ത് പ്രസംഗിച്ചതിൽ നിന്ന് ഒരു കാര്യം ഞാൻ സൂചിപ്പിക്കട്ടെ... 'തിരുവനന്തപുരത്തെ കാഴ്ചബംഗ്ലാവിലെ കാണ്ടാമൃഗം രണ്ട് ദിവസമായി പട്ടിണിയിലാണ്. രണ്ട് ദിവസമായി ഭക്ഷണം കഴിക്കുന്നില്ല'- ഇതായിരുന്നു അദ്ദേഹം പറഞ്ഞത്. ഏത് സാഹചര്യത്തിലാണ് അദ്ദേഹമത് പറഞ്ഞതെന്ന് നമുക്കെല്ലാവർക്കുമറിയാം. തൃക്കാക്കരയിൽ ശ്രീമതി ഉമാ തോമസിന്റെ ജയം അംഗീകരിക്കാനാകാത്ത ഇവരുടെ തൊലിക്കട്ടി കാണുമ്പോൾ എനിക്ക് പറയാനുള്ളത്, ഇനി ജീവിതകാലം മുഴുവൻ ഭക്ഷണം കഴിക്കില്ലെന്ന് തിരുവനന്തപുരത്തെ കാഴ്ചബംഗ്ലാവിലെ കാണ്ടാമൃഗം തീരുമാനമെടുത്തിരിക്കുന്നു എന്നതാണ്. എ.കെ.ജി.സെന്ററിന് നേരെയുള്ള ആക്രമണത്തെക്കുറിച്ച് ഇവിടെ ചർച്ച നടക്കുകയാണ്. ഒ. വി. വിജയന്റെ 'ധർമ്മപുരാണ'ത്തിൽ പറയുന്നൊരു കാര്യമുണ്ട്. ജനങ്ങൾ രാജാവിനെതിരെ

തിരിഞ്ഞാൽ രാജാവ് ഒരു തന്ത്രം പ്രയോഗിക്കും. എന്താണാ തന്ത്രം? അതിർത്തിയിൽ യുദ്ധം പ്രഖ്യാപിക്കുക... അത് മാത്രമാണ് അക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്. ശ്രീ. എ. എൻ. ഷംസീർ എന്തൊക്കെയോ കാര്യങ്ങൾ പറയുന്നുണ്ട്. പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളെക്കുറിച്ച് സഭയിൽ പറഞ്ഞില്ലെങ്കിൽ അദ്ദേഹത്തിന് യാതൊരു സ്വസ്ഥതയും കിട്ടുകയില്ല. ഇതൊക്കെ കേട്ട് ഒരിക്കലും പ്രകോപിതനാകാൻ പാടില്ലെന്നാണ് എനിക്ക് പ്രിയപ്പെട്ട ശ്രീ. നജീബ് കാന്തപുരത്തോട് പറയാനുള്ളത്. കാരണം സദുദ്ദേശത്തോടുകൂടിയാണ് ഷംസീർ അതുപറയുന്നത്. കാരണം പാണക്കാട് തങ്ങൾമാരുടെയടുത്ത് നിരവധി ജാതികളിലും മതങ്ങളിലും ഉൾപ്പെടുന്ന ആളുകൾ പോകാറുണ്ട്. അവരിൽ അഗതികളും അശരണരണരും ദീനരും ദുഃഖിതരും നിരാലംബരും നിരാശരുമുണ്ട്. പാണക്കാട് തങ്ങൾമാരെ കണ്ടാൽ അവർക്കൊരു ആശ്വാസം കിട്ടുമെന്നാണ് അവരുടെ വിശ്വാസം. അത് ഓരോരുത്തരുടേയും വിശ്വാസമാണ്. പല തരത്തിലുള്ള അസ്വസ്ഥതകൾ അനുഭവിക്കുന്നയാളുകൾ അവിടെ പോകുന്നുണ്ട്. അത്തരത്തിൽ ഒരസ്വസ്ഥത അനുഭവിക്കുന്ന ഒരാളാണ് ശ്രീ. എ. എൻ. ഷംസീറെന്ന് നമുക്കറിയാം. ആ

അസ്വസ്ഥത എന്താണെന്നും നമുക്കറിയാം. ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിനെ നോക്കുമ്പോൾ അദ്ദേഹത്തിന്റെ അസ്വസ്ഥത വർദ്ധിക്കും. ആ അസ്വസ്ഥത മാറാൻ ശ്രീ. എ. എൻ. ഷംസീർ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; എല്ലാ സമയത്തും പാണക്കാട് തങ്ങൾ എന്ന് പറയാമെന്നാണ്. അതുകൊണ്ട് അദ്ദേഹം പാണക്കാട് തങ്ങൾ എന്ന് പറയുമ്പോൾ അദ്ദേഹത്തെ ഒരിക്കലും കുറ്റപ്പെടുത്താൻ പാടില്ല. സദുദ്ദേശത്തോടുകൂടിയാണ് അദ്ദേഹം പാണക്കാട് തങ്ങളെക്കുറിച്ച് പറയുന്നത്.

ജി.എസ്.ടി.യെ ക്കുറിച്ചും ഇവിടെ ചർച്ച നടക്കുന്നുണ്ട്. ബഹുമാന്യനായ ധനകാര്യമന്ത്രിയെ കൂടുതൽ വിമർശിക്കുന്നില്ല. ഏതാനും ദിവസങ്ങൾക്കുമുമ്പ് കാസർഗോഡ് അദ്ദേഹവുമായി ഞാനൊരു വേദി പങ്കിട്ടിരുന്നു. അദ്ദേഹം വളരെ നിഷ്കളങ്കനാണ്, ലാളിത്യമുള്ളയാളാണ്, വിനയമുള്ളയാളാണ്. ഇക്കാര്യങ്ങളൊക്കെ ഞാൻ ആ വേദിയിൽ പറയുകയുണ്ടായി. പക്ഷെ പറഞ്ഞിട്ടെന്തുകാര്യം; അദ്ദേഹത്തിന് ലഭിച്ച വകുപ്പ് വല്ലാത്ത മോശമായിപ്പോയി. അദ്ദേഹത്തെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. 'നമ്മുടെ സംസ്ഥാനത്ത് ഒരു സാമ്പത്തിക പ്രതിസന്ധിയുമില്ല, ട്രഷറി എല്ലാ ദിവസവും

പ്രവർത്തിക്കുന്നു'- കഴിഞ്ഞ സഭാ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞ കാര്യമാണിത്. ഇത് കേട്ടപ്പോൾ എനിക്ക് ഓർമ്മ വന്നത് മറ്റൊരു കാര്യമാണ്. ഞങ്ങളുടെ നാട്ടിൽ ഹോട്ടൽ നടത്തുന്ന ഒരാളുണ്ട്. അദ്ദേഹം രാവിലെ ഹോട്ടൽ തുറക്കും. രാവിലെ 11 മണിയാകുമ്പോൾ ഹോട്ടലിലെ സാധനങ്ങളൊക്കെ തീരും. പക്ഷെ അദ്ദേഹം പൂട്ടില്ല. രാത്രി പതിനൊന്ന് മണി വരെ ഹോട്ടൽ തുറന്നുകിടക്കും. ആ ഹോട്ടൽ എന്റെ വീടിനടുത്താണ്. ഞാനെന്നും അതുവഴി പോകുന്നയാളാണ്. സാധനങ്ങളൊക്കെ രാവിലെതന്നെ തീർന്നിട്ടും എന്തിനാണ് പാതിരാവുവരെ ഹോട്ടൽ തുറന്നു വച്ചിരിക്കുന്നതെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. ഇവിടെ വരുന്ന ആളുകളോട് സാധനങ്ങളില്ലെന്ന് പറയാനെങ്കിലും ഞാൻ ഇവിടെ ഇരിക്കണ്ടേയെന്നായിരുന്നു അദ്ദേഹം എനിക്ക് നൽകിയ മറുപടി. ടഷറി ഒരു ദിവസവും പൂട്ടിയിട്ടില്ലെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞപ്പോൾ ഈ പറഞ്ഞ ഹോട്ടലുകാരനെയാണ് എനിക്ക് ഓർമ്മവന്നത്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങളുണ്ട്. അതൊക്കെ കേന്ദ്രസർക്കാരിന്റേതാണെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി ഒഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. പക്ഷെ അങ്ങേയ്ക്ക് പരിഹരിക്കാൻ പറ്റുന്ന കാര്യങ്ങൾ

അങ്ങ് പരിഹരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ വ്യാപാരികൾ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ഒട്ടനവധി സമരങ്ങൾ സംഘടിപ്പിച്ചിരിക്കുകയാണ്. അങ്ങേയ്ക്ക് പരിഹരിക്കാൻ കഴിയുമെങ്കിൽ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

റവന്യൂ വകുപ്പിൽ ധാരാളം പ്രശ്നങ്ങൾ ബാക്കിയുണ്ടെങ്കിലും എല്ലാ വിഷയങ്ങളിലുമിടപെടാൻ റവന്യൂ വകുപ്പുമന്ത്രി കാണിക്കുന്ന താല്പര്യത്തെ ഞാൻ അഭിനന്ദിക്കുന്നു. നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമപ്രകാരം തയ്യാർ ചെയ്തിട്ടുള്ള ഡാറ്റാ ബാങ്കിൽ ഭൂമിയുൾപ്പെട്ടതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ഞാനിവിടെ സൂചിപ്പിക്കുകയാണ്. അതുപോലെ, എന്റെ ജില്ലയിൽ 129 വില്ലേജുകളുണ്ടെങ്കിലും 85 ഓഫീസുകൾ മാത്രമാണുള്ളത്. അഞ്ച് വില്ലേജുകളുൾപ്പെടുന്ന ഗ്രൂപ്പ് വില്ലേജുകൾ വളരെയധികം ജില്ലയിലുള്ളത് അങ്ങേയ്ക്കറിയാവുന്ന പ്രശ്നമാണ്. അത് പരിഹരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. പ്രതിപക്ഷം ഇവിടെ കാട്ടികൊണ്ടിരിക്കുന്ന കോപ്രായങ്ങൾക്കുള്ള മറുപടി സമയകുറവുകാരണം വിശദമായി കടക്കുന്നില്ല, എന്നാലും ചിലക്കാര്യങ്ങൾ പറയാം. സംഘ്പരിവാർ പ്രവർത്തകനായ ശ്രീ. പ്രതിഷ് വിശ്വനാഥ് പറഞ്ഞ കള്ളകഥകൾ ഏറ്റുപിടിച്ച് ഡോ. മാത്യു കുഴൽനാടൻ ഇവിടെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. കെ. സുരേന്ദ്രനും എന്തുംപറയുന്ന ശ്രീ. പി. സി. ജോർജ്ജും വിളിച്ചുപറയുന്നകാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഇവിടെ ആവർത്തിക്കുകയാണ്. ഇതൊക്കെ കാട്ടി ഞങ്ങളെ വിരട്ടാൻ നോക്കേണ്ട, അത് നടക്കുന്ന കാര്യമല്ലെന്ന് ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഈ സഭയിൽ ബി.ജെ.പി.-ക്ക് സഭയ്ക്കകത്ത് ആളില്ലാത്തതിനാൽ ആ റോൾ നിങ്ങൾ ഭംഗിയായി നിർവ്വഹിക്കുന്നുവെന്ന കാര്യം എന്തായാലും ജനങ്ങൾ കാണുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധിയുടെയും ധവളപത്രത്തിന്റെയുമൊക്കെ കാര്യങ്ങൾ ഇവിടെ പറയുന്നത് കേട്ടു. ഏത് രാഷ്ട്രത്തിനാണ് കടമില്ലാത്തത്; മുതലാളിത്ത അപ്പോസ്തലനായ യു.എസ്.-ലെ ഡെബ്റ്റ് - ജി.ഡി.പി. റേഷ്യോ 108 ശതമാനമാണ്. ജപ്പാന്റേത്

236.14 ശതമാനവും ഇന്ത്യയുടേത് 85 ശതമാനവുമാണ്. എന്നിട്ട് എഫ്.ആർ.ബി.എം.-ന്റെ പേരിൽ സംസ്ഥാനങ്ങളെ വിരട്ടുകയാണ് കേന്ദ്രം ചെയ്യുന്നത്. സംസ്ഥാനങ്ങളുടെ സ്ഥിതി നോക്കുകയാണെങ്കിൽ കേരളത്തിന്റെ ഡെബ്റ്റ്-ജി.എസ്.ഡി.പി. റേഷ്യോ 32.2 ശതമാനമാണ്. രാജസ്ഥാൻ എന്താണെന്നും ആരുടേതാണെന്നും ഞാനിവിടെ പറയുന്നില്ല. രാജസ്ഥാൻ 39.8 ശതമാനമാണ്. കോൺഗ്രസ് ഇന്നലെവരെ ഭരിച്ചിരുന്ന പഞ്ചാബിൽ 53.3 ശതമാനമാണ് ഡെബ്റ്റ് - ജി.എസ്.ഡി.പി. റേഷ്യോ. അവരോടൊക്കെ ധവളപത്രം ഇറക്കാൻ പറയൂ, അതുകഴിഞ്ഞിട്ടാകാം കേരളത്തിന്റെ കാര്യം. കടമെടുക്കുന്നത് വലിയൊരു അപരാധമായിട്ടാണ് ചില ആളുകൾ ചിത്രീകരിച്ചത്. പബ്ലിക് ഫിനാൻസിന്റെ അടിസ്ഥാന തത്വങ്ങളെപ്പറ്റി ധാരണയുള്ള ആരും അങ്ങനെ പറയില്ല. എടുക്കുന്ന കടം എന്തിനുവേണ്ടി വിനിയോഗിക്കുന്നു, പൂട്ടടിക്കാനാണോയെന്ന് മാത്രം നോക്കിയാൽ മതി. എൽ.ഡി.എഫ്. സർക്കാരിന് ഒരു മാനിഫെസ്റ്റോയുണ്ട്. ആ മാനിഫെസ്റ്റോയിൽ സംസ്ഥാനത്തിന്റെ ധനവിനിയോഗത്തെ സംബന്ധിച്ച്, അതായത് ആർക്കുവേണ്ടി എങ്ങനെ വിനിയോഗിക്കുമെന്നുള്ളത് സംബന്ധിച്ച് വളരെ വ്യക്തമായി പറയുന്നുണ്ട്.

യു.ഡി.എഫ്.-ന്റെ കാലത്തെ സ്ഥിതിയെന്താണ്; ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇവിടെ 2002 ജൂലൈ മാസം 16-ാം തീയതി ഇറക്കിയ ഒരുത്തരവുണ്ട്. അത് യു.ഡി.എഫ്.-കാർ വീണ്ടും വായിച്ചുനോക്കുന്നത് നല്ലതാണ്. അതിലെ 28 പോയിന്റ്സും വായിച്ച് നോക്കണം. അന്ന് ജീവനക്കാരുടെ പ്രക്ഷോഭം നടന്നത് സംബന്ധിച്ച്, 2002 മാർച്ച് അഞ്ചിന് ഒരു അടിയന്തര പ്രമേയത്തിന് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി സഭയിൽ മറുപടി പറഞ്ഞത്, 'പണമില്ലെന്ന് അറിയാം ട്രഷറി കാലിയാണ്, എവിടെനിന്നാണ് പണം കിട്ടുന്നത്, ഇങ്ങനെ പോയാൽ ശമ്പളം കൊടുക്കാൻ കഴിയില്ല' എന്നാണ്. അതുപോലെയാണോ കേരളത്തിൽ സാമ്പത്തിക പ്രയാസം അഭിമുഖീകരിക്കുന്ന ഈ സമയത്ത് എടുക്കുന്നത്? കേരളത്തിൽ സാമ്പത്തിക പ്രയാസമുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പലപ്പോഴും ഈ സഭയ്ക്കകത്ത് പറഞ്ഞതാണ്. സാമ്പത്തിക പ്രതിസന്ധികാരണം ഒരു വികസന പ്രവർത്തനങ്ങളും തടയില്ല, ഒരു പൊതുമേഖലാ സ്ഥാപനവും പൂട്ടില്ല എന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. നിങ്ങളുടെ കാലത്ത് സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പൊതുമേഖലാ

സ്ഥാപനങ്ങൾ പൂട്ടാൻ വേണ്ടി ആർ. സി. ചൗധരി എന്റർപ്രൈസസ് റീഫോംസ് കമ്മിറ്റിയുണ്ടാക്കി. അതിൽ 48 കമ്പനികൾ മോശമാണെന്ന് പറഞ്ഞു. 30 സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉത്തരവിടുകയും 9 എണ്ണം പൂട്ടുകയും ചെയ്തു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ആ സ്ഥാപനങ്ങൾ തുറന്നത് പ്രവർത്തിപ്പിക്കുകയല്ലേ ചെയ്തത്; സാമ്പത്തിക വിഷമമുണ്ടെന്ന് പറഞ്ഞ് ഏതെങ്കിലും സ്ഥാപനത്തെ പൂട്ടുന്നൊരു അവസ്ഥയിലേയ്ക്ക് നീങ്ങുന്നുണ്ടോ ഈ ഗവൺമെന്റ്? തൊഴിലാളികളുടെ കഞ്ഞിയിൽ മണ്ണ് വാരിയിടാൻ ഒരിക്കലും ഈ ഗവൺമെന്റ് തയ്യാറാകില്ല. അതാണ് ഈ ഗവൺമെന്റിന്റെ നയം. അന്ന് ശ്രീ. കെ. പി. രാജേന്ദ്രൻ ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നതിന് ശ്രീ. കുഞ്ഞാലിക്കുട്ടി നൽകിയ മറുപടി, ആരുവിചാരിച്ചാലും ആ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി കൊണ്ടുപോകാനും നിലനിർത്താനും സാധിക്കില്ലെന്നാണ്. ആ സ്ഥാപനങ്ങൾ കേരളത്തിൽതന്നെ നിലനിർത്തി മെച്ചപ്പെട്ട രൂപത്തിലേയ്ക്ക് കൊണ്ടുപോകുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കാണിച്ചുകൊടുത്തു. അത് പ്രതിപക്ഷം അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്നതിൽ

വിദഗ്ധരും ഡോക്ടറേറ്റ് നേടിയവരുമാണ് നിങ്ങൾ. കുറ്റിപ്പുറത്ത് ഒരു കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് (കെ.എസ്.ഡി.സി.) എന്ന ഒരു പൊതുമേഖലാ സ്ഥാപനമുണ്ടായിരുന്നു. ഇന്ത്യയിൽ ആദ്യമായി ഡിറ്റർജന്റ് പൗഡർ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനമായിരുന്നു. ആ സ്ഥാപനത്തിനകത്ത് പൗഡർ ഉല്പാദിപ്പിച്ചുകൊണ്ട് സ്കോർ എന്ന പേരിൽ മാർക്കറ്റിലിറക്കി. നല്ലനിലയിൽ മാർക്കറ്റ് ഷെയറും കിട്ടി. അങ്ങനെ പോകുമ്പോഴാണ് ഒരു സുപ്രഭാതത്തിൽ ഹിന്ദുസ്ഥാൻ ലിവറിന് ഉൽപ്പന്നം കൊടുക്കാൻ തീരുമാനമെടുത്തത്. അങ്ങനെ ഹിന്ദുസ്ഥാൻ ലിവറിനുകൊടുത്ത് കുറച്ചുകാലം കഴിഞ്ഞപ്പോൾ അവർക്ക് പൗഡർ വേണ്ടായെന്ന് പറഞ്ഞതോടുകൂടി ആ സ്ഥാപനം പൂട്ടേണ്ട അവസ്ഥയിലേയ്ക്ക് വന്നു. ഇതല്ലേ നിങ്ങളുടെ സമീപനം; ആ സമീപനമല്ല ഇടതുപക്ഷ പ്രസ്ഥാനത്തിനും ഗവൺമെന്റിനുമുള്ളത്. ലാഭത്തിന്റെ പേരിൽ ആരെങ്കിലും സ്കൂളുകൾ നടത്തുമോ; വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന കാര്യത്തിൽ ലാഭനഷ്ടമാണോ നോക്കുന്നത്? ഇവിടെ ധവളപത്രത്തെക്കുറിച്ച് പറയേണ്ടകാര്യമില്ലല്ലോ; സാമ്പത്തിക പ്രതിസന്ധി പറഞ്ഞ് നിങ്ങൾ എന്തൊക്കെയാണ് നടത്തിയത്; ശ്രീ. നജീബ് കാന്തപുരത്തിന്റെ മുൻഗാമി

2003 ഫെബ്രുവരി 19-ന് സഭയിൽ പറഞ്ഞൊരു കണക്കുണ്ട്. സംസ്ഥാനത്ത് ആദായകരമല്ലെന്ന് കണ്ടെത്തിയ സ്കൂളുകളുടെ എണ്ണം 3720 ഇവയിൽ 2253 എൽ.പി. സ്കൂളുകളും 369 യു.പി. സ്കൂളുകളും 68 സ്കൂളുകളും ഉൾപ്പെടുന്നു. ഇവയിൽ 37 എൽ.പി. സ്കൂളുകളും 7 യു.പി.സ്കൂളുകളും 3 ഹൈസ്കൂളുകളും നിർത്തലാക്കി. അതാണ് അന്ന് പറഞ്ഞത്. ഇന്ന് ആ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കിഫ്ബി ഫണ്ടുപയോഗിച്ചുമാത്രം ഹൈടെക് വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കി മെച്ചപ്പെടുത്തി. 3984 കോടി രൂപ വിനിയോഗിച്ച് 194 വിദ്യാലയങ്ങൾക്ക് മെച്ചപ്പെട്ട രൂപത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ചു. ആ കെട്ടിടത്തിന്റെ ഉദ്ഘാടന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ആളുകളാണ് ഇവിടെ ഇരിക്കുന്നത്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി, നിങ്ങളും നമ്മളും ഒരുപോലെയെന്നാണ് പറയുന്നത്. നന്ദിയില്ലെങ്കിലും നന്ദികേട് പറയരുത്. ചില പത്രങ്ങളും മാധ്യമ മുത്തശ്ശിമാരും സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞത് കേരളത്തിൽ സാമൂഹിക ക്ഷേമപദ്ധതികളടക്കം നിഷേധിക്കാൻ പോകുന്നുവെന്നാണ്. ഒരിക്കലും അങ്ങനെ ചെയ്യില്ല. പാവപ്പെട്ട ജനങ്ങളോട് പ്രതിബദ്ധതയുള്ള ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ആ ഗവൺമെന്റ് പാവപ്പെട്ടവരുടെ കഞ്ഞിയിൽ ഒരിക്കലും പൂഴിവാരിയിടില്ല. അവരെ

സംരക്ഷിക്കും. ഈ സർക്കാർ ജനപക്ഷ സർക്കാരാണ്, അവർക്ക് അടിസ്ഥാനപരമായ ധാരണയുള്ളതിനാൽ അതിൽ ഊന്നിനിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഞാൻ മറ്റ് വിഷയങ്ങൾ അധികം പറയുന്നില്ല. വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ സമീപനമെന്താണ്; കേരളത്തിന്റെ മുന്നോട്ടുപോക്കിനെ സംബന്ധിച്ച കാര്യങ്ങൾ നിങ്ങൾ കാണുന്നുണ്ടോ; നിങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടോ; ശ്രീ. എം. എം. മണി ചോദിച്ചതുപോലെ, എന്തിനെയും എതിർക്കുന്ന സമീപനമാണ് നിങ്ങൾക്കുള്ളത്. സ്വപ്ന സുരേഷിന്റെയും ശ്രീ. പി. സി. ജോർജിനുമൊപ്പം പോകുവാനാണ് നിങ്ങൾക്ക് സമയം. അതിനുവേണ്ടി സമയം കണ്ടെത്തി തെറ്റായ പ്രചരണം നടത്തുകയാണ് ചെയ്യുന്നത്. കഴിഞ്ഞ ഒരു വർഷക്കാലമായി റവന്യൂ വകുപ്പിന്റെ പ്രവർത്തനം എത്ര മെച്ചപ്പെട്ട രൂപത്തിലാണ് നടക്കുന്നത്. അവരുടെ നേട്ടങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്ത്യയ്ക്ക് ആകെ മാതൃകയായ റവന്യൂ വകുപ്പ് പ്രഖ്യാപിച്ച ആപ്തവാക്യം പ്രാവർത്തികമാക്കാൻ ഒരു ഭഗീരഥ ശ്രമം നടത്തികൊണ്ടിരിക്കുകയല്ലേ ചെയ്യുന്നത്? ഏവർക്കും ഭൂമി, മിച്ചഭൂമി കേസ് ഒത്തുതീർപ്പാക്കാൻ ഇടപെടുന്നത്, പട്ടയം വിതരണത്തിൽ

ചരിത്രനേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നത് എന്നിവയെല്ലാം... ഇനിയും ശക്തമായി ഇടപെടണം, പാവപ്പെട്ടവർക്ക് പട്ടയം കൊടുക്കണം. അത് ഗവൺമെന്റിന്റെ കാഴ്ചപാടാണെന്ന് എനിക്കറിയാം. ഡാഷ് ബോർഡിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയണം. വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും ഒരു നിശ്ചിത സമയത്തിനകം സ്മാർട്ടാക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്താൻ കഴിയണം. റവന്യൂ വകുപ്പിന്റെ ജാഗ്രതയോടുകൂടിയ പ്രവർത്തനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ഇന്നത്തെ അവസ്ഥ വളരെ ദുഃഖിക്കുന്നതാണ്. ശ്രീ. എം. എം. മണി പറഞ്ഞതുപോലെ, ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ കോൺഗ്രസ് നശിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷേ അവരുടെ സമീപനമെന്താണ്? പ്രതിപക്ഷത്തിന്റെ രാഷ്ട്രപതി സ്ഥാനാർത്ഥിയായ ബഹുമാനപ്പെട്ട യശ്വന്ത് സിൻഹ പറഞ്ഞത് 1975-ൽ അടിയന്തരാവസ്ഥയെപ്പറ്റിയും ഇപ്പോഴത്തെ അപ്രഖ്യാപിത അടിയന്തരാവസ്ഥയെ പറ്റിയുമാണ്. അതും അർത്ഥവത്താണ്. അതിന്റെ വക്താക്കളും പ്രയോക്താക്കളുമായ ആളുകളെ സംബന്ധിച്ച് അതിന്റെ അർത്ഥം പൂർണ്ണമായും മനസ്സിലാക്കാനും പ്രതികരിക്കാനും കഴിയില്ല. ഈ

അപ്രഖ്യാപിത അടിയന്തരാവസ്ഥ കാലത്തെ ഇവരുടെ സമീപനമെന്താണ്? രാജ്യത്താകെ വർഗ്ഗീയവത്കരണം ശക്തമായി കൊണ്ടുപോകുമ്പോൾ ജനങ്ങളെയാകെ ഭിന്നിപ്പിക്കാനുള്ള നീക്കമുണ്ടാക്കികൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. മൃദു ഹിന്ദുത്വ സമീപനവുമായി സമീപിക്കുന്നതല്ലേ കോൺഗ്രസ് നടത്തുന്നത്; ഒരു വിഷയത്തിനുമുകളിൽ വ്യക്തമായ സമീപനം കൈകൊള്ളാൻ കോൺഗ്രസിന് കഴിയുന്നുണ്ടോ? നമ്മുടെ രാജ്യമാകെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് 'അഗ്നിപഥ്'. അതിനെതിരെ രാജ്യത്താകെ പ്രക്ഷോഭ സമരങ്ങൾ നടക്കുകയാണ് ചെയ്യുന്നത്. ആ വിഷയത്തിൽ കോൺഗ്രസിൽ എക അഭിപ്രായമുണ്ടോ; അത് ആന്റി യൂത്തും ആന്റി നാഷണലുമാണ്. അത്തരം വിഷയങ്ങളിൽപോലും കോൺഗ്രസിന് യോജിച്ചയൊരു അഭിപ്രായം പറയാൻ കഴിയുന്നുന്നുണ്ടോ; ഇല്ല. ശ്രീ. മനീഷ് തീവാരി പരസ്യമായി പ്രകടനം നടത്തി. അദ്ദേഹത്തോടുള്ള കോൺഗ്രസ്സിന്റെ സമീപനമെന്താണ്? കോൺഗ്രസ്സ് വക്താവ് തള്ളിപ്പറഞ്ഞു. രാജ്യത്താകെ കത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ, രാജ്യത്തെ വർഗ്ഗീയവത്കരിക്കാൻവേണ്ടി ആർ.എസ്.എസ്.-സുകാരെ റിക്രൂട്ട് ചെയ്യാൻവേണ്ടി ഒരു പ്രത്യേകമായി റിക്രൂട്ട്മെന്റ് സംവിധാനമുണ്ടാക്കി

അപകടകരമായ അവസ്ഥയിലേയ്ക്ക് പോകുമ്പോൾ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രതിപക്ഷമായ കോൺഗ്രസിന്റെ സമീപനമെന്താണെന്നതാണ് പ്രശ്നം. ഈ വർഗ്ഗീയ ശക്തികൾക്കെതിരായി സമീപനമെടുക്കാൻ കോൺഗ്രസിന് കഴിയുന്നില്ല. കഴിഞ്ഞ ഏപ്രിൽ രണ്ട് മുതൽ ഒരു മാസക്കാലം വടക്കേ ഇന്ത്യയിൽ വർഗ്ഗീയ കലാപം നടന്നു. ബോധപൂർവ്വമായി വർഗ്ഗീയ ധ്രുവീകരണം ലക്ഷ്യംവച്ചുകൊണ്ടുള്ള കലാപം നടന്നപ്പോൾ നിങ്ങളുടെ സമീപനമെന്തായിരുന്നു? ഒരു വ്യക്തമായ സമീപനം കൈകൊള്ളാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; അതിനെ ചെറുക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇന്ത്യയുടെ പ്രധാനപ്പെട്ട പ്രതിപക്ഷമല്ലേ കോൺഗ്രസ്; ആ പ്രതിപക്ഷം ജനങ്ങളെ അണിനിരത്തികൊണ്ട് ഇത്തരം സമയത്ത് ഇടപെടേണ്ട കാര്യത്തിൽ നിങ്ങൾ എന്ത് സമീപനമെടുക്കുന്നതാണ് പ്രശ്നം; ഉറച്ച സമീപനം നിങ്ങൾക്കുണ്ടായിട്ടുണ്ടോ; ഒരു സമീപനവുമെടുക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. താൽക്കാലികമായ രാഷ്ട്രീയ ലാഭത്തിനുവേണ്ടി മൃദു ഹിന്ദുത്വ സമീപനം സ്വീകരിച്ചുകൊണ്ട് വോട്ട് കിട്ടുമെന്ന മിഥ്യാധാരണയുമായി കോൺഗ്രസ് മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്. ബി.ജെ.പി. എന്താണ് പറഞ്ഞത്? ഇവിടെ ഒർജിനലിനൊപ്പം

ഡ്യൂപ്ലിക്കേറ്റ് വേണ്ടന്നാണ്. ആ ഡ്യൂപ്ലിക്കേറ്റ് രാഷ്ട്രീയമായിട്ടാണ് ഇപ്പോഴും അവർ പോയിക്കൊണ്ടിരിക്കുന്നത്. ഒരു ശക്തമായ സമീപനമെടുക്കാൻ അവർക്ക് കഴിയുന്നില്ല. തൊഴിലാളി വിരുദ്ധനയത്തിന്റെ ഏറ്റവും പുതിയ മുഖമാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ലേബർ കോഡ്. അത് അടിയന്തരമായി നടപ്പിലാക്കുമെന്നാണ് പറയുന്നത്. അത് നടപ്പിലാക്കാൻ പോകുന്ന അവസരത്തിൽ കോൺഗ്രസ്സിന്റെ സമീപനമെന്താണ്? അതുസംബന്ധിച്ച് ഇന്ത്യയിലെ എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും യോജിച്ച് പണിമുടക്കിലേയ്ക്ക് നീങ്ങിയപ്പോൾ കോൺഗ്രസ് രാഷ്ട്രീയ പ്രസ്ഥാനം നേതൃത്വം നൽകുന്ന ഗവൺമെന്റിന്റെ സമീപനമെന്താണ്? ഇപ്പോഴത്തെ ഈ നിയമവുമായി ബന്ധപ്പെട്ട് ആ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള റൂൾസ് എടുത്ത് നോക്കണം. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന് അനുകൂലമായൊരു സമീപനമാണ് അവർ അതിൽ സ്വീകരിച്ചിരിക്കുന്നത്. ഇതാണോ കോൺഗ്രസ്സിന്റെ നയം. ദേശീയ രാഷ്ട്രീയത്തിൽ ഇടപെടേണ്ട അവസരത്തിൽ ഇടപെടുന്നില്ല, ജനങ്ങളെ അണിനിരത്താൻ തയ്യാറാകുന്നില്ല. ബി.ജെ.പി.-ക്ക് ബദലായി നിങ്ങൾക്ക് വരാൻ കഴിയില്ലെന്ന് ചരിത്രം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ

രാജ്യത്ത് സ്വർണ്ണക്കടത്തിന്റെ കാര്യം പറഞ്ഞു. നമ്മുടെ സമ്പദ്ഘടനയെ ആകെ ബാധിക്കുന്ന വലിയ രൂപത്തിലേയ്ക്ക് കള്ളക്കടത്തും സ്വർണ്ണക്കടത്തുമൊക്കെ നടക്കുന്നില്ലേ? അത് വലിയൊരു ഇഷ്യൂവല്ലേ? അതിന്റെ ചെറിയൊരു അംശം മാത്രമെ കേരളത്തിൽ നടക്കുന്നുള്ളൂ. ലക്ഷക്കണക്കിന് കോടി രൂപയുടെ സ്വർണ്ണ നാണയം ഇന്ത്യയ്ക്കകത്ത് വന്നുകൊണ്ടിരിക്കുന്നുവെന്ന് വാർത്തകൾ വരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക രാഷ്ട്രീയ നയത്തിൽ നിങ്ങളുടെ സമീപനമെന്താണെന്ന് വ്യക്തമാക്കണം. ഇന്ത്യൻ സമ്പദ്ഘടനയെ മുന്നോട്ടുകൊണ്ടുപോകുന്ന കാര്യത്തിൽ ശരിയായ സമീപനമെടുത്ത് പ്രതിപക്ഷത്തിന്റെ റോൾ നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയിലാണ് ഇന്ന് കോൺഗ്രസ് നിൽക്കുന്നത്. ശ്രീ. ആർ. ബി. ശ്രീകുമാറിനെയും ശ്രീമതി ടീസ്റ്റ സെറ്റൽവാദിനെയുമൊക്കെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചിരിക്കുകയാണ്. നമ്മുടെ ബഹുമാന്യനായ യശ്വന്ത് സിൻഹ പറഞ്ഞതുപ്പോലെ രാജ്യമാകെ അപ്രഖ്യാപിത അടിയന്തരാവസ്ഥയിലേയ്ക്ക് നീങ്ങുകയാണ്. ഈ സമയത്ത് ഇന്ത്യയിലെ ദേശീയ പ്രതിപക്ഷമെന്ന നിലയിൽ അറിയപ്പെടുന്ന കോൺഗ്രസ് എടുക്കുന്ന സമീപനമെന്താണ്; ഒരു പ്രസ്താവനയിൽ മാത്രം

ഒതുക്കുകയാണ്. രാജ്യമാകെ പ്രക്ഷോഭത്തിന്റെ വേദിയായി ഉയർത്തിക്കൊണ്ടുവരേണ്ട പ്രശ്നമല്ലേയിത്; അതിന് നേതൃത്വം കൊടുക്കേണ്ട കോൺഗ്രസ് സമീപനമെന്താണ്? എന്താണ് കോൺഗ്രസ് എന്തു സമീപനമാണ് സ്വീകരിക്കുന്നതെന്നതിനെ സംബന്ധിച്ച് ഞാൻ കുറച്ചു ദിവസങ്ങളിലെ അഹമ്മദാബാദിലെ ഇംഗ്ലീഷ് പത്രങ്ങളൊക്കെ നോക്കി. അവിടത്തെ രാഷ്ട്രീയ നേതൃത്വം വ്യക്തമായൊരു സമീപനം എടുത്തുകൊണ്ട് ഇന്നേവരെ പ്രതികരിക്കാൻ അല്ലെങ്കിൽ ശക്തമായൊരു പ്രക്ഷോഭം നടത്താൻ അവർക്ക് ധൈര്യമില്ല. അതാണ് അവസ്ഥ. ഇങ്ങനെയൊരു സമീപനം കോൺഗ്രസ് സ്വീകരിക്കുവാൻ പാടില്ല. ഇവിടെ നിങ്ങൾ കേരളത്തിലെ എല്ലാ വികസനപ്രവർത്തനങ്ങളെയും സംബന്ധിച്ച് ഗവൺമെന്റിനെതിരായി, മുഖ്യമന്ത്രിക്കെതിരായി എല്ലാവിധത്തിലുമുള്ള അപവാദ പ്രചരണങ്ങൾ നടത്തുകയാണ്. മുഖ്യമന്ത്രിയുടെ ചോരയാണോ അതോ എൽ.ഡി.എഫ്. ഗവൺമെന്റാണോ നിങ്ങളുടെ പ്രശ്നം? അത് നടക്കാൻ പോകുന്നില്ലായെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഞാൻ ഒറ്റക്കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്, ദീർഘിപ്പിക്കുന്നില്ല. മാക്ബത്ത് പറഞ്ഞ ഒരുകാര്യം ഓർമ്മവരികയാണ്. "All the perfumes of Arabia will not

sweeten this little hand" അതായത്, അറേബ്യയിലുള്ള ആകെ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിച്ചാലും എന്റെ ചെറുകൈകൾക്ക് മാധുര്യം വരില്ല എന്നാണ്. കേരളത്തിലെ മാർക്കറ്റുകളിലുള്ള ആകെ ഡിറ്റർജന്റ് ഉപയോഗിച്ച് കൈകഴുകിയാലും നിങ്ങളുടെ ഹൃദയവും കൈയും ശുദ്ധിയാകാൻ പോകുന്നില്ലായെന്ന് മാത്രം പ്രതിപക്ഷത്തോട് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്ന് അദ്ദേഹം വളരെ സരസമായി സംസാരിക്കുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ നാട്ടിലെ ചായക്കടയുടെ കഥ ഇവിടെ പറയുകയുണ്ടായി. രാവിലെതന്നെ കടയിലെ എല്ലാ വിഭവങ്ങളും വിറ്റുപോകുന്നതുകൊണ്ട് കടക്കാരൻ വീണ്ടും കാത്തിരിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കടയിൽ നല്ല സാധനങ്ങൾ ഉള്ളതുകൊണ്ടായിരിക്കുമല്ലോ സ്വാഭാവികമായി നല്ല വിഭവങ്ങൾ വളരെ പെട്ടെന്ന് വിറ്റു പോകുന്നത്. അദ്ദേഹം വിവിധ വകുപ്പുകൾക്ക് നൽകുന്ന ഫണ്ടുകളും കാര്യങ്ങളും ജനക്ഷേമകരമായ ഒരുപാട് പ്രവർത്തനങ്ങൾക്കായതുകൊണ്ട്

സ്വാഭാവികമായി പെട്ടെന്ന് തീർന്നുപോകും. പക്ഷേ ഒരു കാര്യമുണ്ട്. ഇവിടെ സംസാരിച്ചവർ ആരുംതന്നെ എന്തുകൊണ്ട് ഈ കടയിലെ സാധനങ്ങൾ ഇല്ലാതായിപ്പോകുന്നു എന്നതിനെക്കുറിച്ച് പറഞ്ഞില്ല. കേന്ദ്രത്തിൽ ഒരു ചേട്ടനുണ്ട്, അദ്ദേഹം ഈ സംസ്ഥാനത്തിലെ അല്ലെങ്കിൽ ആ കടയിലെ അരിമാവും അതോടൊപ്പംതന്നെ അവിടത്തെ പച്ചരിയും എല്ലാമെടുത്തുകൊണ്ട് പോയതുകൊണ്ടാണ് ആ കടയിൽ സാധനമില്ലാതെ പോയതെന്നുള്ളത് പറയാൻ ആരും ഇതുവരെ ആർജ്ജവം കാണിച്ചില്ലെന്നുള്ള ദു:ഖം തീർച്ചയായും ഞാനിവിടെ പങ്കുവയ്ക്കുകയാണ്. ഏതായാലും ഒരു കാര്യമുണ്ട്. ഒരു അരിമണിയെങ്കിലും ബാക്കി ഉണ്ടെങ്കിൽ അത് സാധാരണക്കാരന് കൊടുക്കാൻ മനസ്സുള്ള ഒരാളായതുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി രാത്രിവരെ കട തുറന്നിട്ടിരിക്കുന്നതെന്ന് പറയാതിരിക്കാൻ കഴിയില്ല.

ഞാൻ സത്യത്തിൽ ഫാസിലിന്റെ ഹരികൃഷ്ണൻസ് എന്ന സിനിമയിലെ സംഭവമാണ് ഓർക്കുന്നത്. അതിലെ നായിക ജൂഹിചൗളയ്ക്ക് ആരെ വിവാഹം കഴിയ്ക്കണമെന്നതിൽ ഒരു ആശയക്കുഴപ്പമുണ്ടായതുപോലെയാണ് എനിക്കുമുള്ളത്. റവന്യൂവും ധനകാര്യവും രണ്ട് പ്രധാനപ്പെട്ട വകുപ്പുകളാണ്.

പക്ഷെ നമ്മുടെ മുമ്പിൽ ആകെ അഞ്ച് മിനിട്ട് മാത്രമേയുള്ളൂ. എങ്കിലും പറയാതിരിക്കാൻ കഴിയില്ല, നമ്മുടെ റവന്യൂ വകുപ്പിൽ ഒരുപാട് മാറ്റങ്ങളുണ്ടായിയെന്നത് കണ്ണുള്ളവർക്ക് കാണാൻ കഴിയുന്നതാണ്. വളരെ പ്രാസാദാത്മകമായ മുഖം റവന്യൂ വകുപ്പിന് കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടാക്കാൻ കഴിഞ്ഞു. 'പാഞ്ചാലിയുടെ ചേല' എന്നൊക്കെ പറയുന്നതുപോലെ, പ്രയോഗത്തിൽ തെറ്റുണ്ടോയെന്ന് അറിയില്ല, ഉണ്ടെങ്കിൽ പിൻവലിച്ചേയ്ക്കാം. ഒരിക്കലും അവസാനിക്കാത്തതാണ് കേരളത്തിലെ സർവ്വേ നടപടികൾ. 1966-ൽ ആരംഭിച്ചിട്ട് ഏതാണ്ട് 56 വർഷം കഴിഞ്ഞ് 60 വർഷത്തിലേയ്ക്ക് അതായത്, വാർദ്ധക്യത്തിലേയ്ക്ക് കടക്കുകയാണ്. എന്നിട്ടും അത് പൂർത്തീകരിച്ചിട്ടില്ല. ഏതായാലും ഡിജിറ്റൽ സർവ്വേയിലൂടെ കേരളത്തിലെ ഭൂപ്രശ്നത്തിന് പരിഹാരം കാണാനുള്ള വലിയ ഇടപെടൽ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. റവന്യൂ സെക്രട്ടേറിയറ്റ് എന്ന പുതിയ ആശയം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ വകുപ്പിൽ നടക്കുന്നുണ്ട്. അതോടൊപ്പം എം.എൽ.എ.-മാരെ പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ നിയോജകമണ്ഡലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള റവന്യൂ അസംബ്ലി, അവിടെനിന്നുണ്ടാകുന്ന പ്രവർത്തനങ്ങൾക്ക് ഡാഷ്ബോർഡ്,

അങ്ങനെ കാര്യക്ഷമമായി ഒരുപാട് പ്രവർത്തനങ്ങൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ചെയ്യുന്നുണ്ട്. യൂണിക് തണ്ടപ്പേര് എന്ന ആശയം നമുക്കറിയാം, ഒരു പക്ഷേ കേരളത്തിലല്ല മറ്റെവിടെ ഭൂമിയുണ്ടെങ്കിലും വളരെ കൃത്യമായി അത് കണ്ടെത്താനുള്ള ശ്രമങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുകയാണ്. ഒരു കാര്യത്തിൽ മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ജീവനക്കാരുടെ ക്ഷമത വർദ്ധിപ്പിക്കാൻ സ്വാഭാവികമായും മറ്റ് എൺവയോൺമെന്റുകൾ സൃഷ്ടിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മാനേജ്മെന്റിന്റെ ടെക്നിക്കാണത്. ഇവിടെ റവന്യൂ ഉദ്യോഗസ്ഥരുടെ കലോത്സവം നടന്നത് വളരെ അഭിമാനാർഹമായ കാര്യമാണ്. കാരണം, അവർക്ക് ആത്മവിശ്വാസവും പാരസ്പര്യവുമുണ്ടാക്കിയെടുക്കാൻ തീർച്ചയായും സഹായകരമായ ഒരു നിലപാടായിരുന്നു അതെന്ന് പറയാതിരിക്കാൻ കഴിയില്ല. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്നതാണ് അവരുടെ ഹാഷ് ടാഗ്. ആ അർത്ഥത്തിൽ വില്ലേജുതലം മുതൽ വകുപ്പിന്റെ ഉയർന്ന തലംവരെയുള്ള പ്രവർത്തനങ്ങൾ വളരെ സ്മാർട്ടായി പോകുന്ന കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ധനകാര്യവകുപ്പിനെക്കുറിച്ച് അധികം സൂചിപ്പിക്കാത്തത് സമയത്തിന്റെ

കുറവുകൊണ്ടാണ്. കാരണം ഇവിടെ വലിയൊരു ചർച്ചയുണ്ട്. ഞാൻ സാമ്പത്തിക ശാസ്ത്രം പഠിച്ച ഒരു വിദ്യാർത്ഥിയാണ്. കടത്തെക്കുറിച്ചുള്ള വലിയ ചർച്ചകൾ മാധ്യമങ്ങളിൽ വരുന്നു. 'ഹാരോഡ് ഡോമർ മോഡൽ' എന്നത് സാമ്പത്തിക ശാസ്ത്രത്തിലെ പ്രമുഖമായ ഒരു മോഡലാണ്. കടത്തിന് നൽകുന്ന പലിശയുടെ നിരക്ക് നിലവിലുള്ള ജി.ഡി.പി.-യുടെ നിരക്കിനെക്കാൾ താഴ്ന്നതാണെങ്കിൽ ഈ കടം അപകടമായൊരു അവസ്ഥയിലല്ല സേഫ് സോണിലാണെന്നാണ് ഹാരോഡ് ഡോമറിന്റെ ശാസ്ത്രം പറയുന്നത്. അത് ആധുനിക ശാസ്ത്രജ്ഞർ അംഗീകരിച്ചതുമാണ്. ആ അർത്ഥത്തിൽ ആണെങ്കിൽ കേരളം ഇപ്പോൾ കടത്തിലാണ്. മാത്രമല്ല കടമെടുക്കാതെ സംസ്ഥാനത്തിന് അതിന്റെ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയില്ല. ഇതെല്ലാം പറയുമ്പോഴും എല്ലാവരും വിസ്മരിച്ചുപോകുന്ന ഒരു കാര്യമുണ്ട്. ഇപ്പോൾ ജി.എസ്.ടി. കോമ്പൻസേഷൻ കഴിഞ്ഞ 31-ാം തീയതികൊണ്ട് അവസാനിച്ചു. ഇനി കോമ്പൻസേഷനില്ലെന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട്. നമ്മുടെ ബഡ്ജറ്റുപോലും തയ്യാറാക്കിയിരിക്കുന്നത് അതിവിടെക്കിട്ടുമെന്നുള്ള പ്രതീക്ഷയിലാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രതിസന്ധി

യഥാർത്ഥത്തിൽ അവിടെയാണ്. ഈ കോവിഡ് കാലഘട്ടത്തിൽ ചില സംസ്ഥാനങ്ങൾ പെട്രോളിന് വില കൂട്ടിയപ്പോഴും കേരളം വിലക്കൂട്ടിയില്ല. അത് പ്രധാനപ്പെട്ട കാര്യമാണ്. ഏതായാലും ജി.എസ്.ടി.-യിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി അനുകൂലമായി മാറുമ്പോൾ സംസ്ഥാനത്തിന് കുറേക്കൂടി അധികാരങ്ങൾ വരികയും..... ഞങ്ങളുടെ നാട്ടിലെ പഴയൊരു കാരണവർ അദ്ദേഹത്തിന്റെ വിഹിതമെല്ലാം മക്കൾക്ക് കൊടുത്തപ്പോൾ എഴുതിയൊരു വാചകമുണ്ട്. എന്റെ കാലശേഷം അതെല്ലാം എന്നിൽ വന്നുചേരും എന്നുപറഞ്ഞതുപോലെയുള്ള നിലപാടാണ് ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. സ്വന്തം മക്കളുടെ വിഹിതംപോലും കവർന്നെടുക്കുന്ന ഒരു കാരണവരുടെ റോളിൽ നിന്നുകൊണ്ട് സംസ്ഥാനങ്ങളെ എല്ലാ അർത്ഥത്തിലും ദ്രോഹിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് കടമെടുക്കാനുള്ള പരിധിയും ജി.എസ്.ടി. കോമ്പൻസേഷനും ഇല്ലാതാക്കുന്നു. അതോടൊപ്പം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽപ്പോലും എടുക്കുന്ന നിലപാടുകൾ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുകയാണ്. ധനകാര്യ വകുപ്പിന്റെ കീഴിൽ റവന്യൂ

മോണിറ്ററിംഗ് സെല്ലുണ്ട്. ഇപ്പോൾ ഫയൽ പൂർത്തീകരണത്തിനുള്ള ഫയൽ യജ്ഞം നടത്തുന്നതുപോലെ ഓരോ കാലഘട്ടത്തിലും വിവിധ വകുപ്പുകളിലായി ധനസമാഹരണ യജ്ഞം നടത്തിക്കൊണ്ട് ധാരാളം മേഖലകളിൽനിന്ന് പണം സമാഹരിക്കാനും തനത് വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികളുമായി ഇനിയും ഏറെ മുന്നോട്ടുപോകാനുണ്ട്. ഇനി സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിനെമാത്രം ആശ്രയിച്ച് നിൽക്കാൻ കഴിയില്ല. ഏതായാലും പരിമിതികൾക്കകത്ത് നിന്നുകൊണ്ട് ഒരു വികസന പ്രവർത്തനത്തിനും തടസ്സമില്ലാതെ വളരെ ഭംഗിയായി പോകുന്നുവെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. രണ്ട് വകുപ്പുമന്ത്രിമാരെയും ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സമയക്കുറവുകൊണ്ട് ഒരു വിഷയംമാത്രം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇടുക്കിയിലെ പട്ടയ ഭൂമിയിൽ കൃഷി ചെയ്യാനും വീട് വയ്ക്കാനുംമാത്രം അവകാശം നൽകുന്ന 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 4, 1993-ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 3

എന്നിവയുടെ ഭേദഗതി അടിയന്തരമായി നടപ്പിൽവരുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന 14-03-2022-ലെ എന്റെ ചോദ്യത്തിന്, "ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തണമെന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ചട്ട ഭേദഗതിയെ സംബന്ധിച്ച് ഉയർന്ന വിഷയങ്ങൾ പരിശോധിച്ച് മുൻസർക്കാരിന്റെ കാലത്ത് 22-08-2019-ൽ സ.ഉ.(കൈ)നം.269/2019/റവ. ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും ഈ ഉത്തരവിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നു തവണ യോഗം ചേരുകയുണ്ടായെന്നും പ്രസ്തുത യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചില ഭേദഗതിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനെയും റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയെയും നിയമ വകുപ്പ് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഈ നടപടികൾ പുരോഗമിക്കുകയാണെന്നുമാണ്" മറുപടി നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17-12-2019-ൽ വിളിച്ച യോഗത്തിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ നടപടികൾ

എവിടെ എത്തിയെന്നാണ് എനിക്ക് അറിയേണ്ടത്. 1964-ലെ ചട്ടം 4 പ്രകാരം കൃഷി ചെയ്യാനും വീടുവയ്ക്കാനും 1993-ലെ ചട്ടം 3 പ്രകാരം കടമുറികൾ പണിയാനുമുള്ള അവകാശമാണുള്ളത്. ഇതിനെതിരെ കേസുകളൊക്കെ വന്നതാണ്. ഇടുക്കി ജില്ലയ്ക്കുമാത്രമായി ഒരു ചട്ടം ബാധകമാക്കുന്നത് ശരിയല്ല. അത് വിവേചനമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുള്ളതാണ്. അതിന്റെയടിസ്ഥാനത്തിൽ എത്രയുംവേഗം ഇതിന് നടപടി സ്വീകരിക്കണം. സർവ്വകക്ഷി യോഗത്തിൽ എല്ലാ കക്ഷികളും ഇതേ അഭിപ്രായംതന്നെയാണ് പറഞ്ഞത്. അതനുസരിച്ച് അങ്ങ് നടപടി സ്വീകരിക്കണം. ഉപാധിരഹിത പട്ടയം കൊടുക്കുമെന്ന് ആവർത്തിച്ച് പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അത് നടപ്പാകുന്നില്ല. ഈ പശ്ചാത്തലത്തിലാണ് അടിയന്തരമായി ഇത് പരിഗണിക്കണമെന്ന് ആവശ്യപ്പെടുന്നത്.

ഭൂമി തരംമാറ്റാനുള്ള ധാരാളം അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. അതിലും നടപടി സ്വീകരിക്കണം. സംസ്ഥാനത്തൊട്ടാകെ ശക്തമായ മഴയും മണ്ണിടിച്ചിലുമുണ്ട്. ഇനിയും രണ്ടോ മൂന്നോ ദിവസംകൂടി മഴ കടുത്താൽ അത് വീണ്ടും വർദ്ധിക്കും. ചരിഞ്ഞ പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ തടയാനുള്ള

ഏകമാർഗ്ഗം വാട്ടർഷെഡ് മാനേജ്മെന്റ് നടപ്പാക്കുക എന്നുള്ളതാണ്. അത് ശ്രമകരമായി തോന്നുമെങ്കിലും ശരിയായ രീതിയിൽ വാട്ടർഷെഡ് മാനേജ്മെന്റ് നടപ്പാക്കിയാൽ മണ്ണിടിച്ചിൽ പൂർണ്ണമായും തടയാൻ കഴിയും. സ്കീം തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചാൽ 50 ശതമാനം കേന്ദ്ര സബ്സിഡി അതിന് ലഭിക്കുന്നതാണെന്നതാണ് അതിന്റെ പ്രത്യേകത. ഇടുക്കി, വയനാട് പോലുള്ള ജില്ലകളെ സംരക്ഷിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയമായി അങ്ങ് ഏറ്റെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സംസ്ഥാനത്ത് കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ വർദ്ധിക്കുമ്പോഴും ഭൂനികുതി വർദ്ധനവ് വളരെ വലിയ തോതിലാണ് നടന്നിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. അതിനൊരു പുനഃപരിശോധന വേണമെന്ന് അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനത്തെ ദുരിതബാധിതരെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ഈ കാലയളവിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമായെടുക്കണം. നാശനഷ്ടങ്ങളുണ്ടായാൽ പ്രത്യേകിച്ച്, കൊടുങ്കാറ്റ്, അതിവൃഷ്ടിമൂലം വൃക്ഷങ്ങൾ, നാണ്യവിളകൾ എന്നിവ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം കൊടുക്കുന്നതിന് വളരെ

കാലതാമസമുണ്ടാകുകയാണ്. കൃഷി വകുപ്പുമായൊക്കെ ചേർന്ന് അതിന് സത്വര നടപടി സ്വീകരിക്കേണ്ട ചുമതല റവന്യൂ വകുപ്പിനുണ്ട്. റിപ്പോർട്ട് കിട്ടി ഒന്നുംരണ്ടും വർഷം കഴിഞ്ഞാലും തീരുമാനമാകുന്നില്ല. കൃഷിക്കാർക്ക് അവിടെ വീണ്ടും കൃഷി ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കണമെങ്കിൽ അതിനാവശ്യമായ നഷ്ടപരിഹാരം എത്രയുംവേഗം നൽകണമെന്നുള്ളതാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 4, 1993-ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 3 എന്നിവ ഭേദഗതി ചെയ്തുകൊണ്ട് മറ്റ് ജില്ലകളിലെപ്പോലെ എല്ലാ ആവശ്യങ്ങൾക്കുമുള്ള അവകാശം കർഷകർക്ക് അല്ലെങ്കിൽ പട്ടയമുടമകൾക്ക് നൽകാൻ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ഞാൻ ഒരിക്കൽക്കൂടി ആവർത്തിച്ച് പറയുകയാണ്. മുഖ്യമന്ത്രി വിളിച്ചുചേർത്ത ആ യോഗത്തിൽ ഏകദേശം എല്ലാവരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടതാണ്. എന്നാൽ പലരെയും ചുമതലപ്പെടുത്തിയെന്ന് പറയുന്നതല്ലാതെ അതിനുള്ള നടപടികൾ ഇതുവരെ ആയിട്ടില്ല. അതുകൊണ്ട് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പ്രതിസന്ധികളെ അതിജീവിക്കാൻ പ്രാപ്തിനേടിയ സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. "കുഴിവെട്ടി മൂടുക വേദനകൾ, കുതികൊൾക ശക്തിയിലേയ്ക്ക് നമ്മൾ" എന്ന് ഇടശ്ശേരി വർഷങ്ങൾക്കുമുമ്പ് പാടിയത്, ഒരുപക്ഷേ, ഈ ഒന്നും രണ്ടും പിണറായി സർക്കാർ ഭാവിയിൽ കേരളത്തിൽ ഭരിക്കാൻവരുമെന്ന ദീർഘവീക്ഷണത്തോടുകൂടിയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എല്ലാ പ്രയാസങ്ങളെയും അതിജീവിക്കാനാകുന്ന എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ എടുത്തുകാണേണ്ട ഏറ്റവും വലിയ പ്രത്യേകത. സാമ്പത്തിക പ്രതിസന്ധിയെന്നത് ആക്ഷേപകരമായി പറയാൻ കഴിയുന്ന കാര്യമൊന്നുമല്ല. കോവിഡ് മഹാമാരിക്കുശേഷം ലോകത്തെല്ലായിടത്തും, അതത് രാജ്യങ്ങളിലെ ഗവൺമെന്റുകൾക്ക്, ഈ പ്രതിസന്ധി നേരിടേണ്ടിവന്നിട്ടുണ്ട്. അതിനെ അതിജീവിക്കാനുള്ള മാർഗ്ഗങ്ങൾ, എത്രതേടുന്നു അവിടെയാണ് സമീപനം. ആ സമീപനത്തിൽ ഇന്ന് കേരളം ഒരുപക്ഷേ ലോകത്തിനുതന്നെ മാതൃകയാണെന്ന് അഭിമാനപൂർവ്വം പറയാനാകും. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പ്രസംഗിച്ചപ്പോൾ, അദ്ദേഹം ഒരു

ചായക്കടയുടെ ഉദാഹരണമൊക്കെ പറഞ്ഞു. അക്കൂട്ടത്തിൽ, കേന്ദ്രസർക്കാരിനെ കുറ്റംപറയാതെ ഇത് പരിഹരിക്കാൻ അങ്ങ് മുൻകയ്യെടുക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു ഉപദേശവും നൽകി. കേന്ദ്ര സർക്കാരിനെ കുറ്റംപറയാതെ മുന്നോട്ടുപോകാൻ കഴിയുമോ; ഒന്ന് സ്വയം ചിന്തിക്കണ്ടേ? ജി.എസ്.ടി.-യിലൂടെ നികുതി സംഭരണത്തിനുള്ള സംസ്ഥാനങ്ങളുടെ അവകാശമാണ് കേന്ദ്രസർക്കാർ കവർന്നെടുത്തത്. എന്നിട്ട് നൽകിയ വാഗ്ദാനമെന്താണ്? വിലക്കയറ്റം കുറയും, ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിനത് കൂടുതൽ നേട്ടമുണ്ടാക്കും എന്നൊക്കെയായിരുന്നു അന്നത്തെ പ്രചരണം. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? അർഹമായ വിഹിതം സംസ്ഥാനങ്ങൾക്ക് നൽകുന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുകയാണ്. ഇക്കഴിഞ്ഞ ചണ്ഡീഗഢ് കൗൺസിലിൽ കേരളമുൾപ്പെടെയുള്ള പതിനേഴ് സംസ്ഥാനങ്ങൾ ഇതുനീക്കണമെന്ന് ഒറ്റക്കെട്ടായി ആവശ്യപ്പെടുന്നു. എന്നാൽ കേന്ദ്ര സർക്കാരിന് ഇക്കാര്യത്തിൽ മിണ്ടാട്ടമില്ല. നമ്മൾ ഇതിനെതിരെ പ്രതിഷേധിക്കണ്ടേ; സംസ്ഥാനങ്ങളുടെ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ഒറ്റക്കെട്ടായി നിൽക്കണ്ടേ? മാത്രമല്ല,

ഇപ്പോൾ ജി.എസ്.ടി.-യുടെ വിഹിതം 50:50 ആണ്. യഥാർത്ഥത്തിൽ സംസ്ഥാനങ്ങളുടെ സംവരണാവകാശമാണ് കൂടുതൽ കവർന്നെടുത്തത്. ഫിസ്കൽ ഫെഡറലിസത്തിനുനേരെയുള്ള വലിയ കടന്നുകയറ്റമാണ് കേന്ദ്ര സർക്കാർ നടത്തിയത്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുടെൾപ്പെടെ ഉന്നയിച്ച വാദം 60:40 എങ്കിലുമാക്കണം, 60 ശതമാനമെങ്കിലും വരുമാനത്തിന്റെ നികുതിയുടെ തോത് വർദ്ധിപ്പിക്കണം എന്നാണ്. നിഷേധാത്മകമായ സമീപനമാണ് കേന്ദ്രമെടുക്കുന്നത്. ഇതെല്ലാം സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കാണ് എല്ലാ സംസ്ഥാനങ്ങളെയും കൊണ്ടെത്തിക്കുന്നത്. ഇന്ത്യയിൽ പതിനേഴ് സംസ്ഥാനങ്ങളും ഒറ്റക്കെട്ടായി നിന്ന് ആവശ്യപ്പെടുകയാണ്. ഇതൊരു ജനകീയ പ്രശ്നമല്ലേ; ഇതിനുനേരെ കണ്ണടച്ച് മുന്നോട്ടുപോകാൻ കഴിയുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷവും കൂടി കാണേണ്ടത്, ഈ സാമ്പത്തിക പ്രതിസന്ധിയിലും കേരളത്തിൽ ഒരു ദിവസംപോലും ശമ്പളം മുടക്കിയിട്ടില്ല. ഈ ഗവൺമെന്റ് സാമൂഹ്യക്ഷേമ പെൻഷൻ ഒരുമാസംപോലും കുടിശ്ശിക വരുത്തിയിട്ടില്ല. നിങ്ങളുടെ കാലത്ത് ഇതായിരുന്നില്ല സ്ഥിതി.

ദുരിതാശ്വാസനിധിൽനിന്ന് 1141.49 കോടി രൂപ ഈ വർഷം വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഞാൻ ചോദിച്ച ഒരു ചോദ്യത്തിന് ഗവൺമെന്റിന്റെ ഉത്തരമാണിത്. സാധാരണക്കാരന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന സമീപനവും സാമ്പത്തിക ക്രമീകരണവും വരുത്തിപ്പോകാൻ കേരളത്തിലെ ഗവൺമെന്റിന് കഴിയുന്നുവെന്നുള്ളതാണ് ഞങ്ങൾ ഉയർത്തിപ്പിടിക്കുന്ന ബദൽ. അതാണ് ഈ ഗവൺമെന്റ് വേറിട്ടൊരു ഗവൺമെന്റാണെന്ന് അഭിമാനപൂർവ്വം ഞങ്ങൾ തലയുയർത്തി പറയുന്നത്. അതിനെ നിങ്ങൾ കണ്ണടച്ച് ഇരുട്ടാക്കിക്കൊണ്ട് നുണപ്രചരണങ്ങൾ നടത്തിയാൽ ഇതനുഭവിക്കുന്ന ജനങ്ങൾ നിങ്ങളോടൊപ്പം നിൽക്കുമോ? ഈയൊരു ജനകീയ വിഷയമെടുത്തുകൊണ്ടുള്ള സമരമുഖത്ത് എന്തുകൊണ്ട് നിങ്ങൾക്ക് നിൽക്കാൻ കഴിയുന്നില്ല? നിങ്ങൾ ഇപ്പോൾ നുണകളുടെ പ്രവാഹം സൃഷ്ടിച്ച ചീട്ടുകൊട്ടാരത്തിന്റെ മുകളിൽ കയറിയിരുന്ന് വിലസുകയാണ് ചെയ്യുന്നത്. എത്രകാലം ഇങ്ങനെ പോകാൻ സാധിക്കും; ആ ചീട്ടുകൊട്ടാരം തകർന്നുവീഴുകതന്നെ ചെയ്യും. അതാണ് ഈ കേരളത്തിന്റെ അനുഭവം.

ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, റവന്യൂ വകുപ്പിൽ ഈ ഘട്ടത്തിൽ നടന്നിട്ടുള്ള വലിയ പ്രവർത്തനങ്ങളെ നമ്മൾ കുറച്ചുകാണരുത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്', ഇതാണ് റവന്യൂ വകുപ്പിന്റെ ഹാഷ് ടാഗ്. ഇതൊരു പ്രഖ്യാപനം മാത്രമല്ല, നടന്നുവരുന്ന കാര്യമാണ്. കേരളത്തിൽ ഒരു വർഷംകൊണ്ട് 54,535 ആളുകൾക്ക് പട്ടയം കൊടുത്തിരിക്കുന്നുവെന്നുള്ളത് നമ്മൾ കാണേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിലെ നെടുമങ്ങാട് താലൂക്കിൽ വച്ചുനടന്ന പട്ടയവിതരണത്തിൽ റവന്യൂ വകുപ്പുമന്ത്രി നേരിട്ട് പങ്കെടുത്തതാണ്. ഒപ്പം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുമുണ്ടായിരുന്നു. പട്ടയം കൊടുക്കുമ്പോൾ ഒരു വീട്ടമ്മ ആനന്ദാശ്രുക്കൾകൊണ്ട് മന്ത്രിമാരുടെ കാലിൽ വീഴുകയാണ് ചെയ്തത്. കാലുപിടിച്ച് നന്ദിപറയുകയാണ് ചെയ്തത്. ഇന്നലെവരെ കിട്ടാത്ത ഒരു ഭാഗ്യം, അതായത്, വർഷങ്ങളായി കിടക്കുന്ന അവരുടെ സ്വന്തം ഭൂമിക്ക് പട്ടയം ലഭിച്ചിരിക്കുന്നു. അതിന്റെ ആനന്ദമാണ് അവർ പ്രകടിപ്പിച്ചത്. അതുപോലെ വർക്കലയിൽ എന്റെ സഹപ്രവർത്തകൻ ശ്രീ. വി. ജോയി പട്ടയ വിതരണത്തിന് നേതൃത്വം കൊടുത്തു. അവിടെയും ഒരു വീട്ടമ്മ അദ്ദേഹത്തിന്റെ നെഞ്ചിലേയ്ക്ക് ആനന്ദാശ്രുക്കളോടെ ചാഞ്ഞുവീഴ്ന്ന്

നന്ദി പ്രകടിപ്പിക്കുകയാണ് ചെയ്തത്. ആ വയോവൃദ്ധയുടെ ചിരകാല അഭിലാഷമായിരുന്ന ഈ പട്ടയമെന്നത്. കേരളത്തിലെ സാധാരണക്കാരുടെ സന്തോഷമാണിത്. ആ നേട്ടങ്ങളെ നമുക്ക് കാണാതിരിക്കാൻ കഴിയില്ല. ഈ നേട്ടങ്ങളെ മറച്ചുവയ്ക്കാൻ നിങ്ങൾ അപവാദപ്രചരണങ്ങൾ നടത്തുന്നു, ഈ നേട്ടങ്ങളുടെയെല്ലാം ഉത്തരവാദിത്വമുള്ള ഗവൺമെന്റിനെ നയിക്കുന്ന മുഖ്യമന്ത്രിയെ ടാർജറ്റ് ചെയ്യുന്നു. അതൊന്നും ഈ കേരളത്തിൽ വിലപ്പോകാൻ പോകുന്നില്ല. അത് മുൻകാല അനുഭവങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. പിണറായി വിജയനെ ലക്ഷ്യമിട്ടുതുടങ്ങിയത് ഇന്നും ഇന്നലെയും അല്ലല്ലോ? അടിയന്തരാവസ്ഥ കാലത്ത് അദ്ദേഹം എം.എൽ.എ. ആയിരുന്നപ്പോഴുള്ളത് ഇവിടെ എല്ലാവർക്കും അറിയാവുന്ന കഥയാണ്. ഞാൻ ആവർത്തിക്കുന്നതല്ല. മറ്റ് ജനപ്രതിനിധികളോടില്ലാത്ത രീതിയിൽ അദ്ദേഹത്തെ പീഡിപ്പിക്കാനും ശാരീരികമായി നശിപ്പിക്കാനും നോക്കി; തല്ലിച്ചതച്ച് ജയിലിലാക്കി. പക്ഷെ, ആ മനുഷ്യൻ തളർന്നുപോയില്ല. പിന്നീട് ആ മഹത് വ്യക്തി ഉയർന്ന് കേരളത്തിന്റെ മുഖ്യമന്ത്രിപദം വരെയെത്തി. അദ്ദേഹം വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ഒരു ഘട്ടത്തിൽ, പിന്നീട് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായി. നിങ്ങൾ ലാവ്‌ലിൻ

കേസിനെ സംബന്ധിച്ച് എന്തെല്ലാം തരത്തിലുള്ള പ്രചാരവേലകളാണ് നടത്തിയത്. കമലാ ഇന്റർനാഷണലൊക്കെ പറഞ്ഞ് പ്രചരിപ്പിച്ചതല്ലേ; ഇവിടെ കഴിഞ്ഞ ദിവസം വ്യവസായവകുപ്പുമന്ത്രി പറഞ്ഞതുപോലെ, നിങ്ങളെ സഹായിക്കാൻ മുഖ്യധാര മാധ്യമങ്ങളുണ്ട്. അവർ വിരിച്ചിടുന്ന പരവതാനിയിലൂടെ, അവർ ഒരുക്കിത്തരുന്ന തണലിലൂടെ നിങ്ങൾക്ക് വളരാനാകും. ഞങ്ങൾ പി.ബി. മുതൽ ബ്രാഞ്ച് തലംവരെയുള്ള സഖാക്കൾ ജനങ്ങളോട് നാട്ടിലിറങ്ങി സത്യം പറഞ്ഞു. ആ സത്യമാണ് ജനങ്ങൾ വിശ്വസിച്ചത്. അതുകൊണ്ടാണ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഗവൺമെന്റ് വന്നതും ഇപ്പോൾ രണ്ടാമത് വന്നിരിക്കുന്നതും. ഇപ്പോഴും നിങ്ങൾ അപവാദങ്ങൾകൊണ്ട് വലിയ ആക്രമണങ്ങൾ നടത്തിവരികയാണ്. കേരളത്തിൽ അത് ഏശാൻപോകുന്നില്ല. ഒരു പത്രത്തിന്റെയും സഹായം വേണ്ട. ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നവർ എന്ന നിലയിൽ ഞങ്ങളുടെ നാവുകൾ കൊണ്ട് സത്യം പറയും. ഞങ്ങളോടൊപ്പം ജനങ്ങൾ നിൽക്കും. അതാണ് കേരളത്തിന്റെ അനുഭവം. അതുകൊണ്ട് ഇത്തരത്തിൽ ചില അപവാദപ്രചരണങ്ങൾ നടത്തി കേരളത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്തെ മലീമസമാക്കി മുന്നോട്ടുപോയാൽ ഒറ്റപ്പെടാൻ പോകുന്നത് നിങ്ങൾ

മാത്രമാണ്. ഒരു ജനകീയസമരവും നിങ്ങൾ ഏറ്റെടുക്കുന്നില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ നിങ്ങൾ ഉയർത്തുന്നില്ല. കേന്ദ്രം വാഴുന്നവർ ഈ രാജ്യത്ത് കാണിച്ചുകൂട്ടുന്ന കൊള്ളരുതായ്മകളെ സംബന്ധിച്ച് മിണ്ടാൻ നിങ്ങൾക്ക് ഭയമാണ്. അതൊന്നും ചെയ്യാതെ രാജ്യത്തിനുതന്നെ ബദലായി ഉയർന്നുവന്നിരിക്കുന്ന, ലോകത്തിനുതന്നെ മാതൃകയായി മാറിക്കൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെ അപമാനിക്കാനും അപവാദം പ്രചരിപ്പിച്ച് ഇല്ലാതാക്കാനുമുള്ള പാഴ്ശ്രമമാണ് നിങ്ങൾ എന്നും നടത്തിക്കൊണ്ടിരിക്കുന്നത്. അത് വിജയിക്കാൻ പോകുന്നില്ല എന്ന് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ ഒരു വർഷം ഒരു നാടിന്റെ ഭരണത്തെ അല്ലെങ്കിൽ അതിന്റെ സമ്പദ്ഘടനയെ സാരമായി ബാധിക്കാവുന്ന നിരവധി പ്രതിസന്ധികളിലൂടെയാണ് നമ്മുടെ രാജ്യവും ലോകവുമെല്ലാം കടന്നുപോയത്. കോവിഡ്-19 ഉണ്ടാക്കിയ ആഘാതം, അത് ലോകത്താകമാനമുണ്ടാക്കിയ സാമ്പത്തിക മാന്ദ്യം, നമ്മുടെ നാട്ടിൽ

അടിക്കടിയുണ്ടാകുന്ന മഴക്കെടുതികൾ, ഉരുൾപ്പൊട്ടൽ, കടലാക്രമണങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ, അതുപോലെ ലോകത്തുണ്ടായ യുക്രൈൻ യുദ്ധമടക്കമുള്ള യുദ്ധങ്ങൾ, അതിനൊക്കെപുറമെ നമ്മുടെ നാട്ടിൽ അടിക്കടിയുണ്ടാകുന്ന അരക്ഷിതാവസ്ഥ. അതായത്, രാഷ്ട്രീയപരമായ ഗൂഢാലോചനകളിലൂടെ അസ്വസ്ഥതകളുണ്ടാക്കുകയാണ്. നാട്ടിൽ കലാപം സൃഷ്ടിക്കുന്നതിനുവേണ്ടി ബോധപൂർവ്വം ശ്രമിക്കുകയാണ്. പരസ്പരം മനുഷ്യരെ കൊലചെയ്യുന്നു, മതസ്പർദ്ധ വളർത്തുന്ന രീതിയിലുള്ള ആഹ്വാനങ്ങൾ നൽകുന്നു, ദിനംപ്രതി ഇല്ലാക്കഥകൾ മെനഞ്ഞുകൊണ്ട് നാടിനെ തെറ്റിദ്ധരിപ്പിക്കുന്നു. അതുവഴി അരാജകത്വം സൃഷ്ടിക്കുകയാണ്. ഇങ്ങനെയുള്ള സമരപ്രഹസനങ്ങൾ മുറപോലെ സംസ്ഥാനത്ത് നടക്കുകയാണ്. അതോടൊപ്പം കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ അട്ടിമറിക്കുന്നതിനുള്ള ഗൂഢാലോചനയും അതിനുള്ള ഗവേഷണവുംകൂടി നടത്തിക്കൊണ്ടിരിക്കുകയാണ് കേന്ദ്ര സർക്കാർ. അതിന്റെ ഭാഗമായി എങ്ങനെ ഈ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കാമെന്ന തരത്തിലുള്ള നിലപാടുകളുമായി മുന്നോട്ടുപോകുകയാണ്.

ജി.എസ്.ടി. ഡിവിസിബിൾ പൂളിൽ കിട്ടേണ്ട സംസ്ഥാന വിഹിതം നമുക്ക് നൽകുവാൻ താമസിപ്പിച്ചതുമെല്ലാം നാം കണ്ടതാണ്. ഇപ്പോൾ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തുന്ന നിലപാടിലേയ്ക്ക് പോകുകയാണ്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ നിലപാട്, ധനകാര്യ വകുപ്പുമന്ത്രി ഒരു വർഷംമുമ്പുതന്നെ നമ്മുടെ സഭയിൽ അറിയിച്ചതാണ്. നമുക്ക് നികുതി വിഹിതം കാലോചിതമായി കുറച്ച് 1.9 ശതമാനത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഇതെല്ലാം നമ്മുടെ ഫിനാൻഷ്യൽ ഓട്ടോണമിയെ ബാധിക്കുന്ന തരത്തിലേയ്ക്ക് ശ്രദ്ധമായിത്തന്നെ മുന്നോട്ടുപോകുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള പ്രതിസന്ധിക്കിടയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാലിന്റെ നേതൃത്വത്തിൽ മികച്ച ധനകാര്യ മാനേജ്മെന്റിന്റെ പ്രതിഫലനമാണ് നാട്ടിൽ കാണാൻ സാധിച്ചത്. കോവിഡ് രണ്ടാം തരംഗത്തിൽ ഇരുപതിനായിരം കോടി രൂപയുടെ പാക്കേജ് ഭൂരിഭാഗവും നടപ്പിലാക്കിയതുവഴി സാധാരണക്കാരുടെ കയ്യിൽ പണമെത്തുന്നത് വലിയതോതിൽ സഹായകരമായി. സാമൂഹ്യ പെൻഷനാണെങ്കിലും ക്ഷേമനിധി ബോർഡിന്റെ പെൻഷനാണെങ്കിലും ഈ

പ്രതിസന്ധിക്കിടയിലും ഏതാണ്ട് 56 ലക്ഷം പേർക്ക് എല്ലാ മാസവും കൃത്യമായി എത്തിക്കുവാൻ സർക്കാരിന് സാധിച്ചുവെന്നുള്ളത് വലിയ കാര്യം തന്നെയാണ്.

മത്സ്യബന്ധനമേഖലയിലെ കാര്യം എടുത്തുപറയേണ്ടതാണ്. ഒക്ടോബർ - നവംബർ മാസങ്ങളിലുണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ നിരവധി തൊഴിൽദിനങ്ങളാണ് ഈ പാവപ്പെട്ടവർക്ക് നഷ്ടമായത്. അങ്ങനെയുള്ളവരെ ചേർത്തുപിടിച്ചുകൊണ്ട് ഈ സർക്കാർ ഒറ്റത്തവണയായി ഏകദേശം ഒന്നരലക്ഷം പേർക്ക് 3000 രൂപവീതം നൽകി. ഇതെല്ലാം മികച്ച ഉദാഹരണങ്ങളാണ്. കിഫ്ബി വഴി ഒന്നാം പിണറായി സർക്കാരിന്റെ ഭാഗത്തുനിന്ന് തുടങ്ങിയ ഏതാണ്ട് 70,762 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് ഇപ്പോൾ നടപ്പാക്കികൊണ്ടിരിക്കുകയാണ്. ദേശീയപാത അടക്കമുള്ള പ്രവർത്തനങ്ങൾ, കൊല്ലം ജില്ലയിൽ തന്നെ 3000 കോടി രൂപയാണ് ദേശീപാത വികസനവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ കയ്യിലേയ്ക്ക് എത്തിയത്. അതിന്റെ ചലനങ്ങൾ ചെറുതല്ല, എല്ലാ മേഖലകളിലും അതായത്, റിയൽ എസ്റ്റേറ്റ് മേഖലയിലാണെങ്കിലും കെട്ടിടനിർമ്മാണ

മേഖലയിലാണെങ്കിലും അതുണ്ടാക്കിയ മാറ്റം ചെറുതല്ല. കിഫ്ബി വഴിയുള്ള ഫണ്ടുകൾ ഇങ്ങനെ ജനങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് നടപ്പാക്കുമ്പോൾ, അത് ഇനി വരാൻ പോകുന്ന തീരദേശ ഹൈവേയാണെങ്കിലും മലയോര ഹൈവേ ആരംഭിച്ചിരിക്കുന്ന അതാണെങ്കിലും നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയാണെങ്കിലും.... സിൽവർ ലൈൻ പദ്ധതിയിൽ 26,000 കോടി രൂപ ജനങ്ങളിലെത്തിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ മാർക്കറ്റിലുണ്ടാകുന്ന മാറ്റങ്ങൾ. അതായത്, ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് ജനങ്ങളുടെ കയ്യിൽ പണം എത്തിക്കുകയെന്നുള്ളതാണ് ആദ്യംമുതൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അങ്ങനെയൊരു ചാക്രീകരണമാണ് കേരളം വിഭാവനം ചെയ്യുന്നത്. എന്നാൽ കേന്ദ്രം പണമെല്ലാം കേന്ദ്രീകരിച്ച് അദാനി-അംബാനിമാരുടെ കയ്യിൽ എത്തിക്കുകയും ആ പണം ഉപയോഗിച്ചുകൊണ്ട് വിവിധ സർക്കാരുകളെ മറിച്ചിടുന്ന കാഴ്ചയുമാണ് കാണുന്നത്. ആ ഒരു ചാക്രീകരണമാണ് കേന്ദ്രത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ജി.എസ്.ടി. വരുമാനങ്ങളും മറ്റ് വരുമാനങ്ങളും വർദ്ധിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ച് കഴിഞ്ഞ സഭയിൽ പലരും

നിർദ്ദേശിക്കുകയുണ്ടായി. കോവിഡിന്റെ പശ്ചാത്തലത്തിൽ വ്യാപാരി-വ്യവസായികളുടെയോ ചെറുകിട വ്യവസായികളുടെയോ നേരെ കർശന നിലപാട് സ്വീകരിക്കാൻ സർക്കാർ മുതിർന്നിട്ടില്ല. നികുതി വെട്ടിപ്പ് തടയാൻവേണ്ടി സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ഒരു ടാക്സ് പേ കാർഡ് സിസ്റ്റം നടപ്പാക്കിയതടക്കം പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തു. കേരള ജി.എസ്.ടി. വകുപ്പിനെ പുനർനിർമ്മിച്ചുകൊണ്ട് വലിയരീതിയിൽ നികുതി വരുമാനം ഉയർത്താനുള്ള ശ്രമങ്ങൾ ഒരു ഭാഗത്ത് നടന്നുകൊണ്ടിരിക്കുന്നു. പെട്രോളിയമടക്കമുള്ള ഉല്പന്നങ്ങളെ ജി.എസ്.ടി. പരിധിയിലേയ്ക്ക് കൊണ്ടുവരാനുള്ള സാധ്യത കുറവാണെങ്കിൽപോലും യൂണിയൻ ഗവൺമെന്റിനെയും സംസ്ഥാനങ്ങളെയും വലിയ രീതിയിൽ ബാധിക്കുന്നതാകയാൽ ജി.എസ്.ടി.-യിലേയ്ക്ക് കൊണ്ടുവരാനുള്ള സാധ്യത കുറവാണെങ്കിലും 2030-തോടുകൂടി ഇലക്ട്രിക് കാറിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യുന്ന ഒരു സംവിധാനം ലോകത്തെമ്പാടും ഉണ്ടാകും. ഇതിന്റെ ഭാഗമായി ഇലക്ട്രിക് വാഹനങ്ങൾ ഇന്ത്യയിലും വരുമെന്നുള്ളതിനാൽ പെട്രോളിയം പ്രോഡക്ടുകളിൽ നിന്നുള്ള വരുമാനം ഗണ്യമായി കുറയാൻ സാധ്യതയുണ്ട്.

അതുകണ്ടുകൊണ്ട് ശാശ്വതമായ വരുമാന മാർഗ്ഗങ്ങളിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യേണ്ടതുണ്ട്.

സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനം കൂട്ടാൻവേണ്ടി പലപ്പോഴും ഡയറക്ട് ടാക്സിനെക്കുറിച്ചും ഇൻഡയറക്ട് ടാക്സിനെക്കുറിച്ചും സാധാരണ ജനങ്ങൾക്കോ വ്യാപാരി വ്യവസായികൾക്കോ നൂതന MSME സംരംഭകർക്കോ വലിയ അറിവില്ലാത്തതിനാൽ നമ്മുടെ യൂണിവേഴ്സിറ്റികളിലെ പല ഡിപ്പാർട്ട്മെന്റുകളിലും ഫെലോഷിപ്പ് ചെയ്യുന്നവരെയും അദ്ധ്യാപകരെയുമെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ഈയൊരു മേഖലയിൽ നിരന്തരം തുടർവിദ്യാഭ്യാസ പരിപാടികൾ നടത്തേണ്ടതുണ്ട്. അത് വളരെ ശക്തമായ രീതിയിൽത്തന്നെ മുന്നോട്ടുപോകുകയാണ്. 25 വർഷങ്ങൾകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം വികസിത മധ്യവരുമാന രാജ്യങ്ങൾക്ക് സമാനമായി മാറ്റുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ 200 കോടി രൂപയുടെ പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്തത്. കെ.എസ്.എഫ്.ഇ. 2026-ൽ ആയിരം

ബ്രാഞ്ചുകൾ കടന്നാൽ അത്ഭുതപ്പെടാനില്ല. ഇപ്പോൾ അത് 60000 കോടി രൂപയുടെ വിറ്റുവരവുമായി ശക്തമായി മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

റവന്യൂ വകുപ്പിൽ, വകുപ്പുമന്ത്രിയായ ശ്രീ. കെ. രാജൻ അവർകളുടെ നേതൃത്വത്തിൽ നൂതനമായ നിരവധി പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിനോടൊപ്പം എല്ലാ എം.എൽ.എ.-മാരെയും പല പദ്ധതികളിലും ഭാഗഭാക്കാക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളതിന് നമ്മൾ നേർസാക്ഷ്യമാണ്. "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളെയും സ്മാർട്ടാക്കുക" എന്ന മുദ്രാവാക്യവുമായി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ, അത് ജനങ്ങൾ ഏറ്റെടുത്തുകഴിഞ്ഞിരിക്കുന്നു. ഇത് ജനങ്ങളെ ആവേശം കൊള്ളിക്കുന്ന ഒരു മുദ്രാവാക്യം തന്നെയാണ്. എല്ലാവർക്കും ഭൂമിയെന്നുള്ള ലക്ഷ്യം വെറുതെ പറയുകയല്ല; ഓരോ വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകിക്കൊണ്ടും കൃത്യമായി മോണിറ്റർ ചെയ്തുകൊണ്ടും മുന്നോട്ടുപോകുമ്പോൾ അത് ലക്ഷ്യപ്രാപ്തിയിലെത്തുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു വർഷംകൊണ്ട് 54535 പട്ടയങ്ങൾ നൽകുകവഴി എല്ലാവർക്കും രേഖയെന്നത് സാധ്യമാണെന്ന്

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കാണിക്കുമ്പോഴും ഇന്ന് സബ്മിഷനിലൂടെ പല ആക്ഷേപങ്ങളും ഉന്നർന്നുവന്നു. എങ്കിലും ഇതെല്ലാം പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കും. കാവ് പുറമ്പോക്ക്, തോട് പുറമ്പോക്ക് അതുപോലെ നാഷണൽ ഹൈവേയുടെ പുറമ്പോക്കുകൾ, പലയിടത്തും BTR-ൽ കാവ് പുറമ്പോക്കെന്ന് പറയുമ്പോൾ കാവ് അവിടെങ്ങുമില്ല. അവിടെയുള്ള ജനങ്ങൾക്ക്പോലും അങ്ങനെയൊരു കാവുള്ളതായി അറിയില്ല. അങ്ങനെയുള്ള കാര്യങ്ങളിലെല്ലാം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നിലപാടുകളെടുത്തുകൊണ്ട് പരിഹരിക്കുകയും അവയെല്ലാം വേഗത്തിൽ തീർപ്പാക്കുകയും വേണം. ഡിജിറ്റൽ സർവ്വേ പ്രാവർത്തികമാകുന്നതോടുകൂടി വിവിധ ഡിപ്പാർട്ട്മെന്റുകളെയും അതിന്റെ സോഫ്റ്റ്വെയറുകളെയുമെല്ലാം സംയോജിപ്പിച്ചുകൊണ്ടും റവന്യൂ ഡിപ്പാർട്ട്മെന്റിനെയും രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനെയും സംയോജിപ്പിച്ചുകൊണ്ടും യൂണിഫൈഡ് പോർട്ടൽ കൊണ്ടുവരുന്നതൊക്കെ ജനങ്ങൾക്ക് വലിയ രീതിയിൽ ഉപകാരപ്രദമാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ലോകത്ത് എവിടെയിരുന്നുകൊണ്ടും റവന്യൂ വകുപ്പുമന്ത്രിയെ കണക്ട് ചെയ്യാൻ കഴിയുന്ന

റവന്യൂ മിത്രം പോർട്ടലിലൂടെ ആർക്കും മന്ത്രിക്ക് നേരിട്ട് പരാതികൾ നൽകാം. ആ പരാതിക്ക് കൃത്യമായ അപ്ഡേറ്റുകളുണ്ടാകും. എസ്.എം.എസ്.-ലൂടെയും പ്രസ്തുത പരാതിയുടെ തുടർസ്ഥിതി അറിയാവുന്ന രീതിയിലേയ്ക്ക് വളരെയധികം ആധുനികവത്കരിച്ചുകൊണ്ടുപോകുന്ന റവന്യൂ വകുപ്പിനെ മുക്തകണ്ഠം അഭിനന്ദിക്കുകയാണ്. എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി എം.എൽ.എ.-ഫണ്ടുകളായ എസ്.ഡി.എഫ്.-ഉം എ.ഡി.എഫ്.-ഉം ഉപയോഗിക്കാമെന്നുള്ള രീതിയിൽ നിയമനിർമ്മാണം നടത്തിയിരിക്കുന്നു. എം.എൽ.എ.-മാർക്ക് ബോധവത്ക്കരണ ക്ലാസുകൾ നടത്തുന്നതിനെക്കുറിച്ച് നേരത്തെ പറഞ്ഞു. റവന്യൂ, പാർലമെന്ററികാര്യം എന്നീ വകുപ്പുകൾ റഗുലറായി ക്ലാസ്സുകൾ നടത്തിക്കൊണ്ടുവരുന്നുണ്ട്. 'വിഷൻ ആൻഡ് മിഷൻ 2021-26' എന്ന അർത്ഥത്തിൽ അടുത്ത 5 വർഷംകൊണ്ട് വകുപ്പിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള മാർഗ്ഗരേഖ തയ്യാറാക്കാൻ താഴെത്തട്ടായ വില്ലേജുകളിലെ ജനകീയ സമിതികൾ മുതൽ റവന്യൂ സെക്രട്ടേറിയറ്റ് വരെ ഊർജ്ജിതമായ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. വില്ലേജ്

ഓഫീസുകൾ ഒട്ടും ജനകീയമല്ലെന്നായിരുന്നു പൊതുവേയുള്ള പരാതി. വരുംകാലങ്ങളിൽ തീർച്ചയായും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ റവന്യൂ വകുപ്പിന് സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ജനങ്ങൾക്ക് ഉപകാരപ്രദമായ എല്ലാ പദ്ധതികൾക്കും ഒരിക്കൽക്കൂടി സർവ്വാത്മനാ പിന്തുണ നൽകിക്കൊണ്ട് നിർത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും, ഭൂനികുതി, ജില്ലാഭരണവും പലവകയും, ഭവന നിർമ്മാണം, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്, പലവക സാമ്പത്തിക സർവ്വീസുകൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഇങ്ങനെ ഞാൻ വായിക്കാനുണ്ടായ പ്രധാന കാരണം, എല്ലാ വിഭാഗം ജനങ്ങളുമായി വളരെയധികം ബന്ധപ്പെടുന്ന കാര്യങ്ങളായതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മുന്നോട്ട് വയ്ക്കുന്ന കാര്യങ്ങൾക്ക് നല്ല പിന്തുണ സർക്കാരിന്റെ ഭാഗത്തുനിന്നും ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന അഭ്യർത്ഥനയാണ് എനിക്ക് ആദ്യമായി വയ്ക്കാനുള്ളത്. രണ്ടാം പിണറായി സർക്കാരിന്റെ ജനപ്രിയ പ്രവർത്തനങ്ങളിൽ ചടുലവും ചലനാത്മകവുമായ

പ്രവർത്തനങ്ങളാണ് റവന്യൂ വകുപ്പ് നിർവ്വഹിക്കുന്നത്. അതിന് ആവശ്യമായ ദിശാബോധം നടത്തിക്കൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുമ്പോൾ അതിന് എല്ലാവിധ പിന്തുണയും നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയനെയും ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനെയും ഞാൻ മുക്തകണ്ഠം പ്രശംസിക്കുകയാണ്.

തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ലഘൂകരിക്കുന്നതിനായി റവന്യൂ വകുപ്പ് നടപ്പിലാക്കിയ എം.എൽ.എ.-മാർക്കുള്ള ഡാഷ് ബോർഡ് വന്നതോടെ തങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങളും പരാതികളും സൂക്ഷിക്കുന്നതിനും മണ്ഡലത്തിൽ ഇവയുടെ പ്രവർത്തനം പുരോഗമിപ്പിക്കുന്നതിനും പരിഹാരങ്ങൾ കാണുന്നതിനും അവ അറിയുന്നതിനും സാധിക്കുന്നുണ്ട്. ഭൂമിയും അതിരും സംബന്ധിച്ചുള്ള തർക്കങ്ങൾ പൊതുപ്രവർത്തകരുടെ സമയം അപഹരിക്കുന്ന പ്രശ്നങ്ങളാണ്. അവയിൽ ചിലത് നിരന്തരമായി കോടതി കേസുകളിലും കൊലപാതകങ്ങളിലും വരെ എത്തിയിട്ടുണ്ട്.

'എല്ലാ ഭൂമിക്കും രേഖ' എന്ന സർക്കാരിന്റെ മഹത്തായ ചരിത്ര പ്രധാനമായ ഭരണപരിഷ്കാരത്തിലൂടെ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന പ്രശ്നങ്ങൾക്കുള്ള ശാപമോക്ഷമാണ് പിണറായി സർക്കാരും റവന്യൂ വകുപ്പും

നിർവ്വഹിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത്. അപേക്ഷകൾ സംബന്ധിച്ച സങ്കീർണ്ണതകൾ ലഘൂകരിച്ചും കാലതാമസം ഒഴിവാക്കിയും പട്ടയങ്ങൾ നൽകാൻ നടപടി സ്വീകരിക്കുകയാണ്. പെരിങ്ങളം നിയോജകമണ്ഡലത്തിലെ വടക്കേക്കളം എസ്റ്റേറ്റിലെ മിച്ചഭൂമി പ്രശ്നം കുറേക്കാലമായി ഉണ്ടായതാണ്. അവയിൽ കുറച്ചൊക്കെ പരിഹരിക്കപ്പെട്ടു. അവിടെ ഇനിയും അമ്പത്തിയാറോളം പട്ടയങ്ങൾ നൽകാനുണ്ട്. അവകൂടി നൽകി പ്രശ്നം പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകണമെന്ന ഒരഭ്യർത്ഥന മുന്നോട്ടുവയ്ക്കുകയാണ്.

പതിറ്റാണ്ടുകളായി നിലനിൽക്കുന്ന തസ്തികകളാണ് വില്ലേജ് ഓഫീസുകളിലുള്ളത്. ജോലിഭാരം പരിഗണിച്ച് കൂടുതൽ തസ്തിക അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അങ്ങ് ഇന്ന് പറഞ്ഞിരുന്നു. റവന്യൂ വകുപ്പ് സ്മാർട്ടും സ്പീഡും ആണ്. അതിനനുസരിച്ച് വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കേണ്ടതുണ്ട്. സ്മാർട്ട് വില്ലേജ് ഓഫീസുകൾ കേരളത്തിൽ കുറേയെണ്ണമുണ്ടെങ്കിലും അതുപോര; എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കണം. ഇത്തരം വില്ലേജ് ഓഫീസുകളിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് ആവശ്യമായ നന്മയും

പുതുമയുമുണ്ടാകണം. എല്ലാം സാങ്കേതികമായി മുന്നോട്ടുപോകുമ്പോൾ ആ യന്ത്രങ്ങളും നന്നായിരിക്കണം. ചില വില്ലേജ് ഓഫീസുകളുടെ വ്യാപ്തി പരിഗണിച്ച് ആ വില്ലേജ് ഓഫീസുകളിലെ ജീവനക്കാർക്ക് ഫീൽഡ് സന്ദർശിക്കാനുള്ള സൗകര്യമൊരുക്കണം. സാധാരണക്കാരായ ഗുണഭോക്താക്കൾക്ക് കൂടുതൽ ഗുണം ലഭിക്കുന്നതിനായി ഭൂമിശാസ്ത്രപരമായി നീണ്ടുനിൽക്കുന്ന വലിയ വില്ലേജുകളെ വിഭജിച്ച് രണ്ട് വില്ലേജ് ഓഫീസുകളാക്കാനുള്ള നടപടിക്രമം സ്വീകരിക്കണം. ഒരു സാധാരണക്കാരന്റെ ഭൂമി തരംമാറ്റുന്നത് സംബന്ധിച്ചോ ഭൂമി അവകാശം സംബന്ധിച്ചോ അപേക്ഷകൾ ലഭിച്ചാൽ വാഹനമില്ലെന്ന കാരണത്താൽ ആഴ്ചകളോ മാസങ്ങളോ കാത്തിരിക്കേണ്ട അവസ്ഥ പരിഹരിക്കാൻ ഇതിലൂടെ സാധിക്കും.

വില്ലേജ് ആഫീസ് മുഖാന്തരം നൽകിവരുന്ന ചില സർട്ടിഫിക്കറ്റുകൾ ആവശ്യമില്ലെന്ന് ഭരണപരിഷ്കാര കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് എല്ലാ വകുപ്പുകളും നടപ്പാക്കിയിട്ടില്ല. ഇത് പരിഹരിക്കപ്പെടണം. വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ് ഗുരുതരമായ പ്രശ്നങ്ങൾക്കും കാലതാമസത്തിനും കാരണം. ഇതും അടിയന്തരമായി പരിഹരിക്കപ്പെടണം.

ജി.ഡി.സി. യോഗത്തിൽപോലും ബഹുമാനപ്പെട്ട എം.എൽ.എ.-മാരൊക്കെ ഉന്നയിക്കുന്ന വിഷയങ്ങൾക്ക്/നൽകുന്ന അപേക്ഷകൾക്ക് ഒരു വകുപ്പ് 'പരിശോധിച്ചുവരുന്നു' എന്നും മറ്റൊരു വകുപ്പ് 'കിട്ടുന്ന മുറയ്ക്ക്' എന്നും എഴുതിയാണ് മറുപടി നൽകുന്നത്. ഇത്തരത്തിൽ 'പരിശോധിച്ചുവരുന്നു' എന്നും 'കിട്ടുന്ന മുറയ്ക്ക്' എന്നും മറുപടി നൽകുന്നത് ഈ സർക്കാരിന് ഒരിക്കലും ഭ്രഷണമല്ല. അത് പരിഹരിക്കാൻ സാധിക്കണം. ശാസ്ത്ര സാങ്കേതിക രംഗത്തുള്ള പുരോഗതി എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അതിനനുസരിച്ചുള്ള റിസൾട്ട് പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ല.

ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. കാരണം കോടിക്കണക്കിന് രൂപ നിശ്ചലമായി കിടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഏകദേശം 506 ഏക്കറിൽ ഒരു വ്യവസായ പാർക്ക് വരുന്നുണ്ട്. 2019-ൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എം.എൽ.എ ആയിരുന്ന സമയത്ത് ആരംഭിച്ചതാണ്. ഇതുവരെയും അതിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. ഞാൻ ഇത് പറയാനുണ്ടായ

പ്രധാനപ്പെട്ട കാരണം അതിലൂടെ യുവസംരംഭകർക്ക് ഒരുപാട് സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ സാധിക്കുമെന്നുള്ളതുകൊണ്ടാണ്.

റവന്യൂ കലോൽസവത്തെക്കുറിച്ച് പറയാതിരിക്കാൻ നിർവ്വാഹമില്ല. പിരിമുറുക്കങ്ങൾ നേരിടുന്ന റവന്യൂ ജീവനക്കാരുടെ മാനസികോല്ലാസത്തിനായാണ് റവന്യൂ കലോത്സവം സംഘടിപ്പിച്ചത്. അതിന്റെ ഫലം സാധാരണക്കാർക്കും ലഭിക്കണം. കലയുടെ സവിശേഷതയാണത്. റവന്യൂ കലോൽസവം നടപ്പിലാക്കിയ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സർക്കാർ എന്തൊക്കെ കാര്യങ്ങൾ ചെയ്താലും ഉദ്യോഗസ്ഥർ അതിന്റേതായ രീതിയിൽ പെരുമാറിയില്ലെങ്കിൽ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല.

എല്ലാ ഭൂമിക്കും രേഖ - കേരളത്തിൽ ഇപ്പോൾ 41001 പട്ടയങ്ങൾ വിതരണത്തിന് സജ്ജമാക്കിയിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലും കുറച്ച് പട്ടയങ്ങൾ നൽകിയിട്ടുണ്ട്. 220-ഓളം പട്ടയങ്ങളാണ് കുത്തുപറമ്പ് മണ്ഡലത്തിൽ മാത്രം പുതുതായി നൽകിയത്. അങ്ങനെ

ചെയ്തുകൊടുത്തുകൊണ്ട് മുന്നോട്ട് പോകുമ്പോൾ ജനങ്ങൾക്കൊപ്പമാണ് സർക്കാർ എന്ന ബോധം ജനങ്ങൾക്കുണ്ടാകും, സർക്കാരിന് അത് വലിയൊരു അഭിമാനവുമാണ്. എല്ലാ ആളുകൾക്കും അത് നൽകികൊണ്ട് മുന്നോട്ടുപോകാൻ സാധിക്കും.

കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നമുക്ക് അറിയാവുന്നതുപോലെ, കാർഷിക നിലങ്ങൾ നികത്തുന്നതും കാർഷിക നിലങ്ങൾക്ക് വെള്ളം എത്തിക്കാനുള്ള തോടുകൾ കെട്ടിയടയ്ക്കുന്നതുമായ പ്രശ്നങ്ങൾ സംബന്ധിച്ച് അപേക്ഷ നൽകുന്നത് റവന്യൂ വകുപ്പിലാണ്. കൃഷി വകുപ്പിനും റവന്യൂ വകുപ്പിനുമൊക്കെ മോശമായിട്ടുള്ള പ്രതികരണമുണ്ടാകുന്ന ഇത്തരത്തിലുള്ള നടപടികളെ നല്ല ഇടപെടലിലൂടെ മാത്രമേ ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ചാർജ്ജെടുത്തപ്പോൾത്തന്നെ ഓരോ ജില്ലയിലെയും എം.എൽ.എ.-മാരെ ഉൾപ്പെടുത്തി അവരുടെ മണ്ഡലത്തിലും ജില്ലയിലുള്ള പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് ചോദിച്ചറിഞ്ഞ് അവ പരിഹരിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. അതൊക്കെ ക്രിയാത്മകമായ പ്രവർത്തനങ്ങളാണ്. ആ പ്രവർത്തനങ്ങൾ നടത്തുമ്പോൾ എല്ലാം പരിഹരിക്കാൻ സാധിക്കാറില്ലെങ്കിലും ചിലതൊക്കെ

പരിഹരിക്കപ്പെടുന്നുണ്ട്. എന്നാൽപോലും അതിന് കാലതാമസം നേരിടുന്നുണ്ട്. കാലതാമസംകൂടാതെ ഇത്തരം പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നല്ല ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന അഭ്യർത്ഥനകൂടി വയ്ക്കുകയാണ്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.

റവന്യൂ വകുപ്പിന്റെ വളരെ നല്ല ഇടപെടൽ ഇന്ന് കേരളത്തിലെ ജനത അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. 48 വർഷക്കാലം പട്ടയം കിട്ടാത്തതിരുന്ന വിഷമത്തിൽ ഒരു സ്ത്രീ പ്രകടിപ്പിച്ച വികാരമാണ് അന്ന് കുത്തുപറമ്പിൽ ഉണ്ടായത്. എല്ലാവരും വളരെ ഉത്തേജകജനകമായിട്ടാണ് അതിനെ നോക്കിയത്. അങ്ങനെയുള്ള ഒരുപാട് കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്. സാധാരണക്കാരനെയും പാവപ്പെട്ടവനെയും നല്ല രീതിയിൽ സഹായിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന റവന്യൂ വകുപ്പിനെയും സർക്കാരിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും എല്ലാവിധത്തിലും അഭിനന്ദിച്ചുകൊണ്ടും ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ വളരെ പ്രക്ഷുബ്ധമായ രാഷ്ട്രീയ

ചർച്ചകൾക്കും സംവാദങ്ങൾക്കും ഇടവച്ച ചില സംഭവവികാസങ്ങൾ ഇവിടെയുണ്ടായി. എനിക്ക് ആദ്യമായാണ് അടിയന്തരപ്രമേയ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാൻ അവസരം ലഭിച്ചത്. എന്റെ കയ്യിലുണ്ടായിരുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി ഹ്രസ്വമായി ചില കാര്യങ്ങൾ ഞാൻ പറഞ്ഞു. ഞാൻ മൂന്നാമത്തെ പ്രാസംഗികനായിരുന്നു. അതിനുശേഷം ബഹുമാന്യനായ പ്രതിപക്ഷനേതാവ് പതിനാലാമതും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പതിനഞ്ചാമതും പ്രസംഗിച്ചു. അതിനിടയിൽ ബഹുമാന്യരായ എ. എൻ. ഷംസീർ, കെ. ടി. ജലീൽ എന്നിവരടക്കം ഏകദേശം പത്ത് സാമാജികർ പ്രസംഗിച്ചെങ്കിലും ഞാൻ പറഞ്ഞതിൽ ഒരു കള്ളമുള്ളതായോ അസംബന്ധമുള്ളതായോ തെറ്റുള്ളതായോ അവരാരും പരാമർശിച്ചില്ല. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി നമ്മൾ കേട്ടതാണ്. ഞാൻ ഏറ്റവുമധികം ആദരവോടും ബഹുമാനത്തോടുംകൂടി മാത്രമേ അദ്ദേഹത്തെ ഇന്നുവരെ കണ്ടിട്ടുള്ളൂ. ഇപ്പോഴും അങ്ങനെയാണ് കാണുന്നത്. അദ്ദേഹത്തിന്റെ പ്രസംഗം അവസാനിക്കാറായപ്പോൾ അപ്രതീക്ഷിതമായി വളരെ ക്ഷുഭിതനായി ഞാൻ എന്തോ പച്ചക്കള്ളം വിളിച്ചുപറഞ്ഞുവെന്ന നിലയിൽ പറയുന്നതുകേട്ടു.

ശ്രീ. എ. എൻ. ഷംസീർ: സർ, ...

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ...

ഡോ. മാത്യു കുഴൽനാടൻ: സർ, (...ബഹളം...) ഞാൻ പ്രസംഗിച്ച് കഴിഞ്ഞ് ശ്രീ. എ. എൻ. ഷംസീർ അടക്കം പത്തുപേർ പ്രസംഗിച്ചിട്ടും നിങ്ങൾക്കാർക്കും തോന്നിയില്ല, നിങ്ങൾ ആരും പറഞ്ഞില്ല. അദ്ദേഹത്തിന് മാത്രമാണ് തോന്നിയത്. (....ബഹളം...)

മി. ചെയർമാൻ: ഇരിക്കൂ.... ഇരിക്കൂ..... പ്ലീസ്.... പ്ലീസ്....

ഡോ. മാത്യു കുഴൽനാടൻ: സർ, അദ്ദേഹം അതിരൂക്ഷമായി പ്രതികരിച്ചു. എന്തിനുവേണ്ടിയാണ്? അതിനുശേഷം പിറ്റേദിവസം ചർച്ച വന്നപ്പോൾ ശ്രീ. സി. എച്ച്. കുഞ്ഞമ്പു സാഹിബ് അടക്കം എന്നെ വിമർശിക്കാൻവേണ്ടി ഉപയോഗിച്ചു. കാരണമെന്താണ്? ഇന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ യഥാർത്ഥ അവസ്ഥയാണ് അത് കാണിക്കുന്നത്. പിന്നീട് അങ്ങോട്ട് കണ്ടത് His master's voice എന്ന് പറയുന്നതുപോലുള്ള പ്രസംഗമാണ്. ശ്രീ. എ. എൻ. ഷംസീർ, ഡോ. കെ. ടി. ജലീൽ എന്നിവരടക്കം പത്തുപേർ പ്രസംഗിച്ചെങ്കിലും ഇതുസംബന്ധിച്ച് കുമാന്നൊരാക്ഷരം ആരും മിണ്ടിയില്ല. അദ്ദേഹം ക്ഷുഭിതനായതിനുശേഷം

പിന്നീട് സംസാരിച്ച എല്ലാവരും എന്നെ ആക്രമിക്കാൻവേണ്ടി തെരഞ്ഞെടുത്തു, ഒരുപാട് കാര്യങ്ങൾ പറഞ്ഞു. എനിക്ക് അത് വിഷയമല്ല. അത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അവസ്ഥയാണ് കാണിക്കുന്നത്. നിങ്ങൾ എല്ലാവരും പ്രസംഗിച്ചത് നിങ്ങളുടേതായ ആശയമല്ല. His master's voice എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. അതാണ് കണ്ടത്, അതാണ് സംഭവിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തിനാണ് ഇത്രയേറെ വേവലാതിപ്പെട്ട് സംസാരിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ചില കേസ്സുകളുടെ അന്വേഷണം നിങ്ങൾ കണ്ടിട്ടില്ലേ; ചില കേസ്സുകളിൽ ഒരു തെളിവും ഉണ്ടാകില്ല. പ്രതിയെ എങ്ങനെ കണ്ടെത്തുമെന്ന് ആശങ്കപ്പെട്ട് പലരേയും വിളിച്ച് പറയുമ്പോൾ, എങ്ങനെയാണ് കേസ് തെളിയിച്ചതെന്ന് ചോദിക്കുമ്പോൾ, പ്രതിയുടെ അസ്വാഭാവികമായ പെരുമാറ്റവും ഇടപെടലുമാണ് ഞങ്ങളെ ആ ദിശയിലേയ്ക്ക് അന്വേഷിക്കാൻ പ്രേരിപ്പിച്ചതെന്ന് അന്വേഷണ ഉദ്യോഗസ്ഥന്മാർ പറയാറുണ്ട്. അങ്ങനെ സംഭവിക്കാറുണ്ട്. എനിക്ക് ഓർമ്മ വന്നത് ദേവാസുരം സിനിമയിൽ മോഹൻലാൽ ശേഖരനോട് പറയുന്ന ഡയലോഗാണ്, "ശേഖരാ നീ അനാവശ്യമായി ഭയപ്പെടുകയാണ്. ഇത് ആരെയാണ് ഭയപ്പെടുന്നത്;

എന്തിനെയാണ് ഭയപ്പെടുന്നത്;" ശേഖരാ നീ അനാവശ്യമായി ഭയപ്പെടുകയാണെന്ന് ദേവാസുരം സിനിമയിൽ മോഹൻലാൽ പറഞ്ഞ അതേ അവസ്ഥയാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. (..ബഹളം...) മടിയിൽ കനമുള്ളവന്റെ വെപ്രാളമാണ് നമ്മൾ കണ്ടത്. നിങ്ങളാരും പറഞ്ഞില്ലല്ലോ; (...ബഹളം...) ഞാൻ പറയട്ടെ. എനിക്കെതിരെ എന്തെല്ലാം ആക്ഷേപങ്ങളാണ് നിങ്ങൾ പറഞ്ഞത്? (... ബഹളം....)

മി. ചെയർമാൻ: താങ്കൾ ചെയറിനെ നോക്കി സംസാരിക്കൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാന്യനായ അംഗം വി. ജോയി ഒരു സഹസാമാജികനെക്കുറിച്ച് പറഞ്ഞു. എന്റെ മുറിയിൽനിന്നും ഞാൻ ഷർട്ട് ഇടാതെ പുറത്തേയ്ക്ക് പോകുന്നത് കണ്ടുവെന്ന നിലയിലാണ് അദ്ദേഹം പറഞ്ഞത്. അതിന് ഞാൻ മറുപടി പറയാൻ പോയില്ല. കാരണം ഞാൻ അതൊരു പ്രസംഗത്തിലെ സ്പിരിറ്റായി മാത്രമേ എടുത്തിട്ടുള്ളൂ. അതാണ് യാഥാർത്ഥ്യം. I was not touched. I was not moved. പക്ഷെ അതിനുശേഷം അതടക്കമുള്ള കാര്യങ്ങൾ എടുത്തുപിടിച്ച് സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചു. (...ബഹളം....) അങ്ങ് പറയാൻ തയ്യാറാകണ്ടേ; അങ്ങേയ്ക്ക് ഇന്റഗ്രിറ്റി ഉണ്ടെങ്കിൽ എന്താണെന്ന് പറയാൻ തയ്യാറാകണ്ടേ.

ഞാൻ അതൊരു ലൈറ്റർ മോഡിൽ എടുത്തതുകൊണ്ട് I was not touched. (....ബഹളം....)

മി. ചെയർമാൻ: പ്ലീസ്, ഡോ. മാത്യു കുഴൽനാടൻ ചെയറിനെ നോക്കി സംസാരിക്കു. അങ്ങോട്ട് നോക്കി സംസാരിച്ചാൽ അവർ മറുപടി പറയും. ചെയറിനെ നോക്കി സംസാരിക്കു.

ഡോ. മാത്യു കുഴൽനാടൻ: സർ, പക്ഷെ ഞാൻ പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഗുരുതരമായി ബാധിച്ചെങ്കിൽ അത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കേണ്ടി വരും. (... ബഹളം....)

മി. ചെയർമാൻ: ചെയറിനെ നോക്കി സംസാരിക്കു. അങ്ങോട്ട് വെല്ലുവിളിക്കേണ്ട. ഇരിക്കു..... ഇരിക്കു.....

ഡോ. മാത്യു കുഴൽനാടൻ: സർ, അതിനുശേഷം നിങ്ങൾ സ്ഥാപിക്കാൻ ശ്രമിച്ചത് (.....ബഹളം.....).

മി. ചെയർമാൻ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കു. ഭരണപക്ഷത്തെ വെല്ലുവിളിക്കേണ്ട. ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. (...ബഹളം....)

ഡോ. മാത്യു കുഴൽനാടൻ: സർ, ഇത് ചെയ്തില്ലെങ്കിൽ ചോദ്യം ചെയ്യപ്പെടുമെന്നുള്ളതുകൊണ്ടല്ലേ നിങ്ങൾ എഴുന്നേറ്റ് നിൽക്കുന്നത്; (....ബഹളം....) ഇത് ചെയ്തില്ലെങ്കിൽ നോട്ട് ചെയ്യപ്പെടുമെന്നുള്ളതുകൊണ്ടല്ലേ ? ...(ബഹളം).... നിങ്ങൾക്ക് ശാന്തമായി വാക്കുകൾ ശ്രവിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? എനിക്കെതിരെ കഴിഞ്ഞ ദിവസം എന്തെല്ലാം ആരോപണങ്ങൾ നിങ്ങൾ കൊണ്ടുവന്നു? ഞാൻ ഒന്നിൽനിന്നും പിന്നോട്ടുപോകുന്നില്ല. മുതിർന്ന അംഗമായ ശ്രീ. സി. എച്ച്. കുഞ്ഞമ്പു ഇവിടെ പറഞ്ഞു, PricewaterhouseCoopers (PWC)-നെക്കുറിച്ച് ഞാൻ ആദ്യമായി കേൾക്കുന്നത് ഈ സ്വർണ്ണക്കടത്തിനുശേഷമാണെന്ന്, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങേയ്ക്ക് എവിടെ വേണമെങ്കിലും പരിശോധിക്കാം. ഞാൻ ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല. എത്രയോ വർഷങ്ങൾക്ക് മുമ്പുതന്നെ PricewaterhouseCoopers-നെക്കുറിച്ച് എനിക്കറിയാം. ഞാൻ പാർട്ണർ ആയിരിക്കുന്ന KMNP India Law Firm-ന് PricewaterhouseCoopers-മായി ബന്ധമുണ്ടെന്ന് സ്ഥാപിക്കാനായി നിങ്ങളുടെ ചില സോഷ്യൽ മീഡിയകൾ ചില രേഖകൾ പുറത്തുവിട്ടു. നിങ്ങൾ പുറത്തുവിട്ട രേഖ

ശരിയാണെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുന്നു, ആ രേഖ എന്തായിരുന്നു? ഞങ്ങളുടെ Firm സന്ദർശിച്ച, PricewaterhouseCoopers-ന്റെ ഒരു അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. മുഹമ്മദ് ആസിഫ് ഇക്ബാലിനെ ആദരിച്ചതാണ്. അദ്ദേഹം ആരാണെന്ന് അറിയണ്ടേ? പതിനാറാമത്തെ വയസ്സിൽ കാഴ്ച നഷ്ടപ്പെട്ട മുഹമ്മദ് ആസിഫ് ഇക്ബാൽ, സ്വന്തം പ്രയത്നത്തിലൂടെ അദ്ധ്വാനിച്ച് മിടുക്കനായി കടന്നുവന്ന് അസോസിയേറ്റ് ഡയറക്ടറായി. അദ്ദേഹം ഞങ്ങൾക്ക് മാതൃകയാണ്, ഒരു motivating speaker ആണ്. അദ്ദേഹത്തെ വിളിച്ച് ഞങ്ങൾ ആദരിച്ചു, ഞങ്ങൾ അത് വെബ്സൈറ്റിൽനിന്നും മായ്ക്കുകയില്ല. അതിൽ ഒളിക്കാനും മറയ്ക്കാനും ഒന്നുമില്ല. ശ്രീ. മുഹമ്മദ് ആസിഫ് ഇക്ബാലിന്റെ വിശദാംശങ്ങൾ എന്റെ ലാ ഫേമിന്റെ വെബ്സൈറ്റിൽ അഭിമാനപൂർവ്വം കാണിക്കും. നിങ്ങൾ ഇതല്ല, എന്തുവേണമെങ്കിലും അന്വേഷിച്ചുപൊയ്ക്കൊളളൂ. എന്തൊക്കെ വാദങ്ങളും അസംബന്ധങ്ങളുമാണ് നിങ്ങൾ പ്രചരിപ്പിച്ചത്; ഞങ്ങൾക്ക് എല്ലാത്തിനും മറുപടിയുണ്ട്. പക്ഷേ നിങ്ങൾക്ക് വാക്കുകൾ ശ്രവിക്കാൻ ഭയമാണ്. ലോയൽറ്റി പ്രകടിപ്പിക്കാനുള്ള വെപ്രാളമാണ് ഇവിടെ കാണുന്നത്. ആരോടുള്ള ലോയൽറ്റി? പാർട്ടിയോടും പാർട്ടിയുടെ

പ്രത്യയശാസ്ത്രത്തോടുമുള്ള ലോയൽറ്റിയല്ല, His master's-നോടുള്ള ലോയൽറ്റി. അതിനുവേണ്ടിയുള്ള ആക്രാന്തമല്ലേ ഇത്; അല്ലാതെ എന്ത് കമ്മ്യൂണിസ്റ്റ് പാർട്ടി; എന്ത് അന്തഃസത്ത; എന്ത് പ്രത്യയശാസ്ത്രം? നിങ്ങൾ ഇന്ന് ഇവിടെ സംസാരിക്കുന്നത്, നിങ്ങൾ മുഴുവൻ പരിശ്രമവും നടത്തിയത് നിങ്ങളുടെ നേതാവിനെ ന്യായീകരിക്കാൻ വേണ്ടിയാണ്. അദ്ദേഹം കണ്ണുരുട്ടിയാൽ നിങ്ങൾ അവിടെ ഇരിക്കുമായിരിക്കും. എന്നാൽ എന്നെ അതിൽ കൂട്ടേണ്ട. അങ്ങനെ വിരട്ടിയിരുത്താമെന്ന് വിചാരിക്കണ്ട. ഞങ്ങളുടെ വാക്കുകൾ അവസാനിക്കില്ല.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇവിടെ കളവ് ചെയ്തവർക്ക് ഭയമുണ്ടാകും. അവർക്ക് ഒളിക്കാനും മറയ്ക്കാനും വിഷയം മാറ്റാനുമൊക്കെ ധാരാളം വിഷയങ്ങളുണ്ടാകും. പക്ഷേ ഈ ചോദ്യങ്ങൾ വീണ്ടും ഉയർന്നുവന്നുകൊണ്ടേയിരിക്കും. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട.

മി. ചെയർമാൻ: അങ്ങ് കൺക്ലൂഡ് ചെയ്യണം.

ഡോ. മാത്യു കുഴൽനാടൻ: സർ, അതുകൊണ്ട് ഞാൻ പറയുന്നു, ആർക്കെങ്കിലും അതുസംബന്ധിച്ച് പറയാനുണ്ടെങ്കിൽ മാന്യമായ സംവാദത്തിന് ഞാൻ ഏതുസമയത്തും തയ്യാറാണ്. കാര്യങ്ങൾ മാന്യമായും വസ്തുതാപരമായും പറയണം. ഞാൻ എല്ലാ തെളിവുകളും പ്രൊഡ്യൂസ് ചെയ്തില്ലേ; അദ്ദേഹത്തിന്റെ മറുപടിക്കുവേണ്ടി ദിവസങ്ങൾ കാത്തു. അദ്ദേഹം മറുപടി പറഞ്ഞിട്ടില്ല. ഇന്ന് ഈ സഭയിൽ പറഞ്ഞ കാര്യങ്ങൾ ഞാൻ വീണ്ടും ആവർത്തിച്ചും ഉറപ്പിച്ചും പറയുന്നു, പറഞ്ഞ കാര്യങ്ങളിൽനിന്നും കടുകുമണിയോളം, ഒരിഞ്ച്പോലും പിന്നോട്ടുപോകാൻ ഞാൻ തയ്യാറല്ല. അദ്ദേഹത്തിന് മറിച്ചൊരു വാദമോ തെളിവോ ഉണ്ടെങ്കിൽ കൊണ്ടുവരട്ടെ, നിങ്ങൾക്ക് ആർക്കെങ്കിലും അത് പറയാൻ സാധിച്ചോ; ആക്ഷേപകരമായി പല കാര്യങ്ങളും പറയാൻ നിങ്ങൾ പരിശ്രമിച്ചു. അതുകൊണ്ടൊന്നും തളരുന്ന പ്രശ്നമില്ല, ഉത്തമബോധ്യമുള്ള കാര്യങ്ങൾ മാത്രമാണ് ഞാൻ പറഞ്ഞത്.

മി. ചെയർമാൻ: പ്ലീസ്.... അങ്ങ് കൺക്ലൂഡ് ചെയ്യണം. അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ഡോ. മാത്യു കുഴൽനാടൻ: സർ, ധനാഭ്യർത്ഥനകളെ പരാമർശിച്ച് സംസാരിക്കാൻ എനിക്ക് സാധിച്ചില്ല. ഈ വിഷയത്തിൽ ആത്മാർത്ഥമായ,

നിലവാരമുള്ള സംവാദത്തിന് തയ്യാറാണെങ്കിൽ ആർക്കുവേണമെങ്കിലും മുന്നോട്ടുവരാം. നിങ്ങൾ പറയുന്നവേദിയിൽ കൃത്യസമയത്ത് ഞാൻ ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ചട്ടം 303 പ്രകാരം. ഇത് ധനകാര്യ ചർച്ചയായിരുന്നു. അദ്ദേഹം ധനാഭ്യർത്ഥനകളെക്കുറിച്ച് ഒരു വാക്കുപോലും ഇവിടെ പ്രതിപാദിച്ചിട്ടില്ല. അത് ചെയർ പരിശോധിച്ച് അനാവശ്യമായ ചർച്ചകളാണെങ്കിൽ രേഖകളിൽനിന്നും ഒഴിവാക്കണം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. എന്റെ സുഹൃത്തുകൂടിയായ ഡോ. മാത്യു കുഴൽനാടൻ സംസാരിക്കുന്നത് കേട്ടപ്പോൾ എനിക്ക് തമാശയാണ് തോന്നിയത്. ഇവിടെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയാണ് നടക്കുന്നത്. അദ്ദേഹം ഇതുമായി യാതൊരു ബന്ധവുമില്ലാത്ത നിരവധി കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതുകേട്ടപ്പോൾ എനിക്ക് സങ്കടം തോന്നി. ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് ഒരു വാക്കുപോലും പറഞ്ഞില്ല. നാടിനെ ഏതുവിധത്തിൽ മുന്നോട്ടുനയിക്കാൻ കഴിയുമെന്ന്

ആലോചിക്കാനാണ് നമ്മൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. അതൊന്നുമില്ലാതെ ഒരു ബിരിയാണി ചെമ്പുമായി നടക്കാൻ തുടങ്ങിയിട്ട് കാലം കുറേയായി. ദയവുചെയ്ത് മറ്റുള്ള കാര്യങ്ങളൊക്കെ നിർത്തൂ. ആര് വേണമെങ്കിലും ഇക്കാര്യങ്ങൾ അന്വേഷിക്കട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യങ്ങൾക്ക് കൃത്യമായ മറുപടി നൽകിയതല്ലേ? ആര് വേണമെങ്കിലും അന്വേഷിക്കട്ടെ, ഒരു വർഷം അന്വേഷിച്ചിട്ടും ഒരു വസ്തുവും കിട്ടിയില്ല, ഒരാളിന്റെ പേരിൽപോലും കേസ്സെടുക്കാൻ സാധിച്ചില്ല. പിന്നെ എന്തിനാണ് അനാവശ്യമായി സംസാരിച്ച് സമയം കളയുന്നത്. നല്ല കാര്യങ്ങൾക്കുവേണ്ടി നിർദ്ദേശങ്ങൾ നൽകി, ബഡ്ജറ്റിൽ എന്തെല്ലാം ഉൾപ്പെടുത്തണം, അതിൽ എന്തെല്ലാം പോരായ്മകളുണ്ട് തുടങ്ങിയ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ് യഥാർത്ഥത്തിൽ വേണ്ടത്.

കേരളത്തിൽ കഴിഞ്ഞ ആറ് വർഷമായി അധികാരത്തിലിരിക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് എല്ലാ വിഭാഗം ജനങ്ങളുടെ ക്ഷേമവും സംസ്ഥാനത്തിന്റെ സമഗ്രവികസനവും ഏറ്റെടുത്ത് വൻ ജനപിന്തുണയോടെ മുന്നേറുകയാണ്. എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിൽ ഇടപെട്ട് പ്രവർത്തിച്ചുവരുന്ന സർക്കാർ, ക്ഷേത്രങ്ങളുടെയും വിശ്വാസികളുടെയും

താൽപ്പര്യം സംരക്ഷിക്കുന്നതിന് മുന്തിയ പരിഗണനയാണ് നൽകിയിരുന്നത്. പ്രളയവും കോവിഡും സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ പ്രവർത്തനത്തിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. ഭക്തജനങ്ങൾക്ക് പ്രവേശനമില്ലാതെ, ക്ഷേത്രങ്ങൾ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിച്ച സാഹചര്യത്തിൽ അവരെ കൈപിടിച്ചുയർത്താൻ സർക്കാർ മുന്നിലുണ്ടായിരുന്നു. പ്രളയകാലത്തും കോവിഡുകാലത്തും ഉടലെടുത്ത പ്രതിസന്ധി പരിഹരിക്കാൻ സംസ്ഥാന സർക്കാർ 220 കോടി രൂപയാണ് ക്ഷേത്രങ്ങൾക്ക് സഹായധനമായി നൽകിയത്. സാമ്പത്തികമായി നിരവധി പ്രയാസമനുഭവിക്കുന്ന ഈ കാലത്ത് ക്ഷേത്രങ്ങൾക്കുവേണ്ടി, സ്വാഭാവികമായും ഞങ്ങൾ വിശ്വാസികളല്ലെന്നാണ് പറയപ്പെടുന്നത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശബരിമല നേരിട്ട് സന്ദർശിച്ച്, മന്ത്രിമാരെല്ലാം ചേർന്ന് അവിടെ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് അവിടത്തെ പ്രധാനപ്പെട്ട ആളുകളുമായി ചർച്ച നടത്തി ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ചവച്ചു. അതൊക്കെ അംഗീകരിക്കാതിരിക്കാൻ കഴിയുമോ; ജനങ്ങൾ ക്ഷേത്രങ്ങളെ സഹായിക്കരുതെന്ന് ആഹ്വാനം ചെയ്തവരാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും. ഒരാളും ഭണ്ഡാരത്തിൽ പണമിടാൻപാടില്ലെന്നുപോലും

പറഞ്ഞിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാരാണ് വിശ്വാസികളുടെ താൽപ്പര്യം സംരക്ഷിക്കുന്നത്. ദേവസ്വം ബോർഡുകളെ ജനാധിപത്യ രീതിയിൽ പ്രവർത്തിപ്പിച്ച് ക്ഷേത്രങ്ങളുടെ ഉന്നമനത്തിനായി ദേവസ്വം ബോർഡുകൾ കൃത്യമായി ഇടപെട്ട് അവിടങ്ങളിലെ ഒഴിവുകൾ നടത്താൻ നടപടി സ്വീകരിച്ചു. റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുള്ളതിനാൽ ഇപ്പോൾ അതിലൂടെ മാത്രമേ നിയമനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. അങ്ങനെ ആ മേഖലയിലുള്ള അഴിമതി അവസാനിപ്പിക്കാൻ സാധിച്ചു. കൂടാതെ ദേവസ്വം ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാനും സർക്കാർ നടപടി സ്വീകരിച്ചു. കോവിഡ് കാലത്ത് ശമ്പളം നൽകാൻ 220 കോടി രൂപയാണ് നൽകിയത്. മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ ഈ വർഷം പ്രത്യേകമായി 7.36 കോടി രൂപയാണ് അനുവദിച്ചത്. അതുപോലെ പൂജാവിധികൾ പഠിച്ച ഹിന്ദുമതത്തിലെ പിന്നോക്ക വിഭാഗത്തിലുൾപ്പെട്ടവരെ പൂജാരിമാരായി നിയമിച്ച് ചരിത്രം സൃഷ്ടിച്ചത് എൽ.ഡി.എഫ് സർക്കാരാണ്. ഒരു വിഭാഗക്കാർക്കുമാത്രമേ ഇതിന് സാധിക്കുകയുള്ളൂ എന്ന ചിന്തയിൽനിന്നും വലിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞത് ഏറ്റവും വലിയ നേട്ടമാണ്. വളരെ മുമ്പേ

ആഗ്രഹിച്ചിരുന്നതും എന്നാൽ പേടികൊണ്ട് പലരും ചെയ്യാതിരുന്നതുമായ ഇക്കാര്യം എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷമാണ് നടപ്പാക്കാൻ സാധിച്ചത്. കോവിഡ് കാലം മുതൽ മുടങ്ങിക്കിടന്ന ശബരിമല തീർത്ഥാടനം ഈ വർഷം ഒരു പരാതിക്കും ഇടനൽകാതെ മികച്ച രീതിയിൽ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇക്കാര്യത്തിൽ ദേവസ്വം ബോർഡും സർക്കാരും മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചത്. ശബരിമലയുടെ വികസനത്തിനും അയ്യപ്പ ഭക്തരുടെ സൗകര്യത്തിനുമായി നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതൊക്കെ ആർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രം, കാടാമ്പുഴ, തിരുനെല്ലി തുടങ്ങിയ പ്രധാന ക്ഷേത്രങ്ങളുടെ വികസനത്തിന് പ്രത്യേക ഇടപെടലുകൾ നടത്തി. വയനാട്ടിലെ തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രത്തിന്റെ വികസനത്തിനായി 12 കോടി രൂപയാണ് സർക്കാർ വകയിരുത്തിയത്. ഇവയെല്ലാം ശരിയായ കാര്യങ്ങളല്ലേ? ഞാൻ ഈ അടുത്തക്കാലത്ത് മട്ടന്നൂരിലുള്ള ശ്രീ മൂദംഗശൈലേശ്വരി ദുർഗ്ഗ ക്ഷേത്രത്തിൽ പോയിരുന്നു. അവിടെ കിഫ്ബിയിലൂടെ ടൂറിസം വകുപ്പ് രണ്ടര കോടി രൂപ ചെലവഴിച്ച് ഒരു വലിയ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്,

ധാരാളം വിശ്വാസികളെ അവിടെ എത്തിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും അവസാനം രൂപീകരിച്ച മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ 1378 ക്ഷേത്രങ്ങളുണ്ടെങ്കിലും വരുമാനമുള്ളവ പത്തോ ഇരുപത്തിയഞ്ചോ എണ്ണം മാത്രമേയുള്ളൂ. വളരെ പരിതാപകരമായ അവസ്ഥയാണ്. അതുപോലെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഏക്കർ കണക്കിന് ഭൂമി തിരിച്ചുപിടിക്കാനുണ്ട്. 24693 ഏക്കർ ഭൂമി കയ്യേറിയതായി മനസ്സിലാക്കുന്നു. ഇത് പരിശോധിക്കാൻ ഒരു ലാൻഡ് കൺസർവേഷൻ യൂണിറ്റും സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. പഴയ മദ്രാസ് ഗവൺമെന്റിന്റെ കാലത്തെ Hindu Religious and Charitable Endowments (Hr and Ce) നിയമവും ചട്ടവുമാണ് ഇന്നും മലബാർ ദേവസ്വം ബോർഡിനെ നയിക്കുന്നത്. ഇത് ഒട്ടനവധി പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ നടത്തിപ്പിന് പരിഷ്കരിച്ച ചട്ടവും നിയമവും ഉണ്ടാക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക കൊടുത്തുതീർക്കാൻ സർക്കാർ ഇടപെടൽ അനിവാര്യമാണ്. കേരളത്തിൽ അഞ്ച് ദേവസ്വം ബോർഡുകളാണുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള

1249 ക്ഷേത്രങ്ങളിൽ 50-ൽ താഴെ ക്ഷേത്രങ്ങൾക്കുമാത്രമേ സ്വന്തം കാലിൽ നിൽക്കാനുള്ള വരുമാനമുള്ളൂ. ബാക്കിയുള്ളവയുടെ അവസ്ഥ വളരെ പരിതാപകരമാണ്. മറ്റൊന്ന്, കൊച്ചിൻ ദേവസ്വമാണ്. അതിന്റെ കീഴിൽ 406 ക്ഷേത്രങ്ങളാണുള്ളത്. അവിടെയും ഇതുതന്നെയാണ് അവസ്ഥ. പത്തോ അൻപതോ ക്ഷേത്രങ്ങളൊഴിച്ചാൽ ബാക്കിയുള്ളവയുടെ വരുമാനം തുലോം കുറവാണ്. കൂടൽമാണിക്യം ദേവസ്വത്തിനുകീഴിൽ 12 ക്ഷേത്രങ്ങളാണുള്ളത്. അവിടെ അത്യാവശ്യം വരുമാനം ലഭിക്കുന്നുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ 11 ക്ഷേത്രങ്ങളാണുള്ളത്, ഏകദേശം 1600 കോടി രൂപ ഡെപ്പോസിറ്റുണ്ട്. എങ്കിലും നിരവധി സഹായങ്ങൾ അവിടെയും ഗവൺമെന്റ് ചെയ്യുന്നതായി കാണാൻ സാധിക്കും. മലബാർ ദേവസ്വം ബോർഡിനുകീഴിലാണ് ഏറ്റവും കൂടുതൽ ക്ഷേത്രങ്ങളുള്ളത്. അവിടെ 1390 ക്ഷേത്രങ്ങളുള്ളതിൽ പത്തോ ഇരുപതോ ക്ഷേത്രങ്ങൾക്കുമാത്രമാണ് വരുമാനമുള്ളത്. അവിടത്തെ പല ക്ഷേത്രങ്ങളിലെയും ജീവനക്കാർക്ക് ഒരു വർഷത്തോളമുള്ള ശമ്പളം കൊടുക്കാനുണ്ട്. അക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യമെടുക്കുകയും വലിയ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നതുകൊണ്ട് നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ

സാധിക്കുന്നുണ്ട്. ശരിക്കും പറഞ്ഞാൽ സാമ്പത്തികമായി സംസ്ഥാന സർക്കാരിനെ തകർക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തുമ്പോഴും ഏറ്റെടുത്ത വികസന ക്ഷേമ പദ്ധതികൾ സർക്കാർ നടപ്പിലാക്കുകയാണ്. അതുകൊണ്ടാണ് ആദ്യമേ പറഞ്ഞത്, നമുക്ക് ഒന്നിച്ചുനിന്നുകൊണ്ട് നമ്മുടെ നാടിനെ എങ്ങനെ മുന്നോട്ടുനയിക്കാമെന്നതുതന്നെയാണ് മുഖ്യമന്ത്രിയുടെ ലക്ഷ്യം. റവന്യൂ വകുപ്പിനെക്കുറിച്ച് പറഞ്ഞല്ലോ; എല്ലാ ആധുനിക സാങ്കേതികവിദ്യകളും ഉപയോഗിച്ചുകൊണ്ട് റവന്യൂ വകുപ്പിനെ മുന്നോട്ടുനയിക്കാൻ സ്മാർട്ട് വില്ലേജോഫീസുകൾ ആരംഭിച്ചു. നിങ്ങൾ ഇതെല്ലാം പരിശോധിക്കേണ്ടതാണ്. പ്രതിപക്ഷത്തുള്ളവർ എന്തോ പറയുന്നുണ്ട്....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, പ്രസംഗം പൂർത്തിയാക്കൂ. അങ്ങോട്ട് ശ്രദ്ധിക്കേണ്ട, ഇങ്ങോട്ട് നോക്കി പറയൂ.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, അവിടെനിന്നും ഒച്ചയുണ്ടാക്കുന്നതുകൊണ്ട് നോക്കിപ്പോയതാണ്. റവന്യൂ വകുപ്പിനെ ഇ-ഓഫീസാക്കി, ഇ-ഡിസ്ട്രിക്കാക്കി മാറ്റുക. വികസനത്തിന്റെ കാര്യത്തിൽ എല്ലാമന്ത്രിമാരും, ശരിക്കുപറഞ്ഞാൽ ആരോഗ്യകരമായൊരു

മത്സരത്തിലൂടെയാണ് നമ്മൾ പോകുന്നത്. അതുകൊണ്ടാണ് കേന്ദ്ര ബി.ജെ.പി. കേന്ദ്രം ഭരിച്ചിട്ടുപോലും പല കാര്യങ്ങളിലും കേരളത്തിന് ഒന്നാം സ്ഥാനത്തെത്താൻ സാധിച്ചത്. കാരണം കൃത്യമായ ഇടപെടലുകൾ, മന്ത്രിമാർ ഓരോ കാര്യങ്ങളും നോക്കുന്നു, മുഖ്യമന്ത്രി അതിനെ മുഴുവൻ കൃത്യമായും മോണിട്ടർ ചെയ്യുന്നു. റവന്യൂ വകുപ്പിലുൾപ്പെടെ, എല്ലാഭാഗത്തും കൃത്യമായ ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായിട്ടാണ് നമുക്ക് ഈയൊരു അവസ്ഥയിലെത്താൻ സാധിച്ചത്. എനിക്ക് പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കാനുള്ളത്, മറ്റ് വിഷയങ്ങളെല്ലാം മാറ്റിവച്ച് സംസ്ഥാനത്തിലെ ജനങ്ങൾക്ക് എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് കൂട്ടായി ആലോചിക്കാം. അന്വേഷണങ്ങൾ അതിന്റെ വഴിക്ക് നടക്കട്ടെ. എന്തിനാണ് അതിനുവേണ്ടി തർക്കങ്ങൾ നടത്തുന്നത്? ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഇന്ന് ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഒന്നാം ഗവൺമെന്റും രണ്ടാം ഗവൺമെന്റും തുടർച്ചയായി

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങളുടെ വകുപ്പുകൾതിരിച്ചുള്ള പ്രോഗ്രസ് റിപ്പോർട്ടുകൾ ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ റവന്യൂ വകുപ്പ് നല്ല നിലയിൽ ഏറ്റവും കാര്യക്ഷമമായി ഇടപ്പെട്ടുകൊണ്ടിരിക്കുകയാണ്. റവന്യൂ വകുപ്പ് പതിനയ്യായിരം പട്ടയം നൽകുന്നതിനുവേണ്ടി ലക്ഷ്യമിടുകയും അത് നാൽപ്പത്തി അയ്യായിരം പട്ടയത്തിലേയ്ക്ക് എത്തിക്കാൻ വേണ്ടി പരിപാടിയിടുകയും ചെയ്തിട്ട് ഇപ്പോൾ 54,353 പട്ടയങ്ങൾ കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്ന പ്രവർത്തനങ്ങളിൽ സജീവമായി ഇടപ്പെട്ടുകൊണ്ട് മുന്നോട്ടുപോകുകയാണ്. വില്ലേജ് തലത്തിലുള്ള ജനകീയ സമിതികൾ രൂപീകരിച്ചുകൊണ്ട് പ്രാദേശികമായ വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപ്പെടലുകൾ നടത്തിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. അതുപ്പോലെതന്നെ ഏകീകരിച്ച തണ്ടപ്പേർ സംവിധാനം വളരെ വിപ്ലവകരമായ നടപടിയാണ്. ഓരോ വ്യക്തികൾക്കും എവിടെയെല്ലാമാണ് ഭൂമി ഉള്ളതെന്ന് ഒരു തണ്ടപ്പേരിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നത് എല്ലാ നിലയിലും നമ്മുടെ നാടിന് പൊതുവായി

പ്രയോജനപ്പെടുന്നതാണ്. അങ്ങനെയുള്ള നടപടികളുമായി മുന്നോട്ടുപ്പോകുന്ന റവന്യൂ വകുപ്പ് വളരെ മാതൃകാപരമായ ഇടപ്പെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ പട്ടികജാതി, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും കാര്യവകുപ്പ് ഒട്ടേറെ ഇടപെടലുകളാണ് ഇവിടെ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുവരുന്നത്. നമുക്കറിയാം നമ്മുടെ സംസ്ഥാനത്ത് ഇന്റർനെറ്റ് കണ്ക്ടിവിറ്റിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, പട്ടിക ജാതി കോളനികളിൽ 1,284- ലിലും പട്ടിക വർഗ്ഗ കോളനികളിൽ 1,054-ലുലും ഇന്റർനെറ്റ് കണക്ടിവിറ്റി സജ്ജീകരിച്ചുകഴിഞ്ഞു. അതുപ്പോലെതന്നെ നമ്മുടെ വിദൂര കോളനികളിലുള്ള കുട്ടികൾക്കും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയുള്ള വലിയ ഇടപ്പെടലുകൾ നടത്തുന്നു. ഇപ്പോൾ നമ്മുടെ പ്രധാനപ്പെട്ട അട്ടപ്പാടിയും തൃശ്ശൂർ ജില്ലയിലെ ആരെക്കാപ്പും ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെല്ലാം ബഹുമാനപ്പെട്ട മന്ത്രി സന്ദർശിച്ച് പ്രത്യേകമായി ഇടപ്പെടൽ നടത്തി നാലര കോടി രൂപ ചെലവാക്കിക്കൊണ്ട് റോഡുകൾ ഉൾപ്പെടെ നിർമ്മിക്കാൻവേണ്ടിയുള്ള ഇടപ്പെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അതുപോലെ ദേവസ്വം വകുപ്പും വളരെ ഫലപ്രദമായ ഇടപെടലുകൾ നടത്തി മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേവസ്വം ബോർഡുകളായ കൊച്ചിൻ ദേവസ്വം ബോർഡ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം ബോർഡ് എന്നിവയുടെ കീഴിൽവരുന്ന പതിനേഴായിരത്തോളം ജീവനക്കാരുടെയും അത്രത്തോളം പെൻഷൻകാരുടെയും ശമ്പളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കോവിഡുകാലത്തും പ്രളയകാലത്തുമൊക്കെ ഉയർന്നുവന്നപ്പോൾ സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്തി. ദേവസ്വം വകുപ്പിന്റെ ഇടപെടലിന്റെ ഭാഗമായി 225 കോടി രൂപയാണ് സംസ്ഥാന സർക്കാർ ഇതിനുവേണ്ടി നീക്കിവയ്ക്കാൻ തയ്യാറായത്. ആ നിലയിൽ എല്ലാ മേഖലകളിലും വലിയ ഇടപെടലുകൾ നടത്തി സർക്കാർ മുന്നോട്ടുപോകുകയാണ്.

ജി.എസ്.ടി.-യും അതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിനർഹമായ നികുതി പണവുമൊന്നും ലഭ്യമാകാത്ത സാഹചര്യത്തിലും അർഹമായ നിരവധി അവകാശങ്ങൾ ലഭ്യമാകാതിരിക്കുന്ന ഘട്ടത്തിലുമൊക്കെ ഒരുതരത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും ക്ഷീണം സംഭവിക്കാത്ത

നിലയിലുള്ള ഇടപെടൽ നടത്തി ധനകാര്യ വകുപ്പും മുന്നോട്ടുപോകുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അന്നുണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളെല്ലാം തകരാറിലാക്കപ്പെട്ടു. വൃദ്ധർക്കും വിധവകൾക്കും പെൻഷൻ കൊടുക്കാതെ വളരെ പ്രയാസപ്പെട്ട ഒരു കാലമുണ്ടായിരുന്നു. അക്കാലത്ത് മാധ്യമങ്ങളിലൂടെയും മറ്റും അതുമായി ബന്ധപ്പെട്ട ഒട്ടേറെ ചർച്ചകൾ കേരളത്തിൽ ഉയർന്നുവന്നിരുന്നു. മനുഷ്യത്വരഹിതമായ പ്രവർത്തനമാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നതെന്നാണ് അന്നത്തെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജെ. ബി. കോശി ഉൾപ്പെടെയുള്ളവർ പറഞ്ഞത്. ഇങ്ങനെയുള്ള നിരവധി സംഭവങ്ങൾ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്നു. ഇത്രയേറെ പ്രതികൂലമായ സാഹചര്യത്തിലും കേരളത്തിലെ ധനകാര്യ വകുപ്പ് സാമൂഹ്യ സുരക്ഷാ പദ്ധതികൾ സംരക്ഷിച്ച് അതിന്റെ പണം കൃത്യമായി വീടുകളിലെത്തിച്ചുകൊടുക്കുകയാണ്. കേരളത്തിൽ ഇത്രയേറെ സാമ്പത്തിക ഞെരുക്കവും മറ്റുമുണ്ടായിട്ടും എല്ലാ നിലയിലും ഫലപ്രദവും പ്രായോഗികവുമായ ഇടപെടൽ നടത്തി ധനകാര്യ വകുപ്പ് മുന്നോട്ടുപോകുകയാണ്. ആ നിലയിൽ കേരളത്തിലെ എല്ലാ

മേഖലകളിലുമുള്ള വികസന പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടാകാൻവേണ്ടി ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായിട്ടുള്ള ധനാഭ്യർത്ഥനകളെ വീണ്ടും ഞാൻ പിന്തുണയ്ക്കുകയാണ്. ഇപ്പോൾ നിയമസഭയിൽ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമ്പോൾ ഇത്തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിലെ ജനങ്ങൾ ചർച്ച ചെയ്യാൻ പാടില്ല. അതിനുവേണ്ടി ഇല്ലാത്ത വിഷയങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് നിരന്തരം പ്രശ്നങ്ങളും ആക്രമണങ്ങളുമുണ്ടാക്കി ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനുള്ള ഇടപെടലിലേയ്ക്കാണ് പ്രതിപക്ഷം നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. എത്രതവണ ചർച്ച ചെയ്യപ്പെട്ട പ്രശ്നങ്ങളാണ് ഇപ്പോഴും യു.ഡി.എഫ്. കൊണ്ടുനടക്കുന്നത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പ് ഒന്നൊന്നര വർഷം തുടർച്ചയായി ഇവിടത്തെ മാധ്യമങ്ങളുടെയെല്ലാം പിന്തുണയോടെ യു.ഡി.എഫ്., ബി.ജെ.പി., എസ്.ഡി.പി.ഐ., ആർ.എസ്.എസ്. തുടങ്ങിയ എല്ലാ ശക്തികളുംചേർന്ന് ഇല്ലാക്കഥകൾ മെനഞ്ഞ് ഒട്ടേറെ ആക്രമണ സമരങ്ങൾ നടത്തി സെക്രട്ടേറിയറ്റിനുമുമ്പിലും മറ്റ് പലസ്ഥലങ്ങളിലും വലിയ സമരങ്ങളും പ്രതിഷേധങ്ങളുമുണ്ടാക്കി തെരഞ്ഞെടുപ്പിലേയ്ക്കുവരുന്ന ഘട്ടത്തിൽ

മുഖ്യമന്ത്രിയെ ചോദ്യം ചെയ്യിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ ഓഫീസിലേയ്ക്ക് അന്വേഷണം എത്തിക്കുന്നതിനുള്ള നീക്കങ്ങൾ നടത്തിയതുമെല്ലാം നാം കണ്ടതാണ്. അങ്ങനെ ഗവൺമെന്റിനെയും ആ ഗവൺമെന്റ് നേതൃത്വം കൊടുക്കുന്ന മുന്നണിയെയും ദുർബ്ബലപ്പെടുത്താൻ നടത്തിയ വലിയ പരിശ്രമങ്ങളെയെല്ലാം കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞ് ജനക്ഷേമ വികസന പദ്ധതികളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ സംരക്ഷിക്കാൻവേണ്ടി കഴിഞ്ഞ കാലഘട്ടങ്ങളിൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും വളരെ ആവേശപൂർവ്വം ജനങ്ങൾ മുന്നോട്ടുവരുന്നത് കണ്ടു. ആ വികസന പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടാകണമെന്നുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ജനങ്ങൾ ഈ ഗവൺമെന്റിന് വോട്ട് ചെയ്തത്. ആ ജനങ്ങളുടെ ആഗ്രഹത്തിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളിലേയ്ക്കാണ് കേരളത്തിലെ ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇവിടെയിപ്പോൾ എന്താണ് പ്രശ്നം; പുതുതായി എന്തെങ്കിലും വെളിപ്പെടുത്തിയിട്ടുണ്ടോ? രാജ്യദ്രോഹ കുറ്റം ചെയ്തതിന്റെ പേരിൽ ഒരു സ്ത്രീ പിടിക്കപ്പെട്ടു. അതിന്റെ ഭാഗമായി നിയമപരമായ

നടപടിയിലേയ്ക്ക് നീങ്ങിയതിനാൽ അവർക്ക് ജയിലിൽ കിടക്കേണ്ടിവന്നു. ആ ഘട്ടത്തിലും അവർക്കിടയിൽ സമ്മർദ്ദങ്ങളുണ്ടാക്കി ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്താനുള്ള പരിശ്രമങ്ങൾ നടത്തി. എന്നാൽ അത് പരാജയപ്പെട്ടുവെന്ന് അവർതന്നെ അന്ന് പറഞ്ഞിട്ടുണ്ട്. അവർ പുറത്തിറങ്ങിയതിനുശേഷവും അവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഗവൺമെന്റിനെതിരായി ഇപ്പോൾ സ്വീകരിക്കുന്ന നടപടികളെല്ലാം കേരളത്തിൽ ശാന്തമായിരുന്ന് പത്രം വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. ആ ഒരു ഘട്ടത്തിലാണ് ഇവർ വീണ്ടും തെറ്റിദ്ധാരണകൾ പരത്തിയും ഉത്തരങ്ങൾക്ക് അർഹതയില്ലാത്ത കുറേ ചോദ്യങ്ങൾ ചോദിച്ചും പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ വീണ്ടും പിന്തുണയ്ക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, ചരക്ക് സേവന നികുതി, കാർഷികാദായ നികുതി, വില്പന നികുതി, ഭൂ നികുതി, ജില്ലാ ഭരണവും പലവകയും, ഭവന നിർമ്മാണം, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം, പലവക സാമ്പത്തിക സർവ്വീസുകൾ എന്നിവയെ സംബന്ധിച്ച ധനാഭ്യർത്ഥനകളെ എനിക്ക് എതിർക്കാതിരിക്കാൻ സാധിക്കില്ല. കാരണം, എതിർക്കാതിരുന്നാൽ

തിരിച്ച് മണ്ഡലത്തിലേയ്ക്ക് പോകാൻ കഴിയാത്ത അവസ്ഥയുണ്ടാകും. എന്റെ നിയോജകമണ്ഡലത്തിൽ കട്ടിപ്പാറ പഞ്ചായത്തിലെ രണ്ടാം വാർഡിൽ മാവുള്ള പൊയിൽ എന്നപ്രദേശത്ത് വളരെ അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന കൂറ്റൻ പാറക്കല്ലുകൾ അടിയന്തരമായി പൊട്ടിച്ചുനീക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മാസങ്ങൾക്കുമുമ്പ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് ഞാനൊരു അപേക്ഷ നൽകിയിരുന്നു. അദ്ദേഹം കളക്ടറെ വിളിച്ചുപറയുമെന്നും പറഞ്ഞിരുന്നു. രണ്ടുവർഷംമുമ്പ് വെള്ളപ്പാച്ചിലിൽ സ്ഥാനഭ്രംശം സംഭവിച്ച കൂറ്റൻ പാറ പ്രദേശവാസികളുടെ ഉറക്കം കെടുത്തിക്കൊണ്ട് മുകളിൽ നിൽക്കുകയാണ്. അതിന്റെ താഴെ ഏകദേശം 12 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അടിയന്തരമായി പാറ പൊട്ടിച്ച് നീക്കണമെന്നാവശ്യപ്പെട്ട് അങ്ങയുടെ വില്ലേജാഫീസിലെ തഹസിൽദാർക്കും ജില്ലാ കളക്ടർക്കും കത്തുനൽകി. പാറ പൊട്ടിച്ച് മാറ്റുന്നതിന് 25 ലക്ഷം രൂപ ചെലവുവരും. കളക്ടർക്ക് 10 ലക്ഷം രൂപവരെ മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അദ്ദേഹം കളക്ടറെ

വിളിച്ചുപറഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. 15 ലക്ഷം രൂപയുടെ വ്യത്യാസത്തിലാണ് അതിരുവരെ നടക്കാത്തത്. ഏതെങ്കിലുമൊരു ദുരന്തമുണ്ടായതിനുശേഷം പറഞ്ഞിട്ട് കാര്യമില്ല. പഴയ കാലത്ത് വലിയ ദുരന്തമുണ്ടായ പ്രദേശമാണ് കട്ടിപ്പാറ. എത്രയോ കുടുംബങ്ങൾ മണ്ണിനടിയിൽപ്പെട്ട് മരിച്ചത് നമുക്ക് ഓർമ്മയുണ്ട്. അതുകൊണ്ട് ഒരു ദുരന്തത്തിന് കാത്തുനിൽക്കാതെ ആ പാറ പൊട്ടിച്ചുനീക്കുന്നതിന് 25 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കട്ടിപ്പാറ പഞ്ചായത്തിലെ 14, 15 വാർഡുകളിലെ രണ്ടുകണ്ടി, വട്ടച്ചുഴലി പുറമ്പോക്ക് വിഷയത്തിൽ 44 കുടുംബങ്ങളുടെ സ്ഥലത്തിന് നികുതി സ്വീകരിക്കാത്തതും റവന്യൂ വകുപ്പിൽനിന്നുള്ള രേഖകൾ ലഭിക്കാത്തതും കാരണം അവർക്ക് വലിയ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മന്ത്രി തിരുവനന്തപുരത്ത് വിളിച്ചുകൂട്ടിയ യോഗത്തിലും അല്ലാതെയും ഇതുസംബന്ധിച്ച കത്തുകൾ ഞാൻ നൽകിയിട്ടുണ്ട്. കട്ടിപ്പാറ ചമൽ ദേശം ഏഴാം വാർഡിൽ കട്ടയാട്ടുമ്മൽ മിച്ചഭൂമിയിൽ 30 വർഷമായി വീടുവച്ച് താമസിക്കുന്ന 24 കുടുംബങ്ങൾക്ക്

പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതെല്ലാം വളരെ കാലപ്പഴക്കമുള്ള കാര്യങ്ങളാണ്. അങ്ങ് വന്നതിനുശേഷം അതിനൊക്കെ പരിഹാരമുണ്ടാകുമെന്ന വിശ്വാസത്തിലാണ് ഞങ്ങൾ ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. ഈ മാസം 7-ാം തീയതി അങ്ങ് വീണ്ടും യോഗം വിളിച്ചിട്ടുണ്ട്. ആ യോഗത്തിൽ ഇക്കാര്യങ്ങൾക്ക് തീർപ്പുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡാഷ് ബോർഡിൽ ഇതിനുള്ള അപ്ഡേഷനുണ്ടാകുമെന്ന് പറഞ്ഞിരുന്നെങ്കിലും അതിൽ നോക്കിയിട്ട് ഒന്നും കാണുന്നില്ല. പ്രസ്തുത മൂന്ന് വിഷയങ്ങളും ഡാഷ് ബോർഡിൽ കാണാത്തതുകൊണ്ടാണ് അങ്ങയോട് നേരിട്ട് പറയുന്നത്. ഡാഷ് ബോർഡ് ഇപ്പോൾ നോക്കിയിട്ട് കാര്യമില്ല. അങ്ങുതന്നെ ഇതിന് മുൻകയ്യെടുക്കണം.

കഴിഞ്ഞവർഷം കോട്ടയം ജില്ലയിലെ കൂട്ടിക്കലിലും ഇടുക്കി ജില്ലയിലെ കൊക്കയാറിലും ഉരുൾപൊട്ടലുണ്ടാക്കിയ ദുരന്തം ഇനിയും വിട്ടുമാറിയിട്ടില്ല. 20 ജീവനുകളാണ് അവിടെ നഷ്ടപ്പെട്ടത്. രണ്ടിടത്തായി 500 വീടുകൾ പൂർണ്ണമായും 2000 വീടുകൾ ഭാഗികമായും തകർന്നു. ഈ ദുരന്തമുണ്ടായി 8 മാസം കഴിഞ്ഞിട്ടും അവർക്ക് ആശ്വാസം എത്തിക്കുന്നതിന് സാധിച്ചിട്ടില്ല.

ഇപ്പോൾ ആ പാവങ്ങൾക്ക് ജപ്തി നോട്ടീസും വന്നുകൊണ്ടിരിക്കുന്നു. വീടുകൾ പുനർനിർമ്മിച്ച് നൽകാനോ പുനരധിവാസത്തിനോ ഉള്ള ശ്രമങ്ങൾ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

Intergovernmental Panel on Climate Change ഫെബ്രുവരിയിൽ പുറത്തിറക്കിയ 6-ാം റിപ്പോർട്ടിൽ അറബിക്കടലിലെ താപവർദ്ധന മറ്റെല്ലാ സമുദ്രങ്ങളിലേതിനെക്കാളും അധികമാണെന്ന് വ്യക്തമാക്കുന്നു. നമ്മുടെ കടലിന്റെ താപം കൂടിക്കൂടി വരികയാണ്. കേരളത്തെ സ്പർശിക്കുന്ന തെക്കുകിഴക്കൻ കടലിലാണ് താപവർദ്ധന കൂടുതലുള്ളത്. അതുകൊണ്ടുതന്നെ ചുഴലിക്കാറ്റും പ്രവചനാതീതമായ മഴയും ഇടിയും മിന്നലും ഉഷ്ണതരംഗങ്ങളുമൊക്കെ സംഭവിക്കുന്ന ഒരു പ്രദേശമായി കേരളം മാറുമെന്നാണ് അവർ മുന്നറിയിപ്പ് നൽകുന്നത്. ശ്രദ്ധേയമായ ഈ അവസ്ഥയെ മറികടക്കുന്നതിനും ദുരന്തം ലഘൂകരിക്കുന്നതിനും എന്ത് ദീർഘവീക്ഷണത്തോടുകൂടിയുള്ള നടപടിയാണ് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് അറിയാൻ ആഗ്രഹമുണ്ട്. ഓരോ ദുരന്തങ്ങളും വന്നുകഴിയുമ്പോഴാണ് ഇത്തരം കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാറുള്ളത്.

ഇനി നമ്മുടെ സാമ്പത്തികാവസ്ഥയെക്കുറിച്ച് രണ്ടുവരി പറഞ്ഞുകൊണ്ട് നമ്മൾ എവിടെ നിൽക്കുന്നുവെന്നുള്ളത് ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തിന്റെ കടം 2017-ൽ 1,89,869 കോടി രൂപയായിരുന്നു. 2022-ൽ അത് 3,39,939 കോടി രൂപയാണ്. അതായത്, 79 ശതമാനം വർദ്ധനവാണുണ്ടായിട്ടുള്ളത്. ബഡ്ജറ്റിനകത്തുനിന്നും പുറത്തുനിന്നും കടമെടുത്ത് പാപ്പരായ ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. കിഫ്ബി 11,960 കോടി രൂപയാണ് ഈ സെപ്റ്റംബർ വരെ കടമെടുത്തിരിക്കുന്നത്. സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിന് രൂപീകരിച്ച കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി 2016 മുതൽ 2022 മേയ് മാസം വരെ 32,000 കോടി രൂപ കടമെടുത്തു. ഇവർ എടുത്ത വായ്പകൾക്കുള്ള ജാമ്യം സർക്കാർ പിൻവലിച്ചുകഴിഞ്ഞു. ബഡ്ജറ്റിന് പുറത്തുനിന്ന് കടമെടുക്കുന്നത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടുവന്നാൽ ഇനി ഒരിക്കലും നമുക്ക് വായ്പയെടുക്കാൻ കഴിയാതെ നിത്യച്ചെലവിനുപോലും വകയില്ലാതെ അടുപ്പിൽ വെള്ളം വച്ച് തിളപ്പിക്കാനല്ലാതെ അരി വേവിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്കാണ് നമ്മൾ പൊയ്ക്കൊണ്ടിരിക്കുന്നത്. വെറുതെ ഇങ്ങനെ

തിളച്ചുകൊണ്ടിരിക്കും; അരി വേവില്ല എന്നുള്ളത് കേരളത്തിന്റെ ഒരവസ്ഥയായി മാറാൻ പോവുകയാണ്.

ജി.എസ്.ടി. നഷ്ടപരിഹാരം ഈ വർഷവും റവന്യൂ കമ്മി ഗ്രാന്റ് അടുത്തവർഷവും നിർത്തുമ്പോൾ സംസ്ഥാനത്തിന്റെ അവസ്ഥയെന്താകുമെന്ന് ആലോചിക്കണം. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 37 ശതമാനം കേന്ദ്രത്തിൽ നിന്ന് ലഭിക്കും. 2021-22-ലെ റവന്യൂ വരുമാനം 1,16,546 കോടി രൂപ. ഇതിൽ 30,004 കോടി രൂപ കേന്ദ്രത്തിൽ നിന്ന് ലഭിച്ചതാണ്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും ജി.എസ്.ടി. നഷ്ടപരിഹാരവും മറ്റ് ഗ്രാന്റുകളും കൂടാതെ കേന്ദ്രത്തിന്റെ നികുതി വിഹിതമായി 1296 കോടി രൂപ കൂടി ലഭിക്കുന്നു. കഴിഞ്ഞവർഷം കടം വാങ്ങിച്ച തുക 42,785 കോടി രൂപയാണ്. യാതൊരു നിയന്ത്രണവുമില്ലാതെ ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ നമുക്ക് വേണ്ടാത്ത കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതിന് വലിയ പ്രശ്നങ്ങളൊന്നുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....അങ്ങയുടെ സമയം കഴിഞ്ഞു... അവസാനിപ്പിക്കുക.

ഡോ. എം. കെ. മുനീർ: സർ, കന്നുകാലി ഷെഡ്ഡ് പുതുക്കി പണിയുന്നതിനും പുതിയ കാറുകൾ വാങ്ങുന്നതിനും ഹരിതകേരളം മിഷൻ സി.ഇ.ഒ.-യുടെ ശമ്പളം ഇരട്ടിയാക്കുന്നതിലും പ്രശ്നമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: .....പ്ലീസ് ....സമയം കഴിഞ്ഞു....

ഡോ. എം. കെ. മുനീർ: സർ, ഇതൊന്ന് തീർക്കട്ടെ.. ഞാൻ അകത്താണോ പുറത്താണോ .... ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. 'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന നവകേരള ലക്ഷ്യത്തിനുവേണ്ടിയുള്ള മികച്ച പ്രവർത്തനങ്ങളാണ് റവന്യൂ വകുപ്പ് നടത്തുന്നത്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്ന ആദ്യ നൂറുദിനത്തിൽ ലക്ഷ്യമിട്ടത് 12000 പട്ടയങ്ങളാണങ്കിലും 13000-ത്തിലധികം വരുന്ന പട്ടയങ്ങൾ ആദ്യ നൂറുദിനത്തിൽ വിതരണം ചെയ്തു. രണ്ടാം നൂറുദിനത്തിൽ എത്തിയപ്പോൾ 15000 ലക്ഷ്യമിട്ടു. എന്നാൽ 37000-ത്തിലധികം വരുന്ന പട്ടയങ്ങൾ .... അങ്ങനെ ചരിത്രത്തിൽ ആദ്യമായി 50000-ത്തിലധികം വരുന്ന

പട്ടയങ്ങളാണ് ഒരുവർഷം കൊണ്ട് ഈ സർക്കാർ കൊടുത്തത്. പട്ടയം നഷ്ടപ്പെട്ട് അതിന്റെ രേഖകൾ കിട്ടാൻവേണ്ടി അലയുന്ന ആളുകളെ നമ്മൾ കണ്ടിട്ടുണ്ട്. എന്നാൽ ഇനിമുതൽ അതുണ്ടാവില്ല. 'ഇ-പട്ടയം' എന്ന സംവിധാനത്തിലൂടെ പട്ടയം നഷ്ടപ്പെട്ടാലും അതിന്റെ രേഖ നഷ്ടപ്പെടാത്ത രീതിയിലേയ്ക്ക് ഈ സർക്കാർ മാറിയിരിക്കുന്നു. പതിറ്റാണ്ടുകളായി കൈവശമുള്ള ഭൂമിക്ക് ഒരു രേഖയുമില്ലാതെ വേദനയോടെ നടന്ന മനുഷ്യരുടെ കണ്ണീരൊപ്പി അവരുടെ കണ്ണുകളിൽ പുഞ്ചിരി വിടർത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. റവന്യൂ അസംബ്ലി അടക്കമുള്ള കാര്യങ്ങൾ ഓരോ ജില്ലകളിലെയും പ്രത്യേകമായ പ്രശ്നങ്ങൾ അവിടത്തെ എം.എൽ.എ.-മാരെയും റവന്യൂ, സർവ്വേ, ഭവനനിർമ്മാണം, ദുരന്തനിർമ്മാണം എന്നീ വകുപ്പുകളിലെ എല്ലാ ഉദ്യോഗസ്ഥരെയും വിളിച്ച് ഓരോ പ്രശ്നങ്ങളും ചർച്ച ചെയ്ത് വളരെ വേഗത്തിൽ പരിഹരിക്കുന്ന റവന്യൂ വകുപ്പുമന്ത്രിയെ ഈ ഘട്ടത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. വില്ലേജ് വികസന സമിതിയടക്കം നിരവധിയായുള്ള കാര്യങ്ങളിലൂടെ റവന്യൂ വകുപ്പ് ജനകീയവും ആധുനികവുമാകുന്ന പ്രവർത്തനങ്ങൾ നടത്തുകയാണ്. കേരളത്തിലെ ഏറ്റവും വലിയ ഭൂപ്രശ്നത്തിന് വലിയ പരിഹാരമാണ്

ഡിജിറ്റൽ റീ-സർവ്വേ. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 807 കോടി രൂപയിലധികം അനുവദിച്ച് CORS സോഫ്റ്റ്വെയർ മുഖാന്തരം വലിയ രീതിയിലുള്ള സംവിധാനമാണ് ഡിജിറ്റൽ റീസർവ്വേയ്ക്ക് നടത്തിയിട്ടുള്ളത്. അതോടൊപ്പംതന്നെ റീ-സർവ്വേ കഴിയാത്ത പട്ടാമ്പി വില്ലേജുകൂടി അതിലുൾപ്പെടുത്തണമെന്ന് റവന്യൂ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഡിജിറ്റൽ റീ-സർവ്വേ പൂർത്തിയാകുന്നതോടുകൂടി e-maps-ഉം ReLIS-ഉം Pearl-ഉം എല്ലാ സോഫ്റ്റ്വെയറുകളും ഒരു പുതിയ പോർട്ടലിലേയ്ക്ക് വരികയും ചെയ്യുമ്പോൾ വലിയ മാറ്റമാണ് ഈ മേഖലയിൽ ഉണ്ടാകാൻ പോകുന്നത്. ഇനി സർവ്വേയുടെ കാര്യം പറഞ്ഞ് ആളുകളുടെ സമയം പോകുകയില്ല. അതിനുള്ള വലിയ മാറ്റം വളരെ സമയബന്ധിതമായിട്ടാണ് സൃഷ്ടിച്ചെടുക്കുന്നത്. ഇങ്ങനെയുള്ള നിരവധി പ്രവർത്തനങ്ങൾ ഈ സർക്കാർ നടത്തുമ്പോൾ ഈ സർക്കാരിനെ തകർക്കാൻവേണ്ടി പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ബോധപൂർവ്വമായിട്ടുള്ള കലാപങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സഭയിൽ ശബ്ദമില്ലാത്ത ആളുകളുടെ ശബ്ദം, സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ശബ്ദം കേൾപ്പിക്കേണ്ട ഉത്തരവാദിത്വപ്പെട്ട ആളാണ്

നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്. എന്നാൽ വളരെ വേദനയോടുകൂടി പറയട്ടെ, ഈ സഭയിൽ ശബ്ദമില്ലാത്ത ബി.ജെ.പി.-യുടെ ശബ്ദം കേൾപ്പിക്കാനാണ് പ്രതിപക്ഷനേതാവ് നിൽക്കുന്നുവെന്നതിൽ വേദനയുണ്ട്. അധികാരം നഷ്ടപ്പെട്ടതിന്റെ ഭാഗമായി ഈ സർക്കാരിനെ തകർക്കാൻവേണ്ടി ഏതൊക്കെ തരത്തിലുള്ള ശ്രമങ്ങളാണ് ബി.ജെ.പി.-യുമായി ചേർന്നുകൊണ്ട് നടത്തുന്നത്. കേന്ദ്ര അന്വേഷണ ഏജൻസികളെ ഉപയോഗിച്ചുകൊണ്ട് പ്രതിപക്ഷകക്ഷികളെ തകർക്കാൻവേണ്ടി ഇൻഡ്യയിലാകെ ശ്രമിക്കുമ്പോൾ കേരളത്തിൽ വരുമ്പോൾ ആ അന്വേഷണ ഏജൻസികൾ യു.ഡി.എഫ്.-ന് ഏറ്റവും നല്ല കക്ഷികളായി മാറുകയാണ്. സി.ബി.ഐ. അന്വേഷണം വേണമെന്നാണ് ഇവിടെ പ്രതിപക്ഷനേതാവ് പറഞ്ഞത്. എന്നാൽ സി.ബി.ഐ.-യെ വെള്ളപൂശുകയാണ് ചെയ്യുന്നത്. ചിദംബരത്തിനെതിരെയും കാർത്തി ചിദംബരത്തിനെതിരെയും ഡി. കെ. ശിവകുമാറിനെയുമൊക്കെ ജയിലിലിട്ട സി.ബി.ഐ.-യെ വളരെയേറെ ശക്തമായിട്ടാണ് കേന്ദ്രത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എതിർക്കുന്നത്. രാഷ്ട്രീയ നിലപാടില്ലാതെ ഇരട്ടത്താപ്പിന്റെ രാഷ്ട്രീയമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനുണ്ടായിരിക്കുന്നത്. ഇ.ഡി.-യെക്കുറിച്ച്

ഇലക്ഷൻ ഡിപ്പാർട്ടുമെന്റെന്നും സി.ബി.ഐ.-യെക്കുറിച്ച് Compromised Bureau of Investigation എന്ന് രൺധീപ് സുർജയ്‌വാല എന്ന കോൺഗ്രസ്സിന്റെ വക്താവാണ് പറഞ്ഞത്. എന്നാൽ കേരളത്തിൽ ഇ.ഡി.-യെ അനുകൂലിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ എന്തുകൊണ്ട് ഇ.ഡി. അന്വേഷണം കൊണ്ടുവരുന്നില്ലെന്നാണ് ശ്രീ. രാഹുൽ ഗാന്ധിപോലും ചോദിക്കുന്നത്. കേരളത്തിലെ പ്രതിപക്ഷത്തിന്റെ നിലവാരത്തിലേയ്ക്ക് ദേശീയ നേതാവായ രാഹുൽ ഗാന്ധിപോലും തരംതാഴ്ന്ന രീതിയിലേയ്ക്ക് മാറിയിരിക്കുകയാണ്. മുൻ തൃത്താല അംഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി എൻ.ഐ.എ.-യുടെ അന്വേഷണം വേണമെന്നാണ് പറഞ്ഞത്. എൻ.ഐ.എ. ആക്ട് unconstitutional ആണെന്നും അത് repeal ചെയ്യണമെന്നും പറഞ്ഞ് സുപ്രീംകോടതിയിൽ പോയത് ഛത്തീസ്ഗഡിലെ തെരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ് ഗവൺമെന്റാണ്. രാഷ്ട്രീയ ഇരട്ടത്താപ്പ് കേരളത്തിലെത്തുമ്പോൾ ഇത്തരത്തിലുള്ള സമീപനമാണ് അവർ കാഴ്ചവയ്ക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട ബി.ജെ.പി. വിരുദ്ധ സർക്കാരുകളെ ഇല്ലാതാക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ബി.ജെ.പി.യും ആർ.എസ്.എസ്.-ഉം സംഘപരിവാർ സംഘടനകളും ഇപ്പോൾ

തുടങ്ങിയതല്ല; അത് മഹാരാഷ്ട്രയിലടക്കം നടന്നുകഴിഞ്ഞു. മഹാരാഷ്ട്രയിൽ ഇത്രയും വലിയ രാഷ്ട്രീയ നാടകം നടക്കുന്ന സമയത്ത് രാജ്യത്തിന്റെ പ്രധാനപ്പെട്ട പ്രതിപക്ഷ പാർട്ടിയുടെ നേതാവായ ശ്രീ. രാഹുൽ ഗാന്ധി അതിനെതിരെ ശബ്ദിക്കുകയും അത്തരത്തിൽ നേതൃപരമായ പങ്ക് വഹിക്കുകയും ചെയ്യുന്നതിനുപകരം കേരളത്തിൽ വന്ന് സ്ട്രീറ്റ് ഫുഡ് ആസ്വദിക്കുകയും കേരളത്തിലെ ഗവൺമെന്റിനെ കുറ്റം പറയുകയുമാണ് ചെയ്തത്. ഏറ്റവും അവസാനം അദ്ദേഹം ബഫർ സോണിനെക്കുറിച്ച് ഈ സർക്കാരിനെതിരായി പറയുകയാണ്. കോൺഗ്രസിന്റെ നേതാവായ ശ്രീ. രാഹുൽ ഗാന്ധി ഈ നാടിനോട് മാപ്പ് പറയണം. ഈ രാജ്യത്ത് ബഫർ സോൺ 0-10 കിലോമീറ്ററാക്കി ആദ്യം കൊണ്ടുവന്നത് 2011-ലെ കോൺഗ്രസ് സർക്കാരാണ്. അന്ന് ശ്രീ. ജയറാം രമേശാണ് മന്ത്രി. 0-10 കിലോമീറ്റർ വരെ ഇക്കോ സെൻസെറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിന് മുമ്പിൽ നിന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് സർക്കാരും അന്നത്തെ കോൺഗ്രസിന്റെ മന്ത്രിയുമാണ്. അങ്ങനെ ചെയ്തവർ ഇപ്പോൾ ഈ സർക്കാരിനെക്കുറിച്ച് കുറ്റം പറയുകയാണ്. ഒരു കിലോമീറ്ററിൽ താഴെ ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കണമെന്നാണ് ഈ സർക്കാരിന്റെ നിലപാട്.

എന്നാൽ ശ്രീ. രാഹുൽ ഗാന്ധിപോലും നിലപാടില്ലാത്ത അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്.

ഓരോരോ വിഷയങ്ങളിൽ പ്രതിപക്ഷമെടുക്കുന്ന നിലപാടുകൾ ഏതൊക്കെ തരത്തിലുള്ളവയാണ്. ഇപ്പോൾ നടന്ന അതിക്രമങ്ങളെ ഒന്ന് അപലപിക്കാൻ പോലും അവർ തയ്യാറാവുന്നില്ല. നമ്മുടെ രാജ്യം ഏറ്റവും വലിയ അപകടത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന സമയത്താണ് ഒരു ദേശീയ പാർട്ടി രാഷ്ട്രീയമില്ലാതെ ഇത്രയും തരംതാഴ്ന്ന രീതിയിലേയ്ക്ക് മാറുന്നത്. നമ്മുടെ രാജ്യത്ത് സ്ഥിരം തൊഴിലുകൾ ഇല്ലാതെയായി. ഇന്ത്യൻ സൈന്യത്തിലെ നിയമനങ്ങൾപോലും കരാർ അടിസ്ഥാനത്തിൽ മാറ്റിക്കൊണ്ടും സൈന്യത്തിൽ പ്രവർത്തിക്കുന്നവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും കൊടുക്കാതെയും അവർക്ക് സാലറി വളരെക്കുറച്ച് കൊടുക്കാൻ വേണ്ടിയും 'അഗ്നിപഥ് പദ്ധതി നടപ്പിലാക്കുമ്പോൾ അതിനെതിരെ ദേശീയതലത്തിൽ സമരം ചെയ്യുന്നതിനുപകരം കേരളത്തിലെ ഇടതുപക്ഷത്തെ തകർക്കാൻ കോൺഗ്രസിന്റെ ദേശീയ നേതാക്കൾപോലും ഇവിടെവന്ന് ഇടപെടുന്നു. ഇതിൽനിന്നും എന്താണ് ഇവരുടെ രാഷ്ട്രീയത്തെ സൂചിപ്പിക്കുന്നത്? വംശീയകൂട്ടക്കൊലയ്ക്ക് ഭീഷണി

നേരിടുന്ന നാടായി ഇന്ത്യ മാറിയിരിക്കുന്നുവെന്നതാണ് നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ അപകടം. ഇന്ത്യയിൽ കൂട്ടക്കൊലകൾ (മാസ് കില്ലിംഗ്) ഉടൻ നടക്കാനുള്ള സാധ്യതയുണ്ടെന്നാണ് Holocaust Memorial Museum തെളിവുകളുടെ അടിസ്ഥാനത്തിൽ പറയുന്നത്. അതിന്റെ അടയാളങ്ങളായിട്ടുള്ള Hate speech-കൾ വളരെയേറെ വർദ്ധിച്ചിരിക്കുകയാണ്. 2014 മുതൽ അധികാരത്തിൽ വന്നതിനുശേഷം വലിയ നേതൃത്വത്തിലുള്ള മന്ത്രിമാരടക്കം Hate speech നടത്തുന്ന അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. സമയക്കുറവുള്ളതുകൊണ്ട് ഞാൻ ഓരോ വിഷയങ്ങളും എടുത്തുപറയുന്നില്ല. ഇവിടെയുള്ള കേന്ദ്രമന്ത്രി എന്തിനാണെന്ന് നമുക്കാർക്കും അറിയില്ല. സ്വർണ്ണക്കടത്ത് എന്ന രാജ്യദ്രോഹം ചെയ്തയാളുടെ കൂഴലൂത്തുകാരനായി അദ്ദേഹം മാറിയിരിക്കുകയാണ്. ഈ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഇടപെടാതെ അദ്ദേഹം അനാവശ്യമായ കാര്യങ്ങളിലിടപെട്ട് ഡിപ്ലോമാറ്റിക് ബാഗേജ് അല്ലെന്നുള്ള കാര്യങ്ങൾ പറഞ്ഞ് രാജ്യദ്രോഹക്കുറ്റത്തിന് കൂട്ടുനിൽക്കുകയും ചെയ്യുകയാണ്. അതിനെ ചോദ്യം ചെയ്യാൻ പ്രതിപക്ഷത്തിന് കഴിയില്ലെന്നുള്ളത് വളരെ അപമാനകരമായിട്ടുള്ള

കാര്യമാണെന്നുകൂടി പറയാനാഗ്രഹിക്കുന്നതോടൊപ്പം ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, കാൽനൂറ്റാണ്ട് ലക്ഷ്യമിട്ടുള്ള അടിസ്ഥാന സൗകര്യവികസനത്തിന് ശിലയിടുന്ന പദ്ധതികളാണ് ഇത്തവണത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അത് എൽ.ഡി.എഫ്. സർക്കാർ ഘട്ടംഘട്ടമായി ഏറ്റെടുക്കുകയുമാണ്. തൊഴിലവസരം ഉയർത്താനും വിജ്ഞാന സമൂഹത്തിലേയ്ക്കുള്ള പരിവർത്തനത്തിനുമുള്ള പദ്ധതികൾക്കാണ് ഈ സർക്കാർ ഊന്നൽ നൽകുന്നത്. ഇതിന്റെ വിജയകരമായ പൂർത്തീകരണത്തിനായി ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെ കാലാവധി നീട്ടേണ്ടത് എല്ലാ സംസ്ഥാനങ്ങളുടെയും ആവശ്യമാണ്. ജൂണിൽ കാലാവധി അവസാനിച്ചാൽ നമ്മുടെ സംസ്ഥാനത്തിനം ഏതാണ്ട് 12,000 കോടി രൂപയുടെ നഷ്ടം കണക്കാക്കുകയാണ്. ജി.എസ്.ടി.-യിൽ സംസ്ഥാനങ്ങളുടെ വിഹിതം ഉയർത്തുകയും സംസ്ഥാന ജി.എസ്.ടി. നിരക്കുകളിൽ ചെറിയ മാറ്റങ്ങൾ വരുത്തുന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്ന രീതിയിൽ

ജി.എസ്.ടി. പുന:സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ടെന്ന ചർച്ചകൾ സജീവമാണ്. കടമെടുക്കുന്നതിനെക്കുറിച്ചാണ് ഏറ്റവുമൊടുവിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗം സൂചിപ്പിച്ചത്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ധനസഹായത്തിൽ കേരളത്തിന്റെ വിഹിതം ഗണ്യമായി കുറഞ്ഞിരിക്കുന്ന സാഹചര്യത്തിലാണ് നാം കടമെടുക്കുന്നത്. 1995-2000-ൽ പങ്കുവയ്ക്കുന്ന നികുതിയുടെ 3.85% കേരളത്തിന് ലഭിച്ചിരുന്നത് പടിപടിയായി കുറഞ്ഞ് ഇപ്പോൾ 15-ാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം 1.92% മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. 2 ശതമാനത്തിന്റെ കുറവാണ് വന്നിരിക്കുന്നത്. ഒരു ശതമാനമെന്ന് പറഞ്ഞാൽ 5000 കോടി രൂപയുടെ നഷ്ടമാണ്. മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങളുടെ ഫലമായി ഉണ്ടായ ഈ ഇടിവിനെതിരെ അതിശക്തമായ പ്രതിഷേധം വ്യാപകമായി പല സംസ്ഥാനങ്ങളും ഉയർത്തിയിട്ടുണ്ട്. അതിന്റെ ഫലമായി റവന്യൂ കമ്മി നികത്താൻ താല്ക്കാലികമായി ധനസഹായം ധനകാര്യകമ്മീഷൻ പ്രഖ്യാപിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. കഴിഞ്ഞവർഷം ഇത്തരത്തിൽ 19,000 കോടി രൂപ ലഭിച്ചത് ക്രമേണ കുറഞ്ഞ് 2024-ഓടെ ഇല്ലാതാകുന്ന സ്ഥിതിയാണുള്ളത്. പഞ്ചവത്സര പദ്ധതികൾ അവസാനിപ്പിച്ചതും

സംസ്ഥാനത്തിന് ഏറെ തിരിച്ചടിയായിരിക്കുകയാണ്. പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി സംസ്ഥാനങ്ങൾക്ക് ധനസഹായം ലഭിക്കുമായിരുന്നത് പദ്ധതി അവസാനിച്ചതോടെ അതും അവസാനിച്ചു. ഈ ഭീമമായ തുക മുഴുവൻ കേന്ദ്ര മന്ത്രാലയം ഏകപക്ഷീയമായി ബഡ്ജറ്റിലൂടെ വിവിധ പദ്ധതികൾക്കായി വകയിരുത്തുകയാണ്. പ്ലാനിംഗ് കമ്മീഷന്റെ ഗാഡ്ഗിൽ ഫോർമുല പോലുള്ള മാനദണ്ഡങ്ങളും സംസ്ഥാനങ്ങളുമായുള്ള ചർച്ചകളുമെല്ലാം അവസാനിച്ചിരിക്കുകയാണ്. ഓരോ സംസ്ഥാനത്തിനും ലഭിക്കുന്ന തുക തന്നിഷ്ടപ്രകാരം കേന്ദ്രമന്ത്രാലയം തീരുമാനിക്കുന്നതിനാൽ കേരളത്തിന് ന്യായമായ വിഹിതം ലഭിക്കുന്നില്ല. പ്രളയകാലത്ത് കേരളത്തിനർഹമായ കേന്ദ്ര ഗവൺമെന്റ് സഹായം നൽകാതെ സഹായം നൽകാൻ തയ്യാറായിട്ടുള്ളവരെപോലും വിലക്കുന്ന സ്ഥിതിയാണുണ്ടായത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അടങ്കലിൽ 2 ശതമാനമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന്റെ വിഹിതം കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ഗുണഭോക്താക്കൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ മുഴുവൻ സംസ്ഥാന ഖജനാവിൽ വരാതെ കേന്ദ്ര സർക്കാർ നേരിട്ട് ബാങ്ക് വഴി കൊടുക്കുന്നതിനുള്ള ഏർപ്പാടുകളും

തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നയങ്ങളിൽനിന്നും വിരുദ്ധമായ ബദൽ നയങ്ങൾ ആവിഷ്കരിച്ചുകൊണ്ടാണ് നമ്മുടെ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ബദൽ നയങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്.

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കാലത്തോടൊപ്പം സഞ്ചരിക്കുന്ന വിസ്മയകരമായ ഇടപെടലുകളാണ് റവന്യൂ വകുപ്പിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഡിജിറ്റൽ സർവ്വേ മുതൽ യുണിക്ക് തണ്ടപ്പേർ വരെയുള്ള പദ്ധതികളിലൂടെ കൃത്യമായ ലക്ഷ്യത്തിലൂടെയും ജനകീയ വഴികളിലൂടെയും മുന്നോട്ട് കുതിക്കുന്ന റവന്യൂ വകുപ്പിന്റെ നടപടികൾ ഏറെ ശ്ലാഘനീയമാണ്. "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങൾക്കും സ്മാർട്ട്," എന്നത് റവന്യൂ വകുപ്പിനുതന്നെ ദിശാബോധം നൽകുന്ന ഏറ്റവും ശക്തവും യുക്തവുമായ പ്രഖ്യാപനമായിരുന്നു. ആധുനിക കാലഘട്ടത്തിൽ സാങ്കേതിക വിദ്യയിലൂന്നിയ വികസനപ്രവർത്തനങ്ങൾ സാക്ഷാത്കരിച്ചുകൊണ്ട് ഭൂരേഖകളുൾപ്പെടെ എല്ലാം ഡിജിറ്റലാക്കുന്ന സ്ഥിതിവിശേഷമാണ് ഈ

മേഖലയിലുള്ളത്. അങ്ങനെ സ്തുത്യർഹമായ രീതിയിൽ റവന്യൂ വകുപ്പ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്.

സമസ്തമേഖലകളിലും വികസന മുന്നേറ്റവുമായി കുതിച്ചുകൊണ്ടിരിക്കുമ്പോഴാണ് കേരളത്തെ കലാപ ഭൂമിയാക്കുകയെന്ന ഒരൊറ്റ ലക്ഷ്യത്തോടെ ഏതുവിധേനയും നമ്മുടെ സംസ്ഥാനത്തിന്റെ ക്രമസമാധാനാന്തരീക്ഷം തകർത്ത് എൽ.ഡി.എഫ്. സർക്കാരിനെ നിർവീര്യമാക്കാൻ പ്രതിപക്ഷം ഇറങ്ങിത്തിരിച്ചിരിക്കുന്നത്. കേരളത്തിലിപ്പോൾ നടക്കുന്ന കലാപനീക്കങ്ങളുടെ നിദാനമായി പ്രതിപക്ഷവും വലതുപക്ഷ മാധ്യമങ്ങളും ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ വളരെ പരിഹാസ്യമായിട്ടുള്ളതാണ്. ഒന്നരവർഷക്കാലം കേരളത്തിൽ തലങ്ങും വിലങ്ങും ചർച്ചചെയ്ത് തള്ളിക്കളഞ്ഞ, കേന്ദ്ര ഏജൻസികൾ അക്കാലമത്രയും തലനാരിഴകീറിപ്പരിശോധിച്ചിട്ടും ഓരോ കരിയിലയും മൺതരിയും വരെ ഇളക്കിമറിച്ച് നോക്കിയിട്ടും തെളിവിന്റെ എന്തെങ്കിലുമൊരു പൊടിപോലും കിട്ടാത്ത അർത്ഥശൂന്യമായ ആരോപണങ്ങളാണെന്ന് കണ്ട് അടച്ചുപൂട്ടിപ്പോയ കേസാണ് പുതിയ വെളിപ്പെടുത്തലുകളെന്ന മട്ടിൽ വീണ്ടും കേരളത്തിൽ ഉയർത്തിക്കൊണ്ട്

വന്നിരിക്കുന്നത്. ഇപ്പോൾ വിവാദ നായികയും കൂട്ടാളികളും ഉന്നയിക്കുന്ന കാര്യങ്ങളെല്ലാം എൻ.ഐ.എ.-യുടെയും കസ്റ്റംസിന്റെയും ഇ.ഡി.യുടെയും കസ്റ്റഡിയിലായിരിക്കവെ മൊഴികളായും രഹസ്യമൊഴിയായും മാധ്യമങ്ങളിൽ പലവട്ടം വന്നിട്ടുള്ളതാണ് ഇപ്പോൾ പുതിയ വെളിപ്പെടുത്തലായി കൊണ്ടുവരുന്നത്. തുടർഭരണത്തിലേയ്ക്കെത്തിയ പിണറായി സർക്കാരിനെ അപഹസിക്കാനും പറ്റിയാൽ അട്ടിമറിക്കാനുമുള്ള ഉപാധിയായി ഈ സംഘത്തെ, കേരളരാഷ്ട്രീയത്തിലെയും സമൂഹത്തിലെയും സർവ്വഅശ്ലീല ശക്തികളെയും കൂട്ടുപിടിച്ച് രംഗത്തിറക്കിയിരിക്കുകയാണ്. ഈ ക്രിമിനൽ കൂട്ടുകെട്ടിനെയാണ് കേരളത്തിലെ കോൺഗ്രസ് നേതൃത്വവും യു.ഡി.എഫ്.-ഉം സ്വന്തം നിലനിൽപ്പിനായുള്ള അത്താണിയായി ഇന്ന് കേരള രാഷ്ട്രീയത്തിൽ കൂട്ടുപിടിച്ചിരിക്കുന്നത്. സ്വന്തം ദേശീയ നേതൃത്വം കേന്ദ്ര അന്വേഷണ ഏജൻസികളുടെ പിടിയിൽപ്പെട്ട് ചക്രശ്വാസം വലിക്കുമ്പോഴും അതിനെതിരെ ശക്തമായൊന്ന് പ്രതികരിക്കാൻപോലും സാധിക്കാത്തവിധം കേരളത്തിലെ കോൺഗ്രസ്സ്, സംഘപരിവാറിന്റെ കുരുക്കിൽപ്പെട്ട് കിടക്കുകയാണ്. അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധവും ഭരണത്തിലെത്താനുള്ള അത്യാർത്തിയും ആക്രാന്തവുമാണ് അവരെ ഈ

അവിശുദ്ധ സഖ്യത്തിന് പ്രേരിപ്പിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട എം.പി.-യുടെ ആഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. രാഹുൽ ഗാന്ധി എം.പി.-യുടെ ആഫീസ് അക്രമിച്ചതിനെ ആരും ന്യായീകരിച്ചിട്ടില്ല. അപലപിക്കുക മാത്രമല്ല അങ്ങനെയൊരു തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആ തെറ്റ് ചെയ്തിട്ടുള്ള, അതിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥി സംഘടനയെന്ന നിലയ്ക്ക് അവിടത്തെ എസ്.എഫ്.ഐ. ഘടകത്തെ പിരിച്ചുവിടാൻ തയ്യാറാകുകയുണ്ടായി. അത് രാഷ്ട്രീയ മര്യാദ. എന്നാൽ പ്രതിപക്ഷം ചെയ്യുന്നത് എന്താണ്; കോൺഗ്രസ്സിന്റെ നിലപാട് എന്താണ്; 1983-ലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. 1983 ഒക്ടോബർ 31-നാണ് എ.കെ.ജി. സെന്ററിനുനേരെ കോൺഗ്രസും കെ.എസ്.യു.-വും ചേർന്ന് വളരെ വിപുലമായ ആക്രമണം സംഘടിപ്പിച്ചത്. പകൽ 12 മണിക്കായിരുന്നു ആക്രമണം. ബോംബ് എറിഞ്ഞതിൽ 8 എണ്ണം മതിലിൽ തട്ടി പൊട്ടി. 4 എണ്ണം പൊട്ടാതെ പോലീസ് കണ്ടെടുത്തു. അതിന് നേതൃത്വം കൊടുത്തവർ ആരാണ്; നേതൃത്വം കൊടുത്തവരെ സംരക്ഷിക്കുന്ന നിലപാടല്ലേ കോൺഗ്രസ്സിന്റെ പ്രമുഖരായ നേതാക്കൾ സ്വീകരിച്ചത്. അന്നത്തെ കെ.എസ്.യു.-വിന്റെ

ജില്ലാ സെക്രട്ടറി രവികുമാർ, വൈസ് പ്രസിഡന്റ് വേലപ്പൻ നായർ, തിരുവനന്തപുരം സിറ്റി ജനറൽ സെക്രട്ടറി ഉദയകുമാർ, എം.ജി. കോളേജിലെ ബഷീർ, പ്രിയൻ, ഉണ്ണിക്കൃഷ്ണൻ, മണികണ്ഠൻ തുടങ്ങിയ പ്രതികളെ എവിടെ വച്ചാണ് അറസ്റ്റ് ചെയ്തത്; എം.എൽ.എ. ഹോസ്റ്റലിൽ വച്ച്, അന്ന് എം.എൽ.എ. ആയിരുന്ന ശ്രീ. ബെന്നി ബെഹനാന്റെ മുറിയിൽ വച്ചാണ് അറസ്റ്റ് ചെയ്തത്. മോഹനൻ, ഷാജി, സേതുപാലൻ എന്നീ മൂന്ന് പ്രതികളെ മുൻ പ്രതിപക്ഷനേതാവായ ശ്രീ. രമേശ് ചെന്നിത്തലയുടെ മുറിയിൽ വച്ചാണ് അറസ്റ്റ് ചെയ്തത്. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കോൺഗ്രസ്സ് സ്വീകരിച്ചോ; എന്തെങ്കിലും നടപടി സ്വീകരിക്കാൻ കോൺഗ്രസ്സ് തയ്യാറായോ; നടപടിയെടുക്കാൻ നിങ്ങൾക്ക് കഴിയില്ല. കെ.എസ്.യു.-വിന് ഒരു നീല ചരിത്രമുണ്ട്. എൻ.എസ്.യു.ഐ.-യുടെ നാഗ്പൂർ സമ്മേളനം ആരും മറന്നിട്ടില്ല. മുൻകാല കെ.എസ്.യു. നേതാക്കന്മാർക്ക് അതിനെക്കുറിച്ച് നല്ല ബോധ്യമുണ്ടാകും. യൂത്ത് കോൺഗ്രസ്സുകാരുടെ ക്രിമിനൽ സ്വഭാവം ആരും മറന്നിട്ടില്ല. ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ദേശീയ നേതാവ്, യൂത്ത് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ ഭാരവാഹിയായിരുന്ന ശ്രീ. സുശീൽ കുമാർ

എന്താണ് ചെയ്തത്; സ്വന്തം സഹപ്രവർത്തക, നേതൃനിരയിൽ പ്രവർത്തിക്കുന്ന നൈനാ സാഹനിയെ പിടിച്ചുകൊണ്ടുപോയി കൈകാലുകൾ വെട്ടിമാറ്റി തന്തൂരി അടുപ്പിലിട്ട് കത്തിച്ചില്ലേ; നിങ്ങൾ നടപടിയെടുത്തോ; ക്രിമിനൽ ബോണ്ടുമായി പിറന്നുവീണ ആളുകളല്ലേ യൂത്ത് കോൺഗ്രസ്സ്/കോൺഗ്രസ്സ് നേതൃസ്ഥാനങ്ങളിൽ ഇന്ന് ഇരിക്കുന്നത്; കേരളത്തിൽ നിലമ്പൂർ കോൺഗ്രസ്സ് ഓഫീസിലെ ജീവനക്കാരിയും സഹോദരിയുമായ രാധയുടെ ജീവനെടുത്തത് ആരാണ്; ചാക്കിൽകെട്ടി താഴ്ത്തുകയല്ലേ ചെയ്തത്; നിങ്ങൾ ആലോചിച്ചുനോക്കൂ. സഹപ്രവർത്തകരെ, സ്വന്തം പാർട്ടിയിലുള്ളവരെ തന്നെ കൊന്നുതള്ളിയ ചരിത്രം കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ കോൺഗ്രസ്സിനുമാത്രം അവകാശപ്പെട്ടതാണ്. പൊളിറ്റിക്സിലെ ക്രിമിനലൈസേഷനാണ് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടത്. യൂത്ത് കോൺഗ്രസ്സിന്റെ ചിന്തൻ ശിബിരം നടക്കുന്നുണ്ടല്ലോ; ആ ചിന്തൻ ശിബിരത്തിൽ പൊളിറ്റിക്സിലെ ക്രിമിനലൈസേഷനും യൂത്ത് കോൺഗ്രസ്സുമെന്ന വിഷയമെടുക്കൂ. കെ.പി.സി.സി. പ്രസിഡന്റ് തന്നെയായിരിക്കണം അതിന്റെ സാന്നിദ്ധ്യം. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ആ വിഷയം ചർച്ച ചെയ്തുനോക്കൂ. മറിച്ച് അവിടെ ചർച്ച

ചെയ്യുന്നത് എന്താണ്; ഷാഫി ഒരു ഷോ എന്ന വിഷയമാണ് അവിടെ നിങ്ങൾ ചർച്ച ചെയ്യുന്നത്. അതുപോലെ നിങ്ങളെടുക്കുന്ന ഓരോ കാലത്തെയും നിലപാടുകളുണ്ട്. പ്രതിപക്ഷനേതാവിനെക്കുറിച്ച് വലിയ ഗതികേടാണ്. ആശയതലത്തിലും പ്രായോഗിക തലത്തിലും പക്വത നഷ്ടപ്പെട്ട ഒരു പ്രതിപക്ഷനേതാവായിട്ടാണ് ഇന്ന് സഭയിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈയിടെ ഒരു അങ്കണവാടി കുട്ടിയെപ്പോലെയാണ് സഭയിൽ അദ്ദേഹം പെരുമാറിയത്. കോൺഗ്രസ്സിലെ ആഭ്യന്തര അസ്വാസ്ഥ്യമുളവാക്കുന്ന പ്രശ്നങ്ങളാണോ ഈ മനോവിഭ്രാന്തിക്ക് കാരണമെന്ന് ഞങ്ങൾ സംശയിക്കുന്നു. എന്തായാലും കെ.പി.സി.സി. ഇപ്പോൾ എല്ലാവർക്കും പങ്കാളിത്തമുള്ള സംഘടനാ സംവിധാനമല്ല. അത് സുധാകരൻ-സതീശൻ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ്. അതിൽ ബഹുമാന്യരായ രമേശ് ചെന്നിത്തലയും ഉമ്മൻ ചാണ്ടിയും പോലുള്ളവർ നോമിറ്റേഡ് മെമ്പർമാരാണ്, വോട്ടവകാശം പോലുമില്ല. ഈ കെ.പി.സി.സി.-ക്ക് എങ്ങനെയാണ് കേരളത്തിലെ കോൺഗ്രസ്സിനെ നയിക്കാൻ സാധിക്കുന്നത്; വളരെ ആസൂത്രിതമായി കോൺഗ്രസ്സിലെ തകർച്ചമൂലം നിരാശരായ, അസ്വസ്ഥരായ, അസംതൃപ്തരായ ആളുകളാണ്

ഇത്തരം പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നത്. ഡോ. മാത്യു കുഴൽനാടൻ ഇവിടെ ചില കാര്യങ്ങൾ ഉയർത്തുകയുണ്ടായി. നുണകൾ ആവർത്തിച്ചുകൊണ്ടേയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കിട്ടിയില്ലെങ്കിൽ അദ്ദേഹത്തിന്റെ കുടുംബത്തെ വളയുകയെന്നതാണോ; നുണകൾ ആവർത്തിച്ചുകൊണ്ടേയിരിക്കുകയാണ്. നുണകൾ 101 പ്രാവശ്യം ആവർത്തിച്ചാൽ സത്യമാകുമോ; ഇവിടെ മോഹൻലാലിന്റെ സിനിമയിലെ ഡയലോഗുകളെക്കുറിച്ച് സൂചിപ്പിച്ചു. ഞാൻ തിരിച്ച് ചോദിക്കട്ടെ; മോഹൻലാലിന്റെ വേറൊരു സിനിമയുണ്ട്, നാട്ടുരാജാവ് എന്നാണ് ആ സിനിമയുടെ പേര്. 'നിനക്ക് ഒന്നും അറിയില്ല, കാരണം നീ വെറും കുട്ടിയാണെന്ന് ആ സിനിമയിൽ സിദ്ദിഖിനോട് മോഹൻലാൽ പറയുന്നുണ്ട്. അതാണ് ഡോ. മാത്യു കുഴൽനാടനോട് ഞങ്ങൾക്കും പറയാനുള്ളത്. വ്യാജ ഫോട്ടോകൾ പ്രചരിപ്പിച്ചുകൊണ്ട് അപരാധങ്ങളും അപവാദ പ്രചരണങ്ങളും നടത്തുകയാണ്. പ്രതിരോധങ്ങളുടെയും പ്രതിസന്ധികളുടെയും പോരാട്ടങ്ങളുടെയും ചരിത്രമാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം. ആ പാർട്ടിയുടെ, ആ പ്രസ്ഥാനത്തിന്റെ നേതാവാണ് സഖാവ് പിണറായി വിജയൻ. ഈ പ്രസ്ഥാനത്തെ ദുർബ്ബലപ്പെടുത്തുന്നതിനോ ഈ

പ്രസ്ഥാനത്തെ നയിക്കപ്പെടുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ദുർബ്ബലപ്പെടുത്താമെന്ന വ്യാമോഹം മനസ്സിലിരുന്നാൽ മതി. നടക്കുന്ന കാര്യമല്ല. ഞാൻ ഈ ധനാഭ്യർത്ഥനയെ അംഗീകരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സർക്കാർ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സമയത്താണ് നമ്മുടെ സഭ ചേരുന്നത്. ഞാൻ പറഞ്ഞത് മാത്രമല്ല, സമീപകാലത്ത് ആർ.ബി.ഐ. നടത്തിയ 'State Finances: A Risk Analysis' എന്ന പഠനത്തിൽ ഏറ്റവും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുള്ള അഞ്ച് സംസ്ഥാനങ്ങളുടെ കൂട്ടത്തിൽപ്പെടുത്തിയിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ സഭയിൽ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ 3,32,291 കോടി രൂപയുടെ കടബാദ്ധ്യതയാണുള്ളതെന്ന് മനസ്സിലാക്കാം. അത് 2015-16-ൽ 1,57,370 കോടി രൂപയാണ്. അതുമായി താരതമ്യം ചെയ്ത് നോക്കുമ്പോൾ 1,74,921 കോടി രൂപയുടെ വർദ്ധനവാണ് കടബാദ്ധ്യതയുടെ കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. ഇവിടെ സി.പി.ഐ.(എം) സെക്രട്ടറി, കണ്ണൂരിൽ പാർട്ടി കോൺഗ്രസ്സിന് വന്നപ്പോൾ കേരളം യൂറോപ്പിന്റെ മാതൃകയിലായി

കഴിഞ്ഞുവെന്നാണ് പറഞ്ഞത്. നമ്മുടെ പേടി യൂറോപ്യൻ മാതൃകയിലല്ല, റിസർവ് ബാങ്ക് അനാലിസിസിന്റെ അടിസ്ഥാനത്തിൽ ശ്രീലങ്കയുടെ മാതൃകയിലേക്ക് സംസ്ഥാനത്തിന്റെ ധനഃസ്ഥിതി പോകുന്നുണ്ടോയെന്ന ഭയമാണ് എല്ലാവരും പങ്കുവയ്ക്കുന്നത്. എന്നുമാത്രമല്ല, ഇന്ന് കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന അതേ സാമ്പത്തിക പ്രതിസന്ധി മുഴുവൻ സർക്കാർ ജീവനക്കാരെയും ബാധിക്കുമോയെന്ന ആശങ്ക സർക്കാർ ജീവനക്കാർക്കും സാധാരണക്കാർക്കെല്ലാമുണ്ടാകുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളെ വിമർശിക്കുന്ന അരാഷ്ട്രീയവാദം സമൂഹത്തിൽ ഉയരുന്നുണ്ട്. സർക്കാർ ജീവനക്കാർ എന്നുപറഞ്ഞാൽ ജനങ്ങൾക്കുവേണ്ടി സേവനം ചെയ്യുന്ന വിവിധ മേഖലകളാണ്. ആ സംവിധാനത്തെ തകർക്കപ്പെട്ട് അതെല്ലാം സ്വകാര്യവൽക്കരിക്കണമെന്നെല്ലാം പറഞ്ഞ് പുതിയ ആം ആദ്മി അരാഷ്ട്രീയ ആൾക്കൂട്ടങ്ങളുണ്ട്. അപ്പോൾ പിന്നെ ഇതെല്ലാം സ്വകാര്യ മേഖലയിലേയ്ക്ക് പോകട്ടേ, വില്ലേജ് ആഫീസും കൃഷി ഭവനും സ്വകാര്യവൽക്കരിക്കട്ടെ എന്നൊക്കെ പറയുന്ന നിലയിലേക്ക് ആ ചിന്ത പോകും. ഞാൻ പറഞ്ഞത് കെ.എസ്.ആർ.ടി.സി.-യുടെ അവസ്ഥയിലേയ്ക്ക് മുഴുവൻ സർക്കാർ

സംവിധാനവും മാറുന്ന രൂപത്തിലേയ്ക്കൊരു സാമ്പത്തിക അടിയന്തരാവസ്ഥ, ഒരു ദുരവസ്ഥ നമ്മുടെ സംസ്ഥാനത്തിനുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയും മറച്ചുവയ്ക്കുമെന്ന് ഞാൻ കരുതുന്നില്ല. എന്നുമാത്രമല്ല കേരളത്തിന്റെ കടബാദ്ധ്യത, ജി.എസ്.ഡി.പി. അനുപാതം 7 ശതമാനംകണ്ട് വർദ്ധിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. 2019-20-ൽ കടബാദ്ധ്യത, ജി.എസ്.ഡി.പി. അനുപാതം 31.3 ശതമാനമാണെങ്കിൽ അത് 7 ശതമാനംകണ്ട് 38 ശതമാനത്തിനടുത്തേയ്ക്ക് വരുമെന്ന സൂചനകൂടിയാണ് ഇത് നൽകുന്നത്.

ഇന്നുള്ള മറ്റൊരു ഡിമാന്റ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ടാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. ലൈഫ് എന്ന പദ്ധതി വളരെ പ്രചരണപരമായി ആളുകളുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. അതൊരു പ്രചരണം മാത്രമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിമാർക്കും എം.എൽ.എ. മാർക്കും അറിയാം. സത്യത്തിൽ ഞങ്ങളുടെ അടുത്തുവരുന്ന ആളുകൾക്ക്, യഥാർത്ഥ ഭവനത്തിന്റെ അവകാശികൾക്ക്, എത്രപേർക്ക് അത് എത്തിച്ചു കൊടുക്കാൻ നമുക്ക് കഴിയുന്നുണ്ട്? 2020-ൽ പഞ്ചായത്ത് ഇലക്ഷനുമുമ്പ് പഞ്ചായത്തുകൾ അപേക്ഷ വാങ്ങിയതാണ്. 2022 ജൂലൈ മാസമായപ്പോഴും

കരട് പട്ടികയുടെ അടിസ്ഥാനത്തിലുള്ള പുതുക്കിയ പട്ടിക, അപ്പീലുമായി നിൽക്കുകയാണ്. ഇത് നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാര്യം എല്ലാവർക്കും അറിയാം. സർക്കാരിന്റെ കയ്യിൽ ഇതിനുള്ള തുക ഇല്ലാത്തതുകാരണം പ്രൊസിഡ്യൂവർ നീട്ടി നീട്ടി ഗവൺമെന്റിന്റെ കാലാവധി കഴിച്ചെടുക്കുക എന്നതുമാത്രമാണുള്ളത്. ഇപ്പോൾതന്നെ ഒരു കൊല്ലത്തെ കണക്ക് നിയമസഭയിൽ മറുപടിയായി നൽകിയിട്ടുണ്ട്. നിങ്ങളുടെ പ്രകടനപത്രിക പ്രകാരം ഒരു വർഷം ഒരു ലക്ഷം പേർക്കാണ് വീട് നൽകേണ്ടത്. ഈ വർഷം 32875 വീടുകളാണ് കൊടുത്തിരിക്കുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്തായാലും അത് 2020-ലെ അപേക്ഷകരാണോ; ബഹുമാനപ്പെട്ട ചെയറിന് അറിയാമല്ലോ; കാരണം 2020-ലെ അപേക്ഷപ്രകാരമുള്ള പ്രോസസ് തീർന്നിട്ടില്ല. 2020-ൽ അപേക്ഷിക്കുന്നതിനുമുമ്പ് ആരംഭിച്ച വീടുകൾ പൂർത്തീകരിച്ചതല്ലേ; ആ വീടാണ് ഇപ്പോൾ നൽകിയിരിക്കുന്ന 32875 കണക്കിലുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈയൊരു കൊല്ലംകൊണ്ട് പുതിയതായി ഒരു വീടുപോലും കൊടുക്കാൻ സാധിച്ചിട്ടില്ല. ഇതാണ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നം. അതിൽ അടിസ്ഥാന വർഗ്ഗത്തിന്റെ പ്രശ്നമുണ്ട്. അതായത്

മത്സ്യത്തൊഴിലാളികൾക്ക് പണ്ട് എല്ലാമാസവും നറുക്കെടുപ്പിൽക്കൂടി വീട് കിട്ടുമായിരുന്നു. മറ്റ് ഭവന നിർമ്മാണ പദ്ധതികളെയെല്ലാം ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ലയിപ്പിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിനും ന്യൂനപക്ഷ വകുപ്പിനും ഫിഷറീസ് വകുപ്പിനും പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും പ്രത്യേകം പദ്ധതിയുണ്ടായിരുന്നു. അതിനൊന്നും ഇടതുപക്ഷത്തെ, പ്രത്യേകിച്ചും സി.പി.ഐ.(എം)-നെ കടത്തിവെട്ടാൻ ആരുമില്ല. സാധനം ബ്രാന്റ് ചെയ്യുന്നതിൽ ശ്രീ. നരേന്ദ്ര മോദി മാത്രമെയുള്ളൂ നിങ്ങളെക്കാൾ അല്പം മുന്നിലുള്ളത്. ഒരു കാര്യവുമില്ലെങ്കിലും അതെല്ലാം മനോഹരമായി അവതരിപ്പിച്ച് മഹാസംഭവമാണെന്നുള്ള പ്രതീതിയുണ്ടാക്കുന്നതിന്, narrative സൃഷ്ടിക്കുന്നതിന് നിങ്ങൾ മിടുക്കന്മാരാണ്. പക്ഷേ ഈ വീടുകളെവിടെയാണ്? ഈ പദ്ധതിപ്രകാരം 2020-നുശേഷം ഒരാൾക്കുപോലും വീട് നൽകാൻ സാധിച്ചിട്ടില്ല. അതുമാത്രമല്ല, ലൈഫ് പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്കും ജനറൽ കാറ്റഗറിയിലുള്ളവർക്കും ഒരേ മാനദണ്ഡമാണ്. മത്സ്യത്തൊഴിലാളികൾക്കും ആദിവാസികൾക്കും പട്ടികജാതിക്കാർക്കുമെല്ലാം മാനദണ്ഡങ്ങൾ ഒരുപോലെയാക്കിയതോടുകൂടി അവർ പ്രയാസമനുഭവിക്കുകയാണ്.

പഴയതുപോലെ അവർക്ക് വീട് ലഭിക്കാത്ത സാഹചര്യമുണ്ട്. ഇനിയെങ്കിലും ഗവൺമെന്റ് ലൈഫ് പദ്ധതിയെന്ന ആഘോഷം നിർത്തി ഓരോ ഡിപ്പാർട്ടുമെന്റിനുമുള്ളത് നൽകിയാൽ കൂടുതൽ വീടുകൾ നൽകാൻ സാധിക്കും. ഭരണപക്ഷം പ്രതിപക്ഷത്തെ പരിഹസിക്കാറുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 414552 കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കിയിട്ടുണ്ട്. 71710 കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്തുവഴി, 12938 കുടുംബങ്ങൾക്ക് മുനിസിപ്പാലിറ്റിവഴി, 12815 കുടുംബങ്ങൾക്ക് കോർപ്പറേഷൻവഴി, 274616 കുടുംബങ്ങൾക്ക് ഇന്ദിരാഗാന്ധി ആവാസ് യോജന വഴി, പട്ടികജാതി വികസന വകുപ്പുവഴി 24887 കുടുംബങ്ങൾക്ക്, പട്ടികവർഗ്ഗ വകുപ്പുവഴി 17588 കുടുംബങ്ങൾക്കും വീട് നൽകി, ഇതിനെല്ലാം കണക്കുണ്ട്, വെറുതെ പറയുന്നതല്ല. ലൈഫ് എന്ന് കൊട്ടിഘോഷിക്കുകയും നിങ്ങളുടെ കണക്കുപ്രകാരം ഈ വർഷം ഒരു വീടുപോലും നൽകിയിട്ടില്ല. നിയമസഭയിൽ ഇപ്പോൾ ലഭിച്ച മറുപടി പ്രകാരം കഴിഞ്ഞവർഷം പൂർത്തിയായത് 32000 എണ്ണം മാത്രമാണ്. അതുകൊണ്ട് ഭവന പദ്ധതിയെ സംബന്ധിച്ച് ഗവൺമെന്റ് കൂടുതൽ താൽപ്പര്യം കാണിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. മുതിർന്ന മാധ്യമ

പ്രവർത്തകരുടെ പെൻഷൻ 1000 രൂപയാക്കി ഡോ. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ വർദ്ധിപ്പിച്ചു. അവരുടെ വിഹിതവുംകൂടി ഉൾപ്പെടുന്ന കോൺട്രിബ്യൂട്ടറി പെൻഷനാണ്. അത് 500 രൂപയാക്കി കുറയ്ക്കാൻ പോകുന്നുവെന്ന വാർത്ത ഇപ്പോഴുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക്കിന്റെ അവസാന ബഡ്ജറ്റിൽ മുതിർന്ന മാധ്യമപ്രവർത്തകർക്കുള്ള പെൻഷൻ 1000 രൂപയെന്ന് പ്രഖ്യാപിച്ചതാണ്. അത് കോൺട്രിബ്യൂട്ടറി പെൻഷനാണ്. അത് 500 രൂപയാക്കി കുറയ്ക്കുന്നുവെന്ന വാർത്ത കേൾക്കുന്നുണ്ട്. അതുസംബന്ധിച്ച് മറുപടി പറയുമ്പോൾ വ്യക്തമാക്കണം. അവർ വലിയ തുക കൈപ്പറ്റുന്നവരല്ല, ഗവൺമെന്റ് ഓഫർ ചെയ്ത 1000 രൂപ തന്നെ അവർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. കോവിഡിനുശേഷം ജനങ്ങൾ പഴയ സാമ്പത്തികാവസ്ഥയിലേയ്ക്ക് എത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ സഹകരണ ബാങ്ക്, കേരള ബാങ്ക് ഉൾപ്പെടെയുള്ള എല്ലാ ബാങ്കുകളിൽനിന്നും ജപ്തി നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. വരുന്ന ഒരു വർഷത്തേയ്ക്കെങ്കിലും ജപ്തിനടപടികൾ നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ധനകാര്യ വകുപ്പ് അടിയന്തരമായി നൽകണം. ശ്രീ. രാഹുൽഗാന്ധിയുടെ

ഓഫീസ് തകർത്തതുമായി ബന്ധപ്പെട്ട അക്രമത്തെ ന്യായീകരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെ പല സാമാജികരും ഇന്നിവിടെ നിരവധി കാര്യങ്ങൾ പറഞ്ഞു. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിൽ ഏതാണ്ട് ഒരു മണിക്കൂറോളമാണ് എസ്.എഫ്.ഐ.-ക്കാർ ആക്രമിച്ചത്. മുന്നിലൂടെ വരുന്ന എസ്.എഫ്.ഐ. അക്രമികളെ തോളിൽത്തട്ടി അകത്തയ്ക്ക് കയറ്റിവിടുന്ന വീഡിയോ ഞങ്ങൾ പുറത്തുവിട്ടിട്ടുണ്ട്. അതുമാത്രമല്ല, ആ ഓഫീസിന്റെ പുറകിലുള്ള ജനാലവഴി കയറി ഒരു മണിക്കൂറോളം അക്രമം നടത്തി. എസ്.എഫ്.ഐ.-ക്കാരെല്ലാം പോയതിനുശേഷമാണ് അതിനകത്ത് പോലീസ് കയറിയെന്നാണ് പോലീസ് റിപ്പോർട്ട്. ബഹുമാന്യനായ മുഖ്യമന്ത്രിക്കുവേണ്ടി പറയുന്ന റിപ്പോർട്ടാണെങ്കിൽപോലും ഒരുമണിക്കൂർ അക്രമം നടത്തുമ്പോൾ പോലീസ് പുറത്ത് ഇരിക്കുകയാണോ; ഞങ്ങളാണ് അത് ചെയ്തതെങ്കിൽ അതിന്റെ ഫോട്ടോ പോലീസിന്റെ കൈവശമുണ്ടാകില്ലേ? ഒരു മണിക്കൂർ അക്രമം നടത്തുമ്പോൾ പോലീസ് ആ ഓഫീസിനകത്തില്ലേ; ഇതൊക്കെ ആരെ കബളിപ്പിക്കാനാണ്. ഇവിടെ ഗാന്ധി നിന്ദ ഇപ്പോൾ മാത്രമല്ല തുടങ്ങിയത്. പയ്യന്നൂരിൽ ഗാന്ധി പ്രതിമ തകർത്തതിന് ആരെയാണ് അറസ്റ്റ് ചെയ്തത്, ഡി.വൈ.എഫ്.ഐ.-ലെ

രണ്ട് നേതാക്കളായ അഖിലും അമലുമാണ് അറസ്റ്റിലായത്. ഗാന്ധിനിന്ദ ഇപ്പോഴൊന്നും തുടങ്ങിയതല്ല, ഗാന്ധിജിയെ വാർദ്ധയിലെ കപടസന്യാസിയെന്ന് വിളിച്ചകാലം മുതലുള്ള ഗാന്ധിനിന്ദയുടെ തുടർച്ചയായാണ് ഞാനിതിനെ കാണുന്നത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ബഹുമാന്യരായ പതിനേഴ് അംഗങ്ങളും പറഞ്ഞ അഭിപ്രായങ്ങൾക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ബഡ്ജറ്റിലെ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തശേഷം കഴിഞ്ഞ സബ്ജക്ട് കമ്മിറ്റിയുടെ ഭാഗമായിവന്ന ചില കാര്യങ്ങൾ കൂടി ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചില അഡീഷണൽ ഫണ്ടുകൂടി ഇതിൽ വന്നിട്ടുണ്ട്. നികുതി സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി 'ലക്കി ബിൽ സ്കീം' നടപ്പിലാക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി വിവിധതരം ബിസിനസ്സുകളിലൂടെയും കടകളിൽനിന്നും സാധനംവാങ്ങുന്ന എല്ലാ ഉപഭോക്താക്കളും ബിൽ വാങ്ങാൻ പ്രേരിപ്പിക്കുന്ന വലിയ പദ്ധതി കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ബിൽ വാങ്ങുന്നതിന് വിവിധതലത്തിൽ

സമ്മാനം കൊടുക്കുന്ന പദ്ധതിയുൾപ്പെടെയുള്ളൊരു സ്കീം വരുന്നുണ്ട്. അതിനുവേണ്ടി 5,85,00,000 രൂപയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ഒരു അഡീഷണൽ പദ്ധതി ഇതിന്റെ ഭാഗമായി കൊണ്ടുവരുന്നു. അതുപോലെ അന്തർസംസ്ഥാന ചരക്ക് ഗതാഗതവുമായി ബന്ധപ്പെട്ട് വരുന്ന പല തട്ടിപ്പുകളുണ്ട്. രണ്ട് സൈഡിലേയ്ക്ക് പോകുന്ന വാഹനങ്ങളുടെ ഡീറ്റെയിൽസ് എടുക്കാൻ പ്രത്യേക സൗകര്യങ്ങളുള്ള എ.എൻ.പി.ആർ. നിരീക്ഷണ ക്യാമറകൾ കൂടുതൽ സ്ഥാപിക്കാൻ 7 കോടി രൂപ ഇതിൽ അധികമായി ആവശ്യപ്പെടുന്നു. നികുതി വകുപ്പിനുമാത്രമല്ല, മോട്ടോർ വെഹിക്കിൾ വകുപ്പിനും മറ്റുവകുപ്പുകൾക്കും ഇത് സഹായകമാണ്. ഇതിലൂടെ സംസ്ഥാനത്തിനകത്ത് കടക്കുന്ന വാഹനങ്ങളുടെ വിവരങ്ങൾ കൃത്യമായി ഡിജിറ്റലായി മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതുപോലുള്ള മറ്റ് ചില ചെറിയ ചെലവുകളുമാണ് ഇതിൽ വരുന്നത്. സമയത്തിന്റെ പരിമിതിയും മറ്റ് കാര്യങ്ങളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചതിനാലും ഇന്ന് ഉച്ചയ്ക്ക് അടിയന്തരപ്രമേയ ചർച്ച വന്നതുകൊണ്ടുമായിരിക്കണം ഇക്കാര്യങ്ങൾ വിപുലമായ ചർച്ച ചെയ്യാത്തത്. യഥാർത്ഥത്തിൽ കേരളത്തിലെയും ഇന്ത്യയിലെയും സാമ്പത്തിക പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ട

പ്രധാന വേദിയെന്ന നിലയിൽ സാമ്പത്തികമേഖലയെ സംബന്ധിച്ച് കുറച്ചുകൂടി ആഴത്തിലുള്ള ചർച്ച വരേണ്ടതായിരുന്നുയെന്നതാണ് എന്റെ അഭിപ്രായം. ഇന്നുകഴിഞ്ഞുള്ള ദിവസങ്ങളിൽ അതിനായി സമയമുണ്ട്. ട്രഷറിബഞ്ചിൽനിന്നും ആവശ്യപ്പെടുമ്പോൾ ഇന്ത്യയിലെ ഏറ്റവും നല്ല സാമ്പത്തിക സ്ഥിതി നിലനിർത്താൻ ശ്രമിക്കുന്ന, ഭരണപരമായ കാര്യങ്ങൾ നിലനിർത്താൻ ശ്രമിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്ന് പറയും. അത് വെറുതെ പറയുന്നതല്ല, ഞങ്ങൾ ഭരണപക്ഷത്ത് ഇരിക്കുന്നതുകൊണ്ടും പറയുന്നതല്ല. ഇന്ത്യയിലെ എല്ലാ പഠന റിപ്പോർട്ടുകളിലും വരുന്നത് ആ വിധത്തിലാണ്. ഇപ്പോൾ ലോകത്തിലെ വിലക്കയറ്റനിരക്ക് ഏറ്റവുമധികം വർദ്ധിച്ചു. അതായത് ഒൻപതര ശതമാനം വരെ വിലക്കയറ്റ നിരക്ക് വർദ്ധിച്ച ശതമാനക്കണക്ക് വന്നപ്പോൾ, വിലവർദ്ധനയുടെ കാര്യത്തിൽ ഏറ്റവും കുറവ് വിലവർദ്ധനവ് വന്നിട്ടുള്ള സംസ്ഥാനം കേരളമാണെന്ന് ഇപ്പോൾ റിപ്പോർട്ടുകൾ വന്നു. അടുത്തടുത്ത മാസങ്ങളിലാണ് റിപ്പോർട്ട് വന്നത്. എങ്ങനെയുള്ളൊരു സംസ്ഥാനത്താണ്? ആന്ധ്രയിൽനിന്ന് അരിയും യു.പി.-യിൽനിന്ന് പഞ്ചസാരയും മഹാരാഷ്ട്രയിൽനിന്ന് മറ്റ് സാധനങ്ങളും വരുന്ന സാഹചര്യത്തിൽ,

ആന്ധ്രയിലെ അരിവിലയെക്കാളും യു.പി.-യിലെ പഞ്ചസാര വിലയെക്കാളും കുറച്ച് കേരളത്തിൽ നൽകുന്നുവെങ്കിൽ സാധാരണക്കാരുടെ ജീവിതം നോക്കുന്ന ഒരു നയം ഈ സർക്കാർ നടത്തുന്നതുകൊണ്ടാണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ സ്റ്റാറ്റിസ്റ്റിക്സിന്റെ NSO പോലുള്ള ഏജൻസികളുടെ അവാർഡുകൾ പലതും കേരളത്തിന് ലഭിക്കുകയാണ്. നേരത്തെ സ്കൂളിന്റെയും കോളേജിന്റെയും മികവിന്റെ കാര്യങ്ങളിൽ അവാർഡ് നൽകി. ഇപ്പോൾ ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട സ്റ്റാർട്ടപ്പ് എക്കോ സിസ്റ്റം..... ഏഷ്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പുകളുടെ കേന്ദ്രമായി കേരളത്തെ അംഗീകരിച്ചുവെന്ന് കഴിഞ്ഞ ദിവസത്തെ വാർത്തകളിൽ വന്നു. അതും വലിയൊരു അംഗീകാരമാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സുമായി ബന്ധപ്പെട്ട് ഇന്ന് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി പത്രസമ്മേളനം നടത്തിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മുമ്പ് 32-ാം സ്ഥാനത്തായിരുന്ന ഇന്ത്യ ഇപ്പോൾ 15-ാം സ്ഥാനത്തിലേയ്ക്ക് ഉയർന്നിരിക്കുന്നുവെന്ന നിലയിലുള്ള വാർത്തകൾ വരുന്നു. ഇതിനുവേണ്ടി ഗവൺമെന്റ് ആത്മാർത്ഥമായി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഗവൺമെന്റ് ചെയ്യുന്നുവെന്ന് പറയുമ്പോൾ ഭരണപക്ഷംമാത്രം ഇക്കാര്യങ്ങൾ

ചെയ്യുന്നുവെന്നല്ല, ഞങ്ങൾ ഏറ്റവും നല്ല കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നു. പ്രത്യക്ഷമായും പരോക്ഷമായും പല കാര്യങ്ങളിലും എതിർക്കുന്നെങ്കിലും കേരളത്തിലെ ജനങ്ങളുടെ ഭാഗമെന്ന നിലയിൽ പ്രതിപക്ഷത്തിന്റെയും സഹകരണം ഇക്കാര്യത്തിലുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. എന്നാൽമാത്രമെ കേരളം മുന്നോട്ടുപോകുകയുള്ളൂ. ലോകത്തിന്റെയും ഇന്ത്യയുടെയും സാമ്പത്തികകാര്യങ്ങളെപ്പറ്റി പറയുമ്പോൾ, ഇവിടെ ഏറ്റവും അവസാനം സംസാരിച്ചുനിർത്തിയ പ്രതിപക്ഷത്തുനിന്നുള്ള പ്രതിനിധി പറഞ്ഞത്, നമ്മൾ ഏറ്റവും മുന്നോട്ടുപോകുന്നുവെന്നല്ല, ശ്രീലങ്കയുടെ അവസ്ഥയിലേയ്ക്ക് പോകുന്നോയെന്ന് നോക്കണമെന്നാണ്. വളരെ ആത്മവിശ്വാസത്തോടുകൂടിതന്നെ പറയാം. കേരളം ഒരിക്കലും ശ്രീലങ്കയുടെ അവസ്ഥയിലേയ്ക്കും പോകില്ല, മറ്റ് സംസ്ഥാനങ്ങളുടെ അവസ്ഥയിലേയ്ക്കും പോകുകയില്ല. കേരളത്തിലെ ജനങ്ങളുടെ കാര്യങ്ങൾ കൃത്യമായി നോക്കാൻ കഴിയുന്ന നിലപാടുള്ള ഒരു സർക്കാരാണ് ഇവിടെയുള്ളത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതിയും കേരളത്തിലെ സ്ഥിതിയും പരിശോധിക്കണം. ഇന്ത്യാഗവൺമെന്റിന്റെ സർക്കാർ സംവിധാനത്തിലെ സർക്കാർ സർവ്വീസുകളിൽ എത്രയോ ഒഴിവുകൾ നികത്താതെയിട്ടിരിക്കുന്നുവെന്നതിന്

കണക്കുണ്ട്. കേന്ദ്ര സർവ്വകലാശാലകളിൽപോലും 50 ശതമാനത്തോളം ഒഴിവുകൾ നികത്തിയിട്ടില്ല. ഏതൊരു സർക്കാരും പട്ടാളത്തെയും പോലീസിനെയും ഒരിക്കലും കരാറുകാരാക്കില്ല. പക്ഷേ പട്ടാളത്തെപ്പോലും കരാർ ജീവനക്കാരാക്കുന്ന അഗ്നിപഥ് പോലുള്ള പദ്ധതികൾ ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കാൻ തീരുമാനമെടുക്കുന്ന സാഹചര്യത്തിലാണ് ഏറ്റവും മെച്ചപ്പെട്ടതരത്തിലേയ്ക്ക് സിവിൽ സർവ്വീസുമായി കേരളത്തിലെ സർക്കാർ പോകുന്നതെന്നുമാത്രമല്ല, കഴിഞ്ഞ ദിവസം നടപ്പിലാക്കിയ മെഡിസെപ്; സർക്കാർ ഉദ്യോഗസ്ഥന്മാർ, പെൻഷൻകാർ, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരടക്കമുള്ള 1134000 പേർക്ക് മെഡിസെപ്പിൽ അംഗമാകാൻ കഴിഞ്ഞു. 3 ലക്ഷം രൂപവരെയുള്ള ചികിത്സാ ഇൻഷ്വറൻസാണ് നൽകുന്നത്. ഏകദേശം 35 ലക്ഷത്തോളം പേർ ഈ പദ്ധതിയുടെ പരിധിയിൽവരും. അതുമാത്രമല്ല, സർക്കാർ ജീവനക്കാരിൽനിന്നും ഏറ്റവും കുറഞ്ഞ ഫീസ്, 500 രൂപ വച്ച് ഒരുമാസം വാങ്ങുന്നുണ്ട്. ഒരു വർഷത്തിൽ ആറായിരം രൂപയാണ്. അവർക്ക് നേരിട്ട് ഏതെങ്കിലും സ്കീമിൽ ചേരണമെങ്കിൽ ഇരുപത്തിയയ്യായിരവും മുപ്പതിനായിരവും രൂപ അടയ്ക്കേണ്ടിവരും. പെൻഷൻകാരാണെങ്കിൽ,

അറുപത് വയസ് കഴിഞ്ഞവർക്ക് ആരോഗ്യ ഇൻഷ്വറൻസൊന്നും കിട്ടില്ല. അങ്ങനെ നടപ്പിലാക്കുന്നുവെന്നുള്ളത് മാത്രമല്ല, കേരളത്തിൽ 42 ലക്ഷം കുടുംബങ്ങൾക്കാണ് സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റിവഴി അഞ്ചുലക്ഷം രൂപ വരെ ഒരു വർഷം ചികിത്സയ്ക്കുള്ള ഇൻഷ്വറൻസ് നടപ്പിലാക്കുന്നത്. 57 ലക്ഷത്തിലധികം പേർക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നുണ്ട്. ഞാനിത് പറയുന്നത്, ഇതെല്ലാം ചെയ്യുമ്പോഴും ഈയൊരു സ്ഥിതിയാകെ ഇഷ്ടപ്പെടാത്ത തരത്തിലുള്ള സാമ്പത്തിക നയങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കുന്നുണ്ടെന്ന് കാണണം. നമുക്ക് മറുവശത്തുകൂടി കിട്ടാനുള്ള ആനുകൂല്യംപോലും വെട്ടിക്കുറയ്ക്കുന്നു. ഞാൻ അധികം സമയമെടുത്ത് സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഏറ്റവുമൊടുവിൽ ചേർന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിലടക്കം ഏറ്റവും ശക്തമായ ആവശ്യം വന്നത്, ഇക്കഴിഞ്ഞ ജൂൺമാസം 30-ാം തീയതി അവസാനിപ്പിച്ച, നമുക്ക് ജി.എസ്.ടി. കിട്ടേണ്ട, ആ വരുമാനത്തിൽ നേരത്തെയുണ്ടായിരുന്ന ഉറപ്പിലുള്ള ആ വരുമാനം തുടർന്ന് കിട്ടാത്തതുകൊണ്ട്, ജി.എസ്.ടി. കോമ്പൻസേഷൻ തുക ലഭിക്കുന്നതിനുള്ള കാലാവധി മുന്നോട്ട് നീക്കണമെന്ന് എല്ലാ സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ

ആവശ്യപ്പെട്ടു. യു.പി., ബീഹാർ, മധ്യപ്രദേശ്, മഹാരാഷ്ട്രയടക്കമുള്ള എല്ലാ സംസ്ഥാനങ്ങളും ആവശ്യപ്പെട്ടു. പക്ഷെ, കേന്ദ്ര ഗവൺമെന്റ് അവസാന വാക്ക് പറഞ്ഞിട്ടില്ല. 12,000 കോടി രൂപയാണ് കഴിഞ്ഞ വർഷം ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ നമുക്ക് ലഭിച്ചത്. ജി.എസ്.ടി. കോമ്പൻസേഷൻ എന്താണെന്ന് ഇവിടെയിരിക്കുന്ന എല്ലാവർക്കും അറിയാമെന്നാണ് കരുതുന്നത്. നേരത്തെ ഒരു വർഷം കിട്ടിക്കൊണ്ടിരുന്ന ടാക്സിൽനിന്നും അടുത്ത വർഷത്തിലേയ്ക്ക് പോകുമ്പോൾ 14 ശതമാനം വീതം വർദ്ധനവുണ്ടായിരുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ശരാശരി 14 ശതമാനം വീതം വർദ്ധനവുണ്ടായതുകൊണ്ട്, ആ പതിനാല് ശതമാനമായില്ലെങ്കിൽ 14 ശതമാനം എത്തിക്കാനുള്ള തുക കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക ഫണ്ടിൽനിന്നും കോമ്പൻസേഷനായി തരും. അത് ഇപ്പോൾ നിർത്തലാക്കി, ആ പണം കിട്ടില്ല. ഇതുകേൾക്കുമ്പോൾ തോന്നും നമ്മൾ ഈ കാര്യങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാത്തതുകൊണ്ടാണെന്ന്, അങ്ങനെയല്ല. വാസ്തവത്തിൽ റവന്യൂ നൂട്ടൽ റേറ്റെന്ന് പറയുന്നത്, ഈ ടാക്സ് സംവിധാനം നിലവിൽ വന്നപ്പോൾ ഏകദേശം പതിനാറ് ശതമാനമായിരുന്നു. നൂറ് രൂപയുടെ സാധനം

വിൽക്കുമ്പോൾ 16 രൂപ ടാക്സുണ്ടായിരുന്നു. അതിപ്പോൾ 11 രൂപയായി കുറഞ്ഞിരിക്കുകയാണ്. കാരണം, ലക്ഷ്വറി ഐറ്റങ്ങളുടെയും ഏറ്റവും വില കൂടിയ ഐറ്റങ്ങളുടേയും നികുതി 28 ശതമാനമായി കുറച്ചതുകൊണ്ടാണ്. അങ്ങനെ ടാക്സിന്റെ കാര്യത്തിൽ കുറവ് വരുന്നു, കേന്ദ്രത്തിൽനിന്നും നേരത്തെ കിട്ടിക്കൊണ്ടിരുന്ന വിഹിതത്തിൽ 3.95 ശതമാനമെന്നത് 1.92 ശതമാനമായി. ഇതുകൂടാതെ മറ്റ് ഗ്രാന്റുകളെല്ലാം കുറഞ്ഞു. ഇതിന്റെ ഭാഗമായി ഒരു സംസ്ഥാനത്തെ മാത്രമല്ല, എല്ലാ സംസ്ഥാനങ്ങളേയും ബാധിക്കുകയാണ്. ഏറ്റവുമൊടുവിൽ സംസ്ഥാനം ഗ്യാരന്റി കൊടുത്ത ഫണ്ടുകളുൾപ്പെടെ, സോഷ്യൽ സെക്യൂരിറ്റി പെൻഷനും മറ്റുമായുള്ള, ഗ്യാരന്റി കൊടുത്ത് ചില സ്ഥാപനങ്ങൾ വഴി എടുക്കുന്നതുൾപ്പെടെ നമ്മുടെ കടത്തിന്റെ പരിധിയിൽ കൊണ്ടുവന്ന്, ബോറോയിംഗ് ലിമിറ്റ് കുറയ്ക്കാനുള്ള ശ്രമം നടക്കുന്നു. സാധാരണ മുപ്പത്തിയയ്യായിരം മുപ്പത്തിയാറായിരം കോടി രൂപയാണ് ഒരു വർഷത്തിൽ ലഭിച്ചിരുന്നത്, ആദ്യത്തെ ഒൻപത് മാസത്തേയ്ക്കുള്ള കണക്ക് കണക്കാക്കി ഏപ്രിൽ-മേയ് മാസങ്ങളിൽ പണം നൽകേണ്ടതാണ്. സാധാരണ നമുക്ക് ഘട്ടംഘട്ടമായി തരേണ്ടതായിരുന്നു. പക്ഷെ ഇപ്രാവശ്യം അതിനുപകരം അയ്യായിരം കോടി രൂപമാത്രമെ

നൽകിയിട്ടുള്ള. ഇത് ഒരു സ്റ്റേറ്റിന്റെ മാത്രം കാര്യമല്ല. ഈ സഭ അത് അറിയേണ്ടതാണല്ലോ; 5000 കോടി രൂപമാത്രമെ തന്നിട്ടുള്ള. അപ്പോൾ കേരളത്തേയും കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങളേയും ശ്വാസംമുട്ടിക്കാൻവേണ്ടി എടുക്കുന്ന തീരുമാനങ്ങളുടെ തുടർച്ചയായ കാര്യങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. നമ്മൾ ആ കാര്യങ്ങളെല്ലാം അവിടെ ബോദ്ധ്യപ്പെടുത്തി, ഇത് ചെയ്യുന്നത് ശരിയല്ലെയെന്ന് പറഞ്ഞിട്ടുപോലും തന്നിട്ടില്ല. കാരണം മഹാരാഷ്ട്രയേയും രാജസ്ഥാനെയും പോലെയുള്ള സംസ്ഥാനങ്ങളെ നേരിടാനായി രാഷ്ട്രീയപരമായി ഇടപെടാം. എങ്ങനെയാണ് മഹാരാഷ്ട്രയിൽ ഇടപെട്ടതെന്ന് ഞാൻ ഇപ്പോൾ പറയണ്ടല്ലോ; അവിടെയുണ്ടായിരുന്ന ബി.ജെ.പി. വിരുദ്ധ ഗവൺമെന്റ് പോയല്ലോ; രാജസ്ഥാനിൽനിന്നുള്ള നേതാക്കന്മാരെ കഴിഞ്ഞ ദിവസങ്ങളിലൊന്നും അത്ര സജീവമായി കൗൺസിൽ യോഗത്തിൽ കണ്ടില്ല. അവിടത്തെ കാര്യം ഞാൻ പറയുന്നില്ല, കോൺഗ്രസ് ഭരിക്കുന്ന ഒന്നുരണ്ട് സംസ്ഥാനങ്ങളിൽ ഒന്നാണ്. പക്ഷെ കേരളം പോലുള്ള സംസ്ഥാനത്ത് ഇവിടത്തെ സാമൂഹ്യ വികസന പരിപാടികളും വികസനത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് ഇടപെടുന്ന പരിപാടികളേയും

ഇടപെടുത്താനും മറ്റ് കള്ളക്കേസ്സുകൾ കൊണ്ടുവരാനും ശ്രമിക്കുന്നവെന്ന നിലയിലേയ്ക്കുള്ള കാര്യങ്ങൾ നടക്കുന്നുവെന്ന കാര്യം പറഞ്ഞുവെന്നേയുള്ളൂ. എന്തായാലും കേരളത്തിന് അങ്ങനെ ലഭിക്കേണ്ട പണം കിട്ടുന്നില്ലെന്ന ഒരു പ്രശ്നമുണ്ട്. ആ പ്രശ്നം നിലനിൽക്കുമ്പോഴും ഈ ചുറ്റുപാടുകളിലെല്ലാം ഈ സ്ഥിതിയുള്ളപ്പോൾ, നമ്മൾ ഒട്ടും മോശമല്ലാതെ മുന്നോട്ടുപോകുന്നുവെന്നുള്ള കാര്യം പറയുകയാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ബോറോയിംഗ് ലിമിറ്റിന്റെ കാര്യത്തിൽ നമ്മളെടുക്കുന്ന കടങ്ങളുൾപ്പെടെ കണക്കാക്കി വരുമ്പോൾ, ഇപ്പോൾ കിഫ്ബിയിലേയ്ക്ക് മറ്റുചില മാർഗ്ഗങ്ങളിലൂടെയാണ് പണം സ്വരൂപിക്കുന്നത്. കിഫ്ബി വിഭാവന ചെയ്യുന്ന പ്രോജക്ടുകൾ ഏകദേശം 72000 കോടി രൂപയോളം വരും. അൻപതിനായിരം കോടി രൂപയായിരുന്നു. സ്വാഭാവികമായും അത് നമ്മളെ വല്ലാതെ ബാധിക്കുന്ന വിഷയംവരും. ഇതേ സമയത്ത്, കേന്ദ്ര ഗവൺമെന്റ് കിഫ്ബിയുടെ രൂപത്തിൽ മറ്റ് സോഴ്സുകളിൽനിന്നും പണം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ കാര്യത്തിൽ എന്ത് നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് പറയാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ കാര്യത്തിൽ നേരത്തെ നിയമസഭതന്നെ പ്രമേയം പാസ്സാക്കിയിട്ടുള്ളതാണ്. കിഫ്ബിയും അതുപോലുള്ള ഏജൻസികളെയും സംബന്ധിച്ച് അന്നത്തെ സി.&എ.ജി. റിപ്പോർട്ട് വന്നകാര്യം ഈ നിയമസഭ ചർച്ച ചെയ്ത് അംഗീകരിക്കാതിരുന്ന ഒരു ചരിത്രമുണ്ട്. കാരണം സി.&എ.ജി. റിപ്പോർട്ടിന്റെ ഫൈനൽ അതോറിറ്റി, പി.എ.സി. കഴിഞ്ഞാൽ നിയമസഭയാണ്. അസംബ്ലി തള്ളിക്കളഞ്ഞിട്ടുപോലും വീണ്ടും അത് ആവർത്തിക്കാൻ ശ്രമിക്കുന്നു. ഇതേ സമയത്തുതന്നെ എൻ.എച്ച്.എ.ഐ. (National Highway Authority of India) പോലുള്ള ഓർഗനൈസേഷനുവേണ്ടി മൂന്നും നാലും ലക്ഷം കോടി രൂപ കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടുണ്ട്. അവർ പറയുന്നത് 3.5 ശതമാനമാണെന്നാണ്. ആകെ ജി.എസ്.ഡി.പി.-യുടെ 3 ശതമാനമാണ് പൊതുവിൽ വേണ്ടത്. പത്തുലക്ഷം കോടിയോളം രൂപയുടെ ജി.എസ്.ഡി.പി. കേരളത്തിനുണ്ട്. അതിന്റെ 3.5 ശതമാനം ഈ വർഷം അനുവദിച്ചിട്ടുണ്ട്, പൊതുവെ 3 ശതമാനം മതി. സംസ്ഥാനങ്ങൾക്കും കേന്ദ്ര ഗവൺമെന്റിനും ഈ നിയമം ബാധകമാണ്. കഴിഞ്ഞ വർഷം നമ്മളെടുത്തത് 3.4 ശതമാനമായിരുന്നെങ്കിൽ കേന്ദ്ര ഗവൺമെന്റ് എടുത്തത് 6.9 ശതമാനമാണ്.

കേന്ദ്ര ഗവൺമെന്റിന് നമ്മളെടുക്കുന്നതിന്റെ ഇരട്ടിയെടുക്കാം, ഒരു നിയന്ത്രണവുമില്ല. ആ നിയന്ത്രണമില്ലാതെ കേന്ദ്ര സർക്കാർ പോകുന്നുവെന്നതിന്റെ അനുഭവമാണ്, ആകെ അവരുടെ ബഡ്ജറ്റ് എക്സ്പെൻഡിച്ചർ 39,40,000 കോടി രൂപയാണ്. അതിൽ പതിനേഴ് ലക്ഷം കോടി രൂപ കേന്ദ്രത്തിന്റെ ബോറോയിംഗാണ്. ഇത്തരം കാര്യങ്ങൾ ചെയ്യാനായി ശ്രമിക്കുമ്പോൾ അതൊന്നും ബാധകമല്ല. അങ്ങ് പറഞ്ഞതുപോലെ ഇത് ഒരു കാരണവശാലും അംഗീകരിക്കാവുന്ന കാര്യമല്ല, എന്നാലും അതുൾപ്പെടെ ഉപയോഗിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഇത്തരം കാര്യങ്ങളെല്ലാമുണ്ടെങ്കിലും ലോണും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളും വിശദമായി ചർച്ച ചെയ്യേണ്ടിവരുമെന്നുള്ളതുകൊണ്ടാണ് അതിന്റെ കാര്യങ്ങളിലേയ്ക്ക് കൂടുതലായി പോകാത്തത്. കാരണം ഞങ്ങൾ മൂന്ന് മന്ത്രിമാർ മറുപടി പറയേണ്ടതായിട്ടുണ്ട്. സമയത്തിനകത്ത് തീർക്കണമെന്നുള്ളതുകൊണ്ടാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അങ്ങ് മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് സ്കീമിനെപ്പറ്റി അങ്ങ് പറയുകയുണ്ടായി, വൈകിയാണെങ്കിലും

ആ പദ്ധതി നടപ്പാക്കിയത് സ്വാഗതാർഹമാണ്. എന്നാൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്തുതന്നെ കോൺട്രിബ്യൂട്ടറി പെൻഷൻ അവസാനിപ്പിച്ച്, സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി തിരികെ കൊണ്ടുവരുമെന്ന് വാഗ്ദാനം നൽകുകയും അതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. എന്നുമുതൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ കൊടുക്കുമെന്ന് പറയാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതിനെപ്പറ്റി അങ്ങേയ്ക്ക് അറിയാവുന്നതാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് സംബന്ധിച്ച് തീരുമാനമെടുക്കുന്നമുറയ്ക്ക് ബാക്കി കാര്യങ്ങൾ ആലോചിക്കുമെന്നാണ് പറഞ്ഞത്. അതുസംബന്ധിച്ച് അതിനപ്പുറം ഒരു തീരുമാനമെടുക്കില്ല. എന്തായാലും മെഡിസെപ് സംബന്ധിച്ച് നല്ലൊരു അഭിപ്രായം പറഞ്ഞതിൽ സന്തോഷമുണ്ട്. ലോകത്താകെ അംഗീകരിക്കപ്പെടുന്ന ഒരു നല്ല പരിപാടിയായി വന്നുവെന്നുള്ളതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ): സർ, പദ്ധതി വൈകിയാണെങ്കിലും നടപ്പാക്കിയെന്നാണ് പറഞ്ഞത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് വൈകാനുണ്ടായ കാരണം അങ്ങേയ്ക്ക് അറിയാവുന്നതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ

കേസ്സുണ്ടായിരുന്നു. അത് കഴിഞ്ഞ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു, അങ്ങനെ പല തർക്കങ്ങൾ നിലനിന്നിരുന്നു, കൂടാതെ പല ആശുപത്രികളും പദ്ധതിയിൽ ചേരാൻ തയ്യാറായില്ല. ഞങ്ങൾ അവസാനം ഒരു ഡേറ്റ് തീരുമാനിച്ച് മുമ്പോട്ടുപോകുകയായിരുന്നു. ഇനിയും ആശുപത്രികൾ പദ്ധതിയിൽ ചേരാനുണ്ട്. ഇപ്പോൾ 250-ഓളം ആശുപത്രികളാണ് ചേർന്നിട്ടുള്ളത്. അടുത്ത ഒരു വർഷത്തിനകം 250-ഓളം ആശുപത്രികളെങ്കിലും അടുത്തൊരു വർഷത്തിനുള്ളിൽ ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്രയും വലിയൊരു കവറേജുള്ളൊരു സ്കീം നടപ്പിലാക്കാൻ കഴിഞ്ഞതിൽ, അങ്ങയുടെ ഉൾപ്പെടെ അഭിനന്ദനത്തിന് നന്ദി പറയുന്നു. ഏതായാലും ബാക്കി കാര്യങ്ങൾ പറഞ്ഞതനുസരിച്ചുള്ള ചർച്ചകളും പരിശോധനകളും കഴിഞ്ഞ് ആലോചിക്കാം. ഇത്രയും സാമ്പത്തിക പ്രശ്നങ്ങളെല്ലാമുള്ളപ്പോഴും നമ്മുടെ നാട്ടിലെ ജി.എസ്.ടി. സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. 2021 ജൂൺ മാസത്തെ അപേക്ഷിച്ച് ഈ ജൂൺ മാസത്തിൽ മാത്രം 99 ശതമാനം നികുതി വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ ജൂൺമാസവുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം ഇരട്ടിയാണ്. കഴിഞ്ഞ ജൂണിൽ ലോക്ക് ഡൗൺ

സമയമായിരുന്നു, അതുകൊണ്ട് അങ്ങനെ വിലയിരുത്തുന്നത് ശരിയല്ല. എന്നിട്ടുപോലും 99 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 2021 ജൂണിൽ അവസാനിച്ച ക്വാർട്ടറിൽ ഈ മൂന്ന് മാസത്തെ നികുതി വർദ്ധനവിനെ കഴിഞ്ഞ ക്വാർട്ടറുമായി പരിശോധിക്കുമ്പോൾ 53.54 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. അവിടേയും ലോക്ക്ഡൗൺ കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ 54 ശതമാനമെന്നത് അത്ര വലുതല്ല. പക്ഷെ അഖിലേന്ത്യാടിസ്ഥാനത്തിൽ 35 ശതമാനം വർദ്ധവുള്ളപ്പോഴാണ് നമ്മൽ 54 ശതമാനത്തിലെത്തിയതെന്നുള്ളത് ടാക്സിന്റെ കാര്യത്തിൽ നല്ലൊരു ശ്രമം നടക്കുന്നുണ്ട് എന്നുള്ളതുകൊണ്ടാണ്. എന്നാലും ടാക്സിന്റെ നെറ്റിൽനിന്നും ധാരാളം ആളുകൾ രക്ഷപ്പെട്ട് പോകുന്നുണ്ട്. ഇവിടെ ജെനുവിനായ ഒരു കൺസേണല്ല, ഭരണപക്ഷവും പ്രതിപക്ഷവുമെല്ലാം ഉന്നയിച്ചതുപോലെ നമ്മുടെ ടാക്സ് ഡിപ്പാർട്ടുമെന്റിനെ റീസ്ട്രക്ചർ ചെയ്യുകയെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. റീസ്ട്രക്ചറിംഗിന്റെ അവസാന ഘട്ടത്തിലെത്തിയെന്നുള്ളത് സന്തോഷത്തോടുകൂടി ഈ സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വളരെ വൈകാതെ തന്നെ റീസ്ട്രക്ചറിംഗ് നടപ്പാക്കും. മൂന്നാമത് പ്രധാനപ്പെട്ട മേഖലയായി, ഓഡിറ്റിംഗും

ഇന്റലിജൻസുമടക്കമുള്ള വ്യത്യസ്തമായ മേഖലകളായി റീസ്ട്രക്ചറിംഗ് നടപ്പാക്കും. കാരണം പഴയതുപോലെ ജീപ്പും കാറും ലോറിയും തടഞ്ഞുനിർത്തി സാധനം കണ്ടെത്തിയാൽ പോര. വളരെ ഇന്റലിജന്റായിട്ടാണ് കാര്യങ്ങൾ ചെയ്യുന്നത്. ഇവിടെനിന്നും അടയ്ക്ക അയയ്ക്കുന്നുവെന്ന് പറയുന്നു, പക്ഷെ അടയ്ക്ക അയച്ചിട്ടേയില്ല. പക്ഷെ അടയ്ക്ക അങ്ങോട്ട് അയയ്ക്കുന്നുവെന്ന് പറയുമ്പോൾ, ഇവിടെനിന്നും നൂറ് കോടി രൂപയുടെ സാധനം പോകുന്നുവെങ്കിൽ, അല്ലെങ്കിൽ ഇവിടെനിന്നും പ്ലൈവുഡ് പോകുന്നുവെന്ന് അയച്ചാൽ നൂറ് കോടി രൂപയുടെ സാധനം അങ്ങോട്ട് പോകുന്നുവെന്ന കണക്ക് കാണിക്കും. അവിടെ ചെന്നിട്ട് പറയും ഞങ്ങൾ കേരളത്തിൽ ടാക്സ് അടച്ചിട്ടുണ്ടെന്ന് പറഞ്ഞ് അവിടെ കച്ചവടത്തിന് വേറൊരു ബിൽ കാണിച്ചാൽ ഈ തുക കുറവുചെയ്യും. നമ്മൾ ശ്രദ്ധിച്ചില്ലെങ്കിൽ നമ്മുടെ ടാക്സിനകത്ത് അവിടെനിന്നും ഇങ്ങോട്ട് തരേണ്ടതിൽ കുറവുണ്ടാകും. ഇങ്ങനെയുള്ള ധാരാളം തട്ടിപ്പുകൾ നടക്കുന്നുണ്ട്. ഈ തട്ടിപ്പുകൾ കണ്ടെത്താൻ പുതിയ രീതിയിലുള്ള മാർഗ്ഗങ്ങൾ നടപ്പിലാക്കണം, അതിനുവേണ്ടി റീസ്ട്രക്ചറിംഗ് സംവിധാനം, പുതിയ കമ്പ്യൂട്ടർ സംവിധാനമെല്ലാം ആ മേഖലയിൽ നടപ്പിലാക്കുന്നുണ്ട്.

അവർക്കുള്ള പരിശീലന പരിപാടികളും കാര്യമായി നടത്തിക്കൊണ്ടിരിക്കുകയാണ്. പല മേഖലകളിലും ടാക്സ് കൊടുക്കണമെന്ന് വേണ്ടത്ര അറിയാത്തതിന്റെ ഒരു പ്രശ്നവുമുണ്ട്. ടാക്സ് കൊടുക്കാതിരിക്കുന്നത് വലിയ മിടുക്കാണെന്നാണ് പലരും വിചാരിക്കുന്നത്. പതിനായിരവും ഇരുപതിനായിരവും രൂപ കച്ചവടമുള്ള ഒരു സ്ഥാപനത്തിൽ അവർ വാങ്ങുന്ന അഞ്ചോ പത്തോ ശതമാനം വരുന്ന നികുതിയെ ഒരു വർഷത്തേയ്ക്ക് കണക്കാക്കുമ്പോൾ പത്തും പതിനഞ്ചും ലക്ഷം രൂപ അടയ്ക്കാനുണ്ടാകും. അവർ ഇതൊരു ചെറിയ കച്ചവടമാണല്ലോയെന്നുപറഞ്ഞ് കൊടുക്കാതിരിക്കും. യഥാർത്ഥത്തിൽ അവർ നമ്മുടെ കയ്യിൽനിന്നും വാങ്ങുന്ന പണമാണ്. കസ്റ്റമർ എന്ന നിലയിൽ പോകുമ്പോൾ വാങ്ങുന്ന പണം, കൃത്യമായി അടയ്ക്കുന്നതിന് അവരെ പ്രേരിപ്പിക്കുകയും അത് കണ്ടെത്തുകയും ചെയ്യുക, അവരെയെല്ലാം ടാക്സ് അടയ്ക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുന്നതിനുള്ള ഒരു വലിയ ശ്രമം നടത്തിയാൽ നമ്മുടെ നികുതി പിരിവിൽ നല്ലൊരു വർദ്ധനവുണ്ടാക്കാൻ സാധിക്കും. നികുതിയുടെ കാര്യത്തിൽ അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

കടത്തിന്റെ കാര്യം നേരത്തെ പറഞ്ഞു. ഞാൻ ജി.എസ്.ടി. കൗൺസിൽ യോഗത്തിന് പോയ സമയത്ത് ഇതേ ചോദ്യം സഭയിൽ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി അതിന് മറുപടി പറഞ്ഞതാണ്. 2010-11 വർഷത്തിൽ 78673 കോടി രൂപയായിരുന്ന കടം 5 വർഷംകൊണ്ട് 153370 രൂപയായി. അത് 100% വർദ്ധിച്ചു. അത് ഉമ്മൻ ചാണ്ടി മന്ത്രിസഭയുടെ കാലത്താണ്. സാധാരണഗതിയിൽ 5 വർഷംകൊണ്ട് ഇരട്ടിയാകുന്നൊരു കണക്കാണുള്ളത്. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ അവസാന കാലത്ത്, പ്രളയവും ദുരിതവുമൊക്കെയുണ്ടായിട്ടും ഇത് 88.7% മാത്രമേ വന്നുള്ളൂവെന്ന കാര്യവും കഴിഞ്ഞ ദിവസങ്ങളിൽ പറഞ്ഞതാണ്. ധനപ്രതിസന്ധിയുണ്ടാക്കാനുള്ള കേന്ദ്രത്തിന്റെ ശ്രമങ്ങളെ നമ്മൾ ഒരുമിച്ച് നേരിടാൻ ശ്രമിക്കണം. ഇപ്പോഴത്തെ ധനകാര്യ കാര്യങ്ങൾ സജീവമായി സഭയിലുൾപ്പെടെ ചർച്ച ചെയ്യേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളെയും അവരുടെ തൊഴിൽ രംഗത്തെയും സംബന്ധിച്ചൊക്കെ ചർച്ച ചെയ്യേണ്ടതുണ്ട്. ഇപ്പോഴത്തെ സ്ഥിതിയിൽ ധനമാനേജ്മെന്റ് നന്നായി കൈകാര്യം ചെയ്യാനും നിലവിലുള്ള സാഹചര്യത്തിനകത്ത് കൊണ്ടുപോകാനുമാണ്

സംസ്ഥാന സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെവന്ന വിഷയങ്ങളിൽ ഈ കാര്യങ്ങളെ സംബന്ധിച്ച് സർക്കാർ നോക്കുന്നുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ അടുത്ത ദിവസം ചർച്ച ചെയ്ത ആർ.ബി.ഐ.-യുടെ ഒരു ആർട്ടിക്കിൾ നമ്മളെല്ലാവരും വായിച്ചതാണ്. അതിലെ ഒരു ഒബ്സർവ്വേഷനിൽ എനിക്ക് വളരെ സീരിയസ്സായി തോന്നിയത്, ഓൺ ടാക്സ് റവന്യൂ പിരിക്കുന്നതിൽ ഗുരുതരമായ കുറവ് വരുന്ന സംസ്ഥാനങ്ങളുടെ മുൻപന്തിയിലാണ് കേരളത്തെ രേഖപ്പെടുത്തിയിരിക്കുന്നത്. കടം എടുക്കുന്നതുകൊണ്ട് തെറ്റില്ല. പക്ഷേ വരുമാനം വർദ്ധിക്കണം. ഓൺ ടാക്സ് റവന്യൂ ഡിക്ലൈൻ ചെയ്യുന്നു എന്നുപറയുന്നത് തീർച്ചയായും ഒരു കൺസേണാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം എന്തായിരിക്കുമെന്നറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഓൺ ടാക്സ് റവന്യൂ ഉൾപ്പെടെയുള്ള കാര്യമാണ് ഞാൻ പറഞ്ഞത്, അതായത് ഈ പറഞ്ഞ വർദ്ധനവ്. കുറച്ചുകൂടി വർദ്ധനവ് വരാനുണ്ടെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ

ക്വാർട്ടറിലെ ടാക്സിന്റെ വരുമാനം നോക്കുമ്പോൾ നമുക്ക് ജൂൺ മാസം വരെയുള്ള ക്വാർട്ടറിൽ 55 ശതമാനമാണ് കഴിഞ്ഞ വർഷത്തേക്കാളും വർദ്ധനവെങ്കിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ അത് 35 ശതമാനമേയുള്ളൂ. ആ വർദ്ധനവ് വരുന്നുണ്ട്. പക്ഷേ അതുകൊണ്ട് മാത്രം പോരാ. കൂടുതൽ വർദ്ധനവ് വരുത്തണമെന്നതിൽ തർക്കമില്ല. അതിന് എല്ലാവരുംകൂടി സഹായിക്കണം. കോടതിയിൽ കേസുകളിൽപ്പെട്ട് കിടക്കുന്ന എത്രയോ കാര്യങ്ങളുണ്ട്. ആവശ്യമില്ലാതെ ടാക്സിന്റെ കാര്യത്തിലൊക്കെ തടസ്സമുണ്ടാക്കി കേസ്സുകൾ ഉണ്ടാക്കുന്നതുമുതൽ എത്രയെത്ര കാര്യങ്ങളാണ് ഇതിൽ വരുന്നത്. ഇതിലെല്ലാം ഇടപെട്ട് ആളുകളെക്കൊണ്ട് ടാക്സ് അടപ്പിക്കുക എന്നുള്ളത് പ്രധാനപ്പെട്ടൊരു കാര്യമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അടക്കമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതിനൊന്നും ഞാൻ ഇപ്പോൾ മറുപടി പറയുന്നില്ല. അദ്ദേഹം പറഞ്ഞു, ധനകാര്യ വകുപ്പുമന്ത്രിക്ക് നല്ല പെരുമാറ്റമൊക്കെയാണ്, ചായക്കട തുറന്നുവച്ചിരിക്കുകയാണ്, പക്ഷേ 11 മണിയാകുമ്പോഴേയ്ക്കും സാധനം തീരുമെന്ന്. ഞാൻ ചോദിക്കട്ടെ, അങ്ങ് ചോദിച്ചിട്ട് ഏതെങ്കിലും സാധനം ഗവൺമെന്റിൽനിന്ന് കിട്ടാതിരുന്നിട്ടുണ്ടോ; അങ്ങ് ചോദിച്ചിട്ട് എന്തെങ്കിലും

ഈ ചായക്കടയിൽനിന്നും കിട്ടാത്തതുണ്ടോ; ആഗ്രഹങ്ങൾ ഒത്തിരി കാണും. ബഡ്ജറ്റിൽ വച്ചിരിക്കുന്ന പണമാണ്. അങ്ങേയ്ക്ക് ഇവിടെ വിമാനത്താവളം വേണമെന്നോ ലോക്കൽ സ്റ്റേഷൻ വേണമെന്നോ പറയാം. ബഡ്ജറ്റിനകത്തുള്ള ഈ സർക്കാർ അംഗീകരിച്ച ഏതെങ്കിലും പണം എവിടെയെങ്കിലും കിട്ടാത്തതുണ്ടോ? പക്ഷേ ഭാവിയിൽ ഇങ്ങനെയാണ് കേന്ദ്രഗവൺമെന്റ് ശ്രമിക്കുന്നതെങ്കിൽ അപകടകരമായ സ്ഥിതിയാണെന്ന് ചൂണ്ടിക്കാണിക്കാൻ ഉത്തരവാദപ്പെട്ടൊരു ചുമതലക്കാരനാണ് ഞാൻ എന്നുള്ളതുകൊണ്ടാണ് ഇത് പറയുന്നത്. നാലഞ്ച് കോടി രൂപ മുടക്കിയ പുതിയ ടഷറി കാസർഗോഡുള്ള ചട്ടഞ്ചാലിൽ ഉദ്ഘാടനം ചെയ്തു. ആ ടഷറി ഉദ്ഘാടനത്തിന് കണ്ടപ്പോഴാണ് അങ്ങ് അത് പറഞ്ഞത്. പറയുമ്പോൾ വസ്തുതാപരമായ കാര്യം പറയണം. ഈ ചായക്കടയിൽ ബോണ്ടയും ചായയും ഊണും പൊറോട്ടയും അത്താഴവും കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് കൊടുത്തിരിക്കും. അങ്ങനെ കൊടുക്കാതെ കട തുറന്നുവച്ചിരിക്കുകയല്ല. പറഞ്ഞ എല്ലാ കാര്യവും കൊടുക്കുന്നുണ്ട്. പറഞ്ഞതിനപ്പുറം കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. ആലങ്കാരികമായി പറയാം. പക്ഷേ ഒരൊറ്റ മണ്ഡലത്തിലും ഇതുവരെ അങ്ങനെ കൊടുക്കേണ്ട ഒരു കാര്യത്തിനും തടസ്സം വരുന്ന അവസ്ഥ

ഉണ്ടായിട്ടില്ലെന്ന് അഭിമാനത്തോടെ പറയാൻ കഴിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അങ്ങ് എന്റെ നിയോജകമണ്ഡലത്തിൽ ഒന്നും തന്നിട്ടില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. പക്ഷേ കുറേ കരാറുകാരുടെ ബിൽ കൊടുക്കാൻ ബാക്കിയുണ്ട്. അതേ അവസരത്തിൽ ടഷറി എപ്പോഴും തുറന്നുവച്ചിട്ടുണ്ടെന്ന് അങ്ങ് പറയുന്നുമുണ്ട്. അത് ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രീ, ഇങ്ങനെ ഉദാരമായി വഴങ്ങിയാൽ പറ്റില്ല. ബഹുമാനപ്പെട്ട ഒരു മന്ത്രികൂടി മറുപടി പറയാനുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ ചുരുക്കാം. കുറച്ച് കരാറുകാരുടെ പണം കൊടുക്കാനുണ്ടെന്ന് അങ്ങ് പറഞ്ഞു. കരാറുകാർക്കുൾപ്പെടെ പണത്തിന് തടസ്സമില്ല. ബിൽ ഡിസ്കൗണ്ടിംഗും അല്ലാതെയുമുള്ള ഫണ്ടെല്ലാം കൊടുക്കുന്നുണ്ട്. ഇതുവരെ കുഴപ്പമൊന്നുമില്ല. ഇനിയങ്ങോട്ടുമുണ്ടാകില്ല. ഭാവിയിൽ കേന്ദ്രം നമ്മളെ ഇങ്ങനെ തടയാൻ നിന്നാൽ അക്കാര്യത്തിൽ നമുക്കൊരുമിച്ച് അജിറ്റേഷൻ നടത്താം, അങ്ങ് പറയുന്ന കാര്യം പരിശോധിക്കുകയും ചെയ്യാം. പൊതുവിൽ ആ കാര്യമില്ല

എന്നുമാത്രം പറഞ്ഞ് നമുക്ക് കൂട്ടായി ഇക്കാര്യമെടുക്കാം. ഇടയ്ക്കിടയ്ക്ക് ആർക്കെങ്കിലും വഴങ്ങിക്കൊടുക്കാനുള്ള സമയമില്ലെന്ന് ബഹുമാനപ്പെട്ട ചെയർ പറഞ്ഞു. അതുകൊണ്ടാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഞാൻ വഴങ്ങാത്തത്. അടുത്ത ദിവസങ്ങളിൽ ചർച്ചയുണ്ടല്ലോ. അപ്പോൾ ബാക്കി കാര്യങ്ങൾ പറയാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് അനൗൺസ് ചെയ്ത മുതിർന്ന മാധ്യമ പ്രവർത്തകരുടെ പെൻഷനിൽ 1,000/- രൂപയുടെ വർദ്ധനവ് വരുത്തുന്നത് 500/- രൂപയാക്കി ചുരുക്കാതെ 1,000/- രൂപയാക്കി നിലനിർത്തണമെന്നുള്ള റിക്വസ്റ്റാണ് എനിക്കുള്ളത്.

മി. സ്പീക്കർ: ഇനി ചെയർ അനുവദിച്ചാൽ എന്ന് പ്രത്യേകം പറയരുത്. ചെയർ വഴങ്ങാൻ അനുവദിക്കുന്നില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് ഞാൻ വളരെ കൃത്യമായി പറഞ്ഞതാണ്. ബഡ്ജറ്റിൽ 1,000/- രൂപ വർദ്ധിപ്പിക്കുമെന്ന് പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പങ്കെടുത്ത ഒരു യോഗത്തിന്റെ മിനുട്ട്സിനനുസിച്ചാണ് തീരുമാനം വരുന്നത്. എന്തായാലും ഈ പ്രശ്നം

പരിഹരിക്കുമെന്ന് പത്രപ്രവർത്തകരോടുൾപ്പെടെ പറഞ്ഞതാണ്. അത് വലിയ പ്രശ്നമുള്ള കാര്യമല്ല. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി (ശ്രീ. കെ. രാജൻ): സർ, ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത 17 അംഗങ്ങൾ, അവർ ഈ സഭയ്ക്കും പൊതുവെ ഗവൺമെന്റിനും ചർച്ച ചെയ്യേണ്ടതും ഇടപെടേണ്ടതും വകുപ്പുകളുമായി ബന്ധപ്പെട്ടുള്ളതുമായ ചില വിഷയങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട ചെയറിനോട് തുടക്കത്തിൽത്തന്നെ എനിക്ക് ചെറിയൊരു അഭ്യർത്ഥന നടത്താനുള്ളത്, ഇന്നത്തെ ഡിമാന്റിന്റെ മഹാഭ്രരിപക്ഷവും നാല് വിഷയങ്ങളിലായി ഈ വകുപ്പിനാണ് എന്നുള്ളതുകൊണ്ട് കുറച്ച് സമയത്തിനുള്ളിൽ പരമാവധി നിർത്താം. എങ്കിലും ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതും ഗവൺമെന്റ് ഉദ്ദേശിക്കുന്നതുമായ കാര്യങ്ങളിലേയ്ക്ക് കടന്നുപോകാതിരിക്കാൻ കഴിയില്ല.

ഈ ഗവൺമെന്റ്, രണ്ടാം പിണറായി സർക്കാർ അധികാരത്തിൽവന്ന് തുടക്കത്തിൽത്തന്നെ 2021 മുതൽ 2026 വരെയുള്ള റവന്യൂ, സർവ്വേ,

ഭവനനിർമ്മാണ വകുപ്പിന്റെ ലക്ഷ്യങ്ങളും കരുതലും ഉൾപ്പെടുത്തിക്കൊണ്ട് Vision and Mission 2021-26 എന്ന വിപുലമായൊരു ആശയം ജനപ്രതിനിധികളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് അവതരിപ്പിച്ചപ്പോൾ ഈ സർക്കാർ ഒരു മുദ്രാവാക്യം ജനങ്ങളുടെ മുമ്പിൽ വച്ചു. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്നാണ് ആ തലവാചകം. പ്രസ്തുത വാചകത്തിൽ ഊന്നിനിന്നുകൊണ്ട് കഴിഞ്ഞ ഒരു വർഷക്കാലമായി പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നും ആ പ്രവർത്തനത്തിൽ വലിയ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുമുള്ള അഭിമാന ബോധത്തോടുകൂടിയാണ് ഈ ധനാഭ്യർത്ഥനകൾ അവതരിപ്പിച്ചുകൊണ്ട് ഞാൻ സംസാരിക്കുന്നത്.

കേരളത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 177000 പട്ടയങ്ങൾ കൊടുത്തുകൊണ്ട് കേരളത്തിലെ ഗവൺമെന്റിന്റെതന്നെ ചരിത്രത്തിൽ അത്ഭുതകരമായ മാറ്റത്തിന് വഴിവച്ചതാണ് ഒന്നാം പിണറായി സർക്കാരും അതിലെ റവന്യൂ വകുപ്പും. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്ന ഒരു വർഷക്കാലത്തിനിടയിൽ, ആ പന്ത്രണ്ട് മാസത്തിൽ ഏഴ് മാസക്കാലവും കഠിനമായ കോവിഡിന്റെ തടവിലായിരുന്ന നമ്മളെല്ലാവരും.

കോവിഡിന്റെ മൂന്നാം തരംഗം ആർത്തലച്ച് വന്നപ്പോഴും കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് നൂറുദിന പരിപാടികളിലായി 27000-ത്തോളം പട്ടയം വിതരണം ചെയ്യാൻ ആവശ്യമായ നടപടികളെടുക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടപ്പോൾ ഞാൻ അഭിമാനത്തോടെ പറയട്ടെ, റവന്യൂ വകുപ്പ് ജീവനക്കാരുടെയും രാഷ്ട്രീയ ഭേദമന്യേ ഈ സഭയിലെ എം.എൽ.എ.-മാരുടെയുമെല്ലാം പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ 27000 പട്ടയങ്ങൾ കൊടുക്കണമെന്നാണ് ടാർജറ്റ് ഇട്ടതെങ്കിൽ ഒറ്റവർഷംകൊണ്ട് 54535 പട്ടയങ്ങൾ വിതരണം ചെയ്യാൻ നമുക്ക് സാധിച്ചു. 54535 പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് പറഞ്ഞാൽ 54535 രേഖയല്ല. കഴിഞ്ഞ മേയ് 20-ാം തീയതി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിൽ ഞങ്ങൾ 21 മന്ത്രിമാർ അധികാരത്തിൽ സത്യപ്രതിജ്ഞ ചെയ്യുന്ന നേരത്ത്, ആര് കേരളത്തിന്റെ മന്ത്രിയായാൽ എനിക്കെന്തുകാര്യം, ജീവിതത്തിൽ ഇതുവരെയും ആറടി മണ്ണിന്റെ ജന്മിയാകാൻ കഴിഞ്ഞില്ലല്ലോ തമ്പുരാനേ എന്ന് പ്രാർത്ഥിക്കുകയും കരയുകയും ചെയ്തിരുന്ന കേരളത്തിലെ 54535 കുടുംബങ്ങളെ ഈ ഒരു വർഷക്കാലംകൊണ്ട് ഭൂമിയുടെ ഉടമകളാക്കി

എന്നതാണ് രണ്ടാം പിണറായി സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം. അത് വെറുതേ ഉണ്ടായതല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർച്ചയായ പരിപാടികൾ. ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പുതിയ പട്ടയ മിഷൻ ടീം, കേരളത്തിലെ 17 മദർലാൻഡ് ട്രിബ്യൂണലുകൾ, 16 ദേവസ്വം ട്രിബ്യൂണലുകൾ, 15 ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകിയ ഓഫീസുകൾ, 34 ലാൻഡ് ട്രിബ്യൂണൽ, താലൂക്ക് ഓഫീസുകൾ എന്നിങ്ങനെ 82 കാര്യാലയങ്ങളിലായി 139712 കേസ്സുകൾ പ്രത്യേകമായി ചർച്ച ചെയ്യാൻ അനുവാദമുണ്ടായി. എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മണ്ഡലത്തിൽ, ഭൂമിയുടെ അവകാശമില്ലാത്തവർ ആര്? എന്ന് പരിശോധിക്കാനുള്ള പ്രത്യേക യോഗങ്ങൾ കൂടി. ആ യോഗങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയ ഡാഷ് ബോർഡ് ഉണ്ടാക്കി. മന്ത്രിമാരും എം.എൽ.എ.-മാരും സർക്കാർ ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ട് മൂന്ന് മുതൽ അഞ്ച് തവണ വരെ ജില്ലകളിൽ ഉന്നതല യോഗങ്ങൾ ചേർന്നു. എല്ലാ ആഴ്ചയിലും ഓൺലൈനിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ട ശ്രമം നടത്തി. കേരളത്തിൽ ലാൻഡ് ട്രിബ്യൂണലുകളിൽ ശേഷിക്കുന്ന 89975 കേസുകളിൽ ഗുണകരമായ മാറ്റമുണ്ടാക്കാനുള്ള പരിശ്രമങ്ങളുമായി സർക്കാർ

മുന്നോട്ട് പോകുകയാണ്. റീസർവ്വേ കൂടി കഴിയുമ്പോൾ, അതിന്റെ ഭാഗമായുള്ള സെറ്റിൽമെന്റിലേയ്ക്ക് കടക്കുമ്പോൾ കൂടിയായ്മ, കൂടികിടപ്പ് ഭൂമികളിൽ കൈവശമുള്ളവർക്ക് പൂർണ്ണമായും പട്ടയം നൽകാനുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് കടക്കുന്നതാണ്. കേരളത്തിലെ താലൂക്ക് ലാൻഡ് ബോർഡുകളിൽ ഇപ്പോൾ നിലനിൽക്കുന്നത് 1290 കേസുകളാണ്. സാധാരണ നിലയിൽ ആ ലാൻഡ് ബോർഡുകളിൽ അതിന്റെ ചുമതലക്കാരായിരിക്കുന്നത് മറ്റു വകുപ്പുകളുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി കളക്ടർ ആയിരിക്കും. കഴിഞ്ഞ പട്ടയ വിതരണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പ്രഖ്യാപിച്ചതുപോലെ താലൂക്ക് ലാൻഡ് ബോർഡുകളെ നാലു വിഭാഗങ്ങളാക്കി മാറ്റി അതിന് നാല് ഡെപ്യൂട്ടി കളക്ടർമാരെ പുതിയതായി നിയമിച്ച്, ആ നാല് സോണിൽക്കൂടിയുള്ള പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾ അർഹരായ മുഴുവൻപേർക്കും ഭൂമി കൊടുക്കുകയെന്ന ലക്ഷ്യത്തിലേക്ക് ഈ കാലയളവിൽ കേരളത്തിലെ ഗവൺമെന്റിന് എത്താൻ കഴിയുമെന്ന് ഈ ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ വളരെ അഭിമാനത്തോടുകൂടി പറയാൻ കഴിയും.

"അവശന്മാ,രാർത്തന്മാരാലംബഹീനന്മാ-

രവരുടെ സങ്കടമാരറിയാൻ?

പണമുള്ളോർ നിർമ്മിച്ച

നീതിക്കിതിലൊന്നും

പറയുവാനില്ലേ?- ഞാൻ പിൻവലിച്ചു !"

എന്ന് 'വാഴക്കുല' എന്ന കവിതയുടെ അവസാനത്തെ വരികളിൽ ചങ്ങമ്പുഴ കൃഷ്ണപിള്ള എഴുതിവച്ചത് മലയാളിയുടെ മനസ്സിൽ നീറുന്ന വേദനയായി ഇപ്പോഴും നിലനിൽക്കുന്നതാണ്. ഇത്തരമൊരു ഗവൺമെന്റ് ഈ കേരളത്തിൽ അധികാരത്തിൽ വരുന്ന ഘട്ടമുണ്ടായിരുന്നെങ്കിൽ അത് തിരുത്തിയെഴുതേണ്ടിവരുമായിരുന്ന വിധത്തിൽ അവശന്മാരുടെയും ആർത്തൻമാരുടെയും ആലംബഹീനൻമാരുടെയും വികാരമറിയാൻ കേരളത്തിൽ ഒരു ഗവൺമെന്റുണ്ടെന്ന് തെളിയിക്കാൻ ഈ കാലയളവിൽ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് വളരെ അഭിമാനപൂർവ്വം പറയാനാകും. ഭ്രനിയമവുമായി ബന്ധപ്പെട്ട് രാവിലെ മണിയാശാനും ശ്രീ. പി. ജെ. ജോസഫും ചർച്ച ചെയ്തതുപോലെ, ഞാൻ ആ വിഷയത്തിലേക്ക് വരാം. 1960-ലെ ഭ്രനിയമത്തിന്റെ ഭാഗമായുള്ള നിരവധി ചട്ടങ്ങളുണ്ട്. ചട്ടങ്ങളുടെ

ഭാഗമായുള്ള ഗവൺമെന്റ് ഉത്തരവുകളുണ്ട്. 1964-ലെ ചട്ടം റവന്യൂ വകുപ്പിന്റെ ഭാഗമായി കൊടുക്കാവുന്നതാണ്, കടലിനും ജണ്ടയ്ക്കും ഇടയിലുള്ള പ്രദേശം. എന്നാൽ വനം വകുപ്പുമായി ബന്ധപ്പെട്ട് 1977-ലെ പട്ടയം 1993-ലെ ചട്ടം അനുസരിച്ച് കൊടുക്കേണ്ടതാണ്. അത് നഗരപ്രദേശത്ത് 1995-ലെ ചട്ടമനുസരിച്ച് കൊടുക്കേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൊടുക്കാൻ 2001-ലെ ചട്ടം നിലനിൽക്കുന്നുണ്ട്. ഇങ്ങനെ 30-ഓളം ചട്ടങ്ങൾ, ആ ചട്ടങ്ങളിൽ നേരത്തെ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ.....

ശ്രീമതി ശാന്തകുമാരി കെ.: സർ, ലാന്റ് അസൈൻമെന്റ് ആക്ട് സ്പെഷ്യൽ റൂൾ 1993 പ്രകാരം ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ അതായത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞിട്ടുള്ള ഭൂമികളിൽ പട്ടയം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഏതുവരെയായി?

ശ്രീ. കെ. രാജൻ: സർ, അതൊരു പ്രശ്നമാണ്. ഞാൻ നേരത്തെ പറഞ്ഞ 30-ഓളം ചട്ടങ്ങളിൽ 1993-ലെ ചട്ടം വ്യത്യസ്തമാണ്. 1977-ന് മുൻപ് വനഭൂമിയിൽ കുടിയേറിപ്പാർത്തവർക്ക് ഭൂമി കൊടുക്കാനുള്ളതാണ് 1993-ലെ ചട്ടം. ആ ചട്ടപ്രകാരം ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ടത്

റവന്യൂ വകുപ്പും വനം വകുപ്പും സംയുക്തമായാണ്. അങ്ങനെ റവന്യൂ വകുപ്പും വനം വകുപ്പും സംയുക്തമായി തയ്യാറാക്കിയ ജെ.വി.ആർ. അനുസരിച്ച് കേന്ദ്ര ഗവൺമെന്റിന് ടോപ്പോ ഷീറ്റിൽ പ്രത്യേകമായി അഭ്യർത്ഥന നടത്തി കേന്ദ്ര ഗവൺമെന്റ് സെൻട്രൽ പട്ടയത്തിന്റെ ഭാഗമായി ആ ഭൂമി റവന്യൂ വകുപ്പിന് വിട്ടു തന്നാൽ മാത്രമേ സംസ്ഥാന ഗവൺമെന്റിന് അത് വിഭജിച്ചു നൽകാൻ സാധിക്കുകയുള്ളൂ. ആ പരിശ്രമങ്ങൾ നല്ലതുപോലെ നടക്കുന്നുണ്ട്. അടുത്ത ഒരു വർഷക്കാലം, അങ്ങ് ചോദിച്ചതിന്റെ ഭാഗമായി, 54535 പട്ടയങ്ങൾ കൊടുത്ത അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുന്നു, ഈ സാമ്പത്തിക വർഷം കേരളത്തിലെ പട്ടയ വിതരണത്തിലെ മുഖ്യലക്ഷ്യമായി നാം എടുക്കാൻ പോകുന്നത് മലയോരത്തിലേയും ആദിവാസികളുടേയും പട്ടയം കൊടുക്കുകയെന്നുള്ളതാണ്. മലയോര ആദിവാസി മേഖലകളിൽ വർഷങ്ങളായി നിലനിൽക്കുന്ന പട്ടയം വിതരണം ചെയ്യൽ ഒരു സ്പെഷ്യൽ മിഷൻ ഏറ്റെടുത്തുകൊണ്ട് പാർശ്വവൽകൃതരായ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ ഒരു മുന്നോട്ടുപോക്കുണ്ടാകും. ചട്ടങ്ങളും നിയമങ്ങളുമൊക്കെ മനുഷ്യ നിർമ്മിതമാണ്, ഈ സഭ ഉണ്ടാക്കിയതാണ്. ഏറ്റവും സാധാരണക്കാരായ മനുഷ്യർക്കുവേണ്ടി ഭൂമികൊടുക്കാൻ ആ

ചട്ടത്തിലോ നിയമത്തിലോ ഒരു മാറ്റമുണ്ടാക്കേണ്ടി വന്നാൽ അടിസ്ഥാനമൂല്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് അതിൽ മാറ്റം വരുത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് ഒരു മടിയുമുണ്ടാകില്ല. അനധികൃതമായ ഭൂമി കൈവശംവച്ചിരിക്കുന്നവർ എത്ര ഉന്നതന്മാരാണെങ്കിലും അത് തിരിച്ചു പിടിച്ച് ഈ നാട്ടിലെ ഭൂരഹിതർക്ക് വിതരണം ചെയ്യുക എന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. വനാവകാശ പട്ടയങ്ങൾ, 2001-ലെ പട്ടികവർഗ്ഗ ഭൂപതിവ് ചട്ടങ്ങൾ, 1993-ലെ വനമേഖല ഭൂപതിവ് ചട്ടങ്ങൾ - ഈ സങ്കീർണ്ണമായ ഭൂമി പ്രശ്നങ്ങൾ പരിഹരിക്കാൻ അടുത്തവർഷം പ്രത്യേകം ടീമുകളെ നിയോഗിച്ചുകൊണ്ട് മലയോര ആദിവാസി മേഖലകളിൽ സ്പെഷ്യൽ ഡ്രൈവ് നടത്തിക്കൊണ്ട്, സർവ്വേയർമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും ഒരു ടീം നിർമ്മിച്ചുകൊണ്ട്, ആ പ്രശ്നങ്ങൾക്ക് നേതൃത്വം നൽകാൻ നമുക്ക് സാധിക്കും. യുണിക് തണ്ടപ്പേർ സിസ്റ്റത്തിലേക്ക് കടന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുകയാണെന്ന് ഞാൻ രാവിലെ പറഞ്ഞു. ആധാറും തണ്ടപ്പേരും ലിങ്കുചെയ്തുകൊണ്ടുള്ള ഒരു പുതിയ സമീപനത്തിലൂടെ അനധികൃതമായി കൈവശം വയ്ക്കുന്ന ഭൂമി കണ്ടെത്താനും അത് പിടിച്ചെടുത്ത്

നാട്ടിലെ ഭൂരഹിതർക്ക് കൊടുക്കാനും അതോടൊപ്പം ഭൂരേഖകളിലെ കൃത്രിമത്വം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് മറുപടി കാണാനും നമുക്ക് കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ചിലർ ഉന്നയിക്കപ്പെട്ട പ്രശ്നം ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ടുള്ളതാണ്. ചിലരൊക്കെ ഉന്നയിക്കുന്നത് കേട്ടാൽ തോന്നും 2008-ലെ നിയമവും 2018-ലെ ഭേദഗതിയും ഭൂമി തരം മാറ്റാൻവേണ്ടി ഉണ്ടാക്കിയതാണെന്ന്. അങ്ങനെയല്ലേയല്ല. അത് നമ്മുടെ ഭൂമി അനധികൃതമായി നികത്തിപ്പെടാതിരിക്കാൻവേണ്ടി ഉണ്ടാക്കിയ രണ്ടു നിയമങ്ങളാണ്. അതിന്റെ ഭാഗമായുള്ള ഒരു വ്യക്തത ഉണ്ടാകേണ്ടതുണ്ട്. 56/2022 എന്ന ഗവൺമെന്റ് ഉത്തരവിലൂടെ ഫെബ്രുവരി മാസം 22-ാം തീയതി ക്യാബിനറ്റ് എടുത്ത ഒരു തീരുമാനം, 990 പുതിയ ജീവനക്കാരെ നിയമിച്ചുകൊണ്ട്, 340 വാഹനങ്ങൾ വാടകയ്ക്കെടുത്തുകൊണ്ട്, 5 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള ഇൻഫ്രാ സ്ട്രക്ചർ ഫെസിലിറ്റീസ് ആരംഭിച്ചുകൊണ്ട് നവംബർ മാസത്തിനകം കേരളത്തിലെ ഓൺലൈനായും ഓഫ്‌ലൈനുമായി നൽകിയ മുഴുവൻ അപേക്ഷകളിലും തരം മാറ്റങ്ങളിലും തീർപ്പുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ അത് മുന്നോട്ടുപോകും. ഈ സഭയുടെ മുൻപിൽ ആദ്യം

പറയണമെന്നുള്ളതുകൊണ്ട് മറ്റൊരിടത്തും പറയാതെ സഭ സമ്മേളിക്കുന്ന സമയത്തെടുത്ത തീരുമാനമായതുകൊണ്ട് സഭയുടെ മുൻപിൽ അറിയിക്കുകയാണ്. 27 ആർ.ഡി.ഒ. ഓഫീസുകളുണ്ട്. ടി ഓഫീസുകളിൽ ഓഫ്ലൈനായി കൊടുത്ത അപേക്ഷകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിരീക്ഷണത്തിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ നവംബർ മാസത്തിൽ തീർക്കാമെന്നാണ് കരുതിയിരുന്നത്. 8 ആർ.ഡി.ഒ. ഓഫീസുകളിലെ ഓഫ്ലൈൻ അപേക്ഷകൾ പൂർണ്ണമായും ഓഗസ്റ്റ് മാസത്തിൽ പൂർത്തീകരിക്കാനാകും. അത് കാസർഗോഡ്, തലശ്ശേരി, മാനന്തവാടി, ഇടുക്കി, ദേവികുളം, അട്ടൂർ, തിരുവല്ല, നെടുമങ്ങാട് എന്നിവയാണ്. ഈ ഓഫീസുകളിൽ ഓഗസ്റ്റ് മാസം കഴിഞ്ഞാൽ ഓഫ്ലൈനായി ഒരു അപേക്ഷയും ബാക്കിയില്ലാത്തവിധത്തിൽ പൂർത്തീകരിക്കാൻ കഴിയും. ബാക്കി 19 ഓഫീസുകളിലേതും നവംബർ മാസത്തിൽ പൂർത്തീകരിച്ച് ഓഫ്ലൈനായുള്ള തരംമാറ്റം അപേക്ഷകളിൽ തീരുമാനമെടുക്കാൻ സാധിക്കും.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പട്ടയങ്ങൾ നൽകിയെന്ന് അവകാശപ്പെടുമ്പോഴും അതിൽ മഹാഭ്രരിപക്ഷവും നിലവിൽ കരമൊടുക്കിയും

കൈവശം അനുഭവിച്ചും പണയപ്പെടുത്തിയും ഉപയോഗിച്ചുവരുന്ന ഭൂമിയാണ്. എന്നാൽ വനഭൂമി പട്ടയമടക്കം സംയുക്ത പരിശോധന പൂർത്തിയാക്കിയ തൃശ്ശൂർ ജില്ലയിൽ മാത്രം അയ്യായിരത്തിലധികം അപേക്ഷകൾ പെൻഡിംഗിൽ നിൽക്കുന്നുണ്ടെന്നുള്ള വസ്തുത അങ്ങയുടെ മുമ്പാകെയുണ്ട്. ഇതിൽ റവന്യൂഭൂമിയും അതുപോലെയുള്ളവയും എത്രയെണ്ണമാണെന്ന് പറയാമോ?

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രീ വളരെ അത്യാവശ്യമുള്ള ഏതെങ്കിലുമുണ്ടെങ്കിൽ പ്രസംഗത്തിനുശേഷം വഴങ്ങിയാൽ മതി.

<u>ശ്രീ. കെ. രാജൻ</u>: സർ, അദ്ദേഹം ഈ കാര്യത്തെക്കുറിച്ചുള്ള ധാരണക്കുറവുള്ളതുകൊണ്ട് പറഞ്ഞതായിരിക്കും. എന്റെ ജില്ലയിലുള്ള ഏക യു.ഡി.എഫ്. അംഗമാണ്, അതുകൊണ്ടാണ് ഇടപെടാൻ അനുവദിച്ചത്. പുതിയൊരു അംഗം എന്നുള്ള നിലയിൽ ചോദിച്ച ചോദ്യം വളരെ ന്യായമാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. എത്രയോ കാലമായി ഉപയോഗിച്ച് രേഖപോലുമില്ലാതെ, പട്ടയം പോലുമില്ലാതെ കിടക്കുന്ന മനുഷ്യരുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം കൊടുക്കൽ ഒരു പ്രധാനപ്പെട്ട ചുമതലയായതുകൊണ്ട് അത് കൊടുക്കുകയാണ്. പക്ഷെ അങ്ങ്

മനസ്സിലാക്കേണ്ട കാര്യം കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനു മുൻപ് ഒരു അഞ്ചു വർഷക്കാലമുണ്ടായിരുന്നല്ലോ, അന്ന് ആ ജില്ലയിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആകെ കൊടുത്ത വനഭ്രമി പട്ടയത്തിന്റെ എണ്ണം 74 ആണ്. ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞ മൂന്ന് വർഷക്കാലം കൊണ്ട് ആ ജില്ലയിൽ വനഭ്രമിയിൽ മാത്രം കൊടുത്ത പട്ടയങ്ങളുടെ എണ്ണം 1638 ആണ്. അതാണ് വ്യത്യാസം. അങ്ങ് പറഞ്ഞത് ശരിയാണ്, അയ്യായിരം അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. എന്താണ് അത് അയയ്ക്കാനുള്ള പ്രശ്നം? നേരത്തെ സംസ്ഥാനത്തിന് ഒരു യൂണിറ്റായി മാത്രമേ കേന്ദ്രഗവൺമെന്റിൽ അപേക്ഷ കൊടുക്കാൻ സാധിക്കുമായിരുന്നുള്ളൂ. ഇപ്പോൾ ഓരോ ജില്ലയും ഓരോ യൂണിറ്റായി കേന്ദ്ര ഗവൺമെന്റിന് അപേക്ഷ കൊടുക്കാം. 4638 അപേക്ഷകൾ തൃശ്ശൂരിൽ തയ്യാറായി കഴിഞ്ഞു, അത് ടോപ്പോ ഷീറ്റിലാക്കിക്കഴിഞ്ഞു. അത് ഉടൻ കേന്ദ്രഗവൺമെന്റിന് അയയ്ക്കും. രാവിലെ ബഹുമാനപ്പെട്ട പ്രമോദ് നാരായണൻ, എം.എൽ.എ. സൂചിപ്പിച്ചതുപോലെ പത്തനംതിട്ട, കൊല്ലം ജില്ലയിലടക്കം നമ്മുടെ മലയോര മേഖലകളിലെല്ലാം അതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടന്നു വരികയാണ്. 12 ജില്ലകളിലേയും നമുക്ക് ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ

അയയ്ക്കാൻ കഴിയും. ഡിജിറ്റലൈസേഷൻ എന്ന പ്രധാനപ്പെട്ട സംവിധാനത്തിന് കേരളത്തിലെ രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് ഗണ്യമായ പ്രത്യേകതകളോടെ മുന്നേറാൻ പോകുകയാണ്. 7 വിഷയങ്ങളിൽ ഓൺലൈനായി തുക അടയ്ക്കാൻ കഴിയുന്ന വിധത്തിൽ റവന്യൂ ഇ-പേമെന്റ് മാറിക്കഴിഞ്ഞു. കേരളത്തിലെ 1666 വില്ലേജുകളിൽ 583 എണ്ണം സ്മാർട്ട് വില്ലേജ് ആക്കുന്നതിനുള്ള പണം ഇതിനോടകം നൽകിയിട്ടുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷനിലേക്ക് നാം കടക്കുകയാണ്. സംസ്ഥാനത്തെ 14 ജില്ലകളും ഒരു വർഷംകൊണ്ട് ഇ-ജില്ലകളാക്കി മാറ്റാൻ പ്ലാൻ ഫണ്ടിൽനിന്നും കഴിഞ്ഞ തവണ അനുവദിച്ച 8.5 കോടി രൂപയും ഇത്തവണ അനുവദിച്ച 10.5 കോടി രൂപയ്ക്കും പുറമേ അതത് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അനുബന്ധ സംവിധാനങ്ങൾ വാങ്ങി നൽകാൻ എം.എൽ.എ.-മാർക്ക് 62/2022 എന്ന ഗവൺമെന്റ് ഉത്തരവിലൂടെ ധനകാര്യവകുപ്പ് അനുവാദം നൽകുന്നതോടെ അതതു മേഖലകളിലെ ഇ-സംവിധാനങ്ങളെ അതിവേഗതയിൽ കൊണ്ടുപോയാൽ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെ വളരെ വേഗം മുന്നോട്ട് നയിക്കാൻ നമുക്ക് സാധിക്കും. റവന്യൂ സംഘടന

അതിവേഗ മാറ്റത്തിലേയ്ക്കുപോയി. എല്ലാ ബുധനാഴ്ചയും ഉച്ചയ്ക്കുശേഷം രണ്ടരമണിക്ക് ചേരുന്ന റവന്യൂ സെക്രട്ടേറിയറ്റ് നാല്പത്തിരണ്ടെണ്ണം ഈ ഒരു വർഷക്കാലത്തിനിടയിൽ പൂർത്തീകരിച്ചു. രണ്ടാമത്തെ ജില്ലാ റവന്യൂ അസംബ്ലി നടക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ എല്ലാ എം.എൽ.എ.-മാരും അതിൽ പങ്കാളികളായി. റവന്യൂ അസംബ്ലി, വില്ലേജുതല ജനകീയ സമിതി, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഡി.പി.സി. പോലെ, ഡി.ഡി.സി. പോലെ, താലൂക്ക്സഭ പോലെ എല്ലാമാസവും മൂന്നാമത്തെ വെള്ളിയാഴ്ച മൂന്ന് മണിക്കുചേരുന്ന വില്ലേജുതല ജനകീയ സമിതികൾ കേരളത്തിന് അഭിമാനകരമായ വിധത്തിൽ റവന്യൂ വകുപ്പിന്റെ ജനാധിപത്യവൽക്കരണം ഉറപ്പിക്കുന്ന വേദികളായി മാറ്റാൻ കഴിഞ്ഞുവെന്നുള്ളത് ശരിയാണ്. 1082 അപേക്ഷകൾ ഡാഷ് ബോർഡുകളിലൂടെ എം.എൽ.എ.-മാർ മുന്നോട്ടുവച്ചു. ആ 1082 അപേക്ഷകളിൽ 772 എണ്ണവും നമുക്ക് പരിഹരിക്കാൻ കഴിഞ്ഞു. ചിലത് നയപരമായ പ്രശ്നങ്ങളായതുകൊണ്ട് മാറ്റിനിർത്തി. ഇക്കാലത്ത് ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറും 19 സ്പെഷ്യൽ തഹസീൽദാർമാരും 247

തഹസീൽദാർമാരും 13 ഓഫീസുകളും 1244 സ്ഥിരമായ തസ്തികകളുമുൾപ്പെടെ രംഗത്തുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ആയിരക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുത്തതുവഴി റവന്യൂ വകുപ്പ് വളരെ ശക്തമായ നടപടികളുമായി മുന്നോട്ടുപോകുകയാണെന്ന് പറഞ്ഞു. ആയിരക്കണക്കിന് ആളുകൾ പെരിയാർ വാലി കനാലിന്റെ തീരങ്ങളിൽ താമസിക്കുന്നുണ്ട്. അവരുടെ നിരന്തരമായുള്ള ആവശ്യമാണ് പട്ടയം ലഭിക്കുകയെന്നുള്ളത്. ഇറിഗേഷൻ വകുപ്പുമായി ചേർന്നുകൊണ്ട് റവന്യൂ വകുപ്പ് അതിനൊരു അടിയന്തര നടപടി സ്വീകരിച്ചാൽ ഇടുക്കി, എറണാകുളം ജില്ലകളിലെ നിരവധി പേർക്ക് അതിന്റെ പ്രയോജനംകിട്ടും. അതുകൊണ്ട് അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ധാരാളം വിഷയങ്ങളുള്ളതുകൊണ്ട് റവന്യൂവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചുരുക്കി സർവ്വേയിലേയ്ക്ക് കടക്കുകയാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പട്ടയത്തിന്റെ പ്രശ്നം ഞാൻ സൂചിപ്പിച്ചു. നേരത്തെ പറഞ്ഞതുപോലെ കടലിനോട് ചേർന്നുകിടക്കുന്ന ചുണ്ണാമ്പുകല്ലുമുതൽ വനത്തിനോട് ചേർന്നുകിടക്കുന്ന ജണ്ടവരെയുള്ള

പ്രദേശങ്ങളാണ് റവന്യൂ വകുപ്പിന് ഇതുവരെ പറയുന്ന ചട്ടമനുസരിച്ച് കൊടുക്കാൻ കഴിയുന്നത്. ഇന്ന് ശ്രീ. എം. വിൻസെന്റ് ഉന്നയിച്ച കടൽ പുറംപോക്ക്, പുഴ പുറംപോക്ക്, തോട് പുറംപോക്ക്, റോഡ് പുറംപോക്ക്, തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടുള്ള മേച്ചിൽപ്പുറങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെതന്നെ ഭാഗമായുള്ള കോളനി പട്ടയങ്ങൾ ഇതെല്ലാം കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം വിവിധ വകുപ്പുകളുമായുള്ള യോഗങ്ങൾ ആരംഭിച്ചു. വനംവകുപ്പുമായി അക്കാര്യത്തിൽ ആലോചന നടത്തി, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയും ഞാനും ചേർന്ന് യോഗം നടത്തി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും വൈദ്യുതി വകുപ്പുമന്ത്രിയും ഞാനും ചേർന്ന് ഇടുക്കിയിലെ പട്ടയങ്ങളെ സംബന്ധിച്ച് ചർച്ച നടത്തി, ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് അക്കാര്യങ്ങളിൽ ചർച്ച നടത്തി. അങ്ങേയ്ക്ക് ഇക്കാര്യം കൂടുതലായി അറിയാമെന്നാണ് വിചാരിക്കുന്നത്. ദീർഘമായ ആറ് വർഷക്കാലത്തിനുശേഷം അങ്ങയുടെ മണ്ഡലമായ തൃത്താലയിൽ നാം ഒരു മാസക്കാലംകൊണ്ട് ചർച്ചചെയ്ത് കോളനികൾക്കകത്ത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുവാദത്തോടുകൂടി

334 പട്ടയങ്ങളാണ് കൊടുത്തത്. തൃത്താല നിയോജകമണ്ഡലത്തിൽ ചരിത്രത്തിലെ അത്ഭുതകരമായൊരു മാറ്റത്തിനാണ് നമ്മൾ വഴിവച്ചത്. ILDM (Institute of Land and Disaster Management) ആണ് റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ മേഖലയിലെ പുതിയ കേന്ദ്രം. പുതിയൊരു സംവിധാനത്തിലേയ്ക്ക് അത് വഴിമാറുകയാണ്, Centre of Excellence ആയി മാറുകയാണ്. റിവർ മാനേജ്മെന്റിലും ഡിസാസ്റ്റർ മാനേജ്മെന്റിലും ലാന്റ് മാനേജ്മെന്റിലും പുതിയ മൂന്ന് എം.ബി.എ. കോഴ്സുകൾ തുടങ്ങുന്നതിന് Centre of Excellence ആയി മാറി കേരളത്തിലെ റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന ഒരു കേന്ദ്രമായി അത് മാറുകയാണ്. ഡിജിറ്റൽ റീസർവ്വേയുമായി ബന്ധപ്പെട്ട വിഷയത്തിന് രാവിലെ ഉത്തരം പറഞ്ഞതുകൊണ്ട് വിശദമായ ചർച്ചയ്ക്ക് മുതിരുന്നില്ല. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിലൂടെ എങ്ങനെയാണ് മാറ്റത്തിന് വഴിയൊരുക്കേണ്ടത്? അതിപ്പോൾ തെളിയിക്കുകയാണ്. ഡിജിറ്റൽ റീസർവ്വേ കേരളത്തിൽ യാഥാർത്ഥ്യമായി മാറാൻപോകുന്നു. ഡിജിറ്റൽ റീസർവ്വെ ആരംഭിക്കുന്നത് വിപുലമായ പ്രചാരണ പ്രവർത്തനങ്ങളോടെയാണ്. കഴിഞ്ഞ ദിവസം പ്ലാനിംഗ് ബോർഡുമായി

ബന്ധപ്പെട്ട് ഒരു ആലോചന നടത്തിയപ്പോൾ അവർ പറഞ്ഞത് ദീർഘകാലമായി നമ്മുടെ ആലോചനകളിലുള്ളൊരു കാര്യം ഭൂമിയിലേയ്ക്ക് എത്തിയിരിക്കുന്നുവെന്നാണ്. ഇതിന് ആവശ്യമായ നാല് വർഷക്കാലംക്കൊണ്ട് എങ്ങനെ ഡിജിറ്റൽ റീസർവ്വെ നടത്തും? ഇത് ഡിമാന്റിന്റെ ഭാഗമായി അവതരിപ്പിച്ചപ്പോൾ ചോദ്യമുണ്ടായി. നാല് വർഷക്കാലംകൊണ്ട് സാധ്യമാകുമോ? ഒരു വർഷം 400 വില്ലേജുകൾവച്ച് മൂന്ന് വർഷം 1200 വില്ലേജുകൾ. അവസാനത്തെ എട്ട് മാസം 380 വില്ലേജുകൾ ഇതുവരെ ഡിജിറ്റലായി അളക്കാത്ത കൺവെൻഷൻ മെത്തേഡിൽ ചങ്ങലവലിച്ച് അളന്നതുൾപ്പെടെയുള്ള കേരളത്തിലെ 1550 വില്ലേജുകൾ സാങ്കേതികമായി അളക്കാൻ കഴിയുന്ന വിധത്തിൽ കേരളത്തിന്റെ ഡിജിറ്റൽ റീസർവ്വെ പൂർത്തിയാകും. അതിന് ആവശ്യമായ ഉപകരണങ്ങൾ വേണം. CORS (Continuously Operating Reference Stations) എന്ന സാങ്കേതികവിദ്യയാണ് ഇതിന് ഉപയോഗിക്കുന്നത്. അതിന്റെ 28 സ്റ്റേഷനുകളിൽ 18 എണ്ണം പ്രവർത്തനമാരംഭിച്ചു. 9 എണ്ണം അവസാനഘട്ട നിർമ്മാണത്തിലാണ്. കൊച്ചുപമ്പയിൽ സ്റ്റേഷൻ വരുന്നതോടുകൂടി 28 സ്റ്റേഷനുകൾ ഈ മാസം അവസാനം കേരളത്തിൽ

വരും. അതിന് ഉപയോഗിക്കാൻ 1000 ആർ.ടി.കെ. റോവർ മെഷീനുകൾ, 700 റോബോട്ടിക് ടോട്ടൽ സ്റ്റേഷനുകൾ, 1700 ടാബുകൾ. അതിന്റെ പ്രൊക്യൂർമെന്റ് നടപടികൾക്കാവശ്യമായ പണം ക്യാബിനറ്റ് അനുവദിച്ചു. അതിന്റെ സമിതി അതുമായി മുന്നോട്ടുപോകുകയാണ്. പലപ്പോഴും ഇവിടെ ഉന്നയിക്കുന്നത് ഇതിനാവശ്യമായ സർവ്വെയർമാരില്ലെന്നുള്ളതാണ്. 1500 സർവ്വെയർമാരും 3200 ഹെൽപ്പർമാരുമടക്കം എംപ്ലോയ്മെന്റ് എക്സ്ചേയിഞ്ചുകളിൽനിന്ന് ടെസ്റ്റ് നടത്തി അതിൽനിന്ന് തെരഞ്ഞെടുക്കുന്നവരെ ഇന്റർവ്യൂ നടത്തി കൃത്യതയോടെ ആഗസ്റ്റ് മാസത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കുവേണ്ടി നിയോഗിക്കും. ഇതിന് ആവശ്യമായ 200 വില്ലേജുകൾ ആദ്യത്തെ ആറുമാസക്കാലം ആരംഭിക്കും. ആ വില്ലേജുകൾക്ക് അവിടെ പ്രവർത്തിക്കേണ്ട ഓഫീസുകൾ ഇതിനോടകം പ്രവർത്തനമാരംഭിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുമായി നല്ലതുപോലെ കൂടിയാലോചിച്ച് ആ പ്രവർത്തനങ്ങളിൽ മുന്നോട്ടുപോയി. ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോൾ രണ്ട് പ്രയോജനങ്ങൾ നമുക്കുണ്ടാകും. രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ, റവന്യൂ വകുപ്പിന്റെ റെലീസ്, സർവ്വെ വകുപ്പിന്റെ ഇ-മാപ്പ് എന്നീ മൂന്ന് സോഫ്റ്റ്വെയറുകൾ ഇന്റഗ്രേറ്റ്

ചെയ്യുകൊണ്ട് 'എന്റെ ഭൂമി' എന്ന പുതിയൊരു പോർട്ടലിലേയ്ക്ക് വരുന്നതോടെ ഭൂമിക്കകത്ത് എല്ലാ വിധത്തിലുമുള്ള ക്രയവിക്രയങ്ങളും നല്ലതുപോലെ നടത്താൻ കഴിയുമെന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. ഒരു പ്രശ്നമുള്ളത് ഡിജിറ്റൽ റീ-സർവ്വേ പൂർത്തിയാകുന്നതോടുകൂടി കല്ല് ഊരി തോട്ടിലേയ്ക്ക് എറിഞ്ഞ് കളിക്കുന്ന പണി ഇനി നടക്കാൻ പോകുന്നില്ല. തോട് നന്നാകും, കനാൽ വൃത്തിയാകും. അതിർത്തി തർക്കമുണ്ടായാൽ സർവ്വേ കല്ല് പിഴുത് നേരെ തോട്ടിലേയ്ക്ക് എറിയുന്നതാണല്ലോ പ്രധാനപ്പെട്ട പണി. ഡിജിറ്റൽ റീ-സർവ്വെ നടക്കുന്നതോടെ ഓരോ വസ്തുവിന്റെയും എല്ലാ ബെന്റുകളും കോഓർഡിനേറ്റുകൾ മുഖാന്തരം നമ്മുടെ കയ്യിൽ വരുന്നതോടെ യഥാർത്ഥത്തിൽ നാം കാണാത്ത ഡിജിറ്റൽ വേലി ഭൂമിക്കുചുറ്റും രൂപീകരിക്കപ്പെടുകയാണ്. എപ്പോൾ സംശയമുണ്ടായാലും ഇനി കല്ലുവച്ച് അളക്കേണ്ട കാര്യമുണ്ടാകില്ല. ആർ.ടി.കെ. റോവർ മെഷീനും ആർ.ടി.എസ്. മെഷീനും വച്ച് ഒന്ന് അളന്നാൽ ഡിജിറ്റൽ വേലി കൃത്യമായി നമുക്ക് കണ്ടെത്താൻ കഴിയുന്ന വിധത്തിൽ അത് രംഗപ്രവേശം ചെയ്യും. അതുകൊണ്ട് കല്ല് ഊരി തോട്ടിലേക്ക് ഇട്ട് കളിക്കുന്ന കളി പൊതുവേ അവസാനിപ്പിക്കേണ്ട സമയമായെന്നാണ് പ്രധാനമായും

സൂചിപ്പിക്കാനുള്ളത്. സെറ്റിൽമെന്റിനെക്കുറിച്ചുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. 1986 മുതൽ 1911 വരെയാണ് തിരുവിതാംകൂറിലെ അവസാനത്തെ സെറ്റിൽമെന്റ്. കൊച്ചിയിൽ 1905 മുതൽ 1909 വരെയും മലബാറിൽ 1926 മുതൽ 1934 വരെയുമാണ്. ഐക്യകേരളം രൂപീകരിക്കപ്പെട്ടതിനുശേഷം ഒരു സെറ്റിൽമെന്റ് ഉണ്ടായിട്ടില്ല. സെറ്റിൽമെന്റ് പരിശോധിക്കുമ്പോൾ നിരവധി കാര്യങ്ങളുണ്ടാകാം. റൈറ്റിന്റെ സെറ്റിൽമെന്റാണ്, ടെക്നിക്കൽ എററുകളുടെ സെറ്റിൽമെന്റാണ്. സെറ്റിൽമെന്റിലെ അധിക വിസ്തീർണ്ണത്തെ എങ്ങനെ കണ്ടെത്താം, ഭൂമി അളക്കുമ്പോൾ 10 സെന്റ് എന്നുള്ളത് 12 സെന്റ് വന്നാൽ അത് ആരുടെ ഉടമസ്ഥതയിൽ കൊടുക്കണം, സർക്കാരിന് ഏതെങ്കിലും വിധത്തിലുള്ള നഷ്ടമുണ്ടാകാനും പാടില്ല. യഥാർത്ഥത്തിൽ അത് സർക്കാരിന്റെ ഭൂമിയല്ലെന്ന് തിട്ടപ്പെടുത്തുക, മറ്റ് തർക്കങ്ങളില്ലെന്ന് ഉറപ്പിക്കുക, അങ്ങനെ വന്നാൽ കൈവശമിരിക്കുന്നവന് ആ ഭൂമി എങ്ങനെ കൊടുക്കാം എന്നതിനെ സംബന്ധിച്ചായിരിക്കും നമുക്ക് ഒരു സെറ്റിൽമെന്റ് ആക്ട് കൂടി വേണ്ടിവന്നാൽ പരിശോധിക്കേണ്ടിവരിക. സ്വാഭാവികമായും ഡിജിറ്റൽ റീസർവ്വേ പൂർത്തിയാകുമ്പോൾ ഒരു സെറ്റിൽമെന്റ് ആക്ടുകൂടി ഉണ്ടായാൽ

വളരെവേഗത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള രണ്ട് കാര്യങ്ങൾ പറയാനുണ്ട്. ഒന്ന്, കേരളത്തിൽ 1972-ൽ രൂപീകരിക്കപ്പെട്ട ലക്ഷംവീട് പദ്ധതിക്ക് 50 വർഷം പൂർത്തിയാവുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാൽ സൂചിപ്പിച്ചതുപോലെ ലൈഫ് പദ്ധതിയിൽപോലും അപേക്ഷ കൊടുക്കാൻ സാധിക്കാത്ത ആളുകളാണ് ഇരട്ട വീടുകളുടെ ഭാഗമായി നിൽക്കുന്നത്. അയ്യായിരത്തോളം വീടുകൾ ബാക്കിയുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മേയ് 4-ാം തീയതി അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു. കഴിഞ്ഞ ബഡ്ജറ്റിൽ 5 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അതുകൊണ്ടുമാത്രം ഇത് സാധ്യമാകില്ല. തദ്ദേശസ്വയംഭരണ വകുപ്പും മറ്റുള്ളവരുമായും കൂടിയാലോചിച്ച് ഇരട്ട വീടുകളിൽ കിടക്കുന്ന ആളുകളെ ഒറ്റ വീടുകളിലേയ്ക്ക് കൊണ്ടുവരുക. സി.എസ്.ആർ. ഫണ്ടും ബെനിഫിഷ്യറി കോൺട്രിബ്യൂഷനും എം.എൽ.എ.-മാരുടെ സഹായവും പ്രാദേശിക തലത്തിൽ രൂപീകരിക്കുന്ന കമ്മിറ്റികളുമൊക്കെയായി അയ്യായിരത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങളെ ഒറ്റവീടിൽ കൊണ്ടുവരാനുള്ള പദ്ധതിക്ക് ഈ ഗവൺമെന്റ്

ആലോചന നടത്തുകയാണ്. ക്വാളിറ്റി ഹൗസിംഗ് എന്ന ശ്രദ്ധേയമായ ഒരു മുദ്രാവാക്യം ഉയർത്തിപിടിച്ചുകൊണ്ട് ഇന്ത്യയിലാദ്യമായി ഒരു ദേശീയ ഹൗസ് പാർക്ക് തിരുവനന്തപുരം ജില്ലയിൽ സ്ഥാപിക്കാനുള്ള ഒരുക്കങ്ങൾ നാം ആരംഭിച്ചുകഴിഞ്ഞു. കേരളത്തിലെയും ഇന്ത്യയിലെയും എല്ലാ തരത്തിലുള്ള ഭവനനിർമ്മിതികൾ, നാൽപ്പതോളം നിർമ്മിതികൾ ഒത്തുചേർന്ന് ഒരു പാർക്കുപോലെ ഈ കേന്ദ്രത്തിലുണ്ടാകും. ഒരു ഫാഷൻ ഷോപ്പിൽ ചെന്ന് നമുക്കാവശ്യമായ അളവിലും നിറത്തിലുമുള്ള വസ്ത്രം ആവശ്യപ്പെടുന്നതുപോലെ സാധാരണക്കാരനായ ഒരാൾക്ക് അവിടം സന്ദർശിച്ചപ്പോൾ കണ്ടതുപോലെയൊരു നിർമ്മിതി അവരുടെ ആവശ്യമനുസരിച്ച് ചെയ്തുകൊടുക്കാൻ കഴിയുന്ന വിധത്തിൽ ദേശീയ പ്രാധാന്യമുള്ള ഒരു നാഷണൽ പാർക്ക് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾക്കായി നമുക്ക് കൂടിയാലോചന നടത്തണം. ഇവിടെ നടന്ന ചർച്ചകൾക്ക് വിശദമായ മറുപടി പറയേണ്ടതുണ്ടെന്ന് ഞാൻ കരുതുന്നില്ല. ബഹുമാനപ്പെട്ട മുനീർ സാഹിബിനെ ഞാൻ പ്രതീക്ഷിച്ചു. ഈ ചർച്ചയിൽ വ്യത്യസ്തമായ ചില അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ ഒരാൾ അദ്ദേഹമാണ്. ഞാൻ അത്ഭുതപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ സമയത്ത്

സഭയിലുണ്ടായിരുന്നില്ല. മുപ്പതുവർഷമായി വീടുവച്ച് താമസിക്കുന്ന 24 കുടുംബങ്ങൾക്ക് അതിനാവശ്യമായ സൗകര്യമുണ്ടാക്കികൊടുക്കാത്തതിന്റെ പേരിൽ ഈ ഡിമാന്റിനെ എതിർക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മുനീർ സാഹിബ് പറഞ്ഞത്. മുപ്പതുവർഷമായി താമസിക്കുന്നവരുടെ പ്രശ്നമുള്ളതുകൊണ്ട് ഒരു വർഷം അവതരിപ്പിക്കുന്ന ഡിമാന്റിനെ തള്ളിക്കളയേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കട്ടിപ്പാറയിൽ അപകടകരമായി നിൽക്കുന്ന പാറയെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ഞങ്ങൾ ഇതൊന്നും കേട്ടാൽ മനസ്സിലാകാത്തവരുമല്ല, കാണാത്തവരുമല്ല, അതുമായി ബന്ധപ്പെട്ട നടപടികളൊക്കെ എടുത്തവരാണ് ഞങ്ങൾ. യഥാർത്ഥത്തിൽ 31-05-2022-ലാണ് കട്ടിപ്പാറയിൽ അപകടകരമായി നിൽക്കുന്ന പാറ മാറ്റാൻ 21,75,000/- രൂപ വേണ്ടിവരുമെന്ന് കാണിച്ച് അവിടത്തെ ജില്ലാ കളക്ടർ റവന്യൂ വകുപ്പിന് കത്ത് നൽകിയത്. അങ്ങ് പറഞ്ഞതുപോലെ 25,00,000/- രൂപയല്ല. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്. പാറപൊട്ടിക്കുന്ന സമയത്ത് താഴെയുള്ള കുടുംബങ്ങളെ താമസിപ്പിക്കാനുള്ള ഭവനങ്ങളടക്കം റവന്യൂ വകുപ്പിന്റെ ഉദ്യോഗസ്ഥർ കണ്ടെത്തി കഴിഞ്ഞിട്ടുണ്ട്. ആ നടപടികളുമായി

മുന്നോട്ടുപോകുകയാണ്. ഇത് അങ്ങ് അറിയാതെ പോയതെന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. അക്കാര്യത്തിലൊരു ഭീതിയും അങ്ങേയ്ക്കുണ്ടാകേണ്ട കാര്യമില്ല. അങ്ങ് ഇവിടെ പറഞ്ഞ, കൂട്ടിക്കൽ - കൊക്കയാർ വിഷയം സംബന്ധിച്ച് പല മാധ്യമങ്ങളും തെറ്റായ വിധത്തിലുള്ള വാർത്തകൾ കൊടുക്കുന്നുണ്ട്. കൂട്ടിക്കൽ - കൊക്കയാർ ദുരന്തമുണ്ടായപ്പോൾ ഈ ഗവൺമെന്റ് സമീപിച്ചതുപോലെ മറ്റേതെങ്കിലും ഗവൺമെന്റ് അക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ടോ? ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ നമ്മളൊരുമിച്ച് അവിടെ കണ്ടുമുട്ടുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തതാണ്. രാഷ്ട്രീയമില്ലാതെ നമ്മളെല്ലാം ഒത്തുചേർന്നു. ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. വി. എൻ. വാസവൻ, ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീ. കെ. രാധാകൃഷ്ണൻ തുടങ്ങി എല്ലാ മന്ത്രിമാരും എത്രയേറെ ദിവസങ്ങളാണ് അവിടെ കാത്തുനിന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും എം.പി.-മാരുമെല്ലാം അതിലുൾപ്പെടുന്നു. കേരളത്തിലെ ഗവൺമെന്റ് അക്കാര്യത്തിലെടുത്ത മാതൃകയെന്താണ്? 5/2021-DMD എന്ന പേരിൽ ക്യാബിനറ്റ് ഒരു ഓർഡർ പാസ്സാക്കിയിട്ടുണ്ട്. ഒരു വീട് നഷ്ടപ്പെട്ടാൽ അതിന്

എസ്.ഡി.ആർ.എഫ്.-ൽ നിന്നും കൊടുക്കുന്ന പണമെത്രയാണ്? സമനിലത്തിലാണെങ്കിൽ 91,700/- രൂപയും കുന്നിൻചെരുവിലാണെങ്കിൽ 1,01,000/- രൂപയുമാണ് കൊടുക്കുന്നത്. അത്രയും തുകകൊണ്ട് വീട് വയ്ക്കാൻ കഴിയില്ല. ആ ഇനത്തിൽ സി.എം.ഡി.ആർ.എഫ്.- ഉൾപ്പെടെ ഉപയോഗപ്പെടുത്തിക്കൊണ്ട് 5 ലക്ഷം രൂപ കൊടുക്കാമെന്നാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. ഭൂമി നഷ്ടപ്പെടുമ്പോൾ രേഖയില്ലാത്ത ഭൂമിക്ക് എങ്ങനെ പണം കൊടുക്കാൻ കഴിയുമെന്ന പ്രശ്നമുണ്ടായപ്പോൾ ഞങ്ങൾ അതിനെക്കുറിച്ച് ചർച്ച ചെയ്തു. എന്നാൽ അതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഭൂമിക്ക് രേഖയുണ്ടെങ്കിലും ഇല്ലെങ്കിലും ആ മനുഷ്യൻ ഭൂരഹിതനാണ്. അത് തിരിച്ചറിയണം. അത് തിരിച്ചറിഞ്ഞ് കേരളത്തിലെ ഗവൺമെന്റ് 5/2021-ഡി.എം.ഡി. എന്ന ഉത്തരവിലൂടെ 29-10-2021 ഒക്ടോബർ 12 മുതൽ 26 വരെ ദുരന്തങ്ങളുണ്ടായി മൂന്നുദിവസം കഴിഞ്ഞ് ഒക്ടോബർ 29-ാം തീയതി പുറത്തിറക്കിയ ഉത്തരവിൽ പറഞ്ഞു. വീടില്ലാത്തതോ ഭൂമിയില്ലാത്തതോ, രേഖയില്ലാത്തതോ പട്ടയഭൂമിയലല്ല താമസിക്കുന്നതെങ്കിലോ പുറമ്പോക്കിൽ വീടുവച്ചതാണെങ്കിൽപ്പോലും വീടില്ലാത്തവന് ഭൂമി വാങ്ങാൻ 6 ലക്ഷം

രൂപയും വീടുവയ്ക്കാൻ 4 ലക്ഷം രൂപയും ചേർത്ത് 10 ലക്ഷം രൂപ കൊടുക്കണമെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചില്ലേ? കൂട്ടിക്കലിനെക്കുറിച്ചൊക്കെ എന്തുധാരണയുടെ അടിസ്ഥാനത്തിലാണ് പറഞ്ഞതെന്ന് എനിക്ക് മനസ്സിലായില്ല. 121 പേരാണ് വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ ലിസ്റ്റിലുള്ളത്. അവിടെ സ്ഥിതിയെന്താണ്; 6 ലക്ഷം രൂപ എങ്ങനെ കൊടുക്കും? വീട് നഷ്ടപ്പെട്ടയാളിന് ആദ്യം അമ്പതിനായിരം രൂപ രജിസ്ട്രേഷൻ ഫീസിനത്തിൽ നൽകും. രജിസ്ട്രേഷൻ രേഖ ഹാജരാക്കിയാൽ ഭൂമി കൊടുക്കുന്നയാളുടെ അക്കൗണ്ടിലേയ്ക്ക് അഞ്ചര ലക്ഷം രൂപ അയച്ചുകൊടുക്കും. ഇതാണ് നമ്മളെടുത്ത തീരുമാനം. അത്തരത്തിൽ വീടുവയ്ക്കാൻ എഗ്രിമെന്റുവച്ച 72 പേർക്കും ഇതിനകം ആദ്യഗഡു വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവർക്ക് വീടുവയ്ക്കാൻ കഴിയുന്നിടത്ത് ഭൂമി കണ്ടെത്തണം. ഈ സഭയിലുള്ള ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, ഡോ. എൻ. ജയരാജ് തുടങ്ങിയവർ ആ സ്ഥലങ്ങളിൽ ഭൂമി കണ്ടെത്താനുള്ള പരിശ്രമത്തിലാണ്. ഭൂമി കണ്ടെത്താൻ കഴിയാത്ത സ്ഥലങ്ങളിൽ ഭൂമി കണ്ടെത്തി കൊടുക്കാൻ ഗവൺമെന്റിന് കഴിയുമെങ്കിൽ അതുൾപ്പെടെ ചെയ്യണമെന്ന് തീരുമാനിക്കുകയാണ്. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന

വിധത്തിൽ എന്തെങ്കിലും പറയുന്നത് ഉണകരമായ കാര്യമല്ല. കൊടുവള്ളി മണ്ഡലത്തിലെ മടവൂരും കട്ടിപ്പാറയും രണ്ട് സ്മാർട്ട് വില്ലേജുകൾ ഉദ്ഘാടനം ചെയ്തത് ഞങ്ങളൊരുമിച്ചാണ്. അന്ന് അദ്ദേഹം പറഞ്ഞത് ഞാൻ റെക്കോർഡ് ചെയ്തുവച്ചില്ല. അത് എന്റെ ബുദ്ധിമോശമായിപ്പോയോയെന്ന് എനിക്കറിയില്ല. വാവാട് വില്ലേജ് ഉദ്ഘാടനം ചെയ്യാനുള്ള തീയതി ചോദിച്ചതിനോടൊപ്പം രണ്ടുമൂന്ന് വില്ലേജുകൾകൂടി സ്മാർട്ടാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഒരു രാഷ്ട്രീയ മാറ്റവുമില്ലാതെ അത് കൊടുക്കാനാണ് ഞങ്ങൾ തീരുമാനിച്ചിട്ടുള്ളത്. കാരണം ഇവിടെ പ്രശ്നം 1666 വില്ലേജും സ്മാർട്ടാക്കലാണ്.

ബഹുമാനപ്പെട്ട മണിയാശാനും ശ്രീ. പി.ജെ. ജോസഫും ഉന്നയിച്ച വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് 1964 ലെയും 1993-ലെയും ചട്ട ഭേദഗതികളുമായി ബന്ധപ്പെട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആ കാര്യത്തിൽ നേരത്തെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. 269/2019 എന്ന ഉത്തരവിലൂടെ 1964-ലെയും 1993-ലെയും ചട്ട ഭേദഗതിയെക്കുറിച്ച് ക്യാബിനറ്റിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വീണ്ടും പ്രശ്നം വഷളായി വന്നു. ആ ഘട്ടത്തിൽ ഞങ്ങൾ ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ 1964-

ലെയും 1993-ലെയും ചട്ടങ്ങളിലെ നാലും മൂന്നും ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് സമഗ്രമായ ചർച്ചയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. നേരത്തെ ഞാനിവിടെ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങളെല്ലാവരും പങ്കെടുത്തുകൊണ്ട് മൂന്ന് യോഗങ്ങൾ അക്കാര്യത്തിൽ നടന്നു. കേരളത്തിന്റെ അഡ്വക്കേറ്റ് ജനറലിനെയും നിയമ വകുപ്പ് സെക്രട്ടറിയെയും ചീഫ് സെക്രട്ടറിയെയും ഉൾപ്പെടെ ചുമതലപ്പെടുത്തിക്കൊണ്ട് അതിനാവശ്യമായ കരട് ചട്ടം തയ്യാറാക്കുന്നതിന്റെ ഒരുക്കത്തിലാണ് കേരളത്തിലെ ഗവൺമെന്റ്. തീർച്ചയായും മറുപടിയിൽ സൂചിപ്പിച്ചതുപോലെ ആ കാര്യത്തിൽ ഏറ്റവും ഗുണകരമായൊരു തീരുമാനമെടുത്ത് നാട് സംരക്ഷിക്കുന്നതിനോടൊപ്പംതന്നെ ആളുകളെയും സംരക്ഷിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകും. അതിന്റെ റിട്രോസ്പെക്ടീവ് എഫക്ടിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു. ആ കാര്യങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ട വിഷയമാണെന്നുള്ളതുകൊണ്ട് നിയമപരമായി അതിലുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിക്കാൻ ബന്ധപ്പെട്ട ആളുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്വാഭാവികമായും വന്ന

വിവിധങ്ങളായ വിഷയങ്ങളിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ പറയുകയും ഇതിനെ പിന്തുണയ്ക്കുകയും ചെയ്ത എല്ലാവരോടും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. പ്രതിപക്ഷത്തുള്ള ബഹുമാന്യരായ അംഗങ്ങളുൾപ്പെടെ ചർച്ച ചെയ്തപ്പോൾ മറ്റ് വിധത്തിലുള്ള അപകടത്തെക്കുറിച്ചൊന്നും അവിടെ പറയാനിടയായില്ല. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് സൂചിപ്പിച്ച വാട്ടർ ഷെഡ് മാനേജ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഗുണകരമായ നിലപാടാണ് ഈ ഗവൺമെന്റിനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങളും ഈ കാര്യത്തിൽ ശ്രദ്ധേയമായ കാര്യങ്ങളാണ് പറഞ്ഞത്.

രണ്ടുകാര്യംമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ ഗവൺമെന്റ് ഇത്തവണ പട്ടയ വിതരണത്തിന്റെ രംഗത്ത് ഒരു പുതിയ ആശയം മുന്നോട്ടുവച്ചു. അത് കേരളത്തിൽ ഇനി വരാൻ പോകുന്ന എല്ലാ പട്ടയങ്ങൾക്കും വ്യാപകമാക്കാനും തുടർന്നുള്ള.... ഞാൻ രണ്ടു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. അത് ഇ-പട്ടയമാണ്. നേരത്തെ ഇവിടെ സൂചിപ്പിക്കപ്പെട്ടതുകൊണ്ടാണ് പറയുന്നത്. പട്ടയങ്ങൾ നഷ്ടപ്പെട്ടാൽ അതിനെ വീണ്ടുമെടുക്കാൻ ചട്ടം ഇപ്പോൾ നിലവിലില്ല. അതുകൊണ്ട്

നിലവിലുള്ള പട്ടയങ്ങൾ ഇ-പട്ടയങ്ങളാക്കാനും നേരത്തെ വിതരണം ചെയ്ത പട്ടയങ്ങളെ ഈ പട്ടയ ലിസ്റ്റിലേയ്ക്ക് കൊണ്ടുവരാനുമുള്ള ശ്രദ്ധേയമായ പരിശ്രമത്തിന് ഗവൺമെന്റ് നേതൃത്വം നൽകി.

ഈ ഗവൺമെന്റിന്റെ ഒരു പ്രധാനപ്പെട്ട പ്രശ്നമായ വില്ലേജ് ഓഫീസുകളെ ഡിജിറ്റൈസ് ചെയ്യുമ്പോൾ സ്വാഭാവികമായും അവിടെ യൂസർ ഫ്രണ്ട്‌ലി ആയിട്ടുള്ള ഇടപെടലുണ്ടാകണം, കൂടുതൽ പണം നൽകി സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിച്ച് അപേക്ഷ കൊടുക്കാൻ പോകുന്ന സ്ഥിതിയുണ്ടാകരുത്. ഈ പ്രശ്നങ്ങളെല്ലാം നമ്മുടെ മുന്നിലുള്ളതുകൊണ്ട് ഈ ഡിമാന്റ് ചർച്ചയുടെ അവസാനത്തിൽ പറയാനുള്ള ഒരു കാര്യം, ഗവൺമെന്റ് ഇത്തവണ റവന്യൂ രംഗത്ത് അപേക്ഷ കൊടുക്കുന്ന ആളുകളെ സഹായിക്കുക എന്ന നിലപാടെടുത്ത് അവർക്ക് മറ്റ് സാമ്പത്തിക ചെലവുകളില്ലാതിരിക്കാൻ കേരളത്തിന്റെ മണ്ണിൽ 1987-ൽ അക്ഷരം പഠിപ്പിക്കാൻ നാം നടത്തിയ സാക്ഷരത പ്രവർത്തനങ്ങൾപോലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്, അതിനുകൊടുക്കേണ്ട അപേക്ഷകൾ പൂരിപ്പിക്കേണ്ട വിധം, ഓൺലൈനായി കൊടുക്കുന്നെങ്കിൽ അത് ചെയ്യേണ്ട നടപടി, അതെങ്ങനെ സ്വന്തം മൊബൈലിലൂടെ പകർത്താം

എന്നീ കാര്യങ്ങളെല്ലാം സാധാരണക്കാരനെ പഠിപ്പിക്കാൻ കഴിയുന്ന വിധത്തിൽ കേരള ഗവൺമെന്റ് ഈ വരുന്ന വർഷം റവന്യൂ ഇ-സാക്ഷരത എന്ന സംവിധാനത്തെ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ നടത്തണമെന്നാഗ്രഹിക്കുന്നു. സ്വാഭാവികമായും എം.എൽ.എ.-മാർ അവരുടെ പ്രദേശങ്ങളിലും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ആലോചിച്ച് നമ്മുടെ ഗ്രാമസഭകളിലും മറ്റെല്ലാ വിധത്തിലുമുള്ള സോഴ്സുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ വിവിധ തലങ്ങളിൽ ഒരു ഇടപെടൽ നടത്താൻ കഴിയുന്ന വിധത്തിൽ ഇതിനെ കൊണ്ടുപോകണം. രാഷ്ട്രീയമായി മറ്റൊന്നും ഈ ഘട്ടത്തിൽ പറയാനില്ല. പക്ഷെ എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട്, എല്ലാവർക്കും വിദ്യാഭ്യാസം, എല്ലാവർക്കും വെള്ളം, എല്ലാവർക്കും തൊഴിൽ എന്നീ ആശയങ്ങൾ ലോകത്തിനുമുന്നിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അവതരിപ്പിക്കുന്ന ഒരു രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക ബദലാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, എച്ച്.എൻ.എൽ. വിൽക്കാൻ വച്ചപ്പോൾ ആ പൊതുമേഖലാ സ്ഥാപനത്തെ വിൽപ്പനയിൽനിന്നും രക്ഷിക്കാൻ ടെണ്ടറിൽ പങ്കെടുത്തുകൊണ്ട് അത്

ഏറ്റെടുക്കാൻ തീരുമാനിക്കുന്ന ഗവൺമെന്റിന്റെ ഒരു രാഷ്ട്രീയ ധാരണയുണ്ടല്ലോ, അത് ലോകത്തിനുമുൻപിൽ ഈ ഗവൺമെന്റ് അവതരിപ്പിക്കുന്ന ഒരു രാഷ്ട്രീയ ബദലാണ്. എല്ലാവർക്കും ഭൂമിയും എല്ലാവർക്കും വീടും എന്നത് ഒരു രാഷ്ട്രീയ ഇച്ഛാശക്തിയുടെ ബദലാണ്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.....

ശ്രീ. കെ. രാജൻ: സർ, ആ ബദൽ ലോകത്തിൽ ഇന്ത്യയിൽ ഈ കേരളത്തിൽ മാത്രമാണുള്ളത്. ആ ബദലിനെ തകർക്കാൻ സംഘടിതമായി, ആസൂത്രിതമായി ഗൂഢാലോചനകളുണ്ടായാൽ ഈ കേരളത്തിലെ എല്ലാ വിഭാഗം ആളുകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട്, കമ്മ്യൂണിസ്റ്റ് വിരുദ്ധരുടെ സംഘം ചേർന്ന് ഇന്ത്യ കണ്ട ഏറ്റവും വലിയ രാഷ്ട്രീയ ബദലിനെ തകർക്കാൻ തീരുമാനിച്ചാൽ ജനപിന്തുണയോടെ അതിനെ എതിർക്കാൻ ഈ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രസ്ഥാനം ശക്തമായി കേരളത്തിൽ നിലകൊള്ളും എന്നറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അംഗീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇവിടെ

നടന്ന ചർച്ചയിൽ പതിനേഴ് ബഹുമാനപ്പെട്ട അംഗങ്ങളാണ് പങ്കെടുത്തത്. അതിൽ രണ്ട് അംഗങ്ങൾ, ഭരണകക്ഷിയിലുള്ള ശ്രീ. കെ. കെ. രാമചന്ദ്രനും മുൻ ഗുരുവായൂർ ദേവസ്വം പ്രസിഡന്റ് കൂടിയായിരുന്ന ശ്രീ. തോട്ടത്തിൽ രവീന്ദ്രനും മാത്രമാണ് ദേവസ്വത്തെക്കുറിച്ച് പറഞ്ഞത്. ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ച്-ആറ് വർഷമായി ഏറ്റവും ഭംഗിയായാണ് നടക്കുന്നത്. ഒട്ടേറെ പ്രതിസന്ധികളെ നേരിട്ടുകൊണ്ടാണ് ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ മുന്നേറുന്നത്. സംസ്ഥാനത്തെ അഞ്ച് ദേവസ്വം ബോർഡുകളിലൂടെ ഒട്ടേറെ കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അഞ്ച് ദേവസ്വം ബോർഡുകളിലായി ഏകദേശം 3069 ക്ഷേത്രങ്ങളും അതിൽ 17000-ലധികം ജീവനക്കാരും 8000-ലധികം പെൻഷൻകാരുമുണ്ട്. ഈ ക്ഷേത്രങ്ങളുടെയും ജീവനക്കാരുടെയും പെൻഷൻകാരുടെയുമൊക്കെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടിയുള്ള ഇടപെടലാണ് ഗവൺമെന്റ് നടത്തിയിരിക്കുന്നത്. പ്രധാനമായും കോവിഡ് മഹാമാരി വന്ന സന്ദർഭത്തിൽ ക്ഷേത്രങ്ങളും ദേവസ്വങ്ങളുമെല്ലാം വലിയ പ്രയാസത്തിൽ എത്തുകയുണ്ടായി. ആ സന്ദർഭത്തിൽ നമ്മുടെ ദേവസ്വങ്ങളെയും

ക്ഷേത്രങ്ങളെയും സംരക്ഷിക്കാൻവേണ്ടിയാണ് ഗവൺമെന്റ് നിലപാട് സ്വീകരിച്ചത്. അതുകൊണ്ടാണ് ഏകദേശം 273 കോടി രൂപ സംസ്ഥാന ഖജനാവിൽനിന്നും കൊടുത്തുകൊണ്ട് ദേവസ്വം ബോർഡുകളെ സംരക്ഷിക്കാൻ ഗവൺമെന്റ് തയ്യാറായത്. അതിന്റെ ഫലമായി ഇവയുടെ ഭൗതിക സാഹചര്യത്തിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വളരെ മോശപ്പെട്ട അവസ്ഥയിലായിരുന്ന നമ്മുടെ ക്ഷേത്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ട് ഭക്തർക്ക് സൗകര്യം ചെയ്തുകൊടുക്കാൻവേണ്ടിയുള്ള ഒട്ടേറെ നടപടികൾ ഈ കാലഘട്ടത്തിൽ സ്വീകരിക്കുകയുണ്ടായി. ഒരുപക്ഷെ നമ്മുടെ കേരളത്തിൽ ശബരിമല തീർത്ഥാടനം കഴിയുമ്പോൾ സ്വാഭാവികമായിട്ടും ഒട്ടേറെ പരാതികളും പ്രതിഷേധങ്ങളും ഉയർന്നുവരാറുണ്ടായിരുന്നു. പക്ഷെ ഇക്കഴിഞ്ഞ ശബരിമല സീസൺ ഒരു ഭക്തർക്കുപോലും ഒരു തരത്തിലുമുള്ള അഭിപ്രായ വ്യത്യാസമില്ലാതെ ഏറ്റവും ഭംഗിയായി നടന്നു എന്നുള്ളതാണ് അതിന്റെ ഏറ്റവും വലിയ പ്രത്യേകത. ഇരുപത്തിയാറ് ലക്ഷത്തിലധികം ഭക്തരാണ് സീസണിൽ ശബരിമലയിൽ വന്നുപോയത്. നമുക്കറിയാം, ശബരിമലയിൽ കഴിഞ്ഞ കാലങ്ങളിലെല്ലാം വരുമാനക്കുറവുണ്ടായിരുന്നു. എന്നാൽ ഈ

കഴിഞ്ഞ വർഷം തീർത്ഥാടന സമയത്ത് ഏകദേശം 154 കോടിയോളം രൂപ ആ സീസണിൽതന്നെ ലഭിക്കുന്ന സ്ഥിതിയുണ്ടായി. അതിനുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യത്യസ്ത ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയും ശബരിമലയുടെ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും ഭക്തർക്ക് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കാനുമുള്ള നടപടികൾ സ്വീകരിച്ചു. അതോടൊപ്പം കാണേണ്ട മറ്റൊരു കാര്യം, ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ തുടങ്ങിയിട്ട് 15 വർഷത്തോളമായെങ്കിലും നാം ഉദ്ദേശിച്ചതുപോലെ അത് അവിടെ നടപ്പിലാക്കാൻ ഒരുപാട് പ്രതിസന്ധികളുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ 2007-ലാണ് ആരംഭിച്ചതെങ്കിലും ഇപ്പോഴും അതിന്റെ പ്രവർത്തനങ്ങൾ എങ്ങും എത്താത്ത സ്ഥിതിയാണുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിലുള്ള ഹൈപവർ കമ്മിറ്റി രൂപീകരിച്ചാണ് അതിന്റെ പ്രവർത്തനങ്ങളെല്ലാം ചെയ്യുന്നത്. ആ കമ്മിറ്റിക്ക് പ്രവർത്തിക്കാൻവേണ്ടി ഈ കാലഘട്ടത്തിൽ 305 കോടിയോളം രൂപ സംസ്ഥാന ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. പക്ഷെ ആ ഫണ്ട് വേണ്ടവിധത്തിൽ ഉപയോഗിക്കാനോ

അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനോ കഴിഞ്ഞിട്ടില്ല എന്നുള്ളതിന്റെ തെളിവാണ് ഏകദേശം 147 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നത്. അപ്പോൾ ആ ഹൈപവർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണമെന്നാണ് അവർ ചൂണ്ടിക്കാണിക്കുന്നത്. അതുമായി ബന്ധപ്പെട്ടുകൊണ്ട് ചർച്ചകൾ നടന്നുവരികയാണ്.

അതുപോലെ നമ്മുടെ ദേവസ്വം ബോർഡുകളിലെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിലാകണമെങ്കിൽ അഴിമതിരഹിതമാകണം. അവിടെ പരിശോധിക്കുമ്പോൾ പലതരത്തിലുള്ള ക്രമക്കേടുകൾ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ ക്രമക്കേടുകൾ ഇല്ലാതാക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇപ്പോൾ അവിടെ പലതരത്തിലുമുള്ള ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനമാണ് ബോർഡുകളിലെ പല പ്രവൃത്തികളുടെയും ഓഡിറ്റിംഗ് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നത്. അത് വലിയ ആക്ഷേപമായി വരികയാണ്. അതുകൊണ്ടുതന്നെ ബോർഡുകളിലെ ഭരണത്തെ സംബന്ധിച്ച് കൃത്യമായ

ഓഡിറ്റിംഗ് നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നമ്മുടെ ക്ഷേത്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ഇടപെടൽ നടത്താൻ കഴിയേണ്ടതുണ്ട്. മറ്റൊന്ന്, ബോർഡുകളിലെ മരാമത്ത് പണികളുമായി ബന്ധപ്പെട്ടുകൊണ്ട് ഒട്ടേറെ ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. ആ ആക്ഷേപങ്ങൾ കുറയ്ക്കാൻവേണ്ടിയുള്ള നല്ല ഇടപെടൽ നടത്തണം. ദേവസ്വം ബോർഡുകളെക്കുറിച്ച് മുൻകാലങ്ങളിലൊക്കെ പറഞ്ഞുകേൾക്കുന്നത് അത് വലിയ അഴിമതിയുടെ കേന്ദ്രങ്ങളാണ് എന്നാണ്. ആ അഴിമതി ലഘൂകരിക്കാനുള്ള കൃത്യമായ ഇടപെടലാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത്. അഴിമതിക്ക് കൂട്ടുനിൽക്കുക എന്ന നിലപാടല്ല സർക്കാരിനുള്ളത്, അഴിമതി ചെയ്യുന്ന ആളുകളെ കൃത്യമായി കണ്ടെത്തുകയും അവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഫലമായി ചെറിയ രീതിയിലുള്ള മാറ്റങ്ങൾ വന്നിട്ടുണ്ട്, വലിയ രീതിയിലുള്ള മാറ്റങ്ങൾ കൊണ്ടുവരാൻ നമുക്ക് കഴിയണം. ഒരു ഉദാഹരണം പറയാം, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ സുതാര്യമാകണം, സത്യസന്ധമാകണം എന്ന്

പറയുമ്പോൾതന്നെ 2019-ൽ ശബരിമല നിലയ്ക്കലിൽ അന്നദാനം നടത്താൻ വേണ്ടിയുള്ള മെസ്സിൽ പച്ചക്കറി വാങ്ങിയതിൽമാത്രം 58 ലക്ഷം രൂപയുടെ വ്യാജ വൗച്ചർ തയ്യാറാക്കി പണം തട്ടിയെടുത്തു എന്നുള്ള കാര്യം ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. അതിന്റെ ഉത്തരവാദിയായ ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. ജയപ്രകാശിനെ സസ്പെന്റ് ചെയ്യുകയും നിലവിൽ അദ്ദേഹം റിമാൻഡ് തടവുകാരനായി കിടക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഇതുപോലെ നിരവധി കേസുകളുണ്ട്, അതെല്ലാം കണ്ടെത്തി നടപടി സ്വീകരിച്ചുവരികയാണ്. അതോടൊപ്പംതന്നെ ദേവസ്വം ബോർഡുകളിലെ സ്വത്തുക്കൾ സംരക്ഷിക്കാൻവേണ്ടിയുള്ള ഒട്ടേറെ നടപടികൾ സ്വീകരിച്ചുവരികയാണ്. നമ്മുടെ അഞ്ച് ദേവസ്വം ബോർഡുകളിലായി ഒട്ടേറെ സ്വത്തുക്കളുണ്ട്, അവ പല കാലഘട്ടങ്ങളിലായി നഷ്ടപ്പെട്ടുപോയിട്ടുമുണ്ട്. ആ നഷ്ടപ്പെട്ടുപോയ സ്വത്തുക്കളെല്ലാംതന്നെ വീണ്ടെടുക്കാനും അത് സംരക്ഷിക്കാനുമുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. അതോടൊപ്പംതന്നെ ദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ടുകൊണ്ട് കീഴ്ക്കോടതി മുതൽ സുപ്രീം കോടതി വരെ നിരവധി കേസുകൾ നടക്കുന്നുണ്ട്. അഞ്ച് ദേവസ്വം ബോർഡുകളിലെ ഏകദേശം 943

കേസ്സുകളാണ് വിവിധ കോടതികളിലായി നിലനിൽക്കുന്നത്. അത് സമയബന്ധിതമായി തീർപ്പാക്കാനുള്ള ഒരു നടപടിയും നമുക്ക് സ്വീകരിക്കാൻ കഴിയുന്നില്ല. അത് സമയബന്ധിതമായി എങ്ങനെ തീർക്കാൻ കഴിയും എന്നുള്ളതാണ് ആലോചിക്കുന്നത്. സുപ്രീംകോടതിയിൽ മാത്രം 58 കേസുകളും ഹൈക്കോടതിയിൽ 736 കേസുകളും കീഴ്ക്കോടതികളിൽ 159 കേസ്സുകളും നിലവിലുണ്ട്. ആ കേസ്സുകളെല്ലാം തീർപ്പാക്കുന്നതിനുള്ള പ്രത്യേകമായ ഇടപെടലുണ്ടാകണം എന്നുകൂടി വകുപ്പ് ചർച്ച ചെയ്തിട്ടുണ്ട്. അത്തരത്തിൽ ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുപോകുകയാണ്.

ഇവിടെ പ്രധാനമായും മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് കൂടിയായിട്ടുള്ള ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ പറഞ്ഞത് മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണമാണ്. അത് 2019 ഫെബ്രുവരി മാസത്തിൽ നടപ്പിലാക്കിയെങ്കിലും അതനുസരിച്ചുകൊണ്ടുള്ള ശമ്പളം ജീവനക്കാർക്ക് ലഭിക്കാനുള്ള സാഹചര്യമുണ്ടായിട്ടില്ല. അതിൽ ഒട്ടേറെ അനോമലികൾ നിലനിൽക്കുന്നുണ്ട്. അത് ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നുണ്ട്. ആ അനോമലികൾ എത്രയും പെട്ടെന്ന് പരിഹരിച്ച്

ശമ്പള പരിഷ്കരണം അനുസരിച്ചുള്ള ശമ്പളം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും.

മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് കഴിഞ്ഞ ഡിമാന്റ് ചർച്ചയിലും പറഞ്ഞതാണ്. ഒരു സമഗ്രമായ മലബാർ ദേവസ്വം നിയമം കൊണ്ടുവരേണ്ടതുണ്ട്. ഈ സഭാ സമ്മേളനത്തിൽ അതിന് സാധിക്കില്ല. നിയമ നിർമ്മാണത്തിനായി പ്രത്യേക സമ്മേളനം ചേരുന്ന സന്ദർഭത്തിൽ മലബാർ ദേവസ്വം ബോഡിനുവേണ്ടി ഒരു സമഗ്ര നിയമം കൊണ്ടുവരുന്നതിനുള്ള ശ്രമമുണ്ടാകുമെന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്. അതോടൊപ്പം ക്ഷേത്രങ്ങളിൽ കൂടുതൽ വരുമാനം ആർജ്ജിക്കാൻ സാധിക്കുന്ന തരത്തിലുള്ളൊരു സംവിധാനം ഉണ്ടാക്കണം. അതായത് ക്ഷേത്രങ്ങളിൽ വഴിപാടായി ലഭിക്കുന്ന വരുമാനം കൊണ്ടുമാത്രം മുന്നോട്ടുപോകാൻ സാധിക്കില്ല. വഴിപാടേതര വരുമാനം വർദ്ധിപ്പിക്കാൻ ഓരോ ദേവസ്വം ബോർഡിനും എന്തുചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കണം. ദേവസ്വം ബോർഡിനുകീഴിൽ ധാരാളം സ്വത്തുക്കളുണ്ട്. ഒരുപാട് ഷോപ്പിംഗ് കോംപ്ലക്സുകളും കമ്മ്യൂണിറ്റി ഹാളുകളും കല്യാണ മണ്ഡപങ്ങളുമുണ്ട്. ഇതെല്ലാം ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുന്ന

സ്ഥിതിയാണുള്ളത്. കൃത്യമായ വരുമാനം അവയിൽനിന്നും ആർജ്ജിക്കാൻ സാധിക്കുന്നില്ല. ഇതുപോലുള്ള സ്ഥലങ്ങൾ ധാരാളമുണ്ട്. അവയെ ഫലപ്രദമായി എങ്ങനെ ഉപയോഗിക്കാൻ സാധിക്കും; അത് വിവാദമില്ലാത്ത രീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് വഴിപാടേതര വരുമാനം കൂടുതൽ വർദ്ധിപ്പിക്കാനും ദേവസ്വം ബോർഡുകളിലെ സ്ഥിതി കൂടുതൽ മെച്ചപ്പെടുത്താനും കഴിയേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന് സമൂഹത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണവും പിന്തുണയും ഉണ്ടാകേണ്ടതുണ്ട്. പലപ്പോഴും ഇക്കാര്യങ്ങളിൽ വലിയ വിവാദങ്ങൾ ഉയർന്നുവരാനുള്ള സാധ്യതയുണ്ട്. വിവാദം ഒഴിവാക്കിക്കൊണ്ട് ക്ഷേത്രങ്ങളിലെയും ദേവസ്വം ബോർഡുകളിലെയും വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യേണ്ടതുണ്ട്. എല്ലാ കാലത്തും സർക്കാർ ഖജനാവിൽനിന്നും കാശ് കൊടുത്തുകൊണ്ട് ദേവസ്വം ബോർഡുകളെ സംരക്ഷിക്കുന്നത് പ്രയാസമുണ്ടാക്കും. അതുകൊണ്ട് സ്വായാർജ്ജിതമായ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഓരോ ദേവസ്വം ബോർഡിനെയും

പ്രാപ്തമാക്കാൻ ഇടപെടൽ നടത്തിയിട്ടുണ്ട്. മറ്റുള്ള കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടന്നുപോകുന്നില്ല.

ഇവിടെ ഒട്ടേറെ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ ആറുവർഷമായി നമ്മുടെ സംസ്ഥാനം ഭരിക്കുകയാണ്. അതൊരു പ്രത്യേകതയാണ്. ഓരോ ഘട്ടത്തിലും തെരഞ്ഞെടുപ്പ് വരുമ്പോൾ ഗവൺമെന്റ് മാറിമാറി വരുന്നൊരു സ്ഥിതിയാണുണ്ടായിരുന്നത്. അതിന് മാറ്റം വന്നിരിക്കുന്നു. 2016-ൽ അധികാരത്തിലെത്തിയ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ മുന്നണി ഗവൺമെന്റ് 2021-ലെ തെരഞ്ഞെടുപ്പിലും അധികാരത്തിൽ വന്നുവെന്നുള്ളത് കേരളത്തിന്റെ ഒരു പ്രത്യേകതയാണ്. സ്വാഭാവികമായും ഇടതുപക്ഷ ഗവൺമെന്റ് ഒരുവട്ടം പോലും അധികാരത്തിൽ വരാൻ ആഗ്രഹിക്കുന്നവരല്ല വലതുപക്ഷത്തുള്ളവർ. എന്നാൽ രണ്ടാം ഘട്ടത്തിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നിരിക്കുകയാണ്. ഒന്നാം ഘട്ടം അധികാരത്തിൽ വന്നപ്പോൾ അതിനെ തകർക്കാൻ എല്ലാ കുതന്ത്രങ്ങളും പയറ്റി. പക്ഷേ അത് ജനങ്ങൾ തിരിച്ചറിഞ്ഞു. ജനങ്ങൾ അങ്ങനെ തിരിച്ചറിഞ്ഞതുകൊണ്ടാണ് 2016-ൽ 91

സീറ്റിൽ വിജയിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ 2021-ലെ തെരഞ്ഞെടുപ്പിൽ 99 സീറ്റ് നൽകിക്കൊണ്ട് വീണ്ടും അധികാരത്തിലെത്തിച്ചത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു വർഷം പിന്നിട്ടിരിക്കുകയാണ്. ആ ഒരു വർഷം കൊണ്ട് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കാനുള്ളതാണെന്ന് തെളിയിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റിനെ അട്ടിമറിക്കാൻ ഏതുഭാഗത്തുനിന്ന് ശ്രമമുണ്ടായാലും അതിനെയെല്ലാം ചെറുത്ത് തോൽപ്പിക്കാൻ കേരളത്തിലെ ജനങ്ങൾ തയ്യാറാകുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ഡിമാന്റ് പാസാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്

മി. സ്പീക്കർ: ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ VII -ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭ്രനികൃതി എന്ന VI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ VII-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. അൻവർ സാദത്ത്:സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ VII-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ VII-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI -ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ VII -ാം കോളത്തിൽ

കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ VII-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ മാസം 05-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.27-ന് പിരിഞ്ഞു.)